
2011

July-September

GEORGIAN MIRROR



btl mhbpsS
{]kmZhÀjw

ജോർജിയൻ മിറർ
മലങ്കരയുടെ സത്യദർശനം
പു. 4 ലക്കം 3 ▪ 2012 ജൂലൈ – സെപ്തംബർ



Georgian Mirror is published trimonthly by St. George Orthodox Valiyapally, Palarivattom, Kochi-25.

Printed and Published by:
Mathew Alexander for St. George Orthodox Valiyapally, Palarivattom, Kochi-682 025


Editor : C.V. Benjamin, Responsible for selection of news under the PRB Act

Editorial Office:
Georgian Mirror, St. George Orthodox Valiyapally
Palarivattom, Kochi-682 025. Phone: 0484-2346096
Email: gmirror2009@yahoo.com
Chief Editor: 94470 85545 Email: frchackoky@gmail.com
Editor: 93884 73243
Church Website: www.sgovp.com
Church Office Email: sgovpp@gmail.com

Printed at Viani Printings, Lisie Hospital Road, Kochi-682 018. Phone: 0484-2401635

MISSION STATEMENT


To fight for the MOST HOLY FAITH that God has once for all entrusted to His Saints (St. Jude 3,20)



വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപിച്ചിരിക്കുന്ന അതിവിശുദ്ധ വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിന് (വി. യൂദാ 3,20)

എഡിറ്റോറിയൽ

ഒരു നവയുഗത്തിന് സാക്ഷിയാകാൻ



ഒരു മഹാത്യാഗത്തിന്റെയും ചരിത്രനിയോഗത്തിന്റെയും അനുസ്മരണമാണ് ജോർജിയർ മിററിന്റെ ഈ ലക്കം കവർഫീച്ചർ. പരിശുദ്ധ സഭ കാതോലിക്കേറ്റിന്റെ ശതാബ്ദി ആഘോഷിക്കുന്ന വേളയിൽ, ഒരു നൂറ്റാണ്ട് മുമ്പ് "ദൈവഹിതം പോലെ ആകട്ടെ" എന്ന് പറഞ്ഞുകൊണ്ട് മലങ്കരസഭയുടെ പ്രഥമ കാതോലിക്കയുടെ 'ദുർഘട' ദൗത്യം ചുമലേറ്റിയ പ. പൗലോസ് പ്രഥമൻ ബാവായുടെ മഹത്തായ ത്യാഗജീവിതം ഇവിടെ അനാവരണം ചെയ്യുന്നു. അതൊരു ദൈവനിയോഗമായി ഇന്ന് നാം തിരിച്ചറിയുമ്പോഴും ആ പിതാവ് സഹിച്ച വേദനകളും ക്ഷമയോടെ കൈക്കൊണ്ട ശാപവാക്കുകളും നമ്മെ നൊമ്പരപ്പെടുത്തുന്നു.

പ. ബസേലിയോസ് പ്രഥമൻ ബാവായുടെ ജീവിതത്തെ കേന്ദ്രീകരിച്ച് യഹോവയുടെ ആലയത്തിൽ നടുതലയാവുന്ന അനുഭവത്തെക്കുറിച്ചും ദൈവത്തിന്റെ പ്രാകാരത്തിൽ തഴക്കുന്ന ഭാഗ്യത്തെക്കുറിച്ചും ബഹു. ജേക്കബ് കുര്യനച്ചൻ വർണ്ണിക്കുന്നു. ഡോ. കുര്യൻ തോമസ് 'ഒന്നാം കാതോലിക്കായുടെ അറിയപ്പെടാത്ത ഏടുകൾ' എന്ന ലേഖനത്തിൽ മുറിമറ്റത്തിൽ ബാവായുടെ വ്യക്തിമാഹാത്മ്യം വിശദമാക്കുന്നു. പ. പൗലോസ് പ്രഥമൻ ബാവായെക്കുറിച്ച് പ. പരുമല തിരുമേനിയുടെ "അദ്ദേഹം സത്യവാനാണ്, നുണയനോ സൂത്രക്കാരനോ അല്ല" എന്നുള്ള സാക്ഷ്യം നമുക്ക് ധാരാളം മതി.

നവംബർ 25ന് നടക്കുന്ന കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനത്തിന് മുൻകൂറായി സന്ദേശം നൽകിയിട്ടാണ് നമ്മുടെ ഒസ്താത്തിയോസ് പിതാവ് കടന്നുപോയത്. അതു ലഭിക്കാനും പ്രസിദ്ധീകരിക്കാനും ജോർജിയൻ മിററിന് ഭാഗ്യമുണ്ടായി. "വരാനിരിക്കുന്ന സമ്മേളനം നമ്മെ വിലയിരുത്തുവാനും ദൈവനാമ മഹത്വത്തിനായി നമ്മെത്തന്നെ സമർപ്പിക്കുവാനും ഇടയാകണം" എന്നാണ് തിരുമേനി ആവശ്യപ്പെടുന്നത്. ഈ സമ്മേളനം വിജയിപ്പിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയം കടമയാണ്. ഒരു നവയുഗത്തിന് സാക്ഷിയാകാൻ എല്ലാവരുടെയും പങ്കാളിത്തമാണ് സഭ ആഗ്രഹിക്കുന്നത്. സമ്മേളനത്തിന് മുമ്പായിത്തന്നെ കാതോലിക്കേറ്റ് ശതാബ്ദിയെപ്പറ്റി കൂടുതൽ വിശേഷങ്ങളുമായി ജോർജിയൻ മിറർ ഒക്ടോബർ ലക്കം നിങ്ങളുടെ കൈയ്യിലെത്തും എന്ന് കർത്താവിൽ ശരണപ്പെടുന്നു.

വിവാദവിഷയമായ സെക്ഷൻ 92നെപ്പറ്റി ജസ്റ്റിസ് ജോൺ മാത്യുവിന്റെ ലേഖനം, പരുമലതിരുമേനിയുടെ ലോകമെമ്പാടുമുള്ള ചിത്രങ്ങൾ രചിച്ചിട്ടുള്ള അനുഗ്രഹീത കലാകാരനായ ബേബി ചെങ്ങന്നൂരിനെപ്പറ്റി ജോബ് സ്രായിൽ എഴുതിയ ലേഖനം എന്നിവയെല്ലാം ഈ ലക്കത്തിന്റെ പ്രത്യേകതകളാണ്.

മദ്യവിപത്തിനെതിരെ ശക്തമായ നിലപാടെടുത്തിരിക്കുകയാണ് ജോർജിയൻ മിറർ. ബിവറേജസ് കോർപ്പറേഷനിൽ പി.എസ്.സി. വഴി നിയമനം ലഭിച്ച 18 പേർ രാജിവെച്ച സംഭവം മാധ്യമവിചാരണ നടത്താൻ ആരും ശ്രമിച്ചില്ല. കുടുംബങ്ങളുടെ അന്തകനായ മദ്യത്തെ കേരളമണ്ണിൽ നിന്നും തുടച്ചുനീക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി ഒന്നിച്ചു പ്രവർത്തിക്കാൻ എല്ലാ സമുദായസംഘടനകളെയും ജോർജിയൻ മിറർ ആഹ്വാനം ചെയ്യുന്നു.

'ഗ്ലോബൽ ഓർത്തഡോക്സി' എന്ന പുതിയ കോളം ഇത്തവണ ആരംഭിക്കുന്നു. ലോകമെമ്പാടുമുള്ള ഓർത്തഡോക്സ് സഭകളെപ്പറ്റി ഒരു അവബോധം മലങ്കരസഭ വിശ്വാസികൾക്ക് ഉണ്ടാക്കുക എന്ന ലക്ഷ്യമാണുള്ളത്.

അടുത്തയിടെ നമ്മെ ശാരീരികമായി വിട്ടുപിരിഞ്ഞ മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത അഭി. പൗലോസ് മാർ പക്കോമിയോസ് തിരുമേനിയുടെ പാവനസ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഈ ലക്കം ജോർജിയൻ മിറർ സമർപ്പിക്കുന്നു.

ക്രിസ്തുയേശുവിൽ നിങ്ങളുടെ


കെ.വൈ. ചാക്കോ അച്ചൻ

ഏകതയുടെ മഹാസമ്മേളനം

■ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

യിസ്രായേൽ മക്കളുടെ അധഃപതന കാലത്ത് നെഹമ്യാവിനെ ദൈവം വിളിച്ച് മതിലുകളുടെ പണി ഏൽപ്പിച്ചപ്പോൾ, തോബിയാവും, സൻബല്ലത്തും എതിരായി നിന്നിട്ടും നെഹമ്യാവ് പറഞ്ഞത് 'സ്വർഗ്ഗത്തിലെ ദൈവം കാര്യം സാധിപ്പിക്കും, ആകയാൽ തന്റെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റ് പണിയും' (നെഹ:2:20).

മാർ തോമാ ശ്ലീഹാ സ്ഥാപിച്ച പുരാതനമായ ഈ സഭ ഇന്ത്യൻ ഓർത്തഡോക്സ് സഭയായി തീരുവാൻ നൂറ്റാണ്ടുകൾ വേണ്ടിവന്നു. വിദേശാധിപത്യങ്ങളുടെ നന്മകളും തിന്മകളും ഇവിടെ വിവരിക്കുന്നില്ല. 1912 ൽ പരിപൂർണ്ണ സ്വതന്ത്രമായ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ നൂറാം വാർഷികം സഭയാകമാനം പ്രാർത്ഥനാപൂർവ്വം ആചരിക്കുകയാണല്ലോ. 1934 ലെ ഭരണഘടന സുപ്രീംകോടതി അംഗീകരിച്ചതോടുകൂടി വിദേശ ഭരണാധികാരം Vanishing Point ആയത് ദൈവത്തിന്റെ അദ്ഭുതകരമായ കൃപാകടാക്ഷമായി നാം വിചാരിക്കണം. 1948 ൽ ആംസ്റ്റർഡാം അസംബ്ലിയിൽ തന്നെ W.C.C.യിൽ അംഗത്വം കിട്ടിയ സഭയെന്ന നിലയിൽ ഒരു ആഗോള സഭയായി വളരുവാൻ ദൈവം വാതിൽ തുറന്നിരിക്കുന്നു.



ഈ മഹായോഗം ഒരു ശക്തിപ്രകടനമായല്ല, ദൈവഹിതത്തിനും, സുവിശേഷവേലയ്ക്കും പൂർണ്ണമായി സമർപ്പിക്കുന്ന അവസരമായി കണക്കാക്കണം. ദൈവകൃപയാൽ മലങ്കരസഭാംഗങ്ങൾ ഇന്നു ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ടല്ലോ. ദിവംഗതനായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നേതൃത്വവും W.C.C.യുടെ പ്രഥമസ്ഥാനം വരെ ലഭിച്ചതും നന്ദിയോടെ ഓർക്കുന്നു. പ്രവൃത്തിയാലുള്ള നീതീകരണവും വിശ്വാസത്താലുള്ള നീതീകരണവും മറ്റു സഭകൾ ഉയർത്തിപ്പറയുമ്പോൾ കൃപയാലുള്ള നീതീകരണമാണ് ഓർത്തഡോക്സ് സഭയുടെ രക്ഷാസ്ഥാനം. പ്രസിദ്ധീകരണം വഴിയും സംവാദം വഴിയും ഓറിയന്റൽ സഭകളുടെ ദൈവശാസ്ത്രം, ബൈസന്റൈൻ സഭകളും റോമൻ കത്തോലിക്കാ സഭയും പ്രോട്ടസ്റ്റന്റ് സഭകളും സ്വീകരിക്കുവാനുള്ള സാധ്യതയുണ്ട്. നമ്മുടെ കർത്താവിന്റെ അന്ത്യശാസനം സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവാനാണല്ലോ. ആഴമായ ദൈവശാസ്ത്രവും മിഷ്യോളജിയും പ്രായോഗികമാക്കുവാനുള്ള കടമയും നമുക്കുണ്ട്.

കോട്ടയം സെമിനാരിയും നാഗ്പൂർ സെമിനാരിയും ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഉള്ള സ്ഥാപനങ്ങളായി വളർന്നിരിക്കുന്നു. നമ്മുടെ കാതോലിക്കാ സിംഹാസനത്തിന്റെ ഉടമസ്ഥതയിൽ ഉള്ള മാവേലിക്കര എം.ടി.സിയും കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് നല്ല മിഷനറിമാരായി വളർത്തുവാനും ദൈവം സഹായിക്കട്ടെ. 1912 മുതൽ 7 ബാവാമാർ നമ്മെ അദ്ഭുതകരമായി വഴി നടത്തിയതിൽ ദൈവത്തെ സ്തുതിക്കാം. ഇപ്പോഴത്തെ ബാവാ പ. പൗലോസ് ദ്വിതീയൻ മുൻഗാമികൾ കാണിച്ച അതേ പാതയിൽ തന്നെ സഭാ മക്കളെ നയിക്കുവാൻ തക്കവണ്ണം ശക്തനാണെന്നതിൽ സംശയമില്ല. അദ്ദേഹത്തിന് കീഴിലുള്ള മെത്രാപ്പോലീത്തന്മാരും വൈദികരും ആഭ്യന്തരമിഷൻ കൊണ്ടും ബാഹ്യമിഷൻകൊണ്ടും സഭയെ വളർത്തണം എന്നതിൽ സംശയമില്ല. എല്ലാ വൈദികസ്ഥാനികളെയും സുവിശേഷകരെയും സന്യസ്തരെയും തിരുഹിതപ്രകാരം ദൈവമഹത്വത്തിന് ഉപയോഗിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

വരാനിരിക്കുന്ന സമ്മേളനം, നമ്മെ വിലയിരുത്തുവാനും ദൈവനാമ മഹത്വത്തിനായി നമ്മെ സമർപ്പിക്കുവാനും ഇടയാകണം. ഏകമനസോടെ, സ്നേഹത്തിന്റെ ആത്മാവിൽ ഒന്നായിനിന്നുകൊണ്ട് അന്തഛിദ്രങ്ങളെയും പ്രലോഭനങ്ങളെയും നേരിട്ട് തോൽപ്പിച്ച്, മലമേൽ ശോഭിക്കുന്ന പട്ടണം പോലെ ഉറപ്പും ശോഭയും ഉള്ള സഭാസമൂഹമായി നിലകൊള്ളുവാൻ ദൈവം നമുക്കു ശക്തി നൽകട്ടെ. ആന്തരികജീവൻ നഷ്ടപ്പെടാതെ, അനുകരണങ്ങൾക്ക് പുറകെ പോകാതെ, പിതാക്കന്മാർ ഏൽപ്പിച്ച പൗരാണിക പാരമ്പര്യം മുറുകെപ്പിടിച്ച്, വിശുദ്ധിയെ തികച്ച് കരുത്താർജ്ജിക്കുവാൻ നമുക്ക് ഉയരങ്ങളിൽ നിന്ന് ശക്തി പകരുമാറാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

GM

കാലം ചെയ്യുന്നതിന് ഏതാനും മാസങ്ങൾക്കുമുമ്പ് ജോർജിയൻ മിറർ കാതോലിക്കേറ്റ് ശതാബ്ദി പതിപ്പിനുവേണ്ടി അഭി. ഒസ്താത്തിയോസ് തിരുമേനി എഴുതിയതാണ് ഈ സന്ദേശം.

കാതോലിക്കേറ്റ് ശതാബ്ദി സംഗമം നവം. 25ന് കൊച്ചിയിൽ

മലങ്കരസഭാ ചരിത്രത്തിൽ നിർണായകമായ അനേകം സംഭവങ്ങളുടെ വേദിയാണ് കൊച്ചി ഭദ്രാസനത്തിലുൾപ്പെട്ട പ്രദേശം. മലങ്കരയിൽ ക്രിസ്തുമതം ആദ്യം രൂപം കൊണ്ടത് ഇന്നത്തെ കൊച്ചി ഭദ്രാസനത്തിലാണ്. എ. ഡി 52-ൽ പ. മാർത്തോമ്മാശ്ലീഹാ സുവിശേഷദൗത്യവുമായി കാൽകുത്തിയത് കൊടുങ്ങല്ലൂരാണ്. ആദ്യ ക്രൈസ്തവ സമൂഹം സ്ഥാപിച്ചതും ഇവിടെയാണ്. ശ്ലീഹായുടെ മറ്റൊരു പ്രവർത്തനരംഗം ഏഴര പള്ളികളിലുൾപ്പെട്ട പാലൂരാണ്. ഇതു രണ്ടും ഇന്നത്തെ കൊച്ചി ഭദ്രാസനാതിർത്തിക്കുള്ളിലുൾപ്പെട്ട പ്രദേശങ്ങളാണ്. സമീപകാല പഠനങ്ങൾ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ഏഴരപള്ളികളിൽപ്പെട്ട പാലൂർ പള്ളി, ചാട്ടുകുളങ്ങര (കുന്നംകുളം ആർത്താറ്റ്) പള്ളിയാണെന്ന് തെളിയിച്ചിട്ടുണ്ട്. അത് അവിഭക്ത കൊച്ചി ഭദ്രാസനത്തിന്റെ ഭാഗമാണ്.

കേരളത്തിന്റെ വാണിജ്യ തലസ്ഥാനവും പ്രധാനതുറമുഖവുമായിരുന്ന കൊടുങ്ങല്ലൂരായിരുന്നു ആദ്യകാല ക്രൈസ്തവരുടെ ആവാസഭൂമി. എ.ഡി. 345-ൽ ക്നായിത്തൊമ്മന്റെ നേതൃത്വത്തിലുള്ള പേർഷ്യൻ കുടിയേറ്റ സംഘം കേരളത്തിലെത്തിയപ്പോൾ അവരും ആസ്ഥാനമുറപ്പിച്ചത് നാട്ടു ക്രൈസ്തവ സഹോദരരോടൊപ്പം കൊടുങ്ങല്ലൂരിലാണ്. അക്കാലത്ത് നസ്രാണികൾക്കു മാത്രമായി അവിടെ ഒരു നഗരം തീർത്തു. അതാണ് 'മഹോദയപുരം.'

1948 വാസ്ക്കോ ഡി ഗാമായുടെ വരവ് ഏറ്റവുമധികം ബാധിച്ചത് കൊച്ചി നസ്രാണികളെയാണ്. കൊച്ചിയിൽ ആസ്ഥാനമുറപ്പിച്ച പോർട്ടുഗീസ് ക്രിസ്ത്യാനികളുമായി വിപുലമായ വ്യാപാരബന്ധത്തിലേർപ്പെടാൻ അവർക്കു സാധിച്ചു. അത് സാമ്പത്തികമായി അവരെ ഉയർത്തി. എന്നാൽ കുറഞ്ഞ കാലത്തിനുള്ളിൽ പോർട്ടുഗീസുകാർ റോമൻ കത്തോലിക്കാ സഭയുടെ വിശ്വാസവും അധികാരവും ആചാരവും മലങ്കര നസ്രാണികളിൽ അടിച്ചേൽപ്പിക്കാൻ ശ്രമമാരംഭിച്ചു. കൂടാതെ പോർട്ടുഗീസുകാരുമായി വിവാഹ ബന്ധത്തിലേർപ്പെടാനും നിർബന്ധിക്കപ്പെട്ടു. തങ്ങളുടെ വിശ്വാസത്തിനും ജാതിമര്യാദയ്ക്കും വിരുദ്ധമായ ഈ സംഗതികൾ നസ്രാണികൾക്ക് അംഗീകരിക്കാവുന്നതായിരുന്നില്ല. അവർ അതിനെ ചെറുത്തുനിന്നു.

ഈ അടിമത്തം അധികനാൾ നീണ്ടുനിന്നില്ല. 1652-ൽ മലങ്കരയിൽ എത്തിയ പൗരസ്ത്യ മെത്രാൻ മാർ അഹത്തുള്ളായെ കടലിൽ കെട്ടിത്താഴ്ത്തിയതിനെതുടർന്നുണ്ടായ സംഭവങ്ങൾ 1653 ജനുവരി 3-ന് നടന്ന കൂനൻകുരിശു സത്യത്തിലേക്കു നയിച്ചു. ഏഷ്യാ വൻകരയിൽ യൂറോപ്യൻ അധിനിവേശത്തിനെതിരായി നടന്ന ആദ്യ സ്വാതന്ത്ര്യ സമരമായ കൂനൻകുരിശു സത്യത്തിലൂടെ മലങ്കരസഭ 54 വർഷത്തെ റോമൻ കത്തോലിക്കാ അടിമത്തം അവസാനിപ്പിച്ചു. മട്ടാഞ്ചേരിയിൽ കൂടിയ മലങ്കര പള്ളിയോഗമാണ് ഈ സ്വാതന്ത്ര്യ പ്രഖ്യാപനതീരുമാനം എടുത്തത്. ഈ അഭിമാനകരമായ സംഭവവും നടന്നത് കൊച്ചിയിലാണ്.

മലങ്കരയുടെ ഒന്നാം കാതോലിക്ക വാർധക്യത്തിലും ഫലം കായിച്ച നീതിവൃക്ഷം

■ ഫാ. ഡോ. ജേക്കബ് കുര്യൻ

'യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും. വാർധകൃത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും. അവർ പുഷ്ടിവച്ചും പച്ചപിടിച്ചും ഇരിക്കും" (സങ്കീ. 92:13, 14).

മലങ്കരയുടെ ഒന്നാം കാതോലിക്ക പ. ബസ്സേലിയോസ് പൗലൂസ് പ്രഥമൻ ബാവായുടെ ഓർമ്മ ഒരു മഹാത്യാഗത്തിന്റെയും ഒരു ചരിത്ര നിയോഗത്തിന്റെയും അനുസ്മരണമാണ്. വി. കന്യകമറിയം ദൈവപുത്രന്റെ മാതാവാകാൻ ഒരർത്ഥത്തിൽ ജീവൻ പണയം വച്ച് ദൈവദൂതനോട് പറഞ്ഞു "നിന്റെ വചനം പോലെ എനിക്കു ഭവിക്കട്ടെ" എന്ന്. മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ് തിരുമേനി മലങ്കരയുടെ കാതോലിക്കായാവാൻ നിയോഗം ലഭിച്ചപ്പോൾ ഒരർത്ഥത്തിൽ ജീവൻ പണയം വച്ച് പറഞ്ഞു, "ദൈവഹിതം പോലെ ആകട്ടെ" എന്ന്. മലങ്കരയിൽ മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹികവും പൗരോഹിത്യപരവുമായ പാരമ്പര്യത്തെ, സഭാപരമായി സ്വതന്ത്രവും സ്വയശീർഷകവുമായി ആകമാനസഭാവ്യവസ്ഥയോട് യോജിപ്പിച്ച ചരിത്രനിയോഗത്തിന് ദൈവം എടുത്തുപയോഗിച്ചത് മുറിമറ്റത്തിൽ തിരുമേനിയുടെ വൃദ്ധതയെ, ***അധിക്ഷേപിക്കപ്പെട്ട*** വൃദ്ധതയെയാണ്.

കണ്ടനാട്ടു ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി മുപ്പത്തിനാലു വർഷം സ്തുത്യർഹമായി ഭരിച്ച വന്ദ്യവയോധികനായ മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസിനെ, ഇവിടെയെത്തി താമസിച്ച് ഈ സഭയെ ഭിന്നിപ്പിച്ച അന്ത്യോഖ്യ പാത്രിയർക്കീസ് അബ്ദുള്ള ദ്വിതീയൻ 1911ൽ ഇപ്രകാരം അധിക്ഷേപിച്ചു. "നീ മഹാവൃദ്ധതയിൽ അകപ്പെടുകയും നിന്റെ ചെവികൾക്ക് കേൾവിക്കുറവു ഭവിക്കുകയും മറ്റും ചെയ്തതുകൊണ്ട്" ഭരണത്തിൽ നിന്ന് വിടർത്തുന്നു എന്ന്. ഈ അധിക്ഷേപത്തിനു പിന്നിൽ അധികാരത്തിന്റെ ഔദ്ധത്യവും പ്രതികാരദാഹവും ആയിരുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു. പക്ഷെ ഇതേ അവസ്ഥയിൽ ദൈവം തമ്പുരാൻ ആ വൃദ്ധതയെ എടുത്തുപയോഗിക്കുവാൻ ആവശ്യമുണ്ടായിരുന്നു. 1912ൽ മലങ്കരയിൽ പ്രഥമ കാതോലിക്കാ ആകുവാൻ അദ്ദേഹം നിയോഗിക്കപ്പെട്ടപ്പോൾ, സങ്കീർത്തനക്കാരന്റെ വചനം സാർത്ഥകമായി:

"യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും. വാർധകൃത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും. അവർ പുഷ്ടിവച്ചും പച്ചപിടിച്ചും ഇരിക്കും"

പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവായുടെ ജീവിതകഥയെ ഒറ്റവാക്യത്തിൽ വിശേഷിപ്പിച്ചാൽ അത്, "വാർധകൃത്തിലും ഫലം കായിച്ച നീതിവൃക്ഷം" എന്നാണ്. ആ ജീവിതസന്ദേശം എന്തെന്ന് ചോദിച്ചാൽ അതിന് ഒരു വാക്യത്തിൽ ഉള്ള ഉത്തരം, "യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും" എന്നാണ്. അതുകൊണ്ട് ***യഹോവയുടെ ആലയത്തിൽ നടുതലയാകുന്ന*** അനുഭവത്തെക്കുറിച്ചും, ***ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കുന്ന*** ഭാഗ്യത്തെക്കുറിച്ചും, പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവായുടെ ജീവിതത്തെ കേന്ദ്രീകരിച്ച് അല്പം ചിന്തിക്കാം.

1. യഹോവയുടെ ആലയത്തിൽ നടുതലയാകുന്ന അനുഭവം

1836 ജനുവരി 19ന് (1011 മകരം 6) കോലഞ്ചേരി ഇളംകുളം കരയിൽ മുറിമറ്റത്തിൽ കുര്യന്റെയും മറിയത്തിന്റെയും മൂന്നാമത്തെ മകനായി പിറന്ന പൗലൂസിന്, ദൈവാലയത്തിൽ നട്ടുവളർത്തപ്പെട്ടത് എന്ന് വ്യക്തമാക്കുന്ന ജീവിതാനുഭവങ്ങളാണുണ്ടായത്. പിതൃസഹോദരനായ യൗസേഫ് കത്തനാരോടുകൂടെ കോട്ടൂർ പള്ളിപ്പരിസരത്ത് സ്വകുടുംബം താമസമായതും, ഏഴാം മാർത്തോമ്മായുടെ കബറിടവും ധന്യസ്മരണയും ഉള്ള കോലഞ്ചേരി പള്ളിയുമായുള്ള കുടുംബബന്ധവും, ഏഴാം വയസ്സിൽ ശെമ്മാശനാകാൻ ഇടയായതും, കോനാട്ട് യോഹന്നാൻ മല്പാന്റെ ശിഷ്യത്വത്തിൽ വളർന്നതും, പതിനാറാമത്തെ വയസ്സിൽ വൈദീകനായതും, കോട്ടൂർ പള്ളിയിലെ വൈദിക ശുശ്രൂഷയും, സുറിയാനി പാണ്ഡിതനായ യുയാക്കീം മാർ കൂറിലോസിന്റെയടുക്കലെ പഠനവും, പിന്നീട് ശെമ്മാശ്ശന്മാർക്ക് മല്പാനായി മാറിയതും ഒക്കെ യഹോവയുടെ ആലയത്തിലെ നടുതലയായ അനുഭവങ്ങളായിരുന്നു. അതുകൊണ്ട് അഗാധമായ ദൈവഭക്തി, അചഞ്ചലമായ വ്രതനിഷ്ഠ, അന്യാദൃശമായ നീതിബോധം, അസാമാന്യമായ ധൈര്യം, അപാരമായ ദീനാനുകമ്പ എന്നിവ അദ്ദേഹത്തിന്റെ മുഖമുദ്രകളായിരുന്നു.

ഭാരതപാരമ്പര്യത്തിലെ ദേവഗണത്തിൽ ശ്രദ്ധേയനാണ് 'വരുണൻ'. മഹായോഗിയും പ്രപഞ്ച ഋതത്തിന്റെ സംരക്ഷകനും ആയ വരുണന്റെ ഒരു പ്രത്യേകത, വരുണനെ ആർക്കും കബളിപ്പിക്കുവാൻ സാധ്യമല്ല എന്നതാണ്. വരുണൻ ആരെയും വേദനിപ്പിക്കുവാൻ ശ്രമിക്കില്ല. പക്ഷേ, വരുണനെ വേദനിപ്പിച്ചാൽ വേദനിപ്പിക്കുന്നവർ വേദനസ്വയം അറിയും. ഏതാണ്ടിതുപോലെ ഒരു വ്യക്തിത്വവിശേഷം മുറിമറ്റത്തിൽ ബാവായുടെ ജീവിതകഥയിൽ പലരും ദർശിച്ചിട്ടുണ്ട്. വിശുദ്ധി നിറഞ്ഞ്, ദൈവാലയത്തിൽ നട്ടുവളർത്തപ്പെട്ട നടുതല വെട്ടാൻ ആരെങ്കിലും ഒരുങ്ങിയാൽ നടുവിനുവെട്ടുകണ്ടുപോകുന്നു എന്നത് നടുതലയുടെ കോപം അല്ല, നടുതലയുടെ 'ചട്ടം' മാത്രമാണ്. പഴയതലമുറയിലെ പലരും അതുകൊണ്ട് പറഞ്ഞു ഭയപ്പെട്ടിരുന്ന ഒരു വിശേഷണമായിരുന്നു, "മുറിമറ്റത്തിന്റെ ചട്ടം" എന്നത്.

ഒരു വൈദികനായിട്ട് കോട്ടൂർ പള്ളി വികാരി സ്ഥാനം വഹിച്ചപ്പോൾ, അന്ന് ചട്ടമില്ലാത്ത എന്നുപറഞ്ഞാൽ അരാജകത്വത്തിന്റെ ഒരവസ്ഥയിൽ നിന്ന് ചട്ടമുള്ള അവസ്ഥയിലേക്കുള്ള മാറ്റങ്ങളുടെ കാലമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ മലങ്കരപള്ളി ഇടവകകളുടെ പൊതുവായ സ്ഥിതി വളരെ ദയനീയമായിരുന്നു. പല പള്ളികളിലും ഇടവകപ്പട്ടക്കാരായ വികാരിമാരും മാറാകൈസ്ഥാനികളും ചേർന്ന് നടത്തിയിരുന്ന പള്ളിക്കാര്യവിചാരം അത്രയൊന്നും ശുദ്ധമല്ലായിരുന്നു. ശുദ്ധിയില്ലാത്ത ആചാരങ്ങളും, ചാരായ നേർച്ചയും, കോഴിവെട്ടും, ശുദ്ധമല്ലാത്ത പണമിടപാടുകളും, അധാർമ്മികതയ്ക്ക് ഒത്താശ ചെയ്ത നാട്ടുനടപ്പുകളും ഏതാണ്ടു സാധാരണമായിരുന്നു. ഇതിനെതിരെ നിലപാടെടുക്കാൻ ധൈര്യമുള്ള വൈദികർ ചുരുക്കമായിരുന്നു. ഇക്കാലത്ത് മുറിമറ്റത്തിൽ കത്തനാരച്ചൻ വ്യത്യസ്തനായി നിലകൊണ്ടു, നിലപാടെടുത്തു. കയ്യൂക്കിന്റെയും കരപ്രമാണിത്തത്തിന്റെയും പേരിൽ സ്വത്തു സമ്പാദിച്ചുകൊണ്ടിരുന്ന പലരുടെയും കണ്ണിൽ കരടായിട്ടാണെങ്കിലും മുറിമറ്റത്തിന്റെ ചട്ടം അവസാനവിജയം നേടി. കോടതിവിധിയെപ്പോലും അത് മാറ്റി എഴുതിച്ചു.

ആംഗ്ലിക്കൻ മിഷണറിമാരുടെയും നവീകരണാനുഭാവികളുടെയും നേതൃത്വത്തിൽ കോട്ടയത്തും കോട്ടയത്തിനുതെക്കും വ്യക്തമായ നവീകരണ കൊടുങ്കാറ്റടിച്ചപ്പോൾ, വടക്കൻ പ്രദേശത്ത് സഭാവിശ്വാസം മഹാമേരുപോലെ നിന്നത് മുറിമറ്റത്തിലച്ചനെപ്പോലെയുള്ള വിശ്വാസധീരന്മാരിലൂടെയാണ്.

1877 മെയ് 17ന് (1052 ഇടവം 5) കുന്നംകുളം ചിറളയം പള്ളിയിൽവച്ച്, പത്രോസ് തൃതീയനാൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടപ്പോൾ, ഒരു ഭദ്രാസനത്തിനു മുഴുവൻ അദ്ദേഹം നടുതലയായി മാറി. പൗലൂസ് മാർ ഈവാനിയോസ് കണ്ടനാടിന്റെ പ്രഥമ മെത്രാപ്പോലീത്തായായി സ്ഥാനം സ്വീകരിക്കുമ്പോൾ വീതം വച്ചുകിട്ടിയത് ഇരുപത്തൊന്നു പള്ളികളായിരുന്നു. മുപ്പത്തിനാലുവർഷം കണ്ടനാടിനെകണ്ടറിഞ്ഞു നടത്തിക്കഴിഞ്ഞപ്പോൾ, പള്ളികളുടെ എണ്ണം വർദ്ധിച്ചു, പല പള്ളികളും പുതുക്കി. നൂറിലധികം വൈദികരെ പട്ടം കെട്ടി. മൂവാറ്റുപുഴ ടൗണിൽ ഹൃദയഭാഗത്ത് ഭദ്രാസനകേന്ദ്രത്തിനായി സ്ഥലം സമ്പാദിക്കയും, പിറവത്തും,ചാത്തമറ്റത്തും ഒക്കെ സഭയ്ക്ക് ഭൂമി നേടുകയും ചെയ്തു. കോലഞ്ചേരി, കിങ്ങിണിമറ്റം മുതലായ സ്ഥലങ്ങളിൽ പള്ളിക്കൂടങ്ങൾ ആരംഭിച്ചു. യഹോവയുടെ ആലയത്തിൽ നടുതലയാകുവാനുള്ള തന്റെ നിയോഗത്തെ ഒരു സഭാദർശനത്തിന്റെ ഭാഗമായി രൂപപ്പെടുത്തിയെന്നതാണ് മുറിമറ്റത്തിൽ പിതാവിന്റെ വലിയ മഹിമ. മലങ്കരസഭയെ കേവലം ഒരു നൂറ്റാണ്ടുകൊണ്ട് അന്ത്യോഖ്യൻ കീഴിലാക്കിയ ദുര്യോഗം ആത്മാഭിമാനമുള്ള ആർക്കും താങ്ങുവാനാകുമായിരുന്നില്ല. ആത്മാഭിമാനവും, ദേശീയബോധവും ഉള്ള ഒരു സ്വതന്ത്രസഭയായിട്ടുള്ള പഴയ അന്തസ്സ് വീണ്ടെടുക്കാൻ ആകാതെ പലരും അന്ധമായ വിദേശ വിധേയത്വത്തിലേക്ക് പോയത് അദ്ദേഹത്തെ വേദനിപ്പിച്ചുകൊണ്ടിരുന്നു. സ്വാഭാവിക നീതി

പോലും മാനിക്കാതെ വട്ടശ്ശേരിൽ തിരുമേനിയെ അന്ത്യോഖ്യ പാത്രിയർക്കീസായ അബ്ദുള്ള ദ്വിതീയൻ മുടക്കിയപ്പോൾ, അദ്ദേഹത്തിലെ നീതിബോധം ഉണർന്നു. വിദേശസഭയുടെ വാലാകാൻ ഉള്ളതല്ല മലങ്കരയുടെ മാർത്തോമ്മൻ ശ്ലൈഹിക, പൗരോഹിത്യ പൈതൃകം എന്ന സഭാദർശനം ഒരു രേഖയായി മാറാൻ പിന്നെ വൈകിയില്ല. അൾവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുമായി ചേർന്ന് 1911 മിഥുന മാസം 2-ാം തീയതി ഒരു കത്തെഴുതി. അത് ഒരു സഭാദർശനവിളംബര മായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയെ പാത്രിയർക്കീസ് മുടക്കിയത് നിയമവിരുദ്ധവും, സ്വാഭാവിക നീതിക്ക് നിരക്കാത്തതും ആണെന്ന് അവർ തുറന്നടിച്ചു. മലങ്കരയുടെ ലൗകികങ്ങളിൽ അന്ത്യോഖ്യ പാത്രിയർക്കീസിന് ഒരധികാരവുമില്ലെന്ന് റോയൽ കോടതി വിധിച്ചിട്ടുള്ളത് അവർ പാത്രിയർക്കീസിനെഓർമ്മിപ്പിച്ചു. ആ സംയുക്ത പ്രതിഷേധം, പാത്രിയർക്കീസിന്റെ അപ്രീതിയും പ്രതികാരവും പിടിച്ചുപറ്റി. അതിന്റെ പേരിലാണ് "വൃദ്ധത" അധിക്ഷേപിക്കപ്പെട്ടത്. പക്ഷെ ആ നിലപാടാണ്, സഭയുടെ നടുതലയായി അദ്ദേഹത്തെ മാറ്റിയത്; ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെച്ചുവളർന്ന് ഫലം പുറപ്പെടുവിക്കാൻ ദൈവം അദ്ദേഹത്തെ ഉപയോഗിച്ചതും അതു മുഖേനയാണ്.

2. ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കുന്ന ഭാഗ്യം

ഒന്നാം കാതോലിക്കാബാവ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെച്ചത് എങ്ങനെ, എന്തുകൊണ്ട് എന്നീ രണ്ടു ചോദ്യങ്ങളാണ് നാമിവിടെ ചർച്ചചെയ്യുന്നത്.

മലങ്കരയിൽ നടന്ന കാതോലിക്കാ സ്ഥാപനആവിഷ്ക്കാരം മുഖേനയാണ് മുറിമറ്റത്തിൽ ബാവ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെച്ചത്. അത് ഒരർത്ഥത്തിൽ ഒരത്ഭുത സംഭവമായിരുന്നു. ഒരു വല്ലാത്ത ചരിത്ര പതനത്തിലായ മലങ്കരസഭയ്ക്ക് അന്ത്യോഖ്യപാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയായ ഒരു മഫ്രിയാനാസ്ഥാനം എങ്കിലും കിട്ടിയാൽ ഭാഗ്യമെന്നു വിചാരിച്ച ഒരു കാലഘട്ടമുണ്ടായി. എന്തായിരുന്നു ആ ചരിത്ര പതനം? 1843 ൽ ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസിൽ നിന്ന് മെത്രാൻസ്ഥാനം പ്രാപിച്ചെത്തിയ മാത്യൂസ് മാർ അത്താനാസ്യോസാണ് മലങ്കരസഭാചരിത്രത്തിൽ മെത്രാൻസ്ഥാനപ്രാപ്തിക്ക് ഒരു പുതിയ കീഴ്വഴക്കം ഉണ്ടാക്കിയത്. അതുവരെ, മലങ്കരമെത്രാന്മാർക്ക് തന്നെ, അനന്തരഗാമികൾക്കും ആവശ്യമായ സാഹചര്യത്തിൽ മറ്റുള്ളവർക്കും മെത്രാൻസ്ഥാനം നൽകുവാൻ ഒരു അവകാശക്കുറവും ഇല്ലായിരുന്നു. ഈ സംഭവത്തോടെ അന്ത്യോഖ്യ പാത്രിയർക്കീസിന്റെ കക്ഷത്തിൽ മലങ്കരയുടെ മേല്പട്ടമൗലി അമർന്നുപോയി. മാത്യൂസ് അത്താനാസ്യോസിന്റെ മലങ്കര മെത്രാൻസ്ഥാനസാധുതയെ ചോദ്യം ചെയ്യാൻ പാത്രിയർക്കീസിന്റെ തന്നെ സഹായം ആവശ്യമായതോടെ ഒരു പുതിയ കീഴ്വഴക്കം ആരംഭിച്ചു. മെത്രാൻ വാഴ്ചയും, മൂറോൻ കൂദാശയും പാത്രിയർക്കീസിൽ നിക്ഷിപ്തമായ അധികാരമായിത്തീർന്നു. നവീകരണ അപകടത്തിൽ നിന്ന് രക്ഷനേടാൻ അന്ത്യോഖ്യൻ സഹായഹസ്തം സ്വീകരിച്ചത് ഒരു ധൃതരാഷ്ട്രാലിംഗനം പോലെയായി. ഈ ദുരവസ്ഥയിലും മലങ്കരസഭയെ ധീരമായി നയിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ ഒരു യുഗതേജസ്സായി തെളിഞ്ഞപ്പോൾ, അദ്ദേഹത്തിന് മെത്രാൻ വാഴ്ചയും മൂറോൻ കൂദാശായ്ക്കും ഉള്ള അധികാരത്തോടെ ഒരു മാന്യമായസ്ഥാനം, അഥവാ മഫ്രിയാനാസ്ഥാനം പാത്രിയർക്കീസിന്റെ ഔദാര്യമായിട്ടു വാങ്ങിച്ചെടുക്കുവാൻ കോനാട്ടു മല്പാൻ മുതലായവർ ശ്രമിച്ചിട്ടും നടന്നില്ല. മധുരിച്ചിട്ട് തുപ്പാനും, കയിച്ചിട്ട് ഇറക്കാനും വയ്യാത്ത ഒരു അവസ്ഥ! അങ്ങനെയിരിക്കുമ്പോഴാണ്, "ഉർവ്വശീശാപം ഉപകാരം" ആയതുപോലെ കാര്യങ്ങൾ മാറിമറിഞ്ഞത്. അഥവ ദൈവം തമ്പുരാൻ മലങ്കരസഭയ്ക്കുവേണ്ടി ചരിത്രത്തിൽ ഇടപെട്ടത്. അബ്ദേദ് മിശിഹാ പാത്രിയർക്കീസിനെ സ്ഥാനഭ്രഷ്ടനാക്കി സ്ഥാനം നേടിയ അബ്ദുള്ള ദ്വിതീയൻ മലങ്കരയിലെത്തി മെത്രാന്മാരെ അടിമകളാക്കി. പള്ളികളിൽനിന്ന് ഉടമ്പടികൾ വാങ്ങിയും ഏകാധിപത്യം സ്ഥാപിച്ചുകൊണ്ടിരുന്നതിന്റെയും ക്ലൈമാക്സായിരുന്നു വട്ടശ്ശേരിൽ ഗീവർഗ്ഗീസ് ദീവന്നാസ്യോസിന്റെ മുടക്ക്. തിരുവെഴുത്ത് നിവർത്തിയായി ലോകരക്ഷ സാധ്യമാകാൻ രക്ഷകൻ കുരിശിൽ മരിക്കേണ്ടിവന്നതുപോലെ, മലങ്കരസഭയുടെ സ്വാതന്ത്ര്യസംരക്ഷണത്തിന് ആ മുടക്ക് ആവശ്യമായിരുന്നുവെന്ന് തോന്നിപ്പോയാലും തെറ്റില്ല. കാരണം, മറിച്ച് പാത്രിയർക്കീസ് ഔദാര്യമായി എന്ത് അനുവദിച്ചാലും അത് കീഴ്സ്ഥാനിയെന്ന ലേബലിലെ ആകുമായിരുന്നുള്ളൂ. അതു സംഭവിക്കാതെ, അബ്ദേദ് മിശിഹാ പാത്രിയർക്കീസ് ഇവിടെ വരാൻ ഇടയാവുകയും, യാതൊരു ഉപാധിയും ഇല്ലാതെ "ഇന്ത്യയിലെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലേക്ക്" 'കാതോലിക്ക' അഥവാ 'മഫ്രിയാന'യെ വാഴിക്കയുമാണുണ്ടായത്. പേർഷ്യയിലെ സ്ഥാനമെന്നോ, പാത്രിയർക്കീസിന്റെ കീഴിലെന്നോ ഒന്നും പറയാതെ, മലങ്കരയുടെ "തലവനും" "ഇടയനും" "ആത്മീയപിതാവു"മായി പ്രഖ്യാപിച്ചപ്പോൾ, ഒരു ചരിത്രസംഭവമായിത്തീർന്നു അത്. ആ ചരിത്ര സംഭവത്തിന്, പാത്രമായതോടെയാണ്, മുറിമറ്റത്തിൽ ബാവ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെച്ചതായി നമുക്ക് ബോധ്യപ്പെടുന്നത്.

മലങ്കരയിലെ കാതോലിക്കേറ്റ്, "സ്ഥാപനമോ" പുനഃസ്ഥാപനമോ എന്ന ചോദ്യം പലരും ചോദിക്കാറുണ്ട്. ഒരർത്ഥത്തിൽ "സ്ഥാപന"വും മറ്റൊരർത്ഥത്തിൽ "പുനഃസ്ഥാപന"വും ആണ്. പുരാതനമാർത്തോമ്മൻ ശ്ലൈഹിക പൗരോഹിത്യ മേലധ്യക്ഷസ്ഥാനത്തോടൊപ്പം, ആകമാനസഭയിൽ സ്വീകാര്യമായിരുന്ന ഒരു സ്വയംശീർഷക സ്ഥാനനാമം അഥവ 'കാതോലിക്ക' എന്ന സ്ഥാനനാമം ആവിഷ്ക്കരിച്ചത് മലങ്കരയ്ക്കുമാത്രമായ ഒരു "സ്ഥാപന"മാണ്. പക്ഷെ, ആ സ്ഥാനനാമത്തിന്, മാർത്തോമ്മാശ്ലീഹായുടെ പേരിൽത്തന്നെ ആകമാനസഭയിൽ സ്വീകാര്യമായ ഒരു ചരിത്രം ഉണ്ടായിരിക്കയും, ആ സ്ഥാനനാമം ഇടക്കാലത്ത് ഉപയോഗിക്കാതിരിക്കയും ചെയ്ത സാഹചര്യത്തിൽ ആ സ്ഥാനനാമം പുനഃസ്ഥാപിച്ചത് "പുനഃസ്ഥാപന"വും കൂടിയാണ്; 'പുനഃസ്ഥാപനം', പുതിയ അർത്ഥത്തോടെയാണെന്നു മാത്രം. പുതിയ അർത്ഥത്തിൽ "കീഴ്സ്ഥാനി" ചിന്തയ്ക്ക് യാതൊരു പ്രസക്തിയുമില്ല.

ഇനിയും, ബസേലിയോസ് പൗലൂസ് പ്രഥമൻ കാതോലിക്ക ഇത്തരത്തിൽ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെച്ചത് ***എന്തുകൊണ്ട്*** എന്ന് ചിന്തിക്കാം.

അദ്ദേഹത്തിന്റെ ദൈവഭക്തി ഒന്നുകൊണ്ടുമാത്രമാണ് ഈ ചരിത്രനിയോഗത്തിനും, പിൽക്കാല പുണ്യസ്മൃതിക്കും അദ്ദേഹം അർഹനായത്. ഒരൊറ്റകാര്യം മാത്രം ചരിത്രത്തിൽ നിന്ന് ഉദ്ധരിക്കാം. പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് രാജകീയ വിളംബരത്തിന്റെ പിൻബലത്തിൽ മലങ്കരമെത്രാനായി വിരാജിക്കുമ്പോൾ, മറ്റുപലരുടെയും വിധേയത്വം തന്നോട് ആക്കിയെടുക്കുവാൻ എടുത്ത ഉപായങ്ങളൊന്നും മുറിമറ്റത്തിൽ തീരുമേനിയോട് പ്രയോഗിക്കുവാൻ ധൈര്യപ്പെട്ടില്ല. അദ്ദേഹം പറഞ്ഞതായ ഒരു വാചകം തലമുറയായി പറഞ്ഞുകൈമാറിയിട്ടുണ്ട്. "മുറിമറ്റത്തിന് മുകളിലേക്ക് ഒരു ചരടുണ്ട്. പൊട്ടിക്കുവാൻ നമുക്ക് സാധ്യമല്ല" .

ഈ പിതാവിന്റെ ഓർമ്മയിൽ, അദ്ദേഹത്തിന്റെ പ്രധാനസന്ദേശമായി നമുക്കീ പദപ്രയോഗം എടുക്കാം. ***"മുകളിലേക്ക് ഒരു ചരട്"!*** ഈ ചരടിന്റെ ബലം അറിഞ്ഞവരും അവരുടെ പിന്തലമുറയും ആണ് ഈ കബറിങ്കൽ എത്തിക്കൊണ്ടിരിക്കുന്നത്. നമുക്ക് മുകളിലേക്ക് ഉള്ള ചരട് ബലഹീനമായി പോയാൽ താഴേക്കുള്ള ആകർഷണം കൂടും. താഴേക്കുള്ള ആകർഷണം കൂടുമ്പോൾ, അവകാശങ്ങളും അവകാശത്തർക്കങ്ങളും ഏറും. താഴേക്കുള്ള ആകർഷണം കൂടുമ്പോൾ, നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആഗ്രഹം പോലും കുറയും. അഥവാ പരിഹരിക്കാൻ ശ്രമിച്ചാലും, മാർഗ്ഗത്തിന്റെ മാന്യത കുറയും. മുകളിലേക്ക് ഉയരുവാനുള്ള ചരടിനുപകരം, താഴെക്കിടന്ന് കടിപിടി കൂടുവാനും വലിക്കുവാനുമുള്ള വടങ്ങൾ തേടുന്ന കാഴ്ചപ്പാട് നമുക്ക് മാറിയേ പറ്റൂ. തീവ്രവാദത്തിന്റെയും, ചാവേർ സംസ്കാരത്തിന്റെയും "സഭാസ്നേഹ"ചിന്തകൾക്ക് നഷ്ടപ്പെട്ടത്, 'മുകളിലേക്കുള്ള ചരടാണ്"!

മുറിമറ്റത്തിൽ ബാവ, നമ്മുടെ വ്യക്തിപരവും, കുടുംബപരവും, സഭാപരവുമായ ദുര്യോഗങ്ങളിൽ ഒരു സാന്ത്വനതലോടലായി നമുക്ക് അനുഭവപ്പെടട്ടെ. സഹനത്തിന്റെ പാതയിൽ, ഉൾബോധ്യങ്ങളുടെ ഉൾക്കനത്തോടെ അദ്ദേഹം സഭയെ നയിച്ചത് ***മുകളിലേക്കുള്ള ചരടിൽ*** തന്നെത്തന്നെ ഉറപ്പിച്ചുകൊണ്ടാണ്. അത് നമുക്ക് യാഥാർത്ഥ്യബോധത്തോടെയും, ക്രിസ്തീയ സാക്ഷ്യവെളിച്ചത്തോടെയും, തുടർന്നുള്ള ചുവടുകൾ വയ്ക്കുവാൻ മാതൃകയും പ്രചോദനവും ആകട്ടെ.

GM



2012 മെയ് 2ന് പാമ്പാക്കുട ചെറിയപള്ളിയിൽ പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവായുടെ 99-ാം ഓർമ്മപ്പെരുന്നാളിന്, വൈദിക സെമിനാരി പ്രിൻസിപ്പാൾ ***ഫാ. ഡോ. ജേക്കബ് കുര്യൻ*** ചെയ്ത അനുസ്മരണ പ്രസംഗം.

കണ്ടനാട് (വെസ്റ്റ്) ഭദ്രാസനത്തിന്റെ പ്രസിദ്ധീകരണമായ *പ്രദീപ്തി*യിലും ഈ പ്രസംഗം പ്രസിദ്ധീകരിച്ചു.

മലങ്കരയുടെ ഒന്നാം കാതോലിക്കാ അറിയപ്പെടാത്ത ഏടുകൾ

■ ഡോ. എം കുര്യൻ തോമസ്

ഒരു നവയുഗത്തിന്റെ ഉദയത്തിനു കാരണഭൂതനാവുക, ആ ഒരൊറ്റ കാരണത്താൽ ജീവിത കാലത്തും മരണശേഷവും ഒരു പറ്റം ആളുകളാൽ തേജോവധം ചെയ്യപ്പെടുക. ഈ ഭാഗ്യവും നിർഭാഗ്യവും അനുഭവിച്ച ഒരു മഹാത്മാവായിരുന്നു മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കാ പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവാ.

കൊ.വ.1088 (1912 എ.ഡി.) ചിങ്ങം 31-നു (സുറിയാനിക്കണക്കിൽ കന്നി 2-ന്) നിരണത്തുപള്ളിയിൽ വെച്ച് അദ്ദേഹം പൗരസ്ത്യ കാതോലിക്കാ ആയി വാഴിക്കപ്പെട്ടപ്പോൾ എ.ഡി. 1653-ൽ മലങ്കരസഭ ആരംഭിച്ച സ്വാതന്ത്ര്യ സമരത്തിന്റെ പരിപൂർണ്ണ വിജയമായിരുന്നു. മറ്റാരെയും ആശ്രയിക്കാതെ നിലനിൽക്കാനുള്ള കഴിവാണ് അന്ന് സഭയ്ക്ക് ലഭിച്ചത്. ആ സ്വാതന്ത്ര്യത്തിനു വേണ്ടി ജീവിതകാലം മുഴുവൻ പ്രയത്നിച്ച സഭാഭാസുരൻ പ. വട്ടശ്ശേരിൽ മാർ ഗീവർഗീസ് ദീവന്നാസ്യോസ് മെത്രപ്പോലീത്തായുടെയും 1912-ലെ കാതോലിക്കാ വാഴ്ചയ്ക്ക് നേതൃത്വം വഹിച്ച പ. അബ്ദൽ മ്ശീഹാ പാത്രിയർക്കീസിന്റെയും സേവനങ്ങൾ വിശദമായി പലരും പ്രതിപാദിച്ചിട്ടുണ്ട്.

എന്നാൽ ശക്തമായ എതിർപ്പ് വിളിച്ചു വരുത്തും എന്നറിഞ്ഞു കൊണ്ടുതന്നെ സഭയ്ക്കുവേണ്ടി-സഭയുടെ ആവശ്യപ്രകാരം- കാതോലിക്കാ സ്ഥാനം സ്വീകരിക്കാൻ തയ്യാറായ പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവായെപ്പറ്റി ഒരു ജീവചരിത്രമോ പഠനമോ സമീപകാലം വരെ ഉണ്ടായിരുന്നില്ല എന്നത് വേദനാജനകമായ ഒരു സത്യമാണ്. പക്ഷേ 1953-ൽ തന്നെ പി. എം പത്രോസ്, മുളന്തുരുത്തി എന്ന വ്യക്തി പ. ബാവായുടെ ഒരു ജീവചരിത്രം എഴുതിയിരുന്നു എന്നത് പലർക്കും അറിയില്ലായിരിക്കാം. പ. ബാവായുടെ സഹോദര പൗത്രനായ മുറിമറ്റത്തിൽ ഗീവറുഗീസു കത്തനാരുടെ വിശദീകരണക്കുറിപ്പുകളോടുകൂടിയ ടി കയ്യെഴുത്തു പ്രതി കണ്ടെടുത്ത് തന്റെ വിശദമായ ഗവേഷണഫലങ്ങളും കൂട്ടിച്ചേർത്ത് കണ്ടനാട് ഇടവകയുടെ ജോസഫ് മാർ പക്കോമിയോസ് മെത്രപ്പോലീത്താ *മുറിമറ്റത്തിൽ ബാവാ, മലങ്കരയുടെ ഒന്നാം കാതോലിക്ക* എന്ന ഗ്രന്ഥം 1991-ൽ പ്രസിദ്ധീകരിച്ചതോടെ ഈ കുറവ് ഒരു പരിധിവരെ പരിഹരിക്കപ്പെട്ടു എന്നു പറയാം. വിമർശനബുദ്ധ്യാ ചിന്തിക്കുമ്പോൾ ചരിത്രപരമായ ഏതാനും ന്യൂനതകൾ ചൂണ്ടിക്കാട്ടുവാനുണ്ടെങ്കിലും കഥാപുരുഷന്റെ ത്യാഗനിർഭരവും പരിശുദ്ധവുമായ ജീവിതത്തെപ്പറ്റി വ്യക്തമായ ഒരു ഉൾക്കാഴ്ച നൽകാൻ ഈ ഗ്രന്ഥത്തിനു കഴിഞ്ഞിട്ടുണ്ട് എന്ന് നിസംശയം പറയാം.

കഥാപുരുഷന്റെ ജീവചരിത്രത്തെ ഒരിക്കൽകൂടി ചർവിതചർവണം നടത്തുവാനല്ല തുനിയുന്നത്. അദ്ദേഹത്തിന്റെ ജീവിതത്തിലെ അറിയപ്പെടാത്ത ചില ഏടുകളെ അവതരിപ്പിക്കാനും അദ്ദേഹത്തെപ്പറ്റിയുള്ള വിമർശനങ്ങളെ ചരിത്രദൃഷ്ട്യാ ഒന്നു പരിശോധിയ്ക്കുവാനുമാണ് ശ്രമിയ്ക്കുന്നത്.

പൊതുവിന്റെ ആൾ - കണ്ടനാട് ഇടവകയുടെ മെത്രാപ്പോലീത്താ എന്ന നിലയിൽ തന്റെ ദീർഘമായ 33 വർഷത്തെ ഭരണത്തിനിടയിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം മലങ്കരയിലെങ്ങും സജീവമായിരുന്നു. നവീകരണക്കാരമായുള്ള കേസിന്റെയും വഴക്കിന്റെയും മൂർദ്ധന്യാവസ്ഥയിൽ മലങ്കര മെത്രാപ്പോലീത്താ ജോസഫ് മാർ ദീവന്നാസ്യോസിനു താങ്ങും തണലുമായി ഇദ്ദേഹം പ്രവർത്തിച്ചു.

1902 ൽ പ. പരുമല തിരുമേനിയുടെ കന്തീല, കബറടക്കം എന്നിവയ്ക്ക് പ്രധാനകാർമ്മികത്വം വഹിച്ചത് ഇദ്ദേഹമായിരുന്നു. പ.പരുമല



പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവ

തിരുമേനിയുടെ ഒന്നാം ചരമവാർഷികത്തിനും പ്രധാനകാർമ്മികൻ ഇദ്ദേഹമായിരുന്നു.

ഇതുപോലെതന്നെ 1907-ൽ അങ്കമാലി-കോട്ടയം ഇടവകകളുടെ കടവിൽ പൗലൂസ് മാർ അത്താനാസ്യോസിന്റെ കബറടക്കവും തിരുമനസ്സുകൊണ്ടാണ് നിർവഹിച്ചത്. കൂടാതെ അദ്ദേഹത്തിന്റെ നാല്പത് അടിയന്തിരം വരെയുള്ള കാലത്ത് അവിടെ താമസിച്ച് എല്ലാകാര്യങ്ങളും നോക്കി നടത്തിയതും അടിയന്തിരം നടത്തുന്നതിനുള്ള ആലോചനകളും അടിയന്തിരവും നടത്തിയതും തിരുമനസ്സിലെ നേതൃത്വത്തിലാണ്. (ഈ വിവരത്തിന് തിരുമനസ്സുകൊണ്ട് 1907 തുലാം 23 നു ആലുവ തൃക്കുന്നത്തു സെമിനാരിയിൽ നിന്നയച്ച കല്പനമുറിമറ്റത്തിൽ ബാവായുടെ കാതോലിക്ക സ്ഥാനാരോഹണം 80-ാം വാർഷികം 1992 സ്മരണികയിൽ ചേർത്തിട്ടുണ്ട്.) പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ (മാർ ദീവന്നാസ്യോസ് II) 1905-ലെ ആണ്ടുചാത്തം തന്റെ അഭാവത്തിൽ നടത്തുവാൻ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ ചുമതലപ്പെടുത്തിയത് ഇദ്ദേഹത്തെ ആയിരുന്നു. (ഇതു സംബന്ധിച്ച് തിരുമനസ്സുകൊണ്ട് 1905 വൃശ്ചികം 27 ന് കോട്ടയം പഴയ സെമിനാരിയിൽ നിന്നയച്ച കല്പനടി. 80 -ാം വാർഷിക 1992 സ്മരണികയിൽ ചേർത്തിട്ടുണ്ട്.).

മേൽപ്പറഞ്ഞ മൂന്നു സംഗതികൾ സഭയുടെ പൊതുവായ കാര്യങ്ങളിലും തന്റെ ഭദ്രാസനത്തിനു പുറത്തുള്ള പ്രവർത്തനങ്ങളിലും തിരുമനസിന്റെ സാന്നിദ്ധ്യത്തിന്റെ ദൃഷ്ടാന്തം എന്ന നിലയിലാണ്.

സ്ഥാനമോഹി അല്ലാത്ത സ്ഥാനി - മുറിമറ്റത്തിൽ ബാവാ ഒരിയ്ക്കലും ഒരു സ്ഥാനമോഹി ആയിരുന്നില്ല. 1877-ൽ പ.പത്രോസ് തൃതീയൻ പാത്രിയർക്കീസ് തന്നെ മെത്രാൻ സ്ഥാനത്തേക്കു വിളിച്ചപ്പോൾ ഒഴിഞ്ഞു മാറാൻ അദ്ദേഹം ആവുന്നത്ര ശ്രമിച്ചു. 1912-ൽ മലങ്കരസഭ അദ്ദേഹത്തെ കാതോലിക്കാ സ്ഥാനത്തേക്ക് വിളിച്ചപ്പോഴും അദ്ദേഹം ഒഴിഞ്ഞുമാറി പകരം തന്നേക്കാൾ യോഗ്യനാണ് കല്ലാശ്ശേരിൽ പുന്നൂസ് റമ്പാനെന്നും (പിന്നീട് മലങ്കരയിൽ മൂന്നാം കാതോലിക്ക) അദ്ദേഹത്തെ വാഴിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. പക്ഷെ സഭയുടെ സമ്മർദ്ദത്തിനു വഴങ്ങി കാതോലിക്കാ സ്ഥാനം സ്വീകരിക്കുക എന്ന ത്യാഗം അദ്ദേഹത്തിനു ചെയ്യേണ്ടിവന്നു.

ഇവിടെ സ്വല്പം വിശദീകരണം ആവശ്യമുണ്ട്. കാരണം കാതോലിക്കാ സ്ഥാനം നൽകാം എന്ന വാഗ്ദാനത്തിൽ മോഹിതനായി ആണ് ഇദ്ദേഹം മാർ ദീവന്യാസ്യോസിന്റെ പക്ഷത്ത് ചേർന്നത് എന്ന് സ്ഥാപിക്കാൻ ചിലർ ശ്രമം നടത്തുന്നുണ്ട്. ഈ വാദം തെറ്റാണെന്ന് തെളിയിക്കേണ്ടത് ആവശ്യമാണ് എന്നതിനാൽ ഇതു വിശദീകരിക്കാം. ഒന്നാമതായി, വൃദ്ധനും രോഗിയുമായ തനിക്ക് ദീർഘകാലം കാതോലിക്കാ എന്ന നിലയിൽ ഭരിക്കാമെന്ന് അദ്ദേഹത്തിന് ഒട്ടും മോഹം ഉണ്ടായിരുന്നില്ല. കാതോലിക്കാ സ്ഥാനത്തേക്കുള്ള ക്ഷണം നിരസിച്ചപ്പോൾ അദ്ദേഹം അത് വ്യക്തമാക്കിയതാണല്ലോ.

രണ്ടാമത്, വടക്കൻ പ്രദേശത്ത്, പ്രത്യേകിച്ച് കണ്ടനാട് ഭദ്രാസനത്തിൽ നിർണായക സ്വാധീനമുള്ള കോനാട്ട് മാത്തൻ മല്പാന്റെ ശത്രുത പരസ്യമായി ക്ഷണിച്ചു വരുത്തുന്ന ഈ സ്ഥാനസ്വീകരണം തനിക്ക് ശത്രുതയും പ്രയാസങ്ങളും വർദ്ധിപ്പിക്കുകയേ ഉള്ളൂ എന്ന് അദ്ദേഹത്തിനു സ്പഷ്ടമായും അറിയാമായിരുന്നു.

മൂന്നാമതായി, മലങ്കരയിലെ നിയമബന്ധിതമായ ഭരണക്രമത്തിൽ കാതോലിക്കായ്ക്ക് പരിമിതമായ അവകാശങ്ങളെ ഉള്ളൂ എന്ന് അദ്ദേഹത്തിന് വ്യക്തമായും അറിയാമായിരുന്നു. കാതോലിക്ക എന്ന നിലയിൽ താൻ മേൽസ്ഥാനി ആണെങ്കിലും സഭയുടെ ലൗകീക ഭരണത്തിൽ താൻ പൂർണ്ണമായും മലങ്കര മെത്രപ്പോലീത്തായ്ക്ക് വിധേയനാണെന്നും അദ്ദേഹത്തിന്റെയും, മലങ്കര അസോസിയേഷന്റെയും നിർദ്ദേശ പ്രകാരമല്ലാതെ തനിയ്ക്ക് യാതൊരു അധികാരവും നടത്താൻ സാദ്ധ്യമല്ല എന്നും, അദ്ദേഹത്തിനു നല്ലവണ്ണം അറിയാമായിരുന്നു. കാതോലിക്കായ്ക്കടുത്ത മെത്രാനഭിഷേകം, വി. മൂറോൻ കൂദാശ ഇവപോലും മലങ്കര മെത്രപ്പോലീത്തയുടെയും അദ്ദേഹം അദ്ധ്യക്ഷനായിരിക്കുന്ന സുന്നഹദോസിന്റെയും മലങ്കര അസ്സോസിയേഷന്റെയും നിർദ്ദേശപ്രകാരമല്ലാതെ നിർവഹിച്ചുകൂടെന്നു അദ്ദേഹത്തിനു നല്ല നിശ്ചയം ഉണ്ടായിരുന്നു. ഈ വസ്തുതകൾ പ.അബ്ദൽ മ്ശീഹാ പാത്രിയർക്കീസ് കൊ. വ. 1088 കന്നി 2-നു നിരണത്തു പള്ളി

1911-ലെ നടപടിക്രമത്തിന്റെ മുഖവരയിൽ കോനാട്ട് മാത്തൻ മല്പാൻ

.... ഇത്ര പ്രയാസപ്പെട്ടും യോഗനിശ്ചയത്തോടുകൂടിയും ദീർഘലോചനയോടുകൂടിയും പള്ളിക്രമങ്ങൾ നടത്തുന്നതിനു അദ്വിതീയൻ എന്നു എല്ലാവരാലും സമ്മതിക്കപ്പെട്ടിരിക്കുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രത്യേക ആലോചനയോടുകൂടിയും അച്ചടിപ്പിക്കപ്പെട്ടിരിക്കുന്ന ഈ പള്ളിക്രമ നടപടി പുസ്തകവും...

പ. പൗലൂസ് പ്രഥമൻ ബാവായെപ്പറ്റി പ. പരുമല തിരുമേനിയുടെ സാക്ഷ്യം

....ഈവാനിയോസ് ആബൂനെകുറിച്ച് എനിക്ക് അറിയാവുന്നതിൽനിന്ന് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ സത്യമായത് അതിൽ ഞാൻ നല്ലവണ്ണം എഴുതി അറിയിച്ചിരുന്നു. അദ്ദേഹം സത്യവാനാണ്, നുണയനോ, സൂത്രക്കാരനോ അല്ല. ദൈവത്തെയും തന്റെ ഉടയവനെയും ഭയക്കുന്ന ആളാണ്. തന്നെ സ്നേഹിക്കുന്നവനെ സ്നേഹിക്കുന്നവനും, വെറുക്കുന്നവനെ വെറുക്കുന്നവനുമാണ്. തന്റെ കൂടെ നില്ക്കാത്തവൻ വലിയവനും ധനവാനുമാണെങ്കിൽപോലും അദ്ദേഹം അവനെവെറുക്കും; അക്കാര്യത്തിൽ മുഖപക്ഷം കാണിക്കാറില്ല. അതാണ് അദ്ദേഹത്തിന്റെ സ്വഭാവം. അദ്ദേഹത്തെക്കുറിച്ച് പരാതി നല്കിയിരിക്കുന്നവർ സത്യമല്ല പറഞ്ഞിരിക്കുന്നത്. അദ്ദേഹം പള്ളികളിലെ ഭണ്ഡാരങ്ങൾ കുത്തിത്തുറന്ന് അവയിൽ നിന്നു പണം മോഷ്ടിച്ചു എന്നു കാണിച്ച് അങ്ങേയ്ക്ക് അയച്ച അവരുടെ പരാതിയിൽ അവർ നുണയാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് അവരുടെ പരാതി ഞങ്ങൾക്ക് അയച്ചുതരുവാൻ അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങൾ നല്ലവണ്ണം അന്വേഷിക്കാം. അപ്പോൾ അവരുടെ നുണ വെളിപ്പെടുകയും ഇനി മേലിൽ ആരും ഇത്ര ധൈര്യപൂർവ്വം നിർഭയനായി പരിശുദ്ധ പിതാവിന് നുണ എഴുതാതിരിക്കുകയും ചെയ്യും...

(1899 ഏപ്രിൽ 7-ന് അന്ത്യോഖ്യാ പാത്രിയർക്കീസിന് ചാവക്കാട്ടുനിന്നും അയച്ച സുറിയാനി കത്ത്. പരിഭാഷ - ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് - അവലംബം - പരുമല സ്മൃതി - 2002)

യിൽനിന്നും, കൊ.വ.1088 കുംഭം 8-നു പരുമല സെമിനാരിയിൽ നിന്നും പുറപ്പെടുവിച്ച കല്പനകളിൽ വ്യക്തമാക്കിയിട്ടുണ്ട്.[1]

പിന്നെ എന്തുകൊണ്ട് കാതോലിക്കാസ്ഥാനം അദ്ദേഹം സ്വീകരിച്ചു? താൻ ഈ സ്ഥാനം സ്വീകരിക്കേണ്ടത് തന്റെ സഭയുടെ വളർച്ചയ്ക്കും കെട്ടുപണിക്കും അത്യാവശ്യമാണെന്ന് ബോദ്ധ്യം വന്നതിനാലും മലങ്കരസഭയുടെ ഐകകണ്ഠ്യേനയുള്ള തിരഞ്ഞെടുപ്പ് നിരസിക്കുന്നത് വിഹിതമല്ലാത്തതിനാലും മുറിമറ്റത്തിൽ ബാവാ കാതോലിക്കാ സ്ഥാനം സ്വീകരിച്ചു. കാതോലിക്കാ സ്ഥാനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് അയച്ച എഴുത്തിലെ വാക്കുകളിൽ പറഞ്ഞാൽ *സ്ഥാനം സ്വീകരിക്കാതിരിക്കുന്നത് സഭയോട് ചെയ്യുന്ന ഒരു മഹാ പാതകമായിരിക്കുമെന്നും പിൻതലമുറ അതിനെപ്പറ്റി പശ്ചാത്തപിക്കാൻ ഇടവരുമെന്നും* മനസ്സിലാക്കിയാണ് അദ്ദേഹം ഈ സ്ഥാനം സ്വീകരിച്ചത്.

അഭിപ്രായ സ്ഥിരതയുള്ള പിതാവ് - മുറിമറ്റത്തിൽ ബാവായെപ്പറ്റിയുലള്ള മറ്റൊരാരോപണം അബ്ദുള്ള പാത്രിയർക്കീസ് തന്നെ കണ്ടനാട് ഭദ്രാസനഭരണത്തിൽ നിന്നും നീക്കിയതിനാലാണ് അദ്ദേഹം കൂറുമാറിയത് എന്നാണ്. ഇവിടെയും സ്വൽപ്പം വിശദീകരണം ആവശ്യമാണ്. കാരണം അദ്ദേഹം ഒരിക്കലും കൂറുമാറിയിട്ടില്ല എന്നതുതന്നെ.

തന്റെ അന്ത്യകാലത്ത് മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ, അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസിന്റെ വരവോടെ ഉണ്ടാകുമെന്ന് ഭയപ്പെട്ട കലക്കം മറനീക്കി പുറത്തുവന്നത് കൊ. വ. 1085 വൃശ്ചികം 12 മുതൽ പഴയ സെമിനാരിയിൽ നടന്ന അസ്സോസിയേഷൻ യോഗത്തോടെയാണ്. ലൗകീകാധികാരം രജിസ്റ്റർ ഉടമ്പടിയായി എഴുതി തരണമെന്ന് പാത്രിയർക്കീസ് ടി. യോഗത്തിൽ ആവശ്യപ്പെട്ടു. അസോസിയേഷൻ അതു നിരസിച്ചതോടെ പാത്രിയർക്കീസ് കുപിതനായി. ഈ അവസരത്തിൽ *പാത്രിയർക്കീസിനുള്ള അധികാരമെല്ലാം നമ്മൾ സമ്മതിച്ചിട്ടുണ്ട് ഇല്ലാത്ത അധികാരമൊന്നും ആവശ്യപ്പെടുന്നത് ശരിയല്ല എന്ന് ഞാൻ പാത്രിയർക്കീസിനെ പറഞ്ഞു സമ്മതിപ്പിക്കാം* എന്ന് മുറിമറ്റത്തിൽ ബാവാ ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ വക്കീലിനോട് പറയുകയും അപ്രകാരം പാത്രിയർക്കീസിനെ കാണാൻ വക്കീലിനെയും കൂട്ടി പുറപ്പെടുകയും ചെയ്തു.[2] ഇ. ജെ. ജോൺ, എം. എ. ചാക്കോ എന്നിവർ വട്ടിപ്പണക്കേസിൽ നൽകിയ മൊഴിയിൽ ഈ വസ്തുതയുണ്ട്. എന്നാൽ ഇതേ സംഗതി പാത്രിയർക്കീസിനോട് പറയണമെന്ന് ആവശ്യപ്പെട്ടപ്പോൾ അബ്ദുള്ളയുടെ കലക്കത്തിൽ ഉൾപ്പെടുകയില്ല എന്ന് മാർ ജോസഫ് ദീവന്നാസ്യോസിനോട് സത്യം ചെയ്ത മാർ പൗലൂസ് കൂറിലോസ് ഒഴിഞ്ഞുമാറുകയാണുണ്ടായത് എന്നും മനസ്സിലാക്കുമ്പോൾ മുറിമറ്റത്തിൽ ബാവായുടെ അഭിപ്രായ സ്ഥിരതയുടെ ആഴം ഊഹിക്കാമല്ലോ.

തുടർന്ന് ലൗകികാധികാരം സമ്മതിച്ച് ഉടമ്പടി കൊടുക്കാത്തതിനാൽ കൊ. വ. 1086 ഇടവം 18-നു 30-ാം നമ്പർ കല്പനപ്രകാരം അബ്ദുള്ള, മാർ ദീവന്യാസ്യോസിനെ മുടക്കി. അന്യായമായ ഈ മുടക്കുവാർത്ത അറിഞ്ഞ മാർ ഈവാനിയോസും മലങ്കരസഭയിൽ അദ്ദേഹത്തെ കൂടാതെ അന്ന് ഇടവക ഭരണമുണ്ടായിരുന്ന ഏക മേല്പട്ടക്കാരനായ മാർ അൽവാറീസ് യൂലിയോസും കൊ. വ. 1086 മിഥുനം 2-നു സംയുക്തമായി മുടക്കിനെ നിഷേധിച്ചും മാർ ദീവന്യാസ്യോസിനോട് ഐക്യ ദാർഢ്യം പ്രഖ്യാപിച്ചും കൊണ്ട് ഒരു കത്ത് പ്രസിദ്ധീകരിച്ചു.[3]

ലൗകീകാധികാരം സമ്മതിക്കാത്തതിന് മാർ ദീവന്യാസ്യോസിന് മുടക്ക് എന്ന ഉപഹാരം ലഭിച്ചതുപോലെ ഈ സംയുക്ത കത്തിനും ഇരുവർക്കും ഉപഹാരം ലഭിക്കയുണ്ടായി. മാർ അൽവാറീസു യൂലിയോസിനെ മുടക്കിയും, മാർ ഈവാനിയോസിനെ ഭരണത്തിൽ നിന്നു നീക്കിയും 1911 കന്നി 29-നു പാത്രിയർക്കീസ് കല്പനപുറപ്പെടുവിച്ചു.[4] രണ്ടു ദിവസത്തിനു ശേഷം തുലാം 1 -നു പാത്രിയർക്കീസ് മലങ്കര വിടുകയും ചെയ്തു. മാർ ദീവന്യാസ്യോസിന്റെ മുടക്കുപോലെതന്നെ ഈ കല്പനകളും വെറും ജലരേഖകളായി പരിണമിച്ചു.

ഇതിൽനിന്നും വ്യക്തമാകുന്നത് പ്രശ്നത്തിന്റെ ആരംഭം മുതൽ അവസാനം വരെയും മുറിമറ്റത്തിൽ ബാവായുടെ അഭിപ്രായം ഒന്നു തന്നെയായിരുന്നു എന്നാണ്. പാത്രിയർക്കീസിന്റെ ലൗകികാധികാര മോഹത്തെപ്പറ്റിയും അതിൽ നിന്നുളവായ മാർ ദീവന്യാസ്യോസിന്റെ മുടക്കിനെപ്പറ്റിയും അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായങ്ങൾ പരിശോധിച്ചാൽ മാർ ഈവാനിയോസിന്റെ കൂറുമാറ്റം ചിലരുടെ ഭാവനാസൃഷ്ടി മാത്രമാണെന്നു കാണാം.

മലങ്കരസഭാ ചരിത്രരചനയുടെ ഭീഷ്മാചാര്യനായ Z.M.പാറേട്ടിന്റെ വാക്കുകളിൽ *രക്തസാക്ഷിത്വം വഹിയ്ക്കാൻ ഒരുക്കമുള്ള നസ്രാണികൾ ഇരുപതാം നൂറ്റാണ്ടിലും ഉണ്ടെന്നു തെളിയിച്ച* മുറിമറ്റത്തിൽ മാർ ഈവാനിയോസ് എന്ന പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവായുടെ ജീവിതത്തിന്റെ ആകത്തുക എന്തായിരുന്നു? തിരുമനസ്സിലെ മാതൃ ഇടവകയായ കോലഞ്ചേരിപള്ളിക്കാർ 1912 വൃശ്ചികം 6-നു കോട്ടയം ഡിവിഷൻ മജിസ്രേട്ടിനു നൽകിയ ഹർജിയിൽ നിന്നും ഉദ്ധരിക്കാം.

മാർ ഈവാനിയോസ് മെത്രപ്പോലീത്താ കോലഞ്ചേരി പള്ളി ഇടവകക്കാരനായി ജനിച്ചുവളർന്ന പ്രായവും യോഗ്യതയും ആയപ്പോൾ ആദ്യം ശെമ്മാശും, പിന്നത്തേതിൽ വിഗാരിയും, ശെമ്മാശന്മാരെയും പൈതങ്ങളെയും സുറിയാനി പടിപ്പിച്ച് മല്പാനും, ദയറോയോയെന്ന റമ്പാനും, 42-ാം വയസ്സിൽ മെത്രപ്പോലീത്തായും ആയി ഈ പള്ളിയിൽ അധികമായി താമസിച്ചും വേറെ പള്ളികളിൽ വന്നു താമസിച്ചും വരവെ ഈയാണ്ടു ചിങ്ങമാസം സുറിയാനി കണക്കിൽ 11-നു ശനിയാഴ്ച ഇവിടെനിന്നും പരുമല സെമിനാരിയിൽ ഒരു കമ്മട്ടി കൂട്ടം ഉണ്ടായതിനു പോവുകയും അപ്പോൾ പള്ളിവകയിൽ രൂപ ഇല്ലാതിരുന്നതിനാൽ 15 രൂപ അദ്ദേഹത്തിന്റെ വഴിചിലവിനും മറ്റുമായി ഞങ്ങൾ കടം വാങ്ങി കൊടുക്കുകയും കമ്മട്ടിക്കാർക്കും ശു. പാത്രിയർക്കീസു ബാവാക്കും അദ്ദേഹത്തിന്റെ യോഗ്യതയ്ക്ക് ഒരു മേൽസ്ഥാനം കൂടി വേണമെന്ന് അഭിപ്രായപ്പെട്ട് ശ്ലീഹായ്ക്കടുത്ത കിഴക്കേ സിംഹാസനത്തിന്റെ മാർ ബസേലിയോസ് കാതോലിക്കാ ബാവാ ആയി ശു. മാർത്തോമ്മാ അപ്പോസ്ഥോലനാൽ സ്ഥാപിക്കപ്പെട്ട നിരണത്തു പള്ളിയിൽ വെച്ച് മെത്രപ്പോലീത്താമാർ, റമ്പാൻമാർ, വളരെ വികാരിമാർ, ശെമ്മാശന്മാർ, വളരെ ജനങ്ങൾകൂടി വിശുദ്ധ പാത്രിയർക്കീസു ബാവാ തൃക്കൈകളാൽ വാഴിക്കപ്പെട്ടു ഇതിനുള്ള പ്രമാണമായി സുസ്താത്തിക്കോനും കൊടുത്തു.[11]

Bibliography

1. *പൊൻ ജൂബിലി സുവനീർ,* പരുമല സെമിനാരി,1952, P- 26-7
2. *മലയാള മനോരമ,* 1903 നവംബർ
3. കാരുചിറ ഗീവർഗീസ് റമ്പാൻ (പ. ബസേലിയോസ് ഗീവർഗീസ് I) 1907 ധനു 12 നു അയച്ച കത്തിൽ നിന്നും
4. മാർ ജോസഫ് പക്കോമിയോസ്, *മുറിമറ്റത്തിൽ ബാവ* ,1991 P- 46-7
5. പാറേട്ട്, Z. M., *മലങ്കരനസ്രാണികൾ Vol. IV*, 1969, P- 450-1
6. കുര്യൻ കോറെപ്പിസ്ക്കോപ്പ,കണിയാംപറമ്പിൽ, *സുറിയാനി സഭ*, 1982, P 269
7. മാർ ജോസഫ് പക്കോമിയോസ്, *മുറിമറ്റത്തിൽ ബാവ* ,1991 P- 116-122
8. പാറേട്ട്, Z.M. *മലങ്കരനസ്രാണികൾ Vol IV*, 1969, P- 212-3
9. Ibid, P- 586-7
10. (a.) Ibid, P 587 (b.) മാർ ജോസഫ് പക്കോമിയോസ്, *മുറിമറ്റത്തിൽ ബാവ* ,1991, P 109
11. ഈ രേഖയുടെ പകർപ്പ് ലേഖകന്റെ കൈവശമുണ്ട്.

GM

മലങ്കര സഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് ദിവന്നാസിയോസ് മെത്രാപ്പോലീത്ത

■ ഡോ. ടൈറ്റസ് വർക്കി


വട്ടശ്ശേരിൽ തിരുമേനിയുടെ സഭാസേവനം വ്യക്തിപ്രഭാവം, സഭാദ്ധ്യക്ഷൻ എന്നുള്ള നിലയിലെ നേതൃപാടവം, പ്രാർത്ഥനാ ജീവിതം എന്നിവയെ ചുരുക്കത്തിൽ പ്രതിപാദിക്കാൻ എളുപ്പമല്ല.

മല്ലപ്പള്ളി പവ്വോത്തിക്കുന്നേൽ വട്ടശ്ശേരിൽ കുടുംബത്തിൽ 1858 ഒക്ടോബർ 31 നാണ്, മാർ ദിവന്നാസിയോസ് ഭൂജാതനായത്. 1934 ഫെബ്രുവരി 23 ന് എഴുപത്താറാം വയസ്സിൽ ദിവംഗതനായി.

1876 ൽ 18-ാം വയസ്സിൽ, പരി. പത്രോസ് പാത്രിയർക്കീസ് ബാവായിൽനിന്ന് ശെമ്മാശുപട്ടമേറ്റു. 1880 ൽ 22-ാം വയസ്സിൽ പരി. പരുമല തിരുമേനിയിൽനിന്ന് കശ്ശീശ പട്ടം സ്വീകരിച്ചു.

കോട്ടയം പഴയ സെമിനാരിയിലെ പഠനകാലത്ത് തന്നെ ഈസ്റ്റേൺ തിയോളജിയിൽ പാണ്ഡിത്യം നേടി. സുറിയാനി, സഭാചരിത്രം, വേദജ്ഞാനം ഇവയിൽ മികവു കാട്ടി തുടങ്ങി. 1881 ൽ കോട്ടയം-പരുമല സെമിനാരികളിൽ മല്പാൻ ആയി നിയമിക്കപ്പെട്ടു. 'മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ' എന്ന പേരിൽ അറിയപ്പെട്ടുതുടങ്ങി.

പഠനത്തിലും ചിന്തയിലും ഗ്രന്ഥരചനയിലുമായി കഴിഞ്ഞ ഈ ഘട്ടത്തിലാണ്, സെമിനാരി വിദ്യാർത്ഥികൾക്ക് സുറിയാനി പഠിക്കാൻ സഹായകമായി ഒരു പുസ്തകം രചിച്ചത്. 'മതോപദേശസാരങ്ങൾ', ആരാധനാ പുസ്തകങ്ങൾ ഇവയും രചിക്കപ്പെട്ടത് ഈ കാലയളവിലാണ്.



1896-97 കാലയളവിൽ എം.ഡി. സെമിനാരി സ്കൂളിൽ പ്രിൻസിപ്പലായി നിയമിതനായി.

1908 മേയ് മാസം 31 ന്, അബ്ദുള്ള പാത്രിയർക്കീസ് ബാവായിൽ നിന്ന് ഗീവറുഗീസ് ദിവന്നാസിയോസ് എന്ന നാമധേയം സ്വീകരിച്ച് മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു..

പട്ടമേറ്റ് തിരികെ മലങ്കരയിൽ എത്തിയ അദ്ദേഹം പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിന്റെ അസിസ്റ്റന്റെന്നുള്ള നിലയിൽ സഭാകാര്യങ്ങളിൽ സഹകരിച്ചു. 1909 ൽ പുലിക്കോട്ടിൽ തിരുമേനി കാലംചെയ്ത മുറയ്ക്ക് മലങ്കര അസോസിയേഷൻ യോഗം കൂടി വട്ടശ്ശേരിൽ തിരുമേനിയെ മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തു.

ഭരണമേറ്റെടുത്ത കാലഘട്ടം അസ്വസ്ഥകളാലും അഭിപ്രായ സംഘട്ടനങ്ങളാലും അന്ത്യോഖ്യൻ മേൽക്കോയ്മയുടെ കൈകടത്തലുകളാലും ദുർഘടമായിരുന്നു. അസോസിയേഷൻ പ്രസിഡന്റായ തിരുമേനിയും കൂട്ടുട്രസ്റ്റികളായ കോനാട്ട് മാത്തൻ മല്പാൻ, അക്കര സി.ജെ. കുര്യൻ എന്നിവരും തമ്മിൽ ആരംഭിച്ച അഭിപ്രായഭിന്നത ഒരുതരം വ്യക്തിവിദ്വേഷമായി വളർന്നു.

1910 ൽ അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് കേരളത്തിലെത്തി. വട്ടശ്ശേരിൽ തിരുമേനി അദ്ദേഹത്തെ ബോംബെയിൽ പോയി സ്വീകരിച്ചു. വന്ന ഉടനെ മലങ്കരസഭാ സ്വത്തുക്കളുടെമേലുള്ള ലൗകികാധികാരം നേടിയെടുക്കാൻ പാത്രിയർക്കീസ് ശ്രമമാരംഭിച്ചു.

മലങ്കരയിലെത്തിയ പാത്രിയർക്കീസ് 1910 നവംബർ 27 ന് പഴയ സെമിനാരിയിൽ അസോസിയേഷൻ വിളിച്ചു ചേർത്തു. ആമുഖ പ്രസംഗത്തിനു ശേഷം പാത്രിയർക്കീസ് മെത്രാൻമാരെ അകത്തെ മുറിയിലേക്ക് വിളിച്ച് തന്റെ ആവശ്യം അറിയിച്ചു. ഇ.ജെ. ജോൺ, സി.ജെ. കുര്യൻ, എം.എ. ചാക്കോ തുടങ്ങിയവരെയും അകത്തേക്ക് വിളിച്ചു. സി.ജെ. കുര്യൻ, കോനാട്ട് മാത്തൻ മല്പാൻ, കുറിലോസ് മെത്രാപ്പോലീത്ത എന്നിവരൊഴികെ ഏവരും പാത്രിയർക്കീസിന്റെ നിർദ്ദേശത്തോട് എതിർപ്പു പ്രകടിപ്പിച്ചു. തുടർന്ന് വട്ടശ്ശേരിൽ തീരുമേനിയോടുള്ള എതിർപ്പ് രൂക്ഷമാക്കിയ പാത്രിയർക്കീസ് രണ്ടു മെത്രാന്മാരെ കൂടി വാഴിച്ച്, ഉടമ്പടി വാങ്ങി. പൗലോസ് മാർ അത്താനാസിയോസ്, ക്നാനായ ഭദ്രാസനത്തിനു വേണ്ടി മാർ സേവേറിയോസ്.

പാത്രിയർക്കീസിന്റെ നിർബന്ധത്തിനു വഴങ്ങാതെ, റോയൽക്കോടതി വിധിക്കും കീഴ്നടപ്പിനും വിരുദ്ധമായി, താൻ അധർമ്മം പ്രവർത്തിക്കില്ലെന്ന്, മാർ ദീവന്നാസിയോസ് അറിയിച്ചു.

അങ്ങനെ ബാവായുടെ ഭാഗത്തും മെത്രാപ്പോലീത്തായുടെ ഭാഗത്തുമായി വൈദികരും ജനങ്ങളും രണ്ടായി പിരിഞ്ഞു. ബാവാ കക്ഷി, മെത്രാൻ കക്ഷി രൂപപ്പെട്ടു.

1911 ൽ പാത്രിയർക്കീസ് മെത്രാപ്പോലീത്തയെ മുടക്കി. മുറപ്രകാരം വിസ്താരം നടത്താതെയുള്ള മുടക്ക് നീതിരഹിതമാണെന്ന് മെത്രാപ്പോലീത്ത വാദിച്ചു. വട്ടിപ്പണം വാങ്ങുന്നതിനുള്ള അവകാശത്തിനായി കേസ് നടന്നു. സെമിനാരിയിൽ നിന്ന് മെത്രാപ്പോലീത്തായെ ഒഴിപ്പിക്കാനായി കൂട്ടുപ്രതികൾ കേസു നടത്തി. അദ്ദേഹത്തിന്റെ മുടക്കിൽ അവസാനവിധി വരുന്നതുവരെ സ്ഥാനവും കൈവശ ജംഗമങ്ങളും നഷ്ടപ്പെടില്ലായെന്ന് ഹൈക്കോടതി വിധിച്ചു.


ഇതേ തുടർന്ന് മെത്രാപ്പോലീത്താ അസോസിയേഷൻ വിളിച്ചുചേർത്ത് പുതിയ ട്രസ്റ്റികളെ തെരഞ്ഞെടുത്തു. പഴയ ട്രസ്റ്റികളെ സ്ഥാനത്തുനിന്നു നീക്കി. തുടർന്ന് കേസുകൾ നടന്നു. 1928 ൽ വട്ടിപ്പണക്കേസ് മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായി വിധിച്ചു.

പാത്രിയർക്കീസ് വിഭാഗം കൊടുത്ത അപ്പീലിൽ അവർക്ക് അനുകൂലമായ വിധി കിട്ടിയെങ്കിലും, കാര്യമായ ഒരു പ്രയോജനവും ലഭിച്ചില്ല. കാരണം മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അവർ നിർദ്ദേശിച്ച പൗലൂസ് മാർ അത്താനാസിയോസിന്, അസോസിയേഷൻ തെരഞ്ഞെടുപ്പില്ല എന്ന കാരണത്താൽ അദ്ദേഹം ട്രസ്റ്റിയോ മലങ്കര മെത്രാപ്പോലീത്തായോ ആകില്ലെന്നും എടുത്തുപറഞ്ഞിരുന്നു.

പുനരപ്പീലിൽ മെത്രാപ്പോലീത്തായുടെ മുടക്ക് ഹൈക്കോടതി അസാധുവാക്കി, അസോസിയേഷൻ യോഗവും കൂട്ടു ട്രസ്റ്റികളുടെ തെരഞ്ഞെടുപ്പും സാധുവാണെന്നും വിധിയുണ്ടായി. വട്ടശ്ശേരിൽ തിരുമേനിയും കൂട്ടു ട്രസ്റ്റികളും കൂടി വട്ടിപ്പണം ആണ്ടുതോറും വാങ്ങി പഴയ സെമിനാരിയും എം.ഡി. സെമിനാരിയിലും ആവശ്യമായ കെട്ടിടങ്ങളും സി.എം.എസ്.കോളജിനു സമീപം എം.ഡി. ഹോസ്റ്റൽ സംവിധാനങ്ങളും പണികഴിപ്പിക്കുകയും ചെയ്തു.

മലങ്കരസഭയുടെ ആത്മീയ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനായി 1912 ൽ അബ്ദൽ മിശിഹാ പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ക്ഷണിച്ചുവരുത്തി. അന്ത്യോഖ്യയിലെ അന്നത്തെ അബ്ദുള്ള പാത്രിയർക്കീസിനേക്കാൾ സീനിയറായിരുന്ന അബ്ദൽ മിശിഹാ പാത്രിയർക്കീസ് മലങ്കരയിലെത്തി, മെത്രാപ്പോലീത്തായുടെ മുടക്ക് നീക്കി കല്പനനൽകി. അതിനു പുറമേ, മലങ്കരയ്ക്ക് ഒരു കാതോലിക്കേറ്റും അനുവദിച്ചു നൽകി. മുറിമറ്റത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ കാതോലിക്കയായി വാഴിച്ചു. കൂടാതെ ആവശ്യമായ മേൽപട്ടക്കാരെയും വാഴിച്ച് സഭയ്ക്ക് ആവശ്യമായ സ്വാതന്ത്ര്യം നേടിത്തന്നു.

ആദരാഞ്ജലികൾ



26 Jan 1946 - 1 Aug 2012

മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പൊലീത്ത പൗലോസ് മാർ പക്കോമിയോസ് തിരുമേനിക്ക് ആദരാഞ്ജലികൾ.

അഭി. പൗലോസ് മാർ പക്കോമിയോസ് തിരുമേനി കുറിച്ചി കോലത്തുകളത്തിൽ കെ.കെ. ജോണിന്റെയും മറിയാമ്മ ജോണിന്റെയും രണ്ടാമത്തെ പുത്രനായി 1946 ജനുവരി 26ന് ജനിച്ചു. ചിങ്ങവനം സെന്റ് തോമസ് സ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽനിന്ന് ബി.എസ്.സി. (ഫിസിക്സ്) ബിരുദവും നേടി.

1968ൽ റാന്നി പെരുനാട് ബഥനി ആശ്രമാംഗമായി. കൽക്കട്ട ബിഷപ്സ് കോളേജിൽനിന്ന് ബി.ഡി. ബിരുദത്തിനുശേഷം 1978 – 80 കാലയളവിൽ ഇംഗ്ലണ്ടിൽ ഉപരിപഠനം നടത്തി. പ്രസിദ്ധമായ ലീഡ്സ് സർവ്വകലാശാലയിൽനിന്ന് എം.റ്റി.എച്ച്. കരസ്ഥമാക്കി.

പാറേട്ട് മാത്യൂസ് മാർ ഇവാനിയോസ് തിരുമേനി 1973–ൽ ശെമ്മാശുപട്ടവും 1974 ജനുവരി 8ന് നിയുക്ത കാതോലിക്ക മാത്യൂസ് മാർ അത്താനാസിയോസ് വൈദീക പട്ടവും നൽകി. 1992 സെപ്റ്റംബർ 10ന് പരുമലയിൽനടന്ന മലങ്കര അസോസിയേഷൻ മേൽപ്പട്ട സ്ഥാനത്തേക്ക് പൗലോസ് അച്ചനെ തെരഞ്ഞെടുത്തു. 1992 ഡിസംബർ 18ന് നിയുക്ത കാതോലിക്ക തോമസ് മാർ തിമോത്തിയോസ് അദ്ദേഹത്തിന് റമ്പാൻ സ്ഥാനം നൽകി.

1993 ഓഗസ്റ്റ് 16ന് പ. ബസേലിയോസ് മാത്യൂസ് ദ്വിദീയൻ കാതോലിക്കാ ബാവാ എപ്പിസ്കോപ്പയായി വാഴിച്ചു. ഇടുക്കി, അങ്കമാലി ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പൊലീത്തയായും 2002 ഓഗസ്റ്റ് 10ന് രൂപീകൃതമായ മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായും പക്കേമിയോസ് തിരുമേനി സഭാസേവനം നടത്തി.

തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമായാണ് മാവേലിക്കര ഭദ്രാസനത്തിന് 13000 ചതുരശ്ര അടിയിൽ മനോഹരമായ തെയോഭവൻ അരമന പണിതത്.

ആഗസ്റ്റ് 1–ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത കാലം ചെയ്തു. ആഗസ്റ്റ് 2–ാം തീയതി റാന്നി പെരുന്നാട് ബഥനി ആശ്രമത്തിൽ പ. കാതോലിക്ക ബാവായുടെയും മറ്റ് മെത്രാപ്പോലീത്തമാരുടെയും കാർമ്മീകത്വത്തിൽ കബറടക്കി.

* * * * * * * *

- വടക്കൻ ഭദ്രാസനത്തിലെ പ്രശ്നങ്ങൾ എന്തുവില കൊടുത്തും നേരിടും. അതിൽനിന്ന് പിന്മാറുന്ന പ്രശ്നമില്ല. നീതി അതു മാത്രമാണ്. ഞങ്ങൾക്ക് ആവശ്യം. ആ നീതി ലഭിക്കുവാൻ എല്ലാവരുടെയും കണ്ണുതുറക്കട്ടെ. ക്രൈസ്തവ സാക്ഷ്യത്തിൽ ഊന്നിനിന്നുകൊണ്ട് ഇന്ത്യൻ സംസ്കാരത്തിലെ ഗാന്ധിയൻ മാർഗ്ഗത്തിലൂടെയുള്ള പ്രവർത്തനങ്ങൾ മാത്രമേ മലങ്കരസഭയിൽ ഉണ്ടാകൂ. മലങ്കര വർഗ്ഗീസിന്റെ കൊലപാതകം തെളിയിക്കുവാൻ സി.ബി.ഐ. പ്രത്യേകം ശ്രദ്ധിക്കണം. *(2012 ജൂൺ 27ന് തിരുവനന്തപുരം വൈദികസമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്)*
- മലങ്കര ഓർത്തഡോക്സ് സഭയാണ് എന്നെ ഞാനാക്കിയത്. ഈ സഭയാണ് എന്നെ നയിക്കുന്നത്. ഈ സഭയുടെ അന്തസ്സും. പാരമ്പര്യങ്ങളും,ശ്രേഷ്ഠതയും എന്റെ പ്രാണനോളം വിലപ്പെട്ടതായി ഞാൻ കാണുന്നു. ഇത് ദൈവത്തിന്റെ സഭയാണ്. ഇതിനെ ഒരു ശക്തിക്കും തകർക്കുവാൻ ആവില്ല. ഈ സഭയിൽ ശാശ്വത സമാധാനം കൈവരും എന്നുള്ളത് എന്റെ സ്വപ്നവും പ്രത്യാശയുമാണ്. *(പൗലോസ് മാർ പക്കോമിയോസ് തിരുമേനിയുടെ അന്ത്യ സന്ദേശത്തിൽനിന്ന്)*

ഇടുക്കി ഭദ്രാസന മെത്രാപ്പൊലീത്ത അഭി. മാത്യൂസ് മാർ തേവോദോസിയോസ് തിരുമേനി എഴുതുന്ന അനുസ്മരണം അടുത്ത ലക്കത്തിൽ.

വട്ടശ്ശേരിൽ തിരുമേനി തന്റെ മുട്ടിപ്പായുള്ള പ്രാർത്ഥനയിലൂടെയാണ്, നിരന്തരം നേരിടേണ്ടിവന്ന പ്രശ്നങ്ങളെ അതിജീവിക്കുവാൻ ശ്രമിച്ചിരുന്നത്.

കപടഭക്തിയെ അദ്ദേഹം വെറുത്തിരുന്നു. കതകടച്ചിരുന്ന് "മിശിഹാനുകരണം" എന്ന പുസ്തകം വായിച്ച് ധ്യാനിക്കുമായിരുന്നു. ആത്മീയകാര്യങ്ങളിൽ ക്രമവും നിഷ്ഠയും പാലിച്ചിരുന്നു.

സുറിയാനി കാനോൻ, സഭാചരിത്രം എന്നിവയിലുള്ള പാണ്ഡിത്യം പ്രകടമായിരുന്നു. സ്വാതന്ത്ര്യവും സ്വയംശീർഷകത്വവുമുള്ള ഒരു സഭയായിരുന്നു അദ്ദേഹം സ്വപ്നം കണ്ടതും നേടിയെടുത്തതും.

ശത്രുക്കൾ അദ്ദേഹത്തെ അധികാര ദുർമോഹിയായും കേസുകാരൻ മെത്രാൻ എന്നു വിളിച്ചും അധിക്ഷേപിച്ചിരുന്നു. രണ്ടും അസത്യങ്ങളായിരുന്നു. കേസുകൾ അദ്ദേഹം ആരംഭിച്ചിട്ടില്ല. പലപ്പോഴും അതിലേക്ക് വലിച്ചിഴയ്ക്കപ്പെടുകയായിരുന്നു. മലങ്കര സഭയ്ക്കും ഒരു ഭരണഘടന തയ്യാറാക്കുകയും നഷ്ടപ്പെട്ട ആത്മീയ സ്വാതന്ത്ര്യം തിരിച്ചുപിടിച്ച് വികസനപാതയിലേക്ക് സഭയെ നയിക്കുകയും ചെയ്യാൻ തിരുമേനിക്ക് സാധ്യമായി.

ആത്മനിയന്ത്രണത്തിലൂടെ നേടിയ സ്വഭാവ മഹിമ, ഉറച്ച ദൈവവിശ്വാസം, അതുല്യമായ സഭാസ്നേഹം, സഭാ സമാധാനത്തിനു വേണ്ടിയുള്ള അക്ഷീണയജ്ഞം ഇവയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര.

ഹൈക്കോടതി ജഡ്ജി ജി. ശങ്കരപ്പിള്ള തിരുമേനിയെപ്പറ്റി പറഞ്ഞത് "മലങ്കരസഭയുടെ ഉന്നതിക്കും വളർച്ചയ്ക്കും വേണ്ട നീതിയും ന്യായവും നേടാൻ നിരന്തരം പരിശ്രമിച്ച തിരുമേനിയുടെ വ്യക്തിത്വം അസാധാരണമായ ഒന്നായിരുന്നു. അനേകം പീഡനങ്ങൾ ഏൽക്കേണ്ടിവന്നു. തനിക്കെതിരെ വന്ന എല്ലാ അമ്പുകൾക്കും ധൈര്യപൂർവ്വം ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ചടുലതയിൽ മറുപടി കൊടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹം വിതച്ച വിത്ത് വളർന്ന് ഈ സഭയ്ക്ക്, ഭാവിയിൽ ഒരു വലിയ വിളവ് ലഭ്യമാകും എന്ന് എനിക്ക് ഉറപ്പുണ്ട്.

1934 ഫെബ്രുവരി 23 ന് വലിയ നോമ്പിൽ ദിവംഗതനായ തിരുമേനിയുടെ കബറടക്കം നടത്തവെ ശിഷ്യനും കാതോലിക്കായുമായിരുന്ന ഗീവറുഗീസ് ദ്വിതീയൻ ബാവ പ്രസംഗത്തിൽ പറഞ്ഞു: "സഭയ്ക്കു വേണ്ടി പീഡകൾ അനുഭവിച്ച തിരുമേനി "മൗദ്യോനോ" നാമത്തിന് യോഗ്യനായിരിക്കുന്നു."

GM

വട്ടശ്ശേരിൽ തിരുമേനിയുടെ പ്രഭാഷണ പരമ്പര (2012) കൊച്ചി കോർപ്പറേഷൻ മേഖലയിലെ എല്ലാ പള്ളികളിലും നടത്തി. സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിൽ ഒന്നാം കുർബാനയ്ക്ക് പി.എ, അലക്സാണ്ടറും രണ്ടാം കുർബാനയ്ക്ക് എ.ജി. അവറാച്ചനും പ്രസംഗിച്ചു. വൈറ്റില സെന്റ് ഗ്രിഗോറിയോസ് പള്ളയിൽ സഖറിയാ മാണിയും ഫോർട്ട്കൊച്ചി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ കെ.എം. ജോണും പടമുഗൾ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് പള്ളിയിൽ അഡ്വ. ജേക്കബ് അലക്സും പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ ഡോ. ടൈറ്റസ് വർക്കിയും തേവര സെന്റ് തോമസ് പള്ളിയിൽ അമ്മിണി ടീച്ചറും എളംകുളം സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ പ്രൊഫ. നൈനാനും പ്രസംഗിച്ചു. എല്ലാ പള്ളികളിലുമായി മൂവായിരത്തോളം കുടുംബങ്ങളിൽനിന്ന് പതിനായിരത്തിലധികം പേർ പ്രഭാഷണം ശ്രവിച്ചു.

യെരൂശലേം ദേവാലയത്തിനരികിൽ നിന്നും

■ ഫാ. വിൽസൻ മാത്യു, ബേസിൽ ദയറ



ദേവാലയ പ്രവേശനം

വിശുദ്ധിയുടെ ഉറവയായ നാഥാ, മാതാപിതാക്കളുടെ സംരക്ഷണയിൽ യെരൂശലേം ദേവാലയത്തിലേക്ക് പ്രവേശിച്ച അങ്ങയുടെ ദിവ്യരൂപം എന്റെ മനസ്സിനെ ആനന്ദപൂരിതമാക്കുന്നു. ആദ്യമായി കാണുന്ന പിഞ്ചുപൈതലിന്റെ ഭാവത്തോടെ എല്ലാറ്റിനെയും നോക്കിക്കാണുന്ന അങ്ങയെ ഞാൻ ധ്യാനിക്കുന്നു. അങ്ങയുടെ മുഖഭാവത്തിലെ നിഷ്ക്കളങ്കതയും, ലാളിത്യവും ദേവാലയത്തിലെ വിശുദ്ധബലിയുടെ പ്രതിബിംബമായി എനിക്ക് അനുഭവപ്പെടുന്നു.

ശുദ്ധീകരണ ശുശ്രൂഷക്കായി സമർപ്പിക്കപ്പെട്ട വിശുദ്ധഭാവമെ, അങ്ങയെ ഞാൻ നമിക്കുന്നു. അങ്ങയുടെ മുഖഭാവത്തിലെ നിഷ്ക്കളങ്കതയും, ലാളിത്യവും ദേവാലയത്തിലെ വിശുദ്ധബലിയുടെ പ്രതിബിംബമായി എനിക്ക് അനുഭവപ്പെടുന്നു. ശുദ്ധീകരണ ശുശ്രൂഷയ്ക്കായി സമർപ്പിക്കപ്പെട്ട അശുദ്ധിയുടെ ലാഞ്ഛനപോലും തൊട്ടുതീണ്ടിയിട്ടില്ലാത്ത അങ്ങ്, ന്യായപ്രമാണപ്രകാരമുള്ള ശുദ്ധീകരണത്തിന് വിധേയമായത് അത്ഭുതത്തോടെ ഞാൻ വീക്ഷിയ്ക്കുന്നു. അശുദ്ധിയിലും, ബലഹീനതയിലും പൂർണ്ണമായി മുഴുകിപ്പോയിട്ടും ശുദ്ധീകരണമാർഗ്ഗങ്ങൾ തേടാൻ സാധിയ്ക്കാതെപോയ എന്റെ ബലഹീനതയെ പശ്ചാത്താപത്തോടെ ഞാൻ അനുസ്മരിക്കുന്നു. ദേവാലയത്തിലേക്കുള്ള ഓരോ ചുവടും ശുദ്ധീകരണത്തിലേക്കുള്ള പ്രയാണമായി കരുതുവാൻ അങ്ങെന്നെ പഠിപ്പിയ്ക്കണമെ.

പരിജ്ഞാനത്തിന്റെ മൂർത്തീഭാവമെ, അങ്ങയുടെ സ്വർഗ്ഗീയരൂപകൽപനയിൽ ബസലേലും, ഒഹൊലിയാബും രൂപകൽപനചെയ്ത ദേവാലയത്തിലേക്ക് ഒന്നുമറിയാത്തവനെപ്പോലെയുള്ള അങ്ങയുടെ പ്രവേശനം എന്നെ അത്ഭുതപ്പെടുത്തുന്നു. അവകാശവാദങ്ങൾ ഉന്നയിക്കാതെ, ശിശുസഹജ നിർവൃതിയോടെ ദേവാലയത്തിലെ അലങ്കാരങ്ങൾ ആസ്വദിച്ചു അങ്ങയെ ഞാൻ വണങ്ങുന്നു. എന്റെ പേരിനും, പെരുമയ്ക്കും പരിശുദ്ധ ദേവാലയത്തെ അറിഞ്ഞും, അറിയാതെയും ഉപയോഗിക്കുന്ന എന്റെ ബലഹീനതയോട് അങ്ങേയ്ക്ക് കരുണതോന്നണമെ എന്നിലൂടെ ഉയരുന്ന അഹങ്കാരത്തിൽ കുതിർന്ന വാക്കുകളും, വാഗ്വാദങ്ങളും, ദേവാലയത്തിനായി ഞാൻ ചെയ്തെന്ന് അഭിമാനിക്കുന്ന സേവനങ്ങളും എന്നിൽ കുത്തിനിറച്ച ശാപഹേതുകവസ്തുതകളും എന്നോട് ക്ഷമിക്കണമെ.

ശിശുവായ അങ്ങയെ ദൈവമുമ്പാകെ സമർപ്പിക്കുവാൻ മാതാപിതാക്കൾ ഉത്സുകരായല്ലോ? അങ്ങയുടെ പ്രായത്തെയും, പദവിയെയും പറ്റി അവർ 'കടിഞ്ഞൂലെല്ലാം യഹോവയ്ക്കുള്ളത്' എന്ന പ്രമാണപ്രകാരം, ചെങ്ങാലികളെയും, പ്രാക്കുഞ്ഞിനെയും സമർപ്പിച്ച് ആദ്യജാതനെ വീണ്ടെടുക്കുവാൻ അങ്ങയുടെ മാതാപിതാക്കളും തയ്യാറായല്ലോ? സർവ്വത്തിന്റെയും വീണ്ടെടുപ്പുകാരാ, അങ്ങയുടെ വീണ്ടെടുപ്പിനായി മാനുഷികമായി യത്നിച്ചവരെ അങ്ങു മാനിച്ചുവല്ലോ? എന്റെ വീണ്ടെടുപ്പിന്റെ അടിസ്ഥാനമായവനെ, അങ്ങേയ്ക്കായി ഒരു വീണ്ടെടുപ്പുവില നൽകുവാൻ എനിക്കു സാധിച്ചുവല്ലോ? ആടിനെയോ, മാടിനെയോ, ചെങ്ങാലിയെയോ അർപ്പിക്കുവാൻ സാധിച്ചില്ലെങ്കിലും, എന്റെ പശ്ചാത്താപത്തിന്റെ പ്രതീകമായ ഒരുതുള്ളി കണ്ണീർ അങ്ങു സ്വീകരിക്കണമെ. എന്റെ സുരക്ഷിതത്വത്തിനുപരി, അങ്ങയുടെ സുരക്ഷിതത്വവും, എന്റെ സംതൃപ്തിക്കുപരി അങ്ങയുടെ സംതൃപ്തിയും പരിപാലിയ്ക്കുവാൻ എന്നെ പഠിപ്പിയ്ക്കണമെ.

ശൈശവനൈർമ്മല്യത്തോടും, പൂർവ്വപിതാക്കന്മാരുടെ ദിവ്യസ്മരണയിലും ദേവാലയത്തിന്റെ പടിക്കെട്ടുകൾ കയറുവാൻ എന്റെ നാഥാ, എനിയ്ക്കും കൃപനൽകണമെ. ശിശുവിന്റെ വിശ്വാസത്തിലുപരി, ശൈശവഭാവത്തിൽ പ്രസാദിക്കുന്ന നാഥാ, എന്റെ പൂർവ്വപിതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ, പരിശുദ്ധ സഭ നൽകിയ വി. മാമോദീസായുടെ പരിപാവനത എന്നും ഉൾക്കൊള്ളുവാൻ കൃപ അരുളണമെ. പിതാക്കന്മാർ ദേവാലയത്തിലേക്ക് നയിച്ചപാതയിൽ നിന്നും പിന്തിരിയുവാൻ ഇടയാകരുതെ. എന്നെ ചെറുപ്രായത്തിൽ പരിശുദ്ധ ആലയത്തിന്റെ പരിപാവനതയിലേക്കു നയിച്ചു എല്ലാ പൂർവ്വപിതാക്കന്മാരെയും എന്നും അനുസ്മരിപ്പാൻ ഇടയാകണമെ. ആത്മാർത്ഥതയും, താൽപര്യവുമില്ലാതെ, സാമൂഹ്യപരിഗണനയ്ക്കു വഴങ്ങി എന്റെ നാഥന്റെ ആലയത്തിൽ പ്രവേശിപ്പാൻ ഇടയാകാതെ, പൂർണ്ണആത്മാവോടും, മനസ്സോടും, ശക്തിയോടും അങ്ങേയ്ക്കു പ്രസാദകരമാകും വിധം ദിവ്യാലയത്തിലേക്ക് എന്നെയും പ്രവേശിപ്പിക്കണമെ.

അങ്ങയെ തങ്ങളുടെ വൃദ്ധകരങ്ങളിൽ ഏറ്റുവാങ്ങിയ ശീമോനും, ഹന്നായും എത്ര ശ്രേഷ്ഠരാകുന്നു. അങ്ങേയ്ക്കായി കന്യാവൃതത്തോടും, വെടിപ്പോടും കാത്തിരുന്നവരെ ശൈശവഭാവത്തോടെ നോക്കി പുഞ്ചിരിച്ചു അങ്ങയെ ഞാൻ ദർശിക്കുന്നു. വൃദ്ധർക്ക് ശൈശവത്തിന്റെ അനുഭൂതി നൽകിയവനെ, ജീവിതാവസ്ഥകളിൽ വാർദ്ധക്യം പിടിപെട്ട എന്നിൽ ശിശുസഹജ നൈർമല്യം നിറയ്ക്കണമെ. തീരുമാനങ്ങളിലും, ആലോചനകളിലും ബലഹീനതയുടെ വാർദ്ധക്യം പിടിപെട്ട്, ഊർജ്ജസ്വലത നഷ്ടമായെങ്കിലും നിന്നിലെ ഊർജ്ജം എന്നിലുണ്ടാകണമെ. നിരാശയുടെ വാർദ്ധക്യത്തിനു പകരം, പരിപക്വതയുടെ വാർദ്ധക്യം, പരിപൂർണ്ണതയുടെ സന്തുഷ്ടി എന്നിലും കാണണമെ. ജീവിതാനുഭവങ്ങളിൽ ഒറ്റപ്പെട്ടുപോയ എന്നിൽ, ദേവാലയത്തിന്റെ പരിശുദ്ധി ഉണ്ടാകണമെ. ആരാധനയുടെ മാധുരിയും, സ്തോത്രഗീതങ്ങളുടെ സ്പന്ദനവും, സുഗന്ധവർഗ്ഗങ്ങളുടെ ദിവ്യഗന്ധവും എന്റെ നാഥാ, എന്നിലെ ആത്മീയാനുഭവത്തെ ഉത്തേജിപ്പിക്കേണമെ. ലൗകീകാനുഭവങ്ങളുടെ അതിപ്രസരവും, മായാമോഹങ്ങളും, ആത്മീകമാന്ദ്യവും മാറാലകെട്ടിയ എന്നിൽ, അങ്ങയെക്കുറിച്ചുള്ള ദിവ്യമായ ഓർമ്മയും, സമർപ്പണവും ദിവ്യാനുഭവമായി വർത്തിക്കണമെ. ദേവാലയങ്ങളെ തർക്കഭവനങ്ങളും, കള്ളന്മാരുടെ ഗുഹയുമാക്കുന്ന അനുഭവത്തിൽ നിന്നും നിർവൃതിയുടെ ഇരിപ്പിടങ്ങളും, ആദ്ധ്യാത്മിക സങ്കേതങ്ങളും, ഒറ്റപ്പെടുന്നവന്റെ ആശാകേന്ദ്രങ്ങളും, ദിവ്യമായ കാത്തിരിപ്പിനുള്ള ഭവനങ്ങളുമായി അങ്ങ് ആക്കിത്തീർക്കേണമെ.

അപ്രതീക്ഷിതമായി, നീണ്ട കാലങ്ങൾക്കിടയിലുള്ള കാത്തിരിപ്പിന്റെ ഒരു ദിവ്യസുദിനത്തിൽ ശീമോനും, ഹന്നായും അങ്ങയെ ദർശിച്ചതുപോലെ, അങ്ങയുടെ പ്രഭ കാണുവാനുള്ള ഒരുദിനംപോലും നഷ്ടമാക്കുവാൻ എനിക്കിടയാകരുതെ. പതിറ്റാണ്ടുകൾ കാത്തിരുന്നെങ്കിലും, അന്നൊരുദിനം അവർക്ക് വരുവാൻ പറ്റിയിരുന്നില്ലെങ്കിൽ അങ്ങയെ കാണുവാൻ അവർക്ക് സാദ്ധ്യമാകാതെ വരുമായിരുന്നല്ലോ? എന്നും ദേവാലയത്തിൽ പോകുന്നുണ്ടെന്ന ബോദ്ധ്യത്തോടെ, തിരക്കിന്റെ ദിനങ്ങളിൽ സ്വയ ന്യായീകരണത്തോടെ ഞാനൊഴിവാക്കുന്ന ഓരോ യാമങ്ങളും, നിമിഷങ്ങളും അങ്ങയെ കാണുവാനുള്ള അവസരം പാഴാക്കുകയാണെന്ന ഉത്തമബോധ്യം നാഥാ, എന്നിൽ നിറയ്ക്കണമെ.

'അങ്ങയെ കാണുംമുമ്പ് മരണമടയുകയില്ലെന്ന് വാഗ്ദാനം ലഭിച്ചവരെപ്പോലെ, ആത്മീക മരണത്തിന്റെ പടുകുഴിയിൽ നിന്ന് എനിക്കും മോചനം നൽകണമെ. അങ്ങയെ കാണുന്നവർക്ക് മരണമില്ലല്ലോ? അവർ അങ്ങയുടെ രൂപം കണ്ട് മുഖാമുഖം ആരാധിക്കും എന്ന് വാഗ്ദാനം നൽകിയവനെ, നിത്യജീവന്റെ പ്രഭയും, പുനരുത്ഥാനപ്രതീക്ഷയും, ജീവിച്ചാലും, മരിച്ചാലും അങ്ങയെ ആരാധിക്കുവാനുള്ള അത്മാർപ്പണവും എനിക്കും നിറഞ്ഞമനസ്സോടെ നൽകേണമെ.

'നിന്നിലൂടെ ഒരു വാൾ കടക്കും' എന്ന് ശിമോൻ, സ്വമാതാവിനോട് പ്രവചനപൂർണ്ണതയോടു പറഞ്ഞത് നിശബ്ദനായി ശ്രവിച്ച നാഥാ, അങ്ങു മാനിച്ച മാതാവിനെ അടിയാനും മാനിക്കുന്നു. അങ്ങയെപ്രതി കഷ്ടതയുടെ വാൾ അഭിമുഖീകരിച്ച മാതാവിന്റെ ജീവിതാനുഭവം എനിക്കും പ്രതീക്ഷയുടെ പാഠമാകണമെ. വാൾ കടന്നുപോയെങ്കിലും, 'ആന്തരികാവയവങ്ങൾക്ക് ക്ഷതം സംഭവിയ്ക്കാത്ത' ദിവ്യകന്യകയെപ്പോലെ, ലൗകീകജീവിതാനുഭവങ്ങൾ ഏറെ വേദനിപ്പിച്ചാലും ആത്യന്തിക സത്തയെ നഷ്ടപ്പെടുത്തുവാൻ ഒരിക്കലും എന്ന കൈവിടരുതെ. 'വാൾ ഉറയിലിടുക' എന്ന് പത്രോസിനോടു പറഞ്ഞവനെ, ഞാൻ അനുഭവിക്കുന്ന പ്രതിസന്ധികൾ മൂലം, എതിർപ്പുകൾ മൂലം എന്നിലുണ്ടാകുന്ന നിരാശകൾ ലൗകീക പ്രതികരണമാകുന്ന 'വാളുകളായി' പുറപ്പെടുവാനിടയാകരുതെ. 'അങ്ങയുടെ ഹിതമാകുന്ന വാളുകൾ' എന്നിലൂടെ പുറപ്പെട്ട് എന്നെ വിശുദ്ധീകരിക്കുന്ന അനുഭവം സന്തോഷത്തോടെ സ്വീകരിക്കുവാൻ എനിക്ക് കൃപ നൽകണമെ.

കാഴ്ചവസ്തുക്കളുടെ അകമ്പടിയോടെ ദേവാലയത്തിലേക്കു പ്രവേശിച്ചു ബലിയും, ബലിവസ്തുവും, അർപ്പകനും, അർപ്പണവുമായവനെ, അങ്ങയെ ഞാൻ മനോമുകുരത്തിൽ ദർശിക്കുന്നു. ശിശുവായ അങ്ങ് ദേവാലയത്തിൽ പ്രവേശിച്ചുവോ? ഈ മഹാപാപിയുടെ ജീവിതത്തിലേക്കും അങ്ങു പ്രവേശിക്കേണമെ. അങ്ങു ദേവാലയമായി പ്രതിഷ്ഠിച്ച ഈ പാത്രത്തെ അങ്ങുതന്നെ ശുദ്ധീകരിക്കേണമെ. ഈ ബലഹീനന്റെ ജീവിതത്തെ ശുദ്ധീകരിച്ച്, അങ്ങ് വിശുദ്ധന്മാരാലും, ശുദ്ധമതികളാലും അകമ്പടിസേവിച്ച് എന്നിലേക്ക് കടന്നുവരേണമെ. പശ്ചാത്താപത്തിന്റെയും, കണ്ണീരിന്റെയും, നിലവിളിയുടെയും ബലിവസ്തുക്കളുമായി, അങ്ങയുടെ ശുദ്ധീകരണ കർമ്മങ്ങൾക്കായി ഈ അടിയൻ കാത്തിരിക്കുന്നു.... അങ്ങയുടെ കർമ്മങ്ങൾക്ക് പരികർമ്മിയാകണമെന്ന തീവ്രമായ ആഗ്രഹത്തോടെ.... GM

ആശ്വാസപ്രദനായ കർത്താവ്

■ അഡ്വ. അന്നമ്മ കുര്യൻ

ആശ്വാസം എന്ന പദം കേൾക്കുമ്പോഴും പറയുമ്പോഴും മനസ്സിന് സുഖം തോന്നും. ഇംഗ്ലീഷിൽ 'കംഫർട്ട്' എന്നതിന് ശാക്തീകരണ മെന്നു കൂടി അർത്ഥമുണ്ട്. ദുഃഖത്തിലിരിക്കുന്ന ഒരു വ്യക്തിയെ ആശ്വസിപ്പിക്കുക മാത്രമല്ല ശാക്തീകരിക്കകൂടിയാണു നാം ചെയ്യുന്നത്. അപ്പോസ്തോലനായ പൗലോസ് ശ്ലീഹാ സ്വയം സാന്ത്വനപ്പെടുത്തുന്നത് "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു" എന്നാണ് (ഫിലിപ്പിയർ 4:13).

പരിഭ്രാന്തമായ ലോകത്തിന് ആശ്വാസമാണ് ആവശ്യം. നെടുവീർപ്പും നിരാശയുമായി കഴിയുന്ന അനേകരും ആശ്വാസം തേടി അലയുന്നു. എല്ലാ രംഗങ്ങളിലും ആശ്വാസത്തിനായുള്ള പരക്കംപാച്ചിൽ കാണാം. ഇന്നു നാം എല്ലാവരും ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും ആശ്വാസത്തിന്റെ വാക്കുകളാണ്. എന്നാൽ നേരായ വഴിയിൽ കൂടിയും ശരിയായ ലക്ഷ്യത്തെ ലാക്കാക്കിയുമാണോ ആശ്വാസം നേടുന്നതെന്ന സംശയം ബാക്കിനിൽക്കുന്നു.

ഒരിക്കലും വറ്റാത്തതും തെറ്റാത്തതും മാറാത്തതുമായ ആശ്വാസ കേന്ദ്രം കർത്താവുമാത്രം

പല മാതാപിതാക്കളും മക്കളിൽകൂടി ആശ്വാസം കിട്ടുമെന്നു പ്രത്യാശിക്കുന്നു. എന്നാൽ എത്ര പേർക്ക് മക്കളിൽക്കൂടി ആശ്വാസം കിട്ടുന്നുണ്ട്? മക്കൾ തരുന്ന ആശ്വാസത്തിന് പരിധിയുണ്ട്. അതിരുകളില്ലാത്ത ആശ്വാസപ്രദൻ നമുക്കുള്ളപ്പോൾ നാം എന്തിന് ഭയപ്പെടണം? അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളവരെ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും എന്ന യേശുവിന്റെ വാക്കുകൾ നമുക്ക് സാന്ത്വനം നൽകുന്നു. ഉല്പത്തി 5:29 ൽ ലാമേക്കും അവന്റെ പ്രിയതമയും അവർക്ക് ഒരു മകൻ ജനിച്ചപ്പോൾ അവന് നോഹ എന്നു പേരിട്ടു. നോഹ എന്ന വാക്കിന്റെ അർത്ഥം ആശ്വാസം എന്നാണ്. നമ്മുടെ കൈകളുടെ പ്രവൃത്തിയിലും പ്രയത്നത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കുമെന്നാണ് അവർ പറഞ്ഞത്.

ചിലർ സ്നേഹിതന്മാരിൽ കൂടി ആശ്വാസം കാണുന്നു. ഉദാഹരണത്തിന് ഇയ്യോബ്. പക്ഷേ സ്നേഹിതരുടെ കഴിവുകൾ പരമിതമാണെന്നു മനസ്സിലാക്കുവാൻ ഇയ്യോബിന് അധികനാൾ വേണ്ടിവന്നില്ല.

മറ്റു ചിലർ തിന്മ പ്രവർത്തിച്ചും സഹോദരനെ പകച്ച് ഉപദ്രവിക്കുന്നതിൽ കൂടിയും ആശ്വാസത്തിനായി ആഗ്രഹിക്കുന്നു. ഉല്പത്തി 27:41. തന്റെ അപ്പൻ, യാക്കോബിനെ അനുഗ്രഹിച്ച അനുഗ്രഹം നിമിത്തം ഏശാവ് അവനെ ദ്വേഷിച്ചു. ഞാൻ എന്റെ സഹോദരനെകൊല്ലും എന്ന് ഏശാവ് ഹൃദയത്തിൽ പറഞ്ഞ് ആശ്വസിച്ചു. ഇതുപോലെ തെറ്റായ വാതിലിൽ പലരും ആശ്വാസത്തിനായി മുട്ടാറുണ്ട്. ഫലമോ നിരാശയുടെ നെടുവീർപ്പുകളും. എന്നാൽ ഒരിക്കലും വറ്റാത്തതും തെറ്റാത്തതും മാറാത്തതുമായ ആശ്വാസകേന്ദ്രം ഒന്നുമാത്രം. അതു നമ്മുടെ കർത്താവു മാത്രം. അവിടുന്ന് ആരെയാണ് ആശ്വസിപ്പിക്കുന്നത്? ആർക്കാണ് ആശ്വാസം വേണ്ടത്? പാപത്തെക്കുറിച്ചു ഭാരപ്പെടുന്നവർക്കും മറ്റെന്തെങ്കിലും വിധത്തിൽ പ്രയാസപ്പെടുന്നവർക്കും ദൈവത്തിൽനിന്നും ആശ്വാസം കിട്ടണമെങ്കിൽ സർവ്വപാപത്തെയും കുറിച്ചുള്ള ആഴമായ ദുഃഖമാണു വേണ്ടത്. ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാൻമാർ എന്തുകൊണ്ടെന്നാൽ അവർ ആശ്വാസപ്പെടും. സ്നേഹനിധിയായ പിതാവിന്റെ ഹൃദയത്തെ തപിപ്പിച്ചതിൽ സങ്കടപ്പെടുന്നവരും വന്നുപോയ വൈകല്യങ്ങളെ ഓർത്തു ദുഃഖിക്കുന്നവരുമാണ് ഭാഗ്യവാൻമാർ.

ഇനിയും ഏതൊക്കെ വിധത്തിലാണു ദൈവം നമ്മെ ആശ്വസിപ്പിക്കുന്നതെന്നു നോക്കാം. ഒന്നാമതായി, നിത്യമായ തന്റെ സാന്നിധ്യത്താൽ നമ്മെ ആശ്വസിപ്പിക്കുന്നു. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല ഞാൻ നിങ്ങളുടെ അടുക്കൽ വരും. ഈ വാഗ്ദത്തങ്ങൾ നമുക്കു മുറുകെപ്പിടിക്കാം. ആർ.എൽ. സ്റ്റീവൻസൻ തന്റെ ബാല്യകാലത്ത് മുറിയിൽ കയറി വാതിൽ കുറ്റിയിട്ടു. മുറി തുറക്കാൻ കഴിയാതെ വാവിട്ടു നിലവിളിച്ച ബാലനെ പിതാവ് പുറത്തുനിന്നു സ്നേഹവായ്പോടെ വിളിച്ചപ്പോൾ തന്നെ അവന്റെ കരച്ചിൽ നിലച്ചു. ഇതുപോലെയാണ് സ്നേഹവാനായ പിതാവിന്റെ സാന്നിദ്ധ്യബോധം നമ്മെ ആശ്വസിപ്പിക്കുകയും ഒപ്പം സ്ഥിരചിത്തരാക്കുകയും ചെയ്യുന്നത്. മരുഭൂമിയിൽ ഹാഗാർ ഏകാകിയായി കഴിയുന്ന അവസരത്തിൽ ദൈവം അവളെ കാണുന്നു എന്നും അവളോടു കൂടെ ഉണ്ടെന്നുമുള്ള ബോധം അവളെ ഉന്മേഷവതിയും സന്തോഷവതിയും ആക്കിത്തീർത്തു. കർത്തൃസാന്നിദ്ധ്യം യഥാർത്ഥമായി വിശുദ്ധ കുർബ്ബാനയിൽ നമുക്ക് അനുഭവിക്കാവുന്നതാണ്. നാം വളരെയധികം ഹൃദയവ്യഥയിലാകുമ്പോൾ വി:ത്രോണോസിലേക്കുള്ള ചവിട്ടുപടികളിൽ മുട്ടുകുത്തി പ്രാർത്ഥിക്കും. അവിടുന്നു നമുക്ക് ആശ്വാസവും സമാധാനവും നൽകും.

രണ്ടാമതായി, തിരുവചനത്തിൽ കൂടി നമ്മെ ആശ്വസിപ്പിക്കുന്നു. റോമർ 15:4 ൽ നമ്മുടെ ഉപദേശത്തിനായിട്ട് നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതു തന്നെ. ദാവീദ് രാജാവിന്റെ ജീവിതത്തിൽ അദ്ദേഹം തിരുവെഴുത്തുകളിൽ കൂടി ആശ്വാസം അനുഭവിച്ചിരുന്നതായി കാണാം. നിന്റെ വചനം എന്നെ ജീവിപ്പിച്ചിരിക്കുന്നത് എന്റെ കഷ്ടതകളിൽ എനിക്കാശ്വാസമാകുന്നു. ദാവീദിനെപ്പോലെ ഇന്നു ജനകോടികൾക്കു തിരുവെഴുത്തുകൾ അതാതു സന്ദർഭങ്ങളിൽ ആശ്വാസം പകരുന്നുണ്ട്. നാം എന്തു ചെയ്യണം എങ്ങോട്ടു പോകണം എന്നു തീരുമാനമെടുക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ തിരുവചനം നമുക്ക് അഭയവും പ്രചോദനവുമാണ്.

മൂന്നാമതായി, മറ്റുള്ളവരിൽ കൂടി ദൈവം നമുക്ക് ആശ്വാസം നൽകുന്നു. ക്രിസ്തീയ വിശ്വാസികളുടെ സാന്നിദ്ധ്യവും ഉപദേശവും നമ്മെ ദൈവികമായ ആശ്വാസത്തിലേക്കു വഴി നടത്തുമെന്നുള്ളത് തർക്കമറ്റ സംഗതിയാണ്. അന്യോന്യം ആശ്വസിപ്പിക്കുക എന്നത് വിശ്വാസികളുടെ കർത്തവ്യമാണ് (1 തെസ. 4:18) ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ. 1 തെസ. 5-14 ൽ സഹോദരന്മാരെ പ്രബോധിപ്പിക്കുന്നത് "ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ ബലഹീനരെ താങ്ങുവിൻ"എന്നാണ്. വിരുന്നു ഭവനത്തിൽ പോകുന്നതിനെക്കാൾ വിലാപഭവനത്തിൽ പോകുന്നതു നല്ലതെന്നുമാണ് ശലോമോൻ പറഞ്ഞിരിക്കുന്നത്. മറ്റുള്ളവരുടെ സാന്നിദ്ധ്യത്താലും ആശ്വാസവാക്കുകളാലും ദുഃഖത്തിലിരിക്കുന്നവർക്ക് ആശ്വാസവും സമാധാനവും സ്വായത്തമാക്കാമെന്നുള്ളതിനാലാണ് തമ്മിൽ തമ്മിൽ ആശ്വസിപ്പിക്കേണ്ട കടമ, ക്രിസ്ത്യാനികളായ നമ്മിൽ ഓരോരുത്തരിലും ഉണ്ടെന്നു ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നത്.

കർത്താവ് തന്നിൽ വിശ്വസിക്കുന്നവർക്ക് വിവിധമാർഗ്ഗങ്ങളിൽക്കൂടി ആശ്വാസവും ധൈര്യവും നൽകുന്നു


കർത്താവിന്റെ സ്ഥാനാപതിയായ പട്ടക്കാരനോട് നമ്മുടെ പാപങ്ങൾ ഏറ്റുപറയുമ്പോൾ നമ്മുടെ ഭാരങ്ങൾ ഇറക്കിവയ്ക്കുന്നു. നമുക്ക് പാപമോചനം ലഭിക്കുന്നു. (മത്തായി 18:18; യോഹ 20:23). കുമ്പസാര സമയത്ത് വൈദികനിൽനിന്നു ലഭിക്കുന്ന പ്രബോധനങ്ങളും ആശ്വാസവാക്കുകളും നമുക്കു പുതുജീവൻ പ്രദാനം ചെയ്യുന്നു.



കർത്താവ് തന്നിൽ വിശ്വസിക്കുന്നവർക്ക് വിവിധ മാർഗ്ഗങ്ങളിൽ കൂടി ആശ്വാസവും ധൈര്യവും നൽകുന്നു. നിത്യമായ മനഃശാന്തി പ്രദാനം ചെയ്യുന്ന അവന്റെ ക്ഷണം നാം സ്വീകരിക്കുമോ? GM

നന്മ വളരുന്നത് തിന്മയ്ക്കിടയിൽ

■ ഡോ.തോമസ് മാർ അത്താനാസ്യോസ്



ദൈവം നീതിമാനാണ്. എന്നിട്ടും തിന്മയുടെ ഘടനകളും ദുഷ്ടത പ്രവർത്തിക്കുന്ന മനുഷ്യരും ഈ ലോകത്ത് നില നിൽക്കുന്നതിൽ ദൈവം ഇടപെടാത്തതെന്തുകൊണ്ട്? പലരും മനസ്സിൽ കൊണ്ടു നടക്കുന്ന ഒരു ചോദ്യമാണിത്. നന്മ ചെയ്യുന്ന മനുഷ്യർ എന്തുകൊണ്ടാണ് തിന്മയുടെ മൂർത്തഭാവ ങ്ങൾക്കിടയിൽ പീഡനം അനുഭവിക്കാൻ ദൈവം ഇടവരുത്തു ന്നത്? ഇത് തുടർന്നുള്ള ചോദ്യവുമാണ്. തിന്മയുടെ സാന്നിധ്യം കൊണ്ട് നീതിമാന്മാർക്കുണ്ടാകുന്ന സഹനത്തെ ദൈവം എന്താണ് സഹിഷ്ണുതയോടെ വീക്ഷിക്കുന്നത് എന്നത് എക്കാലത്തെയും മനു ഷ്യന്റെ ഒരു അന്വേഷണമായിരുന്നു.

ഇതു കൂടാതെ, പവിത്രമായ സംരംഭങ്ങളിലും, സ്ഥാപനങ്ങളിലും അഴിമതിയും തിന്മയും കാണുന്നു. അപഹരണവും തട്ടിപ്പും കൊലപാ തകവുമെല്ലാം സഭയിലും മറ്റ് മതപ്രസ്ഥാനങ്ങളിലും ഭരണസംവിധാനങ്ങളിലും നടക്കുന്നു. ഇതുപോലെയു ള്ള മേഖലകളിൽ നടമാടുന്ന ദുഷ്ടതയ്ക്ക് നീതിമാനായ ദൈവം എന്തുകൊണ്ട് അറുതി വരുത്തുന്നില്ല? ഒരു പക്ഷേ ഈ സമസ്യയുടെ ഉത്തരം കണ്ടെത്താനുള്ള സൂചനയായിട്ടാകും ഗോതമ്പും കളയും ഒരുമിച്ച് വളരാൻ അനുവദിക്കുന്ന കൃഷിക്കാരന്റെ ഉപമ കർത്താവ് നൽകുന്നത് (വി. മത്തായി 13:24-30). ശിഷ്യന്മാരുടെ അഭ്യർത്ഥനപ്രകാരം അദ്ദേഹം ഈ ഉപമയുടെ സാരം വിശദീകരിക്കു കയും ചെയ്യുന്നുണ്ട് (വി. മത്തായി 13:36-44). ഗൗരവമായ പഠനത്തിന് വിഷയമാകേണ്ട ഒരു വേദഭാഗമാണിത്.

അധർമ്മം പ്രവർത്തിക്കുമ്പോൾ ദൈവം ഇടപെടാത്തത് എന്തുകൊണ്ട്?

ദൈവരാജ്യത്തെ സംബന്ധിച്ച ഒരു ഉപമയാണിത്. ദൈവരാജ്യം നല്ല വിത്തുവിതച്ചുണ്ടാകുന്ന ഗോതമ്പു ചെടികൾക്കൊപ്പം കളകളും മുളച്ചുവളരാൻ അനുവദിച്ചതിനോട് സദൃശം എന്നാണ് ഇവിടെ പറയുന്ന ത്. ഗോതമ്പിന്റെ വളം അപഹരിക്കുകയും അതിനെ ഞെരുക്കുകയും ചെയ്യുന്ന കളകളെ പിഴുതു മാറ്റാമെന്ന ഭൃത്യന്മാരുടെ നിർദ്ദേശത്തെ അവ ഗണിച്ച് അവ ഗോതമ്പിനോടൊപ്പം ഇടകലർന്ന് വളരുവാൻ കൃഷിക്കാ രൻ അനുവദിക്കുന്നു. കളനശിപ്പിക്കുന്നത് വിളവെടുപ്പിനൊപ്പമാണ്. ആ സമയത്ത് കളകളുടെ സാന്നിധ്യത്തിന്റെ സാംഗത്യം അവസാനിച്ചി രിക്കും.

ഇതൊരു മാതൃകാ കൃഷിരീതിയായി സാധാരണ ബുദ്ധിയിൽ കാണുവാനാവില്ല. ഗോതമ്പിനൊപ്പം കളകൾ വളർന്നാൽ വിളവുകുറ യുമെന്ന് നമുക്ക് അനുഭവമാണ്. കള നീക്കം ചെയ്യാൻ കർഷകൻ അനു വദിക്കുന്നുമില്ല. ഇവിടെയാണ് വൈരുധ്യം അതാണ് ഉപമയുടെ സത്തയും.

ശിഷ്യന്മാരുടെ ആവശ്യപ്രകാരം കർത്താവ് ഈ ഉപമയ്ക്ക് വിശദീ കരണം നൽകുന്നു. ഇവിടെ കർഷകൻ മനുഷ്യപുത്രനായ താൻ തന്നെയാണ്. വയൽ ഈ ലോകം .ഗോതമ്പുചെടികൾ ദൈവമക്കൾ. കളകൾ ദുഷ്ടന്റെ മക്കൾ. ഇവർ ഇടകലർന്ന് കഴിയുന്നു. ഇവരുടെ രക്ഷയും ശിക്ഷയും നടക്കുന്നത് വിളവെടുപ്പ് അഥവാ അന്ത്യദിവസം മാത്രമാണ്.


കർഷകൻ നല്ല വിത്തുമാത്രമാണ് വിതയ്ക്കുന്നത്. എന്നാൽ പിശാച് അതോടൊപ്പം കളകൾ വിതറുന്നു. കൃഷിക്കാരൻ ഇതറിയുന്നു. എങ്കിലും തടയുന്നില്ല. ഭൃത്യന്മാർ കളകൾ നീക്കം ചെയ്യുന്ന ജോലി സ്വയം ഏറ്റെടുത്തിട്ടും കർഷകൻ അതിന് അവരെ അനുവദിക്കുന്നില്ല. വിളവെടുപ്പുവരെ അവ നിൽക്കട്ടെ എന്നാണ് അദ്ദേഹത്തിന്റെ തീരുമാനം.

ഈ ഉപമയുടെ വ്യഖ്യാന പ്രകാരം ഈ ലോകത്തിൽ ദുഷ്ടതയുടെ ഉത്ഭവവും നിലനിൽപ്പും ദൈവം അറിഞ്ഞും അനുവദിച്ചുമാണ്. അല്ലെ ങ്കിൽ അവ നിലവിൽ വന്നതും നിലനിൽക്കുന്നതും ദൈവത്തിന് തട യാമായിരുന്നു. എന്നാൽ അതു സംഭവിക്കുന്നില്ല. ദുഷ്ടമനുഷ്യരു ടെയും തിന്മയുടെ ഘടനകളുടെയും സൃഷ്ടി അതേപടി ദൈവം നട ത്തുന്നുമില്ല. എങ്കിലും അവയുടെ സൃഷ്ടിയും നിലനിൽപ്പും നടക്കുന്നത് ദൈവാധികാരത്തിനും ശക്തിക്കും പുറത്തല്ല. ദൈവത്തിന്റെ അനുവാദ പ്രകാരമാണെന്ന് സൂചന. അതായത് **തിന്മയുടെ വിളയാട്ടം ദൈവം തടയുന്നില്ല എന്നുമാത്രമല്ല, അതിന് മൗനാനുമതി നൽകുകയും ചെയ്യുന്നു.** ഗോതമ്പിനും കളയ്ക്കും രൂപസാദൃശ്യമുണ്ട്. ചെറുപ്രായ ത്തിൽ അത് കൂടുതലുമാണ്. **കളകളെ പിഴുതുമാറ്റുന്നത് ഇളം ഗോതമ്പു ചെടികൾക്ക് കേടുവരുത്തും എന്നാണ് കർഷകന്റെ മറുപടി.** ചിലപ്പോൾ അവയിൽ ചിലതുകൂടി പിഴുതെറിയപ്പെടാനും ഇട വരാം . എന്നാൽ ഫലമണിയുമ്പോൾ ഗോതമ്പും കളയും തിരി ച്ചറിയാൻ എളുപ്പമാണ്. എന്നാൽ അതുകൊണ്ടു മാത്രമാണോ വിളവെടുപ്പുകാലം വരെ കളകൾ കൂടെ നിൽക്കട്ടെ എന്ന നിർദ്ദേശം വേലക്കാർക്ക് കൃഷിക്കാരൻ നൽകുന്നത്? കള മുളച്ച തിലും വളരുന്നതിലും ഭാരപ്പെടുന്നത് കർഷകനല്ല; അത്ര തന്നെ ചുമതലയില്ലാത്ത ഭൃത്യരാണ്. **തന്റെ കൃഷിക്കിടയിൽ കളകൾ മുളച്ചുവളരുന്നതിൽ ഉത്കണ്ഠപ്പെടാതെ സഹിഷ്ണുത യോടെ ആ കർഷകൻ അത് കാണുന്നെങ്കിൽ വേലക്കാർ എന്തിന് വേവലാതിപ്പെടണം?**

നന്മ ചെയ്യുന്നവരും തിന്മ ചെയ്യുന്നവരും ഇടകലർന്ന് കഴിയേ ണ്ടിവരുന്നത് ദൈവം അറിയാതെയല്ല. അതിൽ ദൈവിക പദ്ധതി യുണ്ട്. ആദി മാതാപിതാക്കളെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന് പരീ ക്ഷകനെ അവരിൽ നിന്ന് അകറ്റിനിർത്താമായിരുന്നു. അതായത് **മനു ഷ്യർ ദുഷ്ടതയുടെ സാന്നിധ്യം അറിഞ്ഞുവളരാനാണ് ദൈവം ആഗ്രഹിക്കുന്നത്.** ഈ ലോകത്ത് നന്മയും തിന്മയും പ്രവർത്തിക്കുന്ന വർക്ക് സംഭവിക്കുന്നത് എന്താണെന്നുള്ളതിലും ദൈവത്തിന് അറിവും ഉദ്ദേശ്യവുമുണ്ട്. ഹാബേലിന്റെ മരണംതൊട്ട് ക്രിസ്തുവിന്റെ പീഡാനുഭവം വരെയുള്ള വേദപുസ്തക സംഭവങ്ങൾ വെളിപ്പെടു ത്തുന്നത് ദുഷ്ടതയുടെ നിത്യസാന്നിധ്യവും അതിന്റെ മേൽ നന്മ യുടെ വിജയത്തിന്റെ അനിവാര്യതയുമാണ്. ക്രിസ്തുശിഷ്യസമൂഹ ത്തിൽ ഈ പീഡനം തുടരുന്നു. കർത്തൃശിഷ്യ സമൂഹത്തിൽ ഇന്നോളം നന്മ പ്രവർത്തിക്കുന്നവർ ദണ്ഡനവിധേയരായിരു ന്നിട്ടുണ്ട്. **ലോകത്ത് നടക്കുന്ന പീഡനത്തിനും നന്മ ചെയ്യുന്നവർ ഏറ്റെടുക്കുന്ന സഹനത്തിനും അർത്ഥമുണ്ട് എന്നും അത് ദൈവീക പരിപാലനത്തിൽ നടക്കുന്ന കാര്യമാണെന്നും അതിന് രക്ഷാകര മായ സൂചനയും അർത്ഥവും ഉണ്ട് എന്നും നാം തിരിച്ചറിയേണ്ടതാ യുണ്ട്.** ഈ പശ്ചാത്തലത്തിൽ മാത്രമാണ് ക്രിസ് തുവിന്റെ ക്രൂശീകര ണത്തിന്റെ പൊരുൾ നമുക്ക് വ്യക്തമാകുന്നത്.

അതുകൊണ്ട് തിന്മയുടെ സാന്നിധ്യത്തിന് അനുകൂലമായ ഒരു സേവനസാധ്യത ഉണ്ട് എന്ന നിഗമനത്തിലെത്തിച്ചേരേണ്ടിയിരിക്കുന്നു. യൂദായെ ക്രിസ്തു തന്റെ ശിഷ്യ സമൂഹത്തിൽ തിരഞ്ഞെടുത്തു ചേർത്തത് ആ കൃത്യം നിർവ്വഹിക്കുവാനാണ്. എന്നാൽ തീർച്ച യായും അവനെ കുറ്റവിമുക്തനാക്കുന്നില്ല. നന്മയുടെ വളർച്ചയ്ക്ക് തിന്മയുടെ സാന്നിധ്യത്തിന്റെ അനിവാര്യത കിഴക്കൻ സഭയുടെ വേദ പുസ്തകവ്യാഖ്യാനത്തിൽ നിഷേധിക്കുന്നില്ല എന്നത് ശ്രദ്ധിക്കപ്പെ ടേണ്ട ഒരു നിരീക്ഷണമാണ്.

അതായത് അക്രമവും , അഴിമതതിയും, ചൂഷണവും ഉൾപ്പെടെ യുള്ള **എല്ലാ തിന്മകളും നിറഞ്ഞലോകത്ത് അവയുടെ സാന്നിധ്യം തിരിച്ചറിഞ്ഞും ചെറുത്തും നന്മയുടെ പ്രതീകമായി നിലകൊള്ളു വാനാണ് ദൈവമക്കളുടെ വിളി എന്ന സൂചനയാണ് ഇവിടെ. തീർച്ചയായും തിന്മയുടെ ദുഷ്ടരൂപവും നശീകരണ സാധ്യതയും തിരിച്ചറിഞ്ഞ് അതിനോടുള്ള പ്രതി രോധത്തിൽ സഹനം അനുഭവിച്ച് നന്മവളർത്തി സത്ഫലം പുറപ്പെടു വിക്കണം എന്നതാണ് ദൈവമക്ക ളുടെ ബാധ്യത.** അതായത് വിളവെടു പ്പുകാലം വരെയുള്ള തിന്മയുടെ സഹവാസം നന്മയുടെ സ്വത്വം രൂപ പ്പെടുന്നതിൽ നിർണ്ണായക പങ്കാണ് വഹിക്കുന്നത്. നന്മ അതിന്റെ പൂർണ്ണ തയിൽ എത്തുമ്പോൾ തിന്മയുടെ സാംഗത്യം അവസാനിക്കുകയും അത് നശിച്ചടങ്ങുകയും ചെയ്യുന്നു.



നന്മ ചെയ്യുന്നവർക്ക് ദൈവിക സംരക്ഷണം കിട്ടണമെന്നും തിന്മ ചെയ്യുന്നവർ ശിക്ഷിക്കപ്പെടണമെന്നും ഇക്കാര്യത്തിൽ ദൈവം ജാഗ്രതാ പൂർവ്വം ഇടപെട്ടുകൊണ്ടിരിക്കണമെന്നും നമുക്കൊരു ധാര ണയുണ്ട്. അതുകൊണ്ട് നീതിമാന്മാർ ഞെരുക്കപ്പെടുമ്പോഴും പാവ പ്പെട്ടവർ യാതന അനുഭവിക്കുമ്പോഴും നമ്മുടെ ധാർമ്മികബോധം ദൈവത്തിനെതിരെ തിരിയുന്നു. നാം ആത്മരോഷം കൊള്ളുന്നു. നമ്മുടെ ധാരണപ്പിശകാണ് ഇവിടെ പ്രശ്നം. നന്മ ചെയ്യുന്നവർ പീഡ നത്തിന് ഇരയാകുന്നത് ഏതെങ്കിലും ദൈവികപദ്ധതിയുടെ ഭാഗമാ

“Recognize that life is sad and beautiful”

“Life is sad and beautiful”, said the Roberto Benigni character in the film *Life is Beautiful*, and I have found it to be so. We expect life to be happy and fun. To be fair. We expect life to make sense. We are surprised when it doesn't and sometimes wonder why God has made it so.

I have come to believe that to expect life to be pretty would be to miss out on the full range of human experience-the ultimate gift of God. Don't we appreciate the people who seem to have lived a full life, rather than the people who seem to have it all? We admire people with rich experiences-a life that has a little salt and a little sugar.

- Shoshanna Cohen

ണെങ്കിൽ നാം അത് അത്തരത്തിൽ മനസ്സിലാക്കണം. അതുകൊണ്ട് സൽക്കർമ്മികൾ എക്കാലവും സംരക്ഷിക്കപ്പെടണമെന്നും ദുഷ്ക്കർമ്മികൾ തൽസമയം തന്നെ ശിക്ഷിക്കപ്പെടണമെന്നും മനുഷ്യന്റെ നീതിബോധത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ വിലയിരുത്തുന്നത് അതിക്രമമായിരിക്കും. അതുകൊണ്ട് ദൈവീക തീരുമാനങ്ങളുടെ ദുർഗ്രാഹ്യത നാം മനസ്സിലാക്കുകയും, സംഭവിക്കുന്നതിൽ ദൈവഹിതം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. നന്മയുടെ വിളി തിന്മയുടെ പ്രലോഭനങ്ങൾക്കും കൂടിലതകൾക്കും മധ്യത്തിൽ, അതിന്റെ സാംഗത്യവും തനിമയും വെളിപ്പെടുത്തുകയാണ്. മനുഷ്യന്റെ നീതിബോധത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ വിലയിരുത്തുകയല്ല.



ഇവിടെ ദൈവരാജ്യം എന്നത് നന്മ ചെയ്യുന്നവരുടെ സംഘടിത സമൂഹം എന്ന അർത്ഥത്തിലല്ല വിവക്ഷിച്ചിരിക്കുന്നത്. നന്മയും തിന്മയും ഇടകലർന്ന് കാണുന്നതായാണ് പരാമർശം. അതായത് തിന്മയിൽ നിന്ന് പൂർണ്ണസ്വതന്ത്രമായ ഒരു മതഘടനയാണ് സഭയെന്ന ചിന്ത ഈ വേദഭാഗം നൽകുന്നില്ല. **സഭയിൽ നന്മയുടെ രൂപങ്ങൾക്കിടയിലും തിന്മയുടെ മൂലസ്വഭാവങ്ങൾ ഉണ്ട് എന്നാണ് സൂചന. അതുകൊണ്ട് നന്മമാത്രം അധിവസിക്കുന്ന ഒരു പ്രസ്ഥാനത്തെയോ, സംഘടിത സമൂഹത്തെയോ പറ്റി പരാമർശമില്ല. ദൈവികവിളിയുടെ അടിസ്ഥാനത്തിൽ നന്മ പ്രവർത്തിക്കുന്ന, തിന്മയുടെ സാന്നിധ്യത്തിൽ നന്മയുടെ പൂർണ്ണതയ്ക്കുവേണ്ടി യത്നിക്കുന്ന വ്യക്തികളെയാണ് ദൈവരാജ്യത്തിൽ കാണുന്നത്. ഓരോരുവനും പുറപ്പെടുവിക്കുന്ന ഫലത്തിന്റെ അടിസ്ഥാനത്തിലാണ് നല്ലവരെയും അല്ലാത്തവരെയും വേർതിരിക്കുന്നത്. അതുകൊണ്ട് സഭയെ സംഘടിത മതപ്രസ്ഥാനമാക്കുമ്പോൾ അതിനിടയിൽ ധാരാളം ഗോതമ്പിന്റെ രൂപസാദൃശ്യമുള്ള കളകൾ മുളച്ചുവരുന്നു എന്ന നിരീക്ഷണം നിഷേധിക്കുവാനാകില്ല.** അതിന്റെ സ്വാധീനമായിരിക്കും പലപ്പോഴും സഭയുടെ സ്വരൂപമായി പ്രകടമാകുന്നത്. ഇവിടെയാണ് നന്മ പ്രവർത്തിക്കുന്നവരുടെ പ്രസക്തി വർദ്ധിക്കുന്നത്.അവരാണ് ദൈവികബീജങ്ങൾ അടങ്ങിയിരിക്കുന്ന നല്ല ഫലങ്ങൾ ഉല്പ്പാദിപ്പിക്കുന്ന ഗോതമ്പുചെടികൾ. അവരുടെ സത്ഗുണമാണ് തോട്ടത്തിന്റെ- ദൈവരാജ്യത്തിന്റെ മൊത്തം പ്രതിച്ഛായ സൃഷ്ടിക്കേണ്ടത്.

തിന്മയുടെ ഘടനകളും ദൈവരാജ്യത്തിൽ നിലനിൽക്കുവാൻ ദൈവം അനുവദിക്കുന്നുണ്ടെങ്കിലും അവയുടെ രൂപീകരണത്തിൽ ദൈവം പങ്കോ നിയന്ത്രണമോ വഹിക്കുന്നില്ല. ഇവിടെ തിന്മ ജനിക്കുവാനും വളരുവാനും അനുവാദം നൽകുന്നതും അതിനെ, നന്മയെ പുലർത്തുന്നതിനുള്ള സാഹചര്യമായി മാറ്റുന്നതും ദൈവമാണെങ്കിലും അതിന്റെ സൃഷ്ടി. പ്രവർത്തന കാര്യങ്ങളിൽ നിന്ന് ദൈവം സ്വതന്ത്രനാണ്. അത് നിർവ്വഹിക്കുന്നത് പിശാചാണ്.പിശാചിന്റെ പ്രവൃത്തി, സജ്ജനങ്ങളുടെ സ്വയം തിരിച്ചറിവിനും വളർച്ചയ്ക്കുമായി സ്വന്തം പദ്ധതി പ്രകാരം അവരെക്കൊണ്ട് പ്രയോജനപ്പെടുത്തിക്കുകയാണ് ദൈവം ചെയ്യുന്നത്.

അതുകൊണ്ട് **തിന്മയ്ക്കും അതിന്റെ മൂർത്തരൂപങ്ങൾക്കുമുള്ള നിലനിൽപ്പ് അപേക്ഷികവും സമയാധിഷ്ഠിതവും ദൈവാനുവാദ പ്രകാരവും മാത്രമാണ്.** ദൈവം അനുവദിക്കുന്നിടത്തോളം കാലത്തെ പ്രവർത്തനാനുമതി മാത്രമേ തിന്മയ്ക്കുള്ളു. അതുകൊണ്ട് തിന്മയില്ല എന്ന് പറയാനാവില്ല.ദൈവത്തെപ്പോലെ സ്വതന്ത്രവും അനാദ്യന്തവുമായ അസ്തിത്വം അതിനില്ല. എന്നാൽ ദൈവം അനുവദിക്കുന്ന കാലപരിധിക്കുള്ളിൽ വ്യാപരിക്കുന്ന ദുഷ്ടതയുടെ വ്യാവഹാരിക യാഥാർത്ഥ്യവും സാന്നിധ്യവും മനസ്സിലാക്കിയാണ് നന്മ വളരുന്നത്. തിന്മ ഇല്ല എന്നു പറഞ്ഞാൽ അത് നിത്യവും സ്വതന്ത്രവുമായ യാഥാർത്ഥ്യമല്ല എന്നുമാത്രമാണ് അർത്ഥം. ഉപമയിൽ കളകളുടെ ദഹനത്തെക്കുറിച്ചു പറയുന്നത് തിന്മയുടെ നശ്വരതയുടെ സൂചനയാണ്. **നന്മ അതിന്റെ സ്വരൂപവും സ്വത്വവും ആർജ്ജിച്ച് അനന്തതയിൽ ചേരുമ്പോൾ തിന്മ നശിച്ച് അസ്തമിക്കുന്നു.**

എന്നാൽ തിന്മയ്ക്ക് സൃഷ്ടി ശക്തിയുണ്ട് എന്ന ചിന്ത കർത്താവ് ഈ ഉപമയിലൂടെ അവതരിപ്പിക്കുന്നുണ്ടോ എന്ന് ചർച്ചചെയ്യേണ്ടതുണ്ട്. നല്ലവർ ദൈവത്തിന്റെ സൃഷ്ടിയാണ് എന്നും ദുഷ്ടരുടെ സൃഷ്ടാവ് പിശാചാണെന്നും ഉപമയിൽ പറയുന്നു. ഇത്തരത്തിൽ രണ്ട് സൃഷ്ടാക്കളുടെ സാന്നിധ്യം വേദപുസ്തക കാഴ്ചപ്പാടിന് അന്യമാണ്. ഉപമയുടെ വ്യാഖ്യാനത്തിൽ ‘ദൈവത്തിന്റെ മക്കൾ’ (ശിഷ്ടർ) ‘പിശാചിന്റെ മക്കൾ’ (ദുഷ്ടർ) എന്നു പറയുന്നു. ദൈവത്തിന്റെ ‘സൃഷ്ടി,’ പിശാചിന്റെ ‘സൃഷ്ടി’ എന്നു പറയുന്നില്ല. ഇവിടെ ഭൗതീകമായ (ജീവധർമ്മപരമായ) സൃഷ്ടിയുടെ കാര്യമല്ല പ്രമേയം. യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തുവിനെയും സുവിശേഷത്തേയും എതിർക്കുന്നവരെപ്പറ്റി അവർ എനിക്കുള്ളവരല്ല എന്ന് പറയുന്നു. പിശാചിന്റെ ഇഷ്ടം തങ്ങളുടെ ദൗത്യമായി കരുതുന്നവർ പിശാചിനെ തങ്ങളുടെ പിതാവായി പരിഗണിക്കുന്നു എന്നർത്ഥം. അവരുടെ ജീവകേന്ദ്രവും വ്യക്തിത്വത്തിന്റെ നിയന്ത്രണ ഘടകവുമായ ദുഷ്ടതയുടെ ഉടമ പിശാചായതുകൊണ്ടാണ് പിശാചിന്റെ മക്കൾ എന്ന് കർത്താവ് അവരെ വിശേഷിപ്പിക്കുന്നത്. അത്തരക്കാർ പിശാചിന്റെ ഇഷ്ടമാണ് ലോകത്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. അതുകൊണ്ട് യോഹന്നാന്റെ സുവിശേഷത്തിൽ യേശു ഇപ്രകാരം പറയുന്നു, “നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽ നിന്നുള്ളവരാണ്. നിങ്ങൾ പ്രവർത്തിക്കുന്നത് അവരുടെ ഇച്ഛ പ്രകാരമാണ്. അതുകൊണ്ട് നിങ്ങൾ അസത്യം പ്രവർത്തിക്കുന്നത് അവന്റെ സ്വഭാവത്തിന് അനുസൃതമായിട്ടാണ്” (യോഹ.8:44). ഇവിടെ ദൈവസ്വഭാവം പ്രകടിപ്പിക്കുന്നവർ ദൈവമക്കളും പിശാചിന്റെ ഇച്ഛയും സ്വഭാവവും പ്രകടിപ്പിക്കുകയും അവന്റെ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നവർ പിശാചിന്റെ സന്താനങ്ങളുമാകുന്നു എന്നാണ് സൂചന.

ദുഷ്ടത പ്രവർത്തിക്കുന്ന ഓരോ വ്യക്തിയുടെയും മാനസാന്തരം ദൈവം പ്രതീക്ഷിക്കുന്നു.

അതുകൊണ്ട് കളകൾ സമാന്തര സൃഷ്ടിയുടെ ഉല്പന്നങ്ങളാണെന്ന് ചിന്തിക്കേണ്ടതില്ല. അവർ ദുഷ്ടന്റെ സ്വാധീനത്തിൽ അവന്റെ സ്വഭാവക്കാർ ആയിത്തീർന്നവരാണ്. ആ വ്യക്തികളുടെ നിയന്ത്രണം പിശാചിന്റെ കൈകളിലാണ്. അവനാണ് അവരുടെ ആളത്തത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതും പ്രവൃത്തികളുടെ നിയന്ത്രണം നിർവ്വഹിക്കുന്നതും. അതുകൊണ്ടാണ് യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ ഇപ്രകാരം പറയുന്നത്. “തിന്മ പ്രവർത്തിക്കുന്ന ഓരോരുവനും പിശാചിന്റെ സന്താനമാണ്. ദൈവത്തിൽനിന്നുള്ളവർ തിന്മ പ്രവർത്തിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ദൈവികബീജം അവനിലുണ്ട്. ദൈവമക്കളും പിശാചിന്റെ മക്കളും ഈവിധം വെളിപ്പെടുന്നു” (1 യോഹ. 3:8–10). സ്വഭാവത്തിന്റെയും ചെയ്തികളുടെയും അടിസ്ഥാനത്തിലാണ് ഇവിടത്തെ പിതൃത്വനിർണ്ണയം. കളകൾ നശിപ്പിക്കാതിരിക്കുന്നതിന് ഒരു കാരണം അവയുടെ (ദുഷ്ടജനത്തിന്റെ) പരിവർത്തന സാധ്യതയാകാം. സ്രഷ്ടാവിനെ മറന്ന് പിശാചിനെ പിതാവായി കരുതി പ്രവർത്തിക്കുന്ന ഓരോ വ്യക്തിയുടെയും മാനസാന്തരം ലോകാവസാനം വരെ ദൈവം പ്രതീക്ഷിക്കുന്നുണ്ട്.

ഈ ലോകത്തിൽ തിന്മനിറഞ്ഞ ഘടനകളോടും വ്യക്തികളോടും ഇടകലർന്നും മല്ലടിച്ചും ജീവിക്കുവാനുള്ള വിളിയാണ് വിശ്വാസികൾക്കുള്ളത്. ദുഷ്ടരെ പുറത്താക്കി ശിഷ്ടസംരക്ഷണം നടത്താൻ ദൈവം ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് തന്റെ ശിഷ്യഗണത്തിനു വേണ്ടി കർത്താവ് ഇങ്ങനെ പ്രാർത്ഥിക്കുന്നത്. അവരെ ലോകം വെറുക്കുന്നു. കാരണം, അവർ ലോകത്തിന്റേതല്ല. എന്നാൽ അവരെ അതിൽനിന്ന് പുറത്താക്കണമെന്നല്ല എന്റെ പ്രാർത്ഥന, തിന്മയിൽനിന്ന് രക്ഷിക്കണമെന്നാണ്. **ദുഷ്ടതയോടൊപ്പം സൃഷ്ടിക്കുന്ന ഞെരുക്കങ്ങൾ സഹിച്ച് അതിനോട് പോരാടി നന്മയുടെ സാക്ഷികളാകണം എന്നാണ് ക്രിസ്തുശിഷ്യരെപ്പറ്റിയുള്ള ദൈവത്തിന്റെ തിരുഹിതം.**


GM

ക്രിസ്തു സത്യദൈവവും നിത്യജീവനും ആകുന്നു

■ ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്

ചോദ്യം: വി. യോഹന്നാൻ എഴുതിയ സുവിശേഷം 14:28ൽ "പിതാവ് എന്നെക്കാൾ വലിയവനല്ലേ" എന്ന് കർത്താവ് തന്നെ പറഞ്ഞിരിക്കുന്നതായി വായിക്കുന്നു. എങ്കിൽ പിതാവും പുത്രനും സമന്മാരാകുന്നതെങ്ങനെ? പുത്രന്റെ ദൈവത്വത്തെ വേദപുസ്തകാടിസ്ഥാനത്തിൽ ഒന്നു വിശദീകരിക്കാമോ ?

റ്റി.പി. ജോർജ്ജ്, താമരച്ചാലിൽ, കോലഞ്ചേരി



പിതാവും പുത്രനും ഒന്നാകുന്നു

ഉത്തരം: പിതാവ്, പുത്രൻ, പരിശുദ്ധറൂഹാ സത്യഏക ദൈവം എന്നത് അപ്പൊസ്തോലിക വിശ്വാസമാണ്. നിഖ്യാ യിലെ പിതാക്കന്മാർ ഈ വിശ്വാസത്തെ ഉറപ്പിച്ചുതന്നിട്ടുള്ളതു മാകുന്നു. സഭയുടെ വിശ്വാസം വേദപുസ്തകത്തിൽ നിന്ന് ഉണ്ടായിട്ടുള്ളതല്ല. വിശ്വാസവും സഭയും വേദപുസ്തകത്തിന് മുന്നമേയുള്ളതും, വേദപുസ്തകം സഭയ്ക്കുവേണ്ടി എഴുതപ്പെ ട്ടതുമാകുന്നു. ആകയാൽ വേദപുസ്തകത്തെ അടിസ്ഥാന മാക്കി വിശദീകരിക്കണം എന്ന് നിർബന്ധിക്കുവാൻ ന്യായമില്ല. ഇത് വേദപുസ്തകം മാത്രം വിശ്വാസത്തിന് അടിസ്ഥാനമെന്ന് പഠിപ്പിക്കുന്ന സഭകളുടെ നിലപാടാണ്. ഇത് നമ്മുടെ സഭയുടെ നിലപാടല്ല.


വേദപുസ്തകത്തെ അക്ഷരീകമായി വ്യാഖ്യാനിക്കുകയാൽ പുത്രൻ പിതാവിനെക്കാൾ ചെറിയവനാണെന്നും, പുത്രനെ അയച്ചവൻ ദൈവമാകയാൽ (റോമർ: 8:3) പിതാവ് വലിയവനാണെന്നും, പുത്രൻ പിതാവിനു കീഴ്പ്പെട്ടിരിക്കുന്നുവെന്നും (1 കൊരി. 15:26-28) ആകയാൽ പുത്രൻ ദൈവമല്ലയെന്നും *യഹോവയുടെ സാക്ഷികൾ* എന്നവകാശ പ്പെടുന്നവർ വിശ്വസിക്കുന്നു. എന്നാൽ നാം വിശ്വസിക്കുന്നത്, യേശു ക്രിസ്തു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും ആകുന്നുയെന്നും ഇതു രണ്ടും കൂടിചേർന്ന ഏക സ്വഭാവമുള്ളവൻ ആകുന്നുവെന്നും, തന്റെ ദൈവത്വവും മനുഷ്യത്വവും ഒരിക്കലും വേർപിരിയുന്നില്ലെന്നുമാ കുന്നു.

യേശുക്രിസ്തു ദൈവവും നിത്യജീവനുമാകുന്നു (1 യോഹ:5:20) യെന്ന് വചനം സാക്ഷിക്കുന്നു. ഇതിന് യഹോവാസാക്ഷികൾ പറയു ന്നത് ദൈവമെന്ന വാക്ക് വേദപുസ്തകത്തിൽ പലപ്പോഴും പരമോന്നത നായ ദൈവത്തെക്കുറിക്കുന്നതല്ലയെന്നാണ്. ഇത് ശരിയായ കാര്യം തന്നെയാണ്. പിലി:3:19-ൽ അവരുടെ വയറ് ദൈവം എന്ന് കാണുന്നു. ഇതേപോലെ യോഹ : 10:34, 35 എന്നീ വചനങ്ങളിലും ദൈവമെന്ന് പറ യുന്നുണ്ട്. ഇവയൊന്നും യഹോവയാം ദൈവത്തെ കുറിച്ച് പറയുന്നത ല്ല. ഈ ഭാഗങ്ങൾ ശ്രദ്ധിച്ചാൽ ഇംഗ്ലീഷിൽ "god"എന്നതിൽ g ചെറിയ അക്ഷരമാണെന്ന് വ്യക്തമാകുന്നതാകുന്നു. എന്നാൽ ക്രിസ്തു സകല ത്തിനും മീതെ ദൈവമാകുന്നുയെന്ന സത്യവചനവും (റോമർ 9:5) അവൻ സകലദൈവം (1 യോഹ:5:20) എന്ന വചനവും ഇതേപോലെ g ചെറിയ അക്ഷരത്തിലല്ല കൊടുത്തിരിക്കുന്നത്, വലിയ അക്ഷരത്തിൽ തന്നെയാണ്. ആകയാൽ യേശു ക്രിസ്തു സകലത്തിനും മീതെ കർത്താവാകുന്നു.

സഭയുടെ വിശ്വാസം വേദപുസ്തകത്തിൽ നിന്ന് ഉണ്ടായിട്ടുള്ളതല്ല. വിശ്വാസവും സഭയും വേദപുസ്തകത്തിന് മുന്നമേയുള്ളതും, വേദപുസ്തകം സഭയ്ക്കുവേണ്ടി എഴുതപ്പെട്ടതുമാകുന്നു

പുത്രൻ കീഴ്പ്പെട്ടിരിക്കുന്നുയെന്നു പറയുന്നതെന്തുകൊണ്ട്?

ഉത്തരം: ദൈവം ആത്മാവാകു ന്നു. ആത്മാവ് മറിയാമിൽ ഇറങ്ങിവ സിച്ച് അവളിൽ നിന്നു ശരീരം സ്വീകരി ച്ചു. ഈ പ്രക്രിയയാണ് താഴ്ത്തപ്പെട്ട എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവം ജന്മം എടുത്തതാണ് ക്രിസ്തു മനുഷ്യശരീരം ദൈവം സ്വീകരിക്കുന്ന താണ് താഴ്ച എന്നതുകൊണ്ട് ഉദ്ദേശി ക്കുന്നത്. ഇക്കാര്യമാണ് വി. പൗലോസ് സാക്ഷിച്ചിരിക്കുന്നത്. "അവൻ ദൈവ രൂപത്തിൽ ഇരിക്കെ, ദൈവത്തോടുള്ള സമത്വം മുറുകെപിടിച്ചുകൊ ള്ളേണം എന്നു വിചാരി ക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു.... അനുസര ണമുള്ളവനായിത്തീർന്നു. (ഫിലി:2:6-8). ഇങ്ങനെ സ്വയം താഴ്ത്തിയതുകൊണ്ട് പിതാവ് വലിയവൻ എന്ന് പറഞ്ഞിരിക്കുന്നു.



എന്നാൽ ദാസരൂപം (മർത്യശരീരം) സ്വീകരിച്ചതുകൊണ്ട് കർത്താവിന്റെ ദൈവത്വത്തിന് യാതൊരു ഭംഗവും സംഭവിച്ചിട്ടി ല്ലായെന്നതാണ് സഭയുടെ വിശ്വാസം. അത് വചനസത്യവു മാണ്. അല്ലെങ്കിൽ അതുമാത്രമാണ് സത്യവചനം. ജഡത്തിൽ വന്നു ദൈവമാണ് യേശുക്രിസ്തുയെന്നത് മനുഷ്യർ വിശ്വസി ക്കുന്നില്ലെങ്കിൽ മാലാഖമാരുടെ സാക്ഷ്യം, യേശുവിന്റെ സാന്നിദ്ധ്യം ദൈവം നമ്മോടുകൂടെ യെന്നു തന്നെയാകുന്നു. (വി. മത്തായി 1:22; വി.യോഹ:1 : 1-14)

എന്റെ കർത്താവും എന്റെ ദൈവവുമേ : വി. യോഹ: 20: 28ൽ തോമ്മാശ്ലീഹാ ഗുരുവിനെ ദൈവമായ കർത്താവ് എന്ന് ഏറ്റുപറഞ്ഞ തായി കാണുന്നു. സകലനാവും യേശുവിനെ കർത്താവെന്ന് ഏറ്റുപറ യണം. (റോമർ 10:9) എന്നാൽ പരിശുദ്ധാത്മാവിൽ മാത്രമെ യേശു വിനെ കർത്താവ് എന്ന് ഏറ്റുപറയുവാൻ സാധിക്കുകയുള്ളു. (1 കോര. 12:3)

കർത്താവ് ആരാകുന്നു: കർത്താവ് (Lord) എന്ന വാക്ക് 201 പ്രാവശ്യം 66 പുസ്തകങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. ഇതിന് ഗ്രീക്കിൽ adown എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം Sovereign എന്നാകുന്നു. adown എന്നാൽ The Lord എന്നുമാകുന്നു. ഗ്രീക്കിൽ adown എന്നതിനുള്ള എബ്രായ ഭാഷയിലെ സമാനമായ പദം Yehovah-(Jehovah) എന്നാകുന്നു. എബ്രായഭാഷയിൽ ഇതിന്റെ അർത്ഥം. Self-Existent or, Eternal, the Lord എന്നെല്ലാം ആകുന്നു. ആകയാൽ യേശുവിനെ കർത്താവെന്ന് ഏറ്റുപറയുകയെ ന്നത്, അവനെ നിത്യനായ യഹോവയെന്ന് ഏറ്റുപറയുകയെന്നു തന്നെയാണ് അർത്ഥമാകുന്നത്. തോമാശ്ലീഹാ ഏറ്റുപറഞ്ഞതും എന്റെ ദൈവമായ യഹോവ എന്നു തന്നെയാണ്. ക്രിസ്തുവിനെ കർത്താവ് എന്ന് ഏറ്റുപറയാത്തവൻ എതിർ ക്രിസ്തുക്കൾ ആകുന്നു. 1 കോര:12:3).

പിതാവും പുത്രനും ഒന്നാകുന്നു. താഴെ പറയുന്ന വചനങ്ങൾ ഈ കാര്യം ഉറപ്പിക്കുന്നു. സങ്കീ. 45:6 Vs എബ്രാ 1:8, യോഹ : 12:45ഉം 14:7-10ഉം, യോഹ 10:30, കൊലോ 3:3, 4.മത്തായി 1:22, യോഹ : 1:1-14. ആകയാൽ ഈ വചനങ്ങളാൽ യേശു സർവ്വശക്തനായ (Sovereign) ദൈവമെന്ന് കർത്താവായ ദൈവമെന്ന് വിശ്വസിപ്പാൻ ന്യായമാകുന്നു.

GM

പ്രിയവായനക്കാരെ,

ജോർജിയൻ മിറർ എല്ലാ ഇടവകകളിലും എത്തുന്ന തിന് വായനക്കാരുടെ സഹായം അഭ്യർത്ഥിക്കുന്നു. ദയവായി നിങ്ങളുടെ ഇടവകാംഗങ്ങൾക്കും ബന്ധുമി ത്രാദികൾക്കും ജോർജിയൻ മിറർ പരിചയപ്പെടുത്തുക.

പി.എം. പീറ്റർ
സർക്കുലേഷൻ മാനേജർ
94478 19048

A Chat with Jesus Christ...

Jesus: Hello. Did you call me?

Man: Called you? No. Who is this?

Jesus: This is Jesus. I heard your prayers. So I thought I will chat.

Man: I do pray. Just makes me feel good. I am actually busy now. I am in the midst of something.

Jesus: What are you busy at? Ants are busy too.

Man: Don't know. But I can't find free time. Life has become hectic. It's rush hour all the time.

Jesus: Sure. Activity gets you busy. But productivity gets you results. Activity consumes time. Productivity frees it.

Man: I understand. But I still can't figure out. By the way, I was not expecting YOU to buzz me on instant messaging chat.

Jesus: Well I wanted to resolve your fight for time, by giving you some clarity. In this net era, I wanted to reach you through the medium you are comfortable with.

Man: Tell me, why has life become complicated now?

Jesus: Stop analysing life. Just live it. Analysis is what makes it complicated.

Man: Why are we then constantly unhappy?

Jesus: Your today is the tomorrow that you worried about yesterday. You are worrying because you are analysing. Worrying has become your habit. That's why you are not happy.

Man: But how can we not worry when there is so much uncertainty?

Jesus: Uncertainty is inevitable, but worrying is optional.

Man: But then, there is so much pain due to uncertainty.

Jesus: Pain is inevitable, but suffering is optional.

Man: If suffering is optional, why do good people always suffer?

Jesus: Diamond cannot be polished without friction. Gold cannot be purified without fire. Good people go through trials, but don't suffer. With that experience their life become better not bitter.

Man: You mean to say such experience is useful?

Jesus: Yes. In every term, Experience is a hard teacher. She gives the test first and the lessons afterwards.

Man: But still, why should we go through such tests? Why can't we be free from problems?


Jesus: Problems are Purposeful Roadblocks Offering Beneficial Lessons (to) Enhance Mental Strength. Inner strength comes from struggle and endurance, not when you are free from problems.

Man: Frankly in the midst of so many problems, we don't know where we are heading.

Jesus: If you look outside you will not know where you are heading. Look inside. Looking outside, you dream. Looking inside, you awaken. Eyes provide sight. Heart provides insight.

Man: Sometimes not succeeding fast seems to hurt more than moving in the right direction. What should I do?

Jesus: Success is a measure as decided by others. Satisfaction is a measure as decided by you. Knowing the road ahead is more satisfying than knowing you rode ahead. You work with the compass. Let others work with the clock.



"Inner strength comes from struggle and endurance, not when you are free from problems."

Man: In tough times, how do you stay motivated?

Jesus: Always look at how far you have come rather than how far you have to go. Always count your blessing, not what you are missing.

Man: What surprises you about people?

Jesus: When they suffer they ask, "Why me? When they prosper, they never ask "Why me" Everyone wishes to have truth on their side, but few want to be on the side of the truth.

Man: Sometimes I ask, who I am, why am I here. I can't get the answer.

Jesus: Seek not to find who you are, but to determine who you want to be. Stop looking for a purpose as to why you are here. Create it. Life is not a process of discovery but a process of creation.

Man: How can I get the best out of life?

Jesus: Face your past without regret. Handle your present with confidence. Prepare for the future without fear.

Man: One last question. Sometimes I feel my prayers are not answered.

Jesus: There are no unanswered prayers. At times the answer is NO.

Man: Thank you for this wonderful chat. I am so happy to start the day with a new sense of inspiration.

Jesus: Well. Keep the faith and drop the fear. Don't believe your doubts and doubt your beliefs. Life is a mystery to solve not a problem to resolve. Trust me. Life is wonderful if you know how to live.

Man: Thank you so much.

Jesus: You are always welcome. Have a good day my friend.

" Always remember, God's Word is the Word for YOU ".

GM

-Credit to the original author

വി. കുർബാന: ഒരു പഠനം

വി. കുർബാനയിലെ ധൂപപ്രാർത്ഥനകൾ

■ പ്രൊഫ. തോമസ് പി. വർഗ്ഗീസ്



ധൂപാർപ്പണം

കഴിഞ്ഞ ലക്കത്തിൽ ധൂപാർപ്പണം, ധൂപപ്രാർത്ഥന, കുക്കിലിയോൻ എന്നിവയെക്കുറിച്ചും, പ്രത്യേകിച്ച് ദൈവമാതാവിന്റെ കുക്കിലിയോനെക്കുറിച്ചുള്ള വിശദീകരണം നൽകി. ഈ ലക്കത്തിൽ വാങ്ങിപ്പോയ പരിശുദ്ധന്മാർ, ആചാര്യ ശ്രേഷ്ഠന്മാർ എന്നിവരുടെ കുക്കിലിയോനെക്കുറിച്ചു വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നു. കുക്കിലിയോൻ ഗീതങ്ങളുടെ അർത്ഥവും ആഴവും മനസ്സിലാക്കുവാൻ വി. കുർബാനക്രമം ഇതോടൊന്നിച്ചു റഫർ ചെയ്യുന്നത് നന്നായിരിക്കും.

1. പരിശുദ്ധന്മാരുടെ നാമത്തിലുള്ള കുക്കിലിയോൻ എന്തിനു ചൊല്ലുന്നു. അതിന്റെ വിശ്വാസാടിസ്ഥാനം എന്താണ്?

ഓർത്തഡോക്സ് സഭ പരിശുദ്ധന്മാരുടെ മദ്ധ്യസ്തയിൽ വിശ്വസിക്കുന്നു, അവരുടെ മദ്ധ്യസ്ഥതയിൽ ശരണം പ്രാപിക്കുന്നു. കാരണം പരിശുദ്ധന്മാർ തങ്ങളുടെ ജീവിതകാലത്ത് കർത്താവിനു വേണ്ടി ശ്രേഷ്ഠമായ ജീവിതം നയിച്ചവരാണ്; അവർ കർത്താവിന്റെ ഇഷ്ടന്മാരാണ്. ഇവരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നത് കർത്താവിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിനു തുല്യമാണ്. മാത്രവുമല്ല പരിശുദ്ധന്മാർ ആത്മാവിൽ സജീവരാണ്. അവർ ഇപ്പോൾ സന്തോഷങ്ങളുടെ പറുദീസ്സായിൽ ഇരുന്നുകൊണ്ട് മാലാഖമാരെപ്പോലെ ദൈവത്തെ സ്തുതിച്ചുകൊണ്ട്. നമുക്കുവേണ്ടിയും പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുന്നു. ഇവരുടെ മദ്ധ്യസ്ഥതയിലാണ് വി. കുർബ്ബാനയിൽ ധൂപാർപ്പണം നടത്തുന്നത്. ദൈവത്തിന്റെ ഇഷ്ടന്മാരായ ഇവരുടെ പ്രാർത്ഥന ദൈവം കൈക്കൊണ്ട് ഉത്തരം തരും; തീർച്ചയാണ്.

വിശ്വാസികൾ ഒരു കാര്യം ശ്രദ്ധിക്കണം, ഉത്ഥിതനായ ക്രിസ്തു സദാ പിതാവാം ദൈവത്തോട് നമുക്കുവേണ്ടി പക്ഷപാതം ചെയ്തുകൊണ്ടിരിക്കയാണ്. (ഏക മദ്ധ്യസ്ഥൻ ക്രിസ്തു മാത്രമാണ്. നമ്മുടെ പ്രാർത്ഥനകളും അപേക്ഷകളും പുത്രനിൽ കൂടിയാണ് പിതാവിൽ എത്തുന്നതും, പിതാവിൽനിന്നുള്ള അനുഗ്രഹങ്ങൾ പുത്രനിൽ കൂടിയാണ് നമുക്കു ലഭിക്കുന്നതും. പരിശുദ്ധന്മാർ നമുക്കു നേരിട്ടു അനുഗ്രഹം തരുന്നില്ല, പിന്നെയോ നമ്മുടെ പ്രാർത്ഥനയ്ക്കും അപേക്ഷയ്ക്കും ഒപ്പം പരിശുദ്ധന്മാരും നമുക്ക് വേണ്ടി പിതാവാം ദൈവത്തോട് പുത്രനിൽകൂടി അപേക്ഷിക്കുകയാണ് ചെയ്യുന്നത്. പിതാവാം ദൈവം അവരുടെ അപേക്ഷ സ്വീകരിച്ചു ഉത്തരം (ഫലം) തരുകയാണു ചെയ്യുന്നത്.

2. പരിശുദ്ധന്മാരുടെ (സാദീക്കോ) കുക്കിലിയോൻ

ഇവിടെ പ്രതിപാദിക്കുന്ന എല്ലാ ഗീതങ്ങളും നമുക്ക് സുപരിചിതമായതിനാൽ ആദ്യത്തേയും അവസാനത്തെയും വരികൾ മാത്രമേ എഴുതുന്നുള്ളു. എന്നാൽ ഇവയുടെ അർത്ഥം പരാമർശിക്കുവാൻ ആഗ്രഹിക്കുന്നു.

പെത്ഗോമാ – സങ്കീർത്തനം 92.12–14.

നയവാൻ പനപോലെ തളിർത്തിടുമെ – ഹാ
———————————————
വർദ്ധിക്കുമവർക്ക് തുഷ്ടിപുഷ്ടികളും – ബാറെക്മോർ

[നീതിമാൻ ഈന്തപ്പനപോലെ തളിർത്ത് വളർന്ന് ഫലം നൽകിക്കൊണ്ടിരിക്കും. അവർ ലബനോനിലെ കാരകിൽ പോലെ ബലമുള്ളവരായിരിക്കും. നയവാന്മാർ പ്രായം ഏറിയാലും (വൃദ്ധന്മാർ ആയാലും) നന്മയുടെ ഫലം പുറപ്പെടുവിച്ചുകൊണ്ടിരിക്കും. അവർക്ക് സമ്പത്തും സന്തോഷവും വർദ്ധിച്ചുകൊണ്ടിരിക്കും]

പട്ട: ശുബഹോ......... ജനം – മെന്ഓലം....

എക്ബോ.

ഒരുപോലിങ്ങും മാർത്തോമ്മാ
—————————
ഓർമ്മയെ ബഹുമാനിച്ചോർക്കായ്.
സ്തൊമൻ.................. കുറിയേലായിസോൻ,

(പരിശുദ്ധനായ മാർത്തോമ്മാ ശ്ലീഹാ നിന്റെ ഓർമ്മയെ സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ഞങ്ങൾ കൊണ്ടാടുന്നു. നിന്റെ ഓർമ്മയെ കൊണ്ടാടുന്ന ഏവർക്കും നിന്റെ പ്രാർത്ഥനയിൽ തുണ ലഭിക്കുമാറാകട്ടെ.)

കോലകൾ – 1

പ്രാർത്ഥനയിൽ സമയമിതല്ലോ (മാർത്തോമ്മാ)
ആടുകളെ മൂശേപോൽ തൃക്കൈവാഴ്ത്തേണം. ബാറെക്.....

(പരിശുദ്ധനായ മാർത്തോമ്മാ ശ്ലീഹാ! പ്രാർത്ഥനയുടെ ഈ സമയത്ത് – അങ്ങ് വിശ്വാസികളായ ഈ ആട്ടിൻകൂട്ടത്തിന്റെ തലവനായി നിന്നുകൊണ്ട് ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കേണമെ. മോശ തന്റെ പിന്നാലെ വന്ന യിസ്രയേൽ മക്കളെ (ആട്ടിൻകൂട്ടം) സംരക്ഷിച്ചു വാഴ്ത്തി അനുഗ്രഹിച്ചതുപോലെ അങ്ങു വിശ്വാസികളായ ഞങ്ങളുടെ സമൂഹത്തെ വാഴ്ത്തേണമെ.)

ശുബഹോ.......................
നിന്നെ വരിച്ചൊരു താതനും (മാർത്തോമ്മാ)
....
നിൻ പ്രാർത്ഥന കൃപയേറ്റട്ടെ ഞങ്ങൾക്കെന്നും
– മൊറിയോ........

(മാർത്തോമ്മാ ശ്ലീഹാ! നിന്നെ സ്വീകരിച്ച പിതാവിനും നിന്റെ ഓർമ്മയെ ബഹുമാനിക്കുന്ന പുത്രനും നിന്നെ കിരീടമണിയിച്ച പരിശുദ്ധ റൂഹായ്ക്കും ഞങ്ങൾ സ്തുതിയും സ്തോത്രവും കരേറ്റുന്നു. അവരുടെ പ്രാർത്ഥനയാൽ ഞങ്ങൾക്ക് കരുണ എപ്പോഴും ലഭിക്കുമാറാകട്ടെ.)

മറ്റു കോലകൾ – 2

നിർമ്മല നിബിമാരേ – രാജ്യസുത ശ്ലീഹന്മാരെ
പാപാബ്ധിയിലെങ്ങൾ – താഴായ്വാൻ പ്രാർത്ഥിപ്പിൻ
ബറാക്..... ശുമോർ ഹോ.........

(നിർമ്മല ഹൃദയങ്ങളുടെ ഉടമകളായ പ്രവാചകന്മാരെ, ദൈവരാജ്യത്തിന്റെ പുത്രന്മാരായ ശ്ലീഹന്മാരെ! പാപത്തിന്റെ ആഴത്തിലേക്ക് ഞങ്ങൾ താഴാതിരിപ്പാൻ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമെ.)

പട്ടക്കാരൻ – ശുബഹോ..................
സൽസഹദേവന്മാരാം – ദൈവത്തിൽ ദാസന്മാരേ
നിങ്ങളുടെ പ്രാർത്ഥനകൾ – കോട്ടകളെങ്ങൾക്കാകട്ടെ......
മൊറിയോ..........

ദൈവത്തിന്റെ ദാസന്മാരായ സഹദേന്മോരെ നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കേണമെ.

കോലകൾ 3

ലോകർക്കുപകാരം; ചൊരിയുന്ന മഹാനിധിയാകും
....
നിൻ പ്രാർത്ഥനയാൽ–കൃപ നേടട്ടെങ്ങൾ...ശുബഹോ...
ബാറ്ക്മോർ

(ലോകത്തിലുള്ള എല്ലാവർക്കും കൃപകളെ ചൊരിയുന്ന മഹാനിധിയായിരിക്കുന്ന കച്ചവടക്കാരനായ മാർത്തോമ്മാ ശ്ലീഹാ നീ ഏവർക്കും സ്വീകാര്യനാണ്. നിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഞങ്ങളിൽനിന്നു ദുഷ്ടാത്മാക്കളെയും രോഗങ്ങളെയും നീക്കി ഞങ്ങൾക്കു കൃപ നൽകണമെ!)

സത്യോദ്യോഗസ്ഥാ നീതി തികച്ചിഹ വാഗ്ദത്തം
....
മാർത്തോമ്മാ തൻ – സ്മൃതിയിൽ സ്തുതി മ്ശിഹാ.
മൊറിയോ.........

സത്യവും നീതിയും നടപ്പാക്കാൻ വാഗ്ദത്തം ചെയ്തവനേ, നിത്യജീവനെ പ്രാപിപ്പാൻ ഉറക്കം വെടിഞ്ഞു നോമ്പും പ്രാർത്ഥനയും കഷ്ടവും സഹിച്ച മാർത്തോമ്മാ ശ്ലീഹ നിന്റെ ഓർമ്മ മൂലം മ്ശിഹാ സ്തുതിക്കപ്പെടുമാറാകട്ടെ.

മറ്റു രണ്ടു കോലകൾ കൂടി കുർബാനക്രമത്തിൽ നൽകിയിട്ടുണ്ട്.. ഈ രണ്ടു ഗീതങ്ങളും വരെ ലളിതവും, അതിന്റെ അർത്ഥം മനസ്സിലാക്കാൻ എളുപ്പമായതിനാൽ ഇവിടെ പ്രതിപാദിക്കുന്നില്ല.

ബോവൂസ്സോ

പരിശുദ്ധന്മാരെ നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

ഈ ഗീതത്തിൽ ചിലർ തൻ കോപത്തിൻ എന്നതിനു പകരം നിൻ കോപത്തിൻ എന്നും മായിച്ചീടാൻ എന്നതിനു പകരം മായിച്ചീടേണം എന്നു ചൊല്ലുന്നത് തെറ്റാണ്, അത് വിപരീത അർത്ഥമാണ് ഉളവാക്കുന്നത്.

(പരിശുദ്ധന്മാരെ! ഞങ്ങൾ ചെയ്തുപോയ തെറ്റുകൾക്കുള്ള ശിക്ഷയും, ദൈവകോപത്തിന്റെ അടികളെയും ഇല്ലാതാക്കാൻ (ക്ഷമിക്കാൻ) ദൈവത്തോട് ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമെ!)

മറ്റൊരു ബോവൂസ്സോ

മാർത്തോമ്മാ സൽഗുണനിധിയേ!
നിൻ സ്മൃതി കൊണ്ടാടും സഭയിൽ
അനവരതം നിൻ നാഥന്റെ
ശമവും ശാന്തിയുമമരട്ടെ.

എല്ലാ നല്ല ഗണത്തിന്റെയും ഉറവിടമായ മാർത്തോമ്മാ ശ്ലീഹാ! നിന്റെ ഓർമ്മയെ കൊണ്ടാടുന്ന ഈ സഭയിൽ നിന്റെ നാഥന്റെ ശാന്തിയും സമാധാനവും അനവധിയായി ഉണ്ടാകട്ടെ.

3. ധൂപപ്രാർത്ഥനയിൽ പട്ടക്കാരെ ഓർക്കുന്നതിന്റെ പ്രസക്തി? പട്ടക്കാരുടെ (കൊഹനോ) കുക്കിലിയോൻ

വാങ്ങിപ്പോയ സകല ആചാര്യന്മാരും കർത്താവിന്റെ തിരുശരീരങ്ങൾ തങ്ങളുടെ കൈകളിൽ എടുത്ത് ആഘോഷിച്ചവരും, ഭക്ഷിച്ചു പാനം ചെയ്തവരും, മാമോദീസായുടെ റുശ്മയാൽ മുദ്രയിടപ്പെട്ട സത്യവിശ്വാസികളുമാണ്. ഇവരെ കുറിച്ചു യോഹ 11–25 ൽ ഇപ്രകാരം പറയുന്നു "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും" ആയതിനാൽ നമ്മുടെ വാങ്ങിപ്പോയ സകല പട്ടക്കാരും ആത്മാവിൽ സജീവരായി തിരശ്ശീലയ്ക്ക് അപ്പുറം ജീവിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. അവർക്കു വേണ്ടി പ്രാർത്ഥിക്കേണ്ടതു നമ്മുടെ കടമയാണ്. വി. കുർബാനയുടെ ഈ സമയത്ത് സഭയും ദൈവമാതാവും പരിശുദ്ധന്മാരും ഒന്നായി ചേർന്ന് അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും, ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

നമ്മുടെ വാങ്ങിപ്പോയ സകല പട്ടക്കാരും ആത്മാവിൽ സജീവരായി തിരശ്ശീലയ്ക്ക് അപ്പുറം ജീവിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. അവർക്കു വേണ്ടി പ്രാർത്ഥിക്കേണ്ടതു നമ്മുടെ കടമയാണ്.

പെത്ഗോമാ സങ്കീർത്തനം 132: 9–10

ചാർത്തും നീതിയെ നിന്നാചാര്യന്മാരും
....
ഞാനുപദേശിച്ചീടുമീ സാക്ഷിയെയും
– ബാറക്മോർ

(നിന്റെ ആചാര്യന്മാർ നീതിയും നിന്റെ നീതിമാന്മാർ മഹിമയും ധരിക്കും. നിങ്ങളുടെ പുത്രന്മാർ എന്റെ നിയമത്തെയും ഞാൻ അയച്ച സാക്ഷികളെയും അനുസരിക്കുകയാണെങ്കിൽ പ്രിയദാസനായ ദാവീദിനെ ഓർത്തെങ്കിലും അഭിഷിക്തരായ ആചാര്യന്മാരുടെ നേരെ നിന്റെ മുഖം നീ മറച്ചുകളയരുതേ!

പട്ടക്കാരൻ. ശുബഹോ.............. മെന്ഓലം

എക്ബാ

ശുചിയൊടു ശുദ്ധ്യാ ബെസ്ക്കുദിശാ –
....
വാനവരൊത്തു വസിക്കേണം. സ്തെനമൽകാ....

(വെടിപ്പോടും വിശുദ്ധിയോടും കൂടി വിശുദ്ധസ്ഥലത്തു ചവിട്ടിയുള്ള ആചാര്യരുടെ കാലുകൾ സ്വർഗ്ഗീയ ഉദ്യാനത്തിൽ പ്രവേശിച്ചു സ്വർഗ്ഗീയരോടുകൂടി വസിക്കുന്നതിനു ഇടയാകണമെ.)

കോലകൾ 1

ദൈവം സൃഷ്ടിച്ചാദത്തെ
————————
കുറുന്നീരേന്മാർ – മണ്ണിനുയർച്ചയിലാശ്ചര്യം. ബാറക്മോർ

(ദൈവം ആദാമിനെ തന്റെ സ്വന്തം രൂപത്തിൽ സൃഷ്ടിച്ച് ഏദൻതോട്ടത്തിലാക്കി. അവൻ ഏദൻതോട്ടത്തിൽ വരുകയും പോകുകയും ചെയ്യുന്നത് കണ്ടിട്ട് ദൈവം സന്തോഷവാനായി. മൺമയരായ മനുഷ്യനു ലഭിച്ച ഈ സൗഭാഗ്യത്തെ കണ്ടിട്ട് സ്വർഗ്ഗീയരായ മാലാഖമാർ അദ്ഭുതം കൂറി. (അസൂയപൂണ്ടു.)

പട്ടക്കാരൻ ശുബഹോ..........
ആദ്യാചാരത്യം കൈയ്ക്കോണ്ടഹറോൻ മൂശയോടൊന്നിച്ചു
....
നാനാ സൃഷ്ടിവിഭാഗങ്ങൾക്കേകി – ശ്ലീഹന്മാർ. മൊറിയോ........

(മോശയും അഹറോനും ഒന്നിച്ച് ആദ്യമായി ലഭിച്ച ആചാര്യത്വത്തെ മോശ സ്കറിയയ്ക്കു നൽകി, സ്കറിയാ യോഹന്നാനു നൽകി, യോഹന്നാൻ നമ്മുടെ കർത്താവിനു നൽകി, യേശുക്രിസ്തു തന്റെ ശിഷ്യന്മാർക്കു നൽകി, ശിഷ്യന്മാർ ലോകമെല്ലാം സഞ്ചരിച്ച് വിവിധ ജാതികൾക്ക് നൽകി) കർത്താവിന്റെ ശിഷ്യന്മാരുടെ കൈവയ്പ്പ് ലഭിച്ച പിൻതലമുറക്കാരാണ് നമ്മുടെ ആചാര്യന്മാർ.

കോലകൾ 2

നിർമ്മല മദ്ബഹായിൽ കർത്ത്യ–
....
വന്നീറേന്മാർ ദേവാഗാശേ. ബാറക്മോർ

(വിശുദ്ധ മദ്ബഹായിൽ, സ്നേഹത്താൽ കർത്തൃശുശ്രൂഷ ചെയ്ത ആചാര്യന്മാരെ സ്വർഗ്ഗീയരായ മാലാഖമാർ സ്വീകരിച്ചു സ്വർഗ്ഗത്തിലേക്കു ആനയിക്കുമാറാകട്ടെ.)

പട്ടക്കാരൻ – ശുബഹോ.................
ഭാഗ്യാ ദൈവസുതാ നിന്നെ
....
ഓർത്തു മുഖപ്രഭയേകണമെ. –മൊറിയോ................

(ദൈവപുത്രാ – ഭംഗിയായി ഈ ഭൂമിയിൽ നിന്നെ ശുശ്രൂഷിച്ച വൈദികരെ നിന്റെ രണ്ടാമത്തെ വരവിൽ, അവരുടെ ശുശ്രൂഷയെ ഓർത്ത് നിന്റെ മുഖപ്രസാദം (അനുഗ്രഹം) അവരിൽ ചൊരിയേണമെ.)

കോലകൾ 3

മോചനമാചാര്യർക്കേകുക .... ഹാലേലുയ്യാ
....

പാടീടും നാഥാ സ്തുതിയെന്നവർ നിൻ ..... വലഭാഗേ ബാറെക്മോർ

(ദൈവമേ ആചാര്യന്മാർക്ക് മോചനം നൽകമെ. വിശ്വാസികളുടെ പാപമോചനത്തിനായി ബലിപീഠത്തിൽ തിരുശരീരരക്തങ്ങൾ എടുത്തു ആഘോഷിച്ചവരും, ദയറാകളിലും, ദേവാലയങ്ങളിലും ശുശ്രൂഷ ചെയ്ത ആചാര്യന്മാർ, ശെമ്മാശന്മാർ എന്നിവർക്ക് നിന്റെ തിരുശരീര രക്തത്താൽ പാപമോചനം നൽകണമെ. നാഥാ നിന്റെ വലതുഭാഗത്തു നിന്നുകൊണ്ട് അവർ നിനക്കു സ്തുതി കരേറ്റുമാറാകണമെ.)

പട്ടക്കാരൻ

ശുബഹോ .... ഹലേലുയ്യാ
ആചാര്യത്വം മുൻനിർത്തി – ശ്ലീഹന്മാരിൽ മുമ്പൻ
....
പാപികളെ പ്രതിയഭ്യർത്ഥിച്ചെന്നാൽ–കേട്ടീടും.....

മൊറിയോ –

(ആചാര്യത്തിന്റെ ശ്രേഷ്ഠതയെപ്പറ്റി യേശുനാഥൻ ശിഷ്യന്മാരിൽ മൂപ്പനായ പത്രോസിനോട് പറഞ്ഞ വാക്കുകൾ എത്ര ശ്രേഷ്ഠമാണ്. ഞാൻ നിന്നെ വീടിന്റെ നായകനാക്കുന്നു. ആകാശവും ഭൂമിയും തുറക്കുവാനും അടയ്ക്കുവാനുമുള്ള താക്കോൽ നിനക്കു ഞാൻ തരുന്നു. നിനക്ക് കെട്ടാനും അഴിക്കുവാനുമുള്ള എല്ലാ അധികാരവും തരുന്നു. (ആചാര്യൻ) നീ പാപമോചനം നൽകിയാൽ ഞാനും നൽകും. പാപികളെ ഓർത്തു ആചാര്യന്മാർ അവർക്കു വേണ്ടി പ്രാർത്ഥിച്ചാൽ അവരുടെ അപേക്ഷയ്ക്കു ഞാൻ ഉത്തരം നൽകും.)

ബോവോസ്സോ

മുടികൾ മുടഞ്ഞവ നിരനിരയായ്
....
ആചാര്യന്മാർക്ക് അവ ചൂടീടും.

(ബലിപീഠത്തിൽ കിരീടങ്ങൾ നിരനിരയായി വച്ചിരിക്കുന്നു. നിർമ്മല ഹൃദയത്തോടെ ശ്രേഷ്ഠമായ രീതിയിൽ ശുശ്രൂഷ ചെയ്ത ആചാര്യന്മാരുടെ തലയിൽ അവ അണിയിക്കും.)

അല്ലെങ്കിൽ

ആചാര്യേശാ! മശിഹാ കുദാ – ശകളർപ്പിച്ചോ—
രാചാര്യന്മാർക്കേകുക പുണ്യം – നാഥാ സ്തോത്രം.

(ആചാര്യന്മാരുടെ തലവനായ മിശിഹാ തമ്പുരാനെ, വിശുദ്ധ കൂദാശകളെ അർപ്പിച്ചവരായ ആചാര്യന്മാർക്ക് പുണ്യം നൽകി അനുഗ്രഹിക്കേണമെ. GM

യുവതലമുറയ്ക്ക് വിവാഹത്തെക്കുറിച്ച് ആത്മീയ കാഴ്ചപ്പാട് വേണം

■ ഫാ. ഡോ. ഒ. തോമസ്


ചോദ്യം: ഉന്നതവിദ്യാഭ്യാസത്തിന് ധാരാളം സ്ഥാപനങ്ങളും പഠിച്ചിറങ്ങുന്നതിന് മുമ്പ് തന്നെ ജോലിയും കൈ നിറയെ പണവും കിട്ടുന്ന ഇക്കാലത്ത് മാതാപിതാക്കളെ ഏറ്റവും ആശങ്കപ്പെടുത്തുന്നത് മക്കളുടെ വിവാഹമാണ്. കുടുംബം, സാമ്പത്തീകസ്ഥിതി, വിദ്യാഭ്യാസം, സൗന്ദര്യം, ജോലി, ശമ്പളം എന്നിവയെല്ലാം നോക്കി തീരുമാനിക്കുന്ന വിവാഹങ്ങൾ പലതും തകരുന്നു എന്നതാണ് ഈ ആശങ്കയ്ക്ക് കാരണം. മക്കൾ തനിയെ കണ്ടെത്തുന്നവയാകട്ടെ, ദിവസങ്ങൾ കൊണ്ടുതന്നെ വേർപിരിയുന്നു. 'യോഗ്യതകൾ' ഒന്നും അവരെ കുടുംബജീവിതത്തിന് പ്രാപ്തരാകുന്നതായി തോന്നുന്നില്ല.

കുടുംബജീവിതപാഠങ്ങൾ സ്കൂളിൽ സിലബസ്സിന്റെ ഭാഗമല്ല. ജോലിക്കാർ നല്ല കുടുംബജീവിതം നയിക്കണമെന്ന് ഇന്ന് തൊഴിൽ സ്ഥാപനത്തിനും നിർബന്ധമില്ല. പ്രകടനാത്മകയ്ക്ക് മുന്തിയ പരിഗണന നൽകുന്ന സമൂഹത്തിൽ യഥാർത്ഥ്യങ്ങൾ കാണാൻ മാതാപിതാക്കൾക്കോ കുട്ടികൾക്കോ കഴിയുന്നില്ല. ADIDAS ഷൂസും ഡിസൈനർ വസ്ത്രങ്ങളും ധരിച്ച ചെത്തുപയ്യൻ കുടുംബജീവിതത്തിലും Sporty ആയിരിക്കുമെന്ന് ഒരു പെൺകുട്ടി ധരിച്ചുപോകും!

യോജിച്ച വധുവിനെയും വരനെയും കണ്ടെത്തുന്നതിന് പരമ്പരാഗതമായ മാർഗ്ഗങ്ങൾ പരാജയപ്പെടുന്ന ഇക്കാലത്ത്, ശരിയായ തീരുമാനങ്ങൾ എടുക്കാൻ എങ്ങനെകഴിയും? കുട്ടികളെ കുടുംബജീവിതത്തിന് പ്രാപ്തരാക്കാൻ കുടുംബത്തിനും സഭയ്ക്കും എന്ത് ചെയ്യാൻ സാധിക്കും ?

–സുജ ജോൺ, ബാംഗ്ലൂർ

ഉത്തരം: ആനുകാലികവും അർത്ഥവത്തായതുമായ ഒരു പ്രശ്നമാണ് ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. ചോദ്യത്തിൽ തന്നെ ഉത്തരത്തിന്റെ ചില സൂചനകളുണ്ട്. അതായത് കുടുംബം, സാമ്പത്തിക സ്ഥിതി, വിദ്യാഭ്യാസം, സൗന്ദര്യം, ജോലി, ശമ്പളം ഇവയെല്ലാം നോക്കി തീരുമാനിക്കുന്ന വിവാഹങ്ങൾ തകരുന്നു എന്നു ചൂണ്ടിക്കാട്ടുമ്പോൾ കുടുംബജീവിതത്തിന് അടിസ്ഥാനമേകാൻ ഇതു മതിയായതല്ല എന്നു വ്യക്തമാക്കുന്നു. അതുപോലെ സ്കൂൾ പാഠ്യപദ്ധതികളിലും, തൊഴിൽ സ്ഥാപനങ്ങളിലും കുടുംബജീവിതത്തിന്റെ ഭദ്രതയെക്കുറിച്ച് കാര്യമായ ബോധവൽക്കരണമില്ല എന്ന നിരീക്ഷണവും ശ്രദ്ധേയമാണ്. ഇവിടെ കുറച്ചുകൂടി ആഴത്തിലുള്ള വിശകലനം ആവശ്യമായിരിക്കുന്നു. നമ്മുടെ സമൂഹം അടിമുടി ഭൗതികമായിരിക്കയാണ്. വിദ്യാഭ്യാസം അതിന്റെ പ്രധാനപ്പെട്ട ഏജന്റും. സമ്പത്തും പദവിയും നേടിയെടുക്കാൻ സഹായിക്കുന്ന ഉപാധിയാണ് ഇന്ന് വിദ്യാഭ്യാസം. ഈ ലക്ഷ്യം പ്രാപിക്കാൻ ദൈവത്തിന്റെ സഹായം കൂടി വേണമെന്നു ചിന്തിക്കുന്ന ചില ഭക്തന്മാർക്കു പള്ളിയും പട്ടക്കാരും പ്രാർത്ഥനയും ഒക്കെ അതിന്റെ മുഖാന്തരങ്ങളായി തീരുന്നു. അല്ലാതെ മനുഷ്യർ ദൈവികമായി രൂപാന്തരപ്പെടണമെന്നുള്ള താല്പര്യം ഫലത്തിൽ ഒരിടത്തും കാണപ്പെടുന്നില്ല, ഉന്നത ബിരുദവും പദവിയും കൂടെ സമ്പത്തും ഉണ്ടായാൽ ഒരാൾ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവനായി. അല്ലാതെ സൽസ്വഭാവികളായി സമൂഹത്തിൽ നന്മ ചെയ്ത് ഒതുങ്ങി ജീവിക്കുന്ന ആരും ഇന്നു ഭക്തന്മാരല്ല. കീഴ്മേൽ മറിഞ്ഞിരിക്കുന്ന ഈ മൂല്യച്യുതി കുടുംബങ്ങളെയെല്ലാം ബാധിച്ചിരിക്കുന്നു. "യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു" എന്ന് സങ്കീ. 127: 1 ൽ പ്രസ്താവിക്കുന്നു.



വിവാഹം 3 പേർ കൂടുന്ന ഒരു ഉടമ്പടിയാണ് എന്ന് ആർച്ച് ബിഷപ് ഫുൾട്ടൻ ജെഷീൻ പഠിപ്പിച്ചിട്ടുണ്ട്. ദൈവം, ഭാര്യ, ഭർത്താവ് ഇവരാണ് മൂന്നു പേർ. യാത്ര പുറപ്പെടുമ്പോൾ ഒരു നേരവും, യുദ്ധം ചെയ്യാൻ പോകുമ്പോൾ രണ്ടു പ്രാവശ്യവും, വിവാഹം കഴിക്കുവാൻ പോകുമ്പോൾ അനേക പ്രാവശ്യവും ദിവസത്തിൽ പ്രാർത്ഥിക്കണമെന്നാണ് റഷ്യൻ പഴമൊഴി. ഈ തരത്തിൽ പ്രാർത്ഥനയോടും ദൈവസാന്നിദ്ധ്യ ബോധത്തോടും കൂടി വിവാഹത്തിന് ഒരുങ്ങുന്നവർ എത്ര പേരുണ്ട്? തുണിക്കടയിലും സ്വർണ്ണക്കടയിലും ചെലവഴിക്കുന്ന സമയത്തിന്റെ എത്ര ശതമാനം പ്രാർത്ഥനയ്ക്കായി ചെവഴിക്കുന്നു! വിവാഹത്തിനു മുമ്പുള്ള കുമ്പസാരവും, കൗൺസലിങ്ങും എത്ര പേർ ഗൗരവമായിട്ടെടുക്കുന്നു? ആധുനിക വിദ്യാഭ്യാസം ലഭിച്ച യുവതലമുറയ്ക്കു ഭൗതികമായ നിലയിലെ വിവാഹത്തെ കാണാൻ കഴിവുള്ളു. എന്നാൽ മാതാപിതാക്കൾക്കെങ്കിലും അൽപം ആത്മീയമായ കാഴ്ചപ്പാട് വിവാഹത്തെക്കുറിച്ചും, കുടുംബത്തെക്കുറിച്ചും ഉണ്ടാകേണ്ടതല്ലേ? ഇളംതലമുറയെ ആത്മീയമായ ഒരു കാഴ്ചപ്പാടിലേക്കു നയിക്കാൻ മാതാപിതാക്കൾ പൊതുവേ പരാജയപ്പെടുന്നു. എങ്ങനെയും കുട്ടികൾക്ക് മുന്തിയ വിദ്യാഭ്യാസം പണംകൊടുത്ത് വാങ്ങിയാണെങ്കിലും നൽകിയാൽ ജീവിതം അതോടുകൂടി ശരിയായിക്കൊള്ളുമെന്നാണ് ഇന്നത്തെ മാതാപിതാക്കളുടെ ചിന്ത. ഇത് അവർ തിരുത്തേണ്ടിയിരിക്കുന്നു. മാതാപിതാക്കളെ ബോധവൽക്കരിക്കുവാൻ ഇടവകകളും സഭയും പ്രത്യേകമായ ശ്രദ്ധ കൊടുക്കേണ്ടിയിരിക്കുന്നു. വിവാഹശുശ്രൂഷ, കൂദാശയാണെന്നുള്ള ഗൗരവത്തോടെ നടത്തപ്പെടേണ്ടിയിരിക്കുന്നു. അവിടെ പ്രാർത്ഥിക്കുകയും, പാടുകയും ചെയ്യേണ്ടതുകൂടി വരുന്ന വിശ്വാസികളുടെ സമൂഹമായിരിക്കണം. 'വാടകയ്ക്ക്' എടുക്കപ്പെടുന്ന ഗായകസംഘങ്ങളുടെ കൃത്രിമമായ പാട്ടും പ്രാർത്ഥനയുമല്ല, കൂദാശയ്ക്ക് അകമ്പടിയാകേണ്ടത്. വിവാഹകൂദാശയുടെ ആത്മീയമായ നടത്തിപ്പും കുടുംബജീവിതത്തെക്കുറിച്ചുള്ള ക്രിസ്തീയമായ കാഴ്ചപ്പാടും മൂല്യബോധവും തലമുറയ്ക്കു പകർന്നുകൊടുക്കണം. ആത്മീയ, മാനസിക, ശാരീരിക തലങ്ങളിലുള്ള ഐക്യമാണ് ദമ്പതികൾ തമ്മിൽ ഉണ്ടാകേണ്ടത്. ദൈവത്തെ അർഹിക്കുന്ന സ്ഥാനത്ത് പ്രതിഷ്ഠിക്കുമ്പോൾ മാത്രമേ ഈ സമ്പൂർണ്ണമായ ഐക്യം ഉണ്ടാവുകയുള്ളു. അതു ദൈവത്തിനു മാത്രമേ നൽകാനാവൂ എന്ന് തിരിച്ചറിയുമ്പോഴേ നമ്മുടെ കുടുംബബന്ധങ്ങൾ പരിപാവനമാകുകയുള്ളു. അതിലേക്കു കുറുക്കുവഴികളൊന്നും ചൂണ്ടിക്കാട്ടാനുമില്ല. എന്നാലും ചില ചിന്തകൾ കുറിക്കട്ടെ.

1) മാതാപിതാക്കൾ മാതൃകയുള്ള ക്രിസ്തീയ ജീവിതം നയിക്കുക, പ്രാർത്ഥന, നോമ്പ്, ഉപവാസം, ആരാധനയിലുള്ള ക്രമമായിട്ടുള്ള പങ്കാളിത്തം എന്നിവയിൽ കുട്ടികൾക്കു മാതൃകയാവുക.
2) മനുഷ്യൻ ശാബതിനു വേണ്ടിയല്ല ശാബത് മനുഷ്യനു വേണ്ടിയാണ് എന്നുള്ള പ്രമാണങ്ങൾക്ക്, വിദ്യാഭ്യാസം, സമ്പത്ത്, ജോലി തുടങ്ങിയവയെല്ലാം നല്ല കുടുംബജീവിതത്തിനു വേണ്ടിയാണ് എന്നു ചെറുപ്പം മുതലേ കുട്ടികളെ പഠിപ്പിക്കുക.
3) സാമ്പത്തിക വളർച്ച വിവാഹബന്ധങ്ങളുടെ പ്രധാനതാൽപര്യവുമായി എടുക്കാതിരിക്കുക, സ്ത്രീധനം, വമ്പിച്ച ആഭരണശേഖരം ഇവയ്ക്കൊക്കെ വലിയ പ്രാധാന്യം നൽകാതിരിക്കുക.
4) വിവാഹ കൂദാശയ്ക്കായി മക്കളെ നന്നായി ഒരുക്കുക. വി. കുമ്പസാരം, പ്രീമാരിറ്റൽ കൗൺസലിങ് ഇവ ഗൗരവമായി നടത്തുക.
5) വിവാഹ കൂദാശയും ചടങ്ങുകളും ആഡംബരരഹിതമായി നടത്തുവാൻ ശ്രമിക്കുക. വിവാഹ സന്ദർഭങ്ങളിൽ മദ്യംകൊണ്ടുള്ള ആഘോഷം ക്രിസ്തീയ കുടുംബങ്ങളിൽ പരിപൂർണമായി ഒഴിവാക്കുക.
6) ഇടവകകളിൽ ക്രിസ്തീയ കുടുംബ ബോധവൽക്കരണ സെമിനാറുകൾ നിരന്തരമായി നടത്തുക.
7) ക്രിസ്തീയ കുടുംബങ്ങൾ ദശാംശം നൽകുന്നത് ശീലിക്കുക. സമസൃഷ്ടികളുടെ ദുഃഖങ്ങളിൽ പങ്കുചേരുവാൻ ബോധപൂർവ്വം ശ്രമിക്കുകയും ചെയ്യുക. ഈ വക കാര്യങ്ങളിൽ സഭയാകമാനം കാര്യമായ പ്രബോധനം നൽകുക.

> ആധുനിക വിദ്യാഭ്യാസം ലഭിച്ച യുവതലമുറയ്ക്കു ഭൗതികമായ നിലയിലെ വിവാഹത്തെ കാണാൻ കഴിവുള്ളു

'ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും, അവന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം' എന്നപോലെ എല്ലാം നേടിയാലും കുടുംബജീവിതം പരാജയമായാൽ ജീവിതം പരാജയമായി എന്നു വളരുന്ന തലമുറയെ ശക്തമായി പഠിപ്പിക്കേണ്ടിയിരിക്കുന്നു.

GM

ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരായിരുന്നു

■ ഫാ. ഡോ. ഒ. തോമസ്

സഖറിയായേയും എലിശുബായേയും പരാമർശിച്ച് വി. ലൂക്കോസ് 1-ാം അദ്ധ്യായ 6-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതാണ് ഇത്. കുട്ടികളിൽ പെരുമാറ്റ വൈകൃതങ്ങൾ വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഭവനവും സാമൂഹിക ചുറ്റുപാടുകളുമാണ് വ്യക്തിത്വം രൂപപ്പെടുത്തുന്നതിലെ പ്രധാനഘടകങ്ങൾ. മുൻപൊക്കെ ഈ രണ്ടു മേഖലകളിൽ നിന്നും ലഭിച്ചിരുന്ന സന്ദേശങ്ങൾക്ക് സാധർമ്മ്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് അത് നഷ്ടമായിരിക്കുന്നു. സമൂഹത്തിന്റെ സ്ഥാനം ഇന്ന് ടി.വി. സിനിമ, സീരിയലുകൾ തുടങ്ങിയ മാധ്യമങ്ങൾക്കു കൊടുത്തിരിക്കുകയാണ്. വൈവിദ്ധ്യങ്ങളിലാണ് മാധ്യമങ്ങളുടെ നിലനില്പ്. ഇതേ ഇതിവൃത്തം ആവർത്തിച്ചാൽ പ്രേക്ഷകർ നിരാശരായി പോകുമല്ലോ. അതിനാൽ നിരന്തരം ഇതിവൃത്തങ്ങൾ മാറ്റുവാൻ മാധ്യമ സൃഷ്ടാക്കൾ നിർബന്ധിതരാകുന്നു. ഒരിടത്ത് ആക്രമം അപലപിക്കപ്പെടുമ്പോൾ മറ്റൊരിടത്ത് അത് ആവശ്യമായിത്തീരുന്നു. മൂല്യങ്ങളുടെ താളം തെറ്റൽ എല്ലാവരെയും പ്രത്യേകിച്ച് കുട്ടികളെയും വളരെ സ്വാധീനിക്കുന്നു. നന്മ തിന്മകളെക്കുറിച്ചുള്ള വേർതിരിവിനെ ആപേക്ഷികമായി മാത്രമേ ഇന്നത്തെ തലമുറയ്ക്ക് കാണാനാവുന്നുള്ളു. ഈ സന്ദേഹത്തിൽ നിന്നു അവരെ രക്ഷപ്പെടുത്തേണ്ടത് മാതാപിതാക്കളാണ്. എന്നാൽ അവിടെയും ഐക്യരൂപം ദർശിക്കാനാവുന്നില്ല. കർത്താവിന്റെ മുന്നോടിയായ വി. യോഹന്നാന്റെ പ്രവാചകദൗത്യം കരുപ്പിടിപ്പിക്കാൻ മാതാപിതാക്കൾ ഒരുമിച്ച് പ്രേരണ ചെലുത്തിയിരിക്കണം. പിതാവും മാതാവും വ്യത്യസ്തമായ ദൗത്യബോധം മകനിൽ സൃഷ്ടിച്ചിരുന്നുവെങ്കിൽ ജീവൻ ബലികഴിക്കാൻ ഇടയാവുന്ന സാഹചര്യം വി. യോഹന്നാൻ ഒഴിവാക്കുമായിരുന്നു. വളരുന്ന തലമുറയ്ക്ക് ദിശാബോധവും ഉറച്ചമൂല്യവും നൽകുവാൻ മാതാപിതാക്കളെങ്കിലും ജീവിതവീക്ഷണത്തിൽ സാധർമ്മ്യം പുലർത്തേണ്ടിയിരിക്കുന്നു. പ്രകടമായ അന്തരങ്ങൾ കാണപ്പെടുന്ന ചില കാര്യങ്ങളിലേക്ക് വിരൽചൂണ്ടട്ടെ.

വിപരീത ധ്രുവങ്ങളിലായി ഭാര്യ-ഭർത്താക്കന്മാർ നിലകൊള്ളുമ്പോൾ...

1) പിതാവ് മദ്യപാനി, അമ്മ ദൈവഭക്ത

ചില വീടുകളിലെങ്കിലും ഈ അവസ്ഥാവിശേഷം നിലനിൽക്കുന്നുണ്ട്. പിതാവിന്റെ മദ്യപാനം കൊണ്ട് പൊറുതിമുട്ടിയ വീട്ടമ്മ അല്പം ആശ്വാസം കണ്ടെത്തുന്നത് ഭക്തിജീവിതത്തിലാണ്. പിതാവിന്റെ വഴിക്ക് നീങ്ങാതിരിക്കാൻ കുട്ടികൾ കൂടുതൽ ആത്മീയരായിരിക്കണമെന്ന്, ഈ വീട്ടമ്മ കുട്ടികളിൽ നിർബന്ധം ചെലുത്തുന്നു. പിതാവിന്റെ മദ്യപാനം കുട്ടികൾക്ക് ശാരീരിക, മാനസിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുപോലെ അമ്മയുടെ ക്രമംതെറ്റിയ ഭക്തിജീവിതം കുട്ടികളിൽ മറ്റൊരു തരത്തിൽ വീർപ്പുമുട്ടലുണ്ടാക്കുന്നു. പിതാവിന്റെ കുത്തഴിഞ്ഞ ജീവിതം സൃഷ്ടിക്കുന്ന മാനസിക സംഘർഷങ്ങളിൽ നിന്ന് അമ്മ അല്പമെങ്കിലും ആശ്വാസം പ്രാപിക്കുന്നത് ഈ ഭക്തിജീവിതത്തിലാണെന്ന് മനസ്സിലാക്കുവാനുള്ള പ്രാപ്തി കുഞ്ഞുങ്ങൾക്ക് ആദ്യം ഉണ്ടാകുന്നില്ല. കുഞ്ഞുങ്ങളുടെ കൊച്ചുകൊച്ചു ഉല്ലാസങ്ങൾക്കും, സന്തോഷങ്ങൾക്കും ഇടമില്ലാതെ അമ്മയുടെ ഭക്തി കുട്ടികളിൽ ആത്മീയതയോട് വിരസത സൃഷ്ടിക്കാൻ സാദ്ധ്യതയുണ്ട്. ഭക്തിജീവിതത്തിലായ ഈ അമ്മ കുട്ടികളെ കൂടെകൂടെ ശാസിക്കാനും വഴിയുണ്ട്. ഭർത്താവിനോടുള്ള വിദ്വേഷം പോലും ശാസനാരൂപത്തിൽ കുട്ടികളുടെമേൽ പതിക്കും. ഫലത്തിൽ കുട്ടികൾക്ക് ആരും സ്നേഹമോ സുരക്ഷിതത്വമോ നല്കുന്നില്ല. ഇത് അവരുടെ വ്യക്തിത്വത്തെ വികലമാക്കുന്നു.

2) വിശ്വാസകാര്യങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലുമുള്ള അന്തരം.

വ്യത്യസ്ത സാഹചര്യങ്ങളിലും, സഭാപാരമ്പര്യങ്ങളിലും വളർത്തപ്പെട്ട ദമ്പതികൾ കുട്ടികളുടെ മുമ്പിലും ഈ അന്തരം നിലനിർത്തിക്കൊണ്ട് ജീവിക്കുന്നുണ്ട്. വിശ്വാസകാര്യങ്ങളിലും, ആചാരാനുഷ്ഠാനങ്ങളിലും കുട്ടികളിൽ ഇത് സന്ദേഹം ജനിപ്പിക്കുന്നു. ഈ കാര്യത്തിൽ പരസ്പരം വാദപ്രതിവാദം നടത്തുന്ന ദമ്പതികളും വിരളമല്ല. അതും കുട്ടികൾക്ക് ദോഷം ചെയ്യും. രണ്ടു പാരമ്പര്യങ്ങളിലെ നന്മയെ സമന്വയിപ്പിച്ചു കുട്ടികൾക്ക് നൽകിയാൽ അത് വളരെ സദ്ഫലം ഉണ്ടാക്കും . ഉദാഹരണമായിപ്പറഞ്ഞാൽ ഓർത്തഡോക്സ് മാർത്തോമ്മാ സഭകളിൽ നിന്നുള്ള കൂടിച്ചേരൽ വളരെ സാധാരണമായ ഒന്നാണ്. ഇവിടെ ഓർത്തഡോക്സ് പാരമ്പര്യത്തിലെ ആരാധന, കൂദാശകൾ, നോമ്പ്, ഉപവാസം തുടങ്ങിയവയിലെ നിഷ്ഠകളും നവീകരണ പാരമ്പര്യത്തിലെ ദൈവവചനത്തോടും സുവിശേഷ വചനത്തോടുമുള്ള പ്രതിബദ്ധതയും സമന്വയിപ്പിച്ചാൽ ആരോഗ്യകരമായ ഒരു ആദ്ധ്യാത്മീകത തലമുറയ്ക്ക് കൈമാറാനാകും. നേരെമറിച്ച് ദമ്പതികൾ അവരുടെ പാരമ്പര്യത്തെ മുറുകെപ്പിടിച്ച് മറ്റതിനെ പുച്ഛിക്കുന്ന നിലവാരത്തിലെത്തിയാൽ കൂടുതൽ ദോഷമുണ്ടാക്കുന്നത് കുട്ടികളുടെ വ്യക്തിത്വ വളർച്ചയിലാണ്.

3) യഥാസ്ഥിതികയും ഉല്പതിഷ്ണതയും

ദമ്പതികളിൽ ഒരാൾ തികഞ്ഞ യഥാസ്ഥിതികത്വവും മറ്റൊരാൾ കടുത്ത പുരോഗമനചിന്തകളും പുലർത്തിയാൽ അതു കുട്ടികളിൽ ജീവിതവീക്ഷണത്തെക്കുറിച്ച് സന്ദേഹം ജനിപ്പിക്കാൻ വഴിയുണ്ട്. പങ്കാളിയേക്കാൾ അവരവരുടെ ആദർശങ്ങൾ മുറുകെപിടിച്ച് മാനസികമായി അകന്നുപോകുന്ന ദമ്പതികളും ഉണ്ട്. ദാമ്പത്യത്തിൽ പരസ്പരം ഉള്ള സ്നേഹത്തേക്കാൾ ഉപരിയായി ആദർശങ്ങളെ സ്നേഹിച്ചാൽ അവ എത്ര ഉദാത്തമാണെങ്കിൽപ്പോലും വിപരീതഫലമേ ഉണ്ടാകു. ലോകത്തിന്റെ അംഗീകാരം നേടുന്ന പലരും കുടുംബജീവിതത്തിൽ പരാജയപ്പെടുന്നത് ഈ ആദർശനിഷ്ഠമൂലമാണ്. ആദർശങ്ങളെ ബലി കഴിക്കണമെന്നല്ല ഈ പറയുന്നതിനർത്ഥം, മറിച്ച് ആദർശങ്ങളെയെന്നപോലെയോ, അതിലധികമായോ പങ്കാളിയെ സ്നേഹിക്കാൻ കഴിയണം. ആ സ്നേഹം പങ്കിട്ടാൽ ഋജുവായ പാത ഒരുക്കാനാവും. ഇന്നലെകളിലെ കുറെ നന്മയെ നിലനിർത്താൻ യഥാസ്ഥിതികത്വവും, നല്ല നാളെയിലേക്ക് കുതിക്കുവാൻ പുരോഗമനചിന്തകളും കൂടിയേ തീരൂ. ഇവയെ തമ്മിൽ ആരോഗ്യകരമായി സമന്വയിപ്പിക്കുന്നതിനാലാണ് ദമ്പതികൾ വിജയിക്കുന്നത്. ഇതുമൂലം കുട്ടികൾക്കു ജീവിതത്തെപ്പറ്റി നല്ല അടിത്തറ ലഭിക്കാൻ ഇടയാകുന്നു.

4. സമൂഹത്തോടുള്ള മനോഭാവം

കാൾയുഗ് എന്ന മന:ശാസ്ത്രജ്ഞൻ വ്യക്തികളെ രണ്ടു ഗ്രൂപ്പായി തരംതിരിച്ചിരിക്കുന്നു. അന്തർമുഖികളെന്നും, ബഹിർമുഖികളെന്നും. അന്തർമുഖത്വമുള്ളവർ സമൂഹത്തോട് അധിക-അടുപ്പം കാണിക്കാത്തവരാണ്. ബഹിർമുഖികൾ നേരേതിരിച്ചും. രണ്ടിനും അതാതിന്റെ ഗുണവും ദോഷവുമുണ്ട്. എന്നാൽ തികച്ചു വിപരീതമായ ധ്രുവങ്ങളിലായി ഭാര്യ-ഭർത്താക്കന്മാർ നിലകൊണ്ടാൽ അത് അവരുടെ ബന്ധത്തെയും ആളത്വവളർച്ചയെയും വിപരീതമായി ബാധിക്കും. ഒരേ വീട്ടിലെ കുട്ടികളിൽ തന്നെ ചിലർ സാമൂഹ്യ ഇടപെടലുകൾക്ക് സമർത്ഥരും മറ്റു ചിലർ പിന്നോക്കവുമായിപ്പോകുന്നതിന്റെ പിമ്പിൽ ഭിന്നരായ മാതാപിതാക്കളുടെ സ്വാധീനം കാണുവാൻ ഇടയുണ്ട്. തങ്ങൾ വളർത്തിക്കൊണ്ടുവന്ന ആളത്വം പൂർണ്ണമായും മാറ്റിയെടുക്കാൻ ദമ്പതികൾക്ക് സാധിച്ചില്ലെങ്കിൽ കൂടി, വൈരുദ്ധ്യമായ സന്ദേശം കുട്ടികൾക്ക് ലഭിക്കാത്ത വിധം ആരോഗ്യകരമായ ഒരു സമന്വയം ഇവിടെയും ആവശ്യമായിരിക്കുന്നു.



5) പണം ചെലവഴിക്കുന്നതിലുള്ള വ്യത്യസ്ത മനോഭാവം

കടം വാങ്ങിച്ചും ധൂർത്തുകാട്ടാൻ ശ്രമിക്കുന്ന ഭാര്യയും, അത്യാവശ്യത്തിനു പോലും ലുബ്ധു കാണിക്കുന്ന ഭർത്താവും കുട്ടികൾക്ക് മാതൃകയാവുന്നില്ല. പണം, ബുദ്ധിയോടും ക്രിസ്തീയ കാര്യവിചാരകത്വബോധത്തോടും ചിലവ

ഴിക്കാൻ കുട്ടികൾ പഠിക്കേണ്ടതാണ്. ഈ കാര്യത്തിൽ നല്ല പരിശീലനം കുടുംബത്തിൽ നിന്ന് ലഭിക്കേണ്ടിയിരിക്കുന്നു. ഇവിടെയും മാതാപിതാക്കൾ പരാജയപ്പെടുന്നതായിട്ടാണ് കാണുന്നത്. അത്യാവശ്യം, ആവശ്യം, അനാവശ്യം എന്ന നിലയിൽ കാര്യങ്ങളെ അവരവരുടെ പശ്ചാത്തലത്തിൽ വേർതിരിച്ച് കാണുകയും, ആ തരത്തിൽ പണം ചെലവഴിക്കുകയും ചെയ്താൽ അതു കുട്ടികൾക്ക് നല്ല മാതൃകയായിത്തീരും. പ്രയാസപ്പെടുന്നവരെ സഹായിക്കുവാനും സമ്പാദ്യത്തിനു വരുമാനത്തിന്റെ ഒരംശം നീക്കിവയ്ക്കുന്നതിൽകൂടി കുട്ടികൾ ജീവിതത്തിൽ ഉദാത്തമായ പല പാഠങ്ങളും ഉൾക്കൊള്ളാൻ ഇടയാവുന്നു. പണം ചെലവഴിക്കുന്നതിൽ ഭാര്യാ-ഭർത്താക്കന്മാർ കൂട്ടായി ചിന്തിച്ച് തീരുമാനിക്കുന്നതാണ് ഉചിതം.

6) സ്വന്തം കുടുംബത്തോട് മാത്രമുള്ള ഒട്ടിച്ചേരൽ

ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ കുടുംബാംഗങ്ങളോട് മാത്രം ഒട്ടിനിൽക്കുന്ന പ്രവണത ചില കുടുംബങ്ങളിൽ കാണാറുണ്ട്. ഈ രീതിയിൽ ദമ്പതികൾ പരിചയിക്കുകയും അതിന്റെ പേരിൽ പ്രശ്നങ്ങൾ കൂടാതെ കഴിഞ്ഞുപോകുവാനും ചിലർക്ക് സാധിച്ചിരിക്കാം. എന്നാൽ ഇവിടെയും കുട്ടികൾ ചിന്താക്കുഴപ്പത്തിലാകുന്നു. അമ്മയുടെ വീട്ടുകാരോട് അടുക്കുവാൻ അമ്മയും പിതാവിന്റെ കുടുംബത്തോട് അടുക്കാൻ പിതാവും നിർബന്ധിക്കുന്ന സാഹചര്യത്തിൽ കുട്ടികൾ അവസരോചിതമായി പെരുമാറാനല്ലാതെ സ്ഥായിയായ ഉറച്ച ബന്ധങ്ങൾ സൃഷ്ടിക്കുവാൻ പരാജയപ്പെടുന്നു. അച്ഛനെയും അമ്മയേയും പ്രീതിപ്പെടുത്താനുള്ള താല്പര്യമല്ലാതെ ഉത്തമമായ കുടുംബബന്ധങ്ങൾ വളർത്തിക്കൊണ്ടുവരാൻ ഇവർക്കാവില്ല. ദമ്പതികൾ രണ്ടു കുടുംബങ്ങളോടും ഒരുപോലെ പ്രതിപത്തി കാട്ടുന്നതാണ് കുട്ടികൾക്ക് മാതൃകയായിത്തീരുന്നത്.

7) പ്രതീക്ഷകളെ കുറിച്ചുള്ള അന്തരം

ബിസിനസ്സുകാരനായ അപ്പൻ, മകൻ ബിസിനസ്സുകാരനാകണമെന്ന് ആഗ്രഹിക്കുന്നു. ഒരു ബിസിനസ്സുകാരന്റെ കൂടെ ജീവിച്ചതിലെ വൈഷമ്യം അനുഭവിച്ച ഭാര്യ തന്റെ മക്കൾ ആരും ആ മേഖലയിലേക്ക് തിരിയരുതെന്ന് ചിന്തിക്കുന്നു. ഇവിടെയും വ്യത്യസ്തമായ സന്ദേശങ്ങൾ മക്കൾക്ക് ലഭിക്കുന്നത്. ഏത് തെരഞ്ഞെടുക്കണമെന്നതിനെക്കുറിച്ച് അവർക്ക് വൈഷമ്യം ഉണ്ടാകുന്നു. പഠിത്തത്തോടു ഇവിടെ വ്യത്യസ്ത മനോഭാവമുണ്ടാകാനാണ് സാദ്ധ്യത. ബിസിനസ്സ് ഇഷ്ടപ്പെടുന്ന പിതാവ് എഴുത്തും വായനയും കണക്കുകൂട്ടാനും ബിസിനസ്സിന്റെ എല്ലാ വശങ്ങളും മക്കൾക്ക് മനസ്സിലാക്കി കൊടുക്കാനേ താല്പര്യപ്പെടുന്നുള്ളൂ. ഉയർന്ന റാങ്കും മാർക്കുമൊന്നും അവർക്ക് പ്രശ്നമല്ല. നേരെമറിച്ച് അമ്മയ്ക്ക് ഉയർന്ന മാർക്കും റാങ്കും മറ്റു ജീവിതോപാധികൾ സ്വീകരിക്കാൻ മക്കൾക്ക് അത്യാവശ്യമുള്ളതായി കാണുന്നു. പഠിത്തത്തെക്കുറിച്ച് വ്യത്യസ്ത ചിന്താഗതികൾ മാതാപിതാക്കൾ പുലർത്തുമ്പോൾ കുട്ടികളുടെ വിദ്യാഭ്യാസം എങ്ങും ചെന്നെത്തുന്നില്ല. കുട്ടികളുടെ അഭിരുചിയ്ക്കനുസരിച്ച് പഠിക്കാൻ അവരെ അനുവദിക്കുന്നതാണ് നല്ലത്. മാതാപിതാക്കളുടെ ഭിന്നാഭിലാഷങ്ങൾ അവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കരുത്.

'ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരായിരുന്നു' എന്ന ചിന്തയ്ക്ക് ഇപ്രകാരം വ്യത്യസ്തവും വ്യാപകവുമായ മാനങ്ങളുണ്ട്. കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് മാതാപിതാക്കളുടെ ഏകരൂപത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമാണ്. അല്ലാഞ്ഞാൽ കുട്ടികളുടെ ആളത്വത്തിൽ വൈകല്യങ്ങൾ വന്നുചേരാം. സഖറിയാവിന്റെയും എലിശുബായുടെയും ജീവിതത്തിൽ കൂടി ഈ വസ്തുതയാണ് വെളിപ്പെടുത്തിയിരിക്കുന്നത്.

GM

സുറിയാനി ക്രിസ്ത്യാനികളുടെ ബ്രാഹ്മണ പാരമ്പര്യം

സുറിയാനി ക്രിസ്ത്യാനികളുടെ ബ്രാഹ്മണ പാരമ്പര്യം നിഷേധിക്കുന്നവർ മുഖ്യമായും ചൂണ്ടിക്കാണിക്കുന്നത് തോമാശ്ലീഹായുടെ ആഗമനകാലത്ത് ഇവിടെ ബ്രാഹ്മണർ ഇല്ലായിരുന്നു എന്നാണ്. കേരളചരിത്ര പണ്ഡിതനായ പത്മഭൂഷൺ പ്രൊഫ. എ. ശ്രീധരമേനോൻ ബി.സി. മൂന്നാം നൂറ്റാണ്ടിൽത്തന്നെ കേരളത്തിൽ ബ്രാഹ്മണർ ഉണ്ടായിരുന്നതായി സമർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധകൃതിയായ കേരളചരിത്രത്തിൽനിന്ന് തെരഞ്ഞെടുത്ത ഭാഗം ഇവിടെ ഉദ്ധരിക്കുന്നു.

വൈദികബ്രാഹ്മണർ മലബാറിലെത്തിയത് എ.ഡി. 8-ാം ശതകത്തിന്റെ ആദ്യവർഷങ്ങളിലാണെന്നും തുളുനാട്ടിൽനിന്നു കടൽത്തീരം വഴിയാണ് അവർ വന്നതെന്നും ലോഗൻ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിന്റെ നോട്ടത്തിൽ, ആര്യന്മാർ ഏ.ഡി. 605-നു മുൻപ് തെക്കോട്ടു വന്നിരുന്നില്ല. ലോഗൻ പറയുന്ന കാലഘട്ടത്തിൽ തെക്കൻ കർണ്ണാടക പ്രദേശത്തുനിന്നു കേരളത്തിലേക്കു വലിയതോതിൽ ബ്രാഹ്മണർ കുടിയേറിപ്പാർക്കുകയുണ്ടായെങ്കിലും എ.ഡി. 8-ാം ശതകത്തിനു മുൻപുള്ള ഘട്ടങ്ങളിൽ ബ്രാഹ്മണർ കേരളത്തിലേക്കു വന്നിരുന്നില്ല എന്ന അദ്ദേഹത്തിന്റെ വാദം അസാധുവാണ്. ബി.സി. 1000-ത്തിനടുത്തുതന്നെ ഡക്കാണിലും തെക്കേ ഇന്ത്യയിലും ആര്യാതിപ്രസരം ആരംഭിച്ചുകഴിഞ്ഞുവെന്നും ദക്ഷിണേന്ത്യൻ രാജ്യങ്ങളെക്കുറിച്ചു പരാമർശിക്കുന്ന വ്യാകരണകാരനായ കാത്ത്യായനന്റെ കാലത്ത് (ബി.സി. 1-ാം ശതകം) അത് ഒരു നിർണ്ണായക കാലഘട്ടത്തിലെത്തിയെന്നുമാണ് പണ്ഡിതന്മാരുടെ പൊതുവെയുള്ള അഭിപ്രായം. ക്രിസ്തുവർഷത്തിന്റെ ആദ്യശതകങ്ങളിൽ ആര്യന്മാരുടെ സ്വാധീനശക്തി കേരളീയ സാമൂഹിക ജീവിതത്തിൽ പ്രവർത്തിച്ചിരുന്നു എന്നതിന് സംഘസാഹിത്യത്തിൽ തെളിവുകളുണ്ട്. സമുന്നതന്മാരായ സംഘകാലകവികളിൽ ചിലർ ഇവിടെയുള്ള ബ്രാഹ്മണരായിരുന്നു. അവരെ ചേരരാജാക്കന്മാർ ഔദാര്യപൂർവ്വം പ്രോത്സാഹിപ്പിച്ചുമിരുന്നു. നാലുവേദങ്ങളിലും നിപുണരായ ബ്രാഹ്മണരെക്കുറിച്ച് പതിറ്റുപ്പത്തിൽ പറയുന്നുണ്ടല്ലോ. ചേരരാജാക്കന്മാരുടെ നേതൃത്വത്തിൽ ബ്രാഹ്മണപുരോഹിതന്മാർ വേദവിധിപ്രകാരമുള്ള യാഗാദികർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നു. പെരുംചേരൽ ഉരുമ്പൊറൈ എന്ന ചേരരാജാവ് വിദ്വാന്മാരായ ബ്രാഹ്മണരുടെ വേദവ്യാഖ്യാനങ്ങൾ സശ്രദ്ധം ചെവിക്കൊള്ളുകയും വേദോക്തികൾക്കനുസൃതമായി പ്രവർത്തിക്കുകയും ചെയ്തു. ഇങ്ങനെ ക്രിസ്ത്വബ്ധത്തിന്റെ ആദ്യശതകങ്ങളിൽ ആര്യന്മാരുടെ ആശയങ്ങളും ആചാരങ്ങളും കേരളത്തിലേക്കു നുഴഞ്ഞുകയറിയിരുന്നു എന്നതിന് സംഘകാലകൃതികൾ സാക്ഷ്യം വഹിക്കുന്നു.

ജൈനരെയും ബൗദ്ധരെയും പിന്തുടർന്ന് ബി.സി. 3-ാം ശതകത്തിൽത്തന്നെ ആര്യന്മാർ കേരളത്തിൽ വന്നതായി സങ്കൽപിക്കാം. ഗംഗാനദീതടത്തിൽ വളർന്ന് വികസിച്ച് ഭൗതികസംസ്കാരം ഡക്കാനിലും ദക്ഷിണേന്ത്യയിലും പ്രചരിപ്പിക്കാൻ ബോധപൂർവ്വമായ ശ്രമം നടന്നിരുന്ന മൗര്യകാലഘട്ടമായിരുന്നു ഇതെന്നോർക്കണം. സർദാർ കെ.എം. പണിക്കരുടെ അഭിപ്രായത്തിൽ, കേരളത്തിലേക്കു വന്ന ആര്യന്മാർക്ക്, 'ചിട്ടയില്ലാത്ത ദേശാന്തരഗമനത്തിന്റെ ഫലമായുണ്ടാകാൻ തരമില്ലാത്തതും വിശദവീക്ഷണത്തോടെ തയ്യാറാക്കിയതുമായ ഒരു പദ്ധതി ഉണ്ടായിരുന്നതായി, അവരുടെ ഭൂമിശാസ്ത്രാനുസൃതമായ ജനവിന്ന്യാസവും സമുദായസംവിധാനവും സവിശേഷാചാരങ്ങളും വെളിപ്പെടുത്തുന്നു.' ഉത്തരേന്ത്യാചരിത്രത്തിലെ ഗുപ്തകാലഘട്ടത്തോടു ഭാഗികമായൊത്തുവരുന്ന സംഘകാലത്ത് ബ്രാഹ്മണരുടെ കേരളത്തിലേക്കുള്ള വരവ് ചെറിയതോതിൽ നിരന്തരം തുടർന്നുകൊണ്ടിരുന്നു. കടമ്പരാജാവായ മയൂരശർമ്മനും (എ.ഡി. 345-370) അദ്ദേഹത്തിന്റെ പുത്രൻ ചന്ദ്രാംഗനും ബ്രാഹ്മണരുടെ വലിയ സംഘങ്ങളെ ക്ഷണിച്ച് കേരളത്തിലും തുളുനാട്ടിലും കുടിയിരുത്തിയതായി പറയപ്പെടുന്നുണ്ട്. അതുപോലുള്ള ഒട്ടേറെ സംഘങ്ങൾ സംഘാനന്തരകാലത്ത് കേരളത്തിൽ വന്നിട്ടുണ്ടാവണം. ആറും ഏഴും ശതകങ്ങളിൽ ചാലുക്യർക്കും പല്ലവർക്കും രാഷ്ട്രകൂടർക്കും കേരളത്തിലുണ്ടായ പ്രാബല്യം ഈ ആര്യാധിനിവേശത്തെ ത്വരിപ്പിച്ചു എന്നുവേണം വിചാരിക്കാൻ. വൈഷ്ണവരായിരുന്ന പടിഞ്ഞാറേ ചാലൂക്യർ ഒട്ടേറെ ബ്രാഹ്മണസംഘങ്ങളെ കേരളത്തിലേക്കയയ്ക്കുകയും ഇവിടെ താമസിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ടാവണം. നമ്പൂതിരിമാരിലെ പന്നിയൂർ കൂറ്റുകാർ വൈഷ്ണവരായ ചാലൂക്യന്മാരുടെയും ചൊവ്വരഗ്രാമക്കാർ ശൈവമതാനുയായികളായ രാഷ്ട്രകൂടരുടെയും പ്രോത്സാഹനത്തിൽ കേരളത്തിലേക്കു വന്നവരാണ് എന്നൊരഭിപ്രായമുണ്ട്. കേരളവും പല്ലവരാജ്യവും തമ്മിൽ നിലനിന്ന സാംസ്കാരികമായ അടുത്ത ബന്ധത്തിനും തെളിവുകൾ ഇല്ലാതില്ല. മഹേന്ദ്രവർമ്മൻ ഒന്നാമന്റെ (580-630) 'മത്തവിലാസപ്രഹസനം' കേരളത്തിലെ ചാക്യാന്മാർക്ക് ഏറ്റവും ഇഷ്ടപ്പെട്ട കൃതികളിൽ ഒന്നാണ്. കാഞ്ചീപുരക്കാരനായ ദണ്ഡിയുടെ 'അവന്തിസുന്ദരീകഥാസാരം' കേരളത്തെക്കുറിച്ചുള്ള സൂക്ഷ്മവിവരങ്ങൾ ഉൾക്കൊള്ളുന്നതിനു പുറമേ, അതിൽ കേരളക്കരയിലെ രണ്ട് ബ്രാഹ്മണപണ്ഡിതന്മാരുടെ പേരുകൾ എടുത്തുപറയുകയും ചെയ്യുന്നുണ്ട്.


എ.ഡി. 8-ാം ശതകത്തിൽ വെളിയിൽനിന്ന് ഒരു വലിയസംഘം ബ്രാഹ്മണർ വന്നുചേരുകയും നേരത്തേതന്നെ ഇവിടെയുണ്ടായിരുന്ന ബ്രാഹ്മണ്യശക്തിക്ക് അങ്ങനെ കരുത്തു വർദ്ധിക്കുകയും ചെയ്തപ്പോൾ കേരളത്തിലെ ആര്യാധിനിവേശം അതിന്റെ പരകോടിയിലെത്തി.

GM

(കേരളചരിത്രം, ഡി.സി. ബുക്സ്)

ആധ്യാത്മീകതയുടെ പാഠങ്ങൾ; ഹൃദയപകർച്ചയുടെയും

▪ പോൾ മണലിൽ



ആധ്യാത്മികതയുടെ ഉദാത്തഭാവങ്ങളെ ആവിഷ്കരിക്കുന്ന പഠനങ്ങളുടെ സമാഹാരമാണ് ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് എഴുതിയ 'ഹൃദയം പകരുന്ന ആത്മീയത'. സന്ന്യാസജീവിതത്തിന്റെ അനുഭൂതികളും അധ്യാപനത്തിന്റെ അനുഭവങ്ങളും പരിസ്ഥിതിദർശനത്തിന്റെ ആധികാരികതയും വേദശാസ്ത്രപാണ്ഡിത്യത്തിന്റെ സമീപനങ്ങളും സമന്വയിക്കുന്ന ഈ കൃതി വേദപുസ്തകത്തിലെ സവിശേഷ സന്ദർഭങ്ങളിൽ ഊന്നി നിന്നുകൊണ്ട്, അതിൽ തെളിയുന്ന കാലസൂചനകളെ അനാവരണം ചെയ്യുന്നു. സമകാലിക ജീവിതത്തെ നിരീക്ഷിച്ചുകൊണ്ട്, ജീവിതത്തിന്റെ സമസ്യകളിൽ നിന്ന് മോചനം നേടാനുള്ള ഉൾക്കാഴ്ച പകരുന്നു, ഈ കൃതിയിൽ ഡോ. ജോസഫ് മാർ ദീവന്നാസിയോസ്. മനുഷ്യസ്വഭാവത്തിന്റെ ഭാവങ്ങളിൽ ഒന്നായ ആധ്യാത്മികത ക്രൈസ്തവ ആധ്യാത്മികതയുടെ വൈവിധ്യവീക്ഷണങ്ങളിൽ കൂടി കാണാൻ ശ്രമിക്കുകയാണ് ഗ്രന്ഥകാരൻ.




ദൈവശാസ്ത്രപരമായ ആധ്യാത്മികത, നവീകരണങ്ങളുടെ വ്യക്തിഗത ആധ്യാത്മികത, തത്ത്വങ്ങളിലും ചടങ്ങുകളിലും ഉള്ള ആധ്യാത്മികത, വിമോചനദൈവശാസ്ത്രവുമായി ബന്ധപ്പെട്ട ആധ്യാത്മികത, പരിസ്ഥിതിയുടെ ആധ്യാത്മികത, പൗരസ്ത്യ ആധ്യാത്മികത, കരിസ്മാറ്റിക് ആധ്യാത്മികത എന്നിങ്ങനെ ആഴവും പരപ്പും ഉള്ള ആധ്യാത്മികതകളുടെ കേവല പാഠങ്ങളല്ല ഈ പുസ്തകത്തിൽ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് അവതരിപ്പിക്കുന്നത്. ആധ്യാത്മികതയുടെ ഈ വൈവിധ്യങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന ക്രിസ്തീയ രക്ഷാദർശനവും വീണ്ടെടുപ്പിന്റെ അനുഭവവും സമഗ്രമായി അവതരിപ്പിക്കുന്ന ക്രൈസ്തവ ആധ്യാത്മികതയുടെ പാഠങ്ങളാണ് ഈ പുസ്തകത്തിന്റെ കാതൽ.

വചനത്തിന്റെ പഠനത്തിലൂടെയും ധ്യാനത്തിലൂടെയും വിശുദ്ധിയുടെ തലങ്ങളിലേക്ക് കടന്നുചെല്ലാൻ ഇതിലെ പഠനങ്ങൾ ആഹ്വാനം ചെയ്യുന്നു. തിരുവചനത്തിന്റെ പ്രകാശം പങ്കിടുന്ന മുപ്പത്തിമൂന്ന് പഠനങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. തിരുവചനം പകരുന്ന വെളിച്ചത്തെ ഹൃദയം പകരുന്ന ആധ്യാത്മികതയെന്നാണ് ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നത്. ഈ അനുഭവം നമ്മെ ദൈവത്തിന്റെ ആലയത്തിലേക്ക് കൊണ്ടു ചെല്ലുന്നു എന്ന സദാശാസ്ത്രദർശനവും ഈ പുസ്തകം അവതരിപ്പിക്കുന്നു. ഹൃദയം പകരുന്ന ആധ്യാത്മികതയ്ക്ക് ഗ്രന്ഥകാരൻ നൽകുന്ന ഉദാഹരണം പഴയനിയമത്തിലെ ഹന്നയുടെ അനുഭവമാണ്. ശമുവേൽ ബാലന്റെ അമ്മയായ ഹന്ന ദേവാലയത്തിൽ ചെന്ന് തന്റെ ഹൃദയം പകരുകയാണ്. ദൈവത്തിന്റെ ആലയത്തിലേക്ക് കടന്നുചെല്ലാനും ഹൃദയം പകരാനും പ്രചോദിപ്പിക്കുന്ന ഇതിലെ എല്ലാ രചനകളും വായനയെ ഒരു തീർത്ഥാടനമാക്കി മാറ്റുന്നു.

'ക്രിസ്തീയ സാക്ഷ്യത്തിന്റെ കാലികത്വം' എന്ന പഠനത്തിൽ ക്രിസ്തുവിനെ കാലികമായി പരിഭാഷപ്പെടുത്തണമെന്ന ആശയം ഡോ. ജോസഫ് മാർ ദീവന്നാസിയോസ് പങ്കുവയ്ക്കുന്നു. യേശുക്രിസ്തുവിന്റെ സമകാലികനായ സക്കായിക്ക് യേശുവിനെ കാണാൻ യെരീഹോവിലെ അത്തിമരത്തിൽ കയറേണ്ടിവന്നു. ഈ ഇച്ഛാശക്തിയെപ്പറ്റിയാണ് ഗ്രന്ഥകാരൻ 'സക്കായിയുടെ ജീവിതസാക്ഷ്യ'ത്തിൽ പ്രതിപാദിക്കുന്നത്. 'ആദിമ ക്രിസ്തീയസാക്ഷ്യത്തിന്റെ കഥ' അവതരിപ്പിക്കാൻ ഗ്രന്ഥകാരൻ സ്നാപകയോഹന്നാനെ അവതരിപ്പിക്കുന്നു.

ദൈവത്തെ അത്ഭുതങ്ങളിൽ മാത്രം കണ്ടെത്താൻ ആഗ്രഹിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ ദൈവത്തെ അത്ഭുതങ്ങളിൽ കണ്ടെത്താൻ കഴിയില്ല. കണ്ണുനീരിലും കഷ്ടതയിലുമാണ് ദൈവത്തെ കണ്ടെത്താൻ കഴിയുക

വിശുദ്ധ സ്തേഫാനോസിന്റെ ജീവിതത്തിൽ ദൈവവുമായി നടത്തിയ പ്രതിരൂപപ്പെടൽ ഡോ. ദീവന്നാസിയോസ് അനാവരണം ചെയ്യുന്നു. കഷ്ടതയുടെ സഹനത്തിലും ക്ഷമയുടെ പ്രായോഗികതയിലും സമർപ്പണത്തിന്റെ ആത്മസംതൃപ്തിയിലും ദൈവവുമായി സ്തേഫാനോസ് നടത്തിയ പ്രതിരൂപപ്പെടലിനെപ്പറ്റി പ്രതിപാദിക്കുമ്പോൾ യഥാർത്ഥ ക്രിസ്ത്യാനിയുടെ കടമകളെപ്പറ്റി പ്രതിപാദിക്കുമ്പോൾ യഥാർത്ഥ ക്രിസ്ത്യാനിയുടെ കടമകളെപ്പറ്റിയും ഗ്രന്ഥകാരൻ വിവരിക്കുന്നു-ക്രിസ്തുവിന്റെ പ്രതിരൂപമാകുക, ക്രിസ്തുവിനെ സാക്ഷിക്കുക, അന്യർക്കുവേണ്ടി മദ്ധ്യസ്ഥരാവുക.



ആധ്യാത്മികതയുടെ പാഠങ്ങളെപ്പറ്റി പറയുമ്പോൾ ഗ്രന്ഥകാരൻ ഉപയോഗിക്കുന്ന ഒരു വാക്കാണ് ഹൃദയപകർച്ച. ഈ പുസ്തകത്തിന്റെ സത്തയാണ് ഈ ഹൃദയപകർച്ച. ദൈവത്തെ അത്ഭുതങ്ങളിൽ മാത്രം കണ്ടെത്താൻ ആഗ്രഹിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഡോ. ജോസഫ് മാർ ദീവന്നാസിയോസ് പറയുന്നത്, ദൈവത്തെ അത്ഭുതങ്ങളിൽ കണ്ടെത്താൻ കഴിയില്ല എന്നാണ്. കണ്ണുനീരിലും കഷ്ടതയിലുമാണ് ദൈവത്തെ കണ്ടെത്താൻ കഴിയുക. കണ്ണീരും കഷ്ടതയും ക്രിസ്ത്യാനികൾ ഒരു പദവിയായി കാണണം. ഈ പദവിയിലാണ് സന്തോഷിക്കേണ്ടത്. കണ്ണീരിന്റെയും കഷ്ടതയുടെയും മധ്യത്തിൽ ഹൃദയം ദൈവസാന്നിദ്ധ്യത്തിലേക്ക് ഉയർത്തുമ്പോൾ ആശ്വാസം ലഭിക്കും. കണ്ണീരിന്റെ ഈ ആദ്ധ്യാത്മികത തന്നെയാണ് ഹൃദയപകർച്ചയുടെ ആധ്യാത്മികത. ഈ ഹൃദയപകർച്ചയിലൂടെ മാത്രമെ ജീവിതത്തിൽ രൂപാന്തരീകരണം ഉണ്ടാകൂ എന്നും ഗ്രന്ഥകാരൻ സാക്ഷിക്കുന്നു.

ഈ പുസ്തകത്തിലെ പഠനങ്ങളിൽ സവിശേഷമായ ഒരു രചനയാണ് 'ഭൗമപറുദീസ്സാ' ഗ്രന്ഥകാരൻ ഈ ആശയം വിവർത്തനം ചെയ്തിരിക്കുന്നതു 'ഭൂമിയിലെ ദൈവരാജ്യം' എന്നാണ്. ഈ ഭൗമസമൂഹത്തിന്റെ അടിസ്ഥാനം സമാധാനം, നീതി, സ്നേഹപൂരിതമായ കരുതൽ, സമൃദ്ധിയായ ജീവൻ എന്നിവയാണ്. ഭൗമപറുദീസ്സയുടെ പുന:സ്ഥാപനമാണ് ഗ്രന്ഥകാരൻ ഉന്നംവയ്ക്കുന്നത്. ഇപ്രകാരം തന്റെ ആശയങ്ങൾ അവതരിപ്പിക്കാൻ വചനവ്യാഖ്യാനം നടത്തുന്ന ഡോ. ജോസഫ് മാർ ദീവന്നാസിയോസ് ഒരു ദൈവീക പദ്ധതിയുടെ ആവിഷ്കാരമാണ് നിർവ്വഹിച്ചിരിക്കുന്നത്.

ഹൃദയം പകരുന്ന ആത്മീയത (പഠനങ്ങൾ)
ഡോ. ജോസഫ് മാർ ദീവന്നാസിയോസ്
വിതരണം : സി.എസ്. എസ്. ബുക്സ്
കുരിശുകവല, തിരുവല്ല
വില 100 രൂപ

GM

പഞ്ചമഹാപാതകങ്ങളും തഴക്കാട്ടു പള്ളി ശാസനവും

■ ഡോ. എം കുര്യൻ തോമസ്



നസ്രാണികളുമായി ബന്ധപ്പെട്ട പുരാതനരേഖകൾ തുലോം വിരളമാണ്. *സിറിയൻ ക്രിസ്ത്യൻ കോപ്പർ പ്ലേറ്റ്സ്* എന്നറിയപ്പെടുന്ന ഏതാനും ചെപ്പേടുകളാണ് ഉള്ളവയിൽ മുഖ്യം. നസ്രാണികളുമായി ബന്ധപ്പെട്ട ഏക ശിലാശാസനം കൊല്ലവർഷം 203-212 (ക്രിസ്തുവർഷം 1028-1037) കാലത്തേതെന്നു ചരിത്രകാരന്മാർ കണക്കാക്കുന്ന തഴക്കാട്ടു പള്ളി ശാസനമാണ്.

തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുടയ്ക്കടുത്തുള്ള തഴക്കാട്ടു പള്ളി പരിസരത്ത് സൂക്ഷിച്ചിരിക്കുന്നു എന്നതിനാലാണ് ഈ ശിലാരേഖയ്ക്ക് *തഴക്കാട്ടു പള്ളി ശാസനം* എന്ന പേര് ലഭിച്ചത്. അല്ലാതെ ഇതിന്റെ ഉള്ളടക്കത്തിന് തഴക്കാട്ടു പള്ളിയുമായി ബന്ധമൊന്നുമില്ല.

ഇരയ ചിങ്ക പെരുമാനടികൾ, തഴക്കാട്ടെ വർത്തക പ്രമുഖരും *മണിഗ്രാമ*ക്കാരുമായ ചാത്തൻ വടുകൻ, ഇരവി ചാത്തൻ എന്നിവർക്ക് തടസ്സം കൂടാതെ പീടിക കെട്ടുവാനുള്ള അനുവാദമാണ് തഴക്കാട്ടു പള്ളി ശാസനംവഴി പ്രദാനം ചെയ്യുന്നത്. ശാശ്വതമായി നിലനിൽക്കണം എന്ന ലക്ഷ്യത്തോടെ ചെമ്പോലയിൽ എഴുതുന്ന ശാസനത്തേക്കാൾ ഉപരിയായി കരിങ്കല്ലിൽ കൊത്തുന്ന രേഖകൾക്ക് പരസ്യസ്വഭാവം കൂടുതലാണ്. പരസ്യമായ വിളംബരം ചെയ്യണമെന്ന ഉദ്ദേശം തഴക്കാട്ടു പള്ളി ശാസനത്തിന്റെ ദാതാവിനും സ്വീകർത്താക്കൾക്കും ഉണ്ടായിരുന്നതായി അതിന്റെ ഉള്ളടക്കം വ്യക്തമാക്കുന്നുണ്ട്.

തഴക്കാട്ടു പള്ളി ശാസനത്തിലെ ശ്രദ്ധേയമായ ഭാഗം പീടികയുടെ സുഗമമായ നടത്തിപ്പിനെതടയുന്ന ഊരാളർക്ക് വിധിച്ചിരിക്കുന്ന ശിക്ഷയാണ്. അത്തരക്കാരെ *തന്തൈയെക്കൊന്റതു തായെക്കളത്തിരമ വെച്ചാരാമെ* ആയി കണക്കാക്കി ശിക്ഷിക്കുമെന്ന് ഈ ശാസനം പ്രഖ്യാപിക്കുന്നു. വ്യാപാര വികസനം പ്രതീക്ഷിക്കുന്ന ഭരണാധികാരികൾ അതിന്റെ സംരക്ഷണാർത്ഥം ശക്തമായ നിയമ നിർമ്മാണം നടത്തുന്നത് സർവ്വ സാധാരണമാണ്. അതിനാൽ ഇത്തരമൊരു ശിലാശാസനം അത്യപൂർവമൊന്നുമല്ല.

എന്നാൽ ഇവിടെ സംഗതമായ ചോദ്യം ഉദിക്കുന്നത് ചാത്തൻ വടുകൻ, ഇരവി ചാത്തൻ എന്നിവരുടെ വ്യാപാരത്തെ തടസ്സപ്പെടുത്തുന്നവരെ *പിതാവിനെ വധിച്ച് മാതാവിനെ പരിഗ്രഹിക്കുന്നവർക്കു തുല്യരായി* കണക്കാമെന്നാണ് വിളംബരം ചെയ്തിരിക്കുന്നത് എന്ന വസ്തുതയിലാണ്. ഇത്തരക്കാർക്കു ലഭിക്കുന്നത് തീർച്ചയായും വധശിക്ഷയാണ്. എങ്കിൽ അതു നേരിട്ടു പറയുന്നതിനു പകരം ഇപ്രകാരം വളച്ചുകെട്ടി പ്രഖ്യാപിച്ചത് എന്തിന് എന്നതാണ് പ്രസക്തമായ ചോദ്യം. കേരളത്തിലെ നമ്പൂതിരി-കേന്ദ്രീകൃത ജാതി വ്യവസ്ഥയുടെ രൂപീകരണവുമായി ഈ ചോദ്യത്തിനു പ്രത്യക്ഷ ബന്ധമുണ്ട്.

ഇന്ത്യയിൽ മറ്റെങ്ങും നേരിടേണ്ടി വരാഞ്ഞ ഒരു പ്രതിസന്ധിയാണ് ബ്രാഹ്മണ അധിനിവേശം കേരളത്തിൽ അഭിമുഖീകരിച്ചത്. തുലോം പരിമിതമായ ബ്രാഹ്മണർ മാത്രമാണ് കേരളത്തിലേയ്ക്കു കുടിയേറിയത്. പിന്നീട് പ്രാദേശികമതങ്ങളുടെയും, തങ്ങൾ തകർത്തെറിഞ്ഞ ബുദ്ധ-ജൈനമതങ്ങളുടെയും പുരോഹിതരെ വിവിധയിനം നമ്പൂതിരിമാരാക്കി. കൂട്ടത്തിൽ കേരളത്തലെ പ്രാദേശിക ഭരണാധികാരികളെ സൂര്യവംശവും ചന്ദ്രവംശവുമാക്കി ക്ഷത്രിയരായി അവരോധിച്ചു. കേരളത്തിലെ പൊതു തൊഴിലാളി വർഗ്ഗത്തിൽനിന്നും തങ്ങൾക്കാവശ്യമുള്ളവരെ ശൂദ്രരുമാക്കി. വിവിധ തൊഴിൽക്കൂട്ടങ്ങളെ ജാതിവ്യവസ്ഥയിൽ ജാതിയും ഉപജാതിയുമായി യഥാസ്ഥാനത്തു പ്രതിഷ്ഠിച്ചു. പ്രലോഭനവും ഭീഷണിയും ഈ പ്രക്രിയിയുടെ ഘടകമായിരുന്നു. ഇവയെല്ലാം നമ്പൂതിരി-കേന്ദ്രീകൃത ജാതിവ്യവസ്ഥയുടെ മാത്രമല്ല, നമ്പൂതിരി മതത്തിന്റെയും ഭാഗമായിത്തീർന്നു.

വ്യാപാരം എന്ന തൊഴിൽ ചെയ്യുന്ന വൈശ്യരായിരുന്നു ഈ പ്രക്രിയയിലെ പ്രതിസന്ധി. നൂറ്റാണ്ടുകളായി അന്തർദേശീയ വ്യാപാര ബന്ധങ്ങളുള്ള കേരളത്തിൽ വിവിധ ജനവർഗ്ഗങ്ങൾ വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നു. തൊഴിൽത്തഴക്കവും പ്രാദേശിക-അന്തർദേശിയ വ്യാപാര ശ്രംഘലകളുമുള്ള അവരെ ഒഴിവാക്കുക അസാദ്ധ്യമായിരുന്നു. ആവശ്യത്തിനു ബ്രാഹ്മണരേയും ക്ഷത്രിയരേയും പോലും കുടിയേറ്റാൻ കഴിയാതിരുന്ന നമ്പൂതിരിമതത്തിന് തങ്ങളിൽപ്പെട്ട വൈശ്യരെ ഇറക്കുമതി ചെയ്യുക അസാദ്ധ്യമായിരുന്നു. അഥവാ അതു സാധിച്ചാൽപോലും അവർക്ക് വ്യാപാരത്തിനാവശ്യമായ പ്രാദേശികബന്ധങ്ങളും തൊഴിൽത്തഴക്കവും ഉണ്ടാക്കുക ക്ഷിപ്രസാദ്ധ്യമല്ലായിരുന്നു. പകരം നമ്പൂതി, ക്ഷത്രിയ ജാതികളിൽ അവലംബിച്ചതുപോലെ പ്രാദേശിക വ്യാപാര തൊഴിൽക്കൂട്ടങ്ങളെ നമ്പൂതിരിമതത്തിൽ ലയിപ്പിക്കുക എന്നതായിരുന്നു ഏക മാർഗ്ഗം.

മദ്ധ്യപൗരസ്ത്യദേശം മുതൽ പൂർവപൗരസ്ത്യദേശംവരെ വ്യാപിച്ചുകിടന്ന അതിവിശാലമായ വ്യാപാരശ്രംഘലയിലെ കണ്ണികളായിരുന്നു കേരളത്തിലെ വർത്തകർ. ഇതിൽ വിദേശ ജനസമൂഹങ്ങളായ യഹൂദരും, അറബികളും, ചീനരും മാത്രമല്ല, പ്രാദേശിക ജനവർഗ്ഗങ്ങളും ഘടകങ്ങളായിരുന്നു. നസ്രാണികളേപ്പോലെതന്നെ ബൗദ്ധ-ജൈനവ്യാപാരികളുടെ സാന്നിദ്ധ്യവും തള്ളിക്കളയാനാവില്ല. പ്രത്യേകിച്ചും കേരളത്തിന് ശ്രീലങ്കയും ചൈനുയുമായി സുദൃഢമായ വ്യാപാരം നിലനിന്നിരുന്ന സാഹചര്യത്തിൽ. ഇവരിലാരെയെങ്കിലും ഉൾക്കൊള്ളുക എന്നതായിരുന്നു നമ്പൂതിരിമതത്തിന് കരണീയം.

വിദേശ ജനവർഗ്ഗങ്ങളെ നമ്പൂതിരി വ്യവസ്ഥിതിയിലേയ്ക്ക് ഉൾക്കൊള്ളുന്നതിന് ചില പരിമിതികളുണ്ടായിരുന്നു. ഒന്നാമതായി അവരുടെ സാന്നിദ്ധ്യം തുറമുഖനഗരങ്ങളിൽമാത്രവും, അംഗസംഖ്യ പരിമിതവുമായിരുന്നു. വ്യത്യസ്ത സംസ്കാരം പുലർത്തുന്ന അവരെ ഉൾക്കൊള്ളുക നമ്പൂതിരിമതത്തിന് പ്രയാസകരമായിരുന്നു. മാത്രമല്ല, ഉൾനാടുകളിൽ വൈശ്യരുടെ *കുലധർമ്മം* അനുഷ്ഠിക്കാൻ പരിമിതാംഗങ്ങളായ ഇവരെ ലഭ്യമാവുകയുമില്ലായിരുന്നു. ജാതിവ്യവസ്ഥയുടെ ചട്ടക്കൂടിനുള്ളിൽനിൽക്കുന്ന, വ്യാപാരം *കുലധർമ്മ*മായ ഒരു ജനവിഭാഗം നമ്പൂതിരി-കേന്ദ്രീകൃത സാമൂഹ്യ വ്യവസ്ഥിതിയിൽ അത്യന്താപേക്ഷിതമായിരുന്നു.

പ്രദേശിക ജനവിഭാഗമായ ബുദ്ധവണിക്കുകളുടെ കാര്യത്തിലും ചില പരിമിതികളുണ്ടായിരുന്നു. ബ്രാഹ്മണ ദിഗ്വിജയത്തിൽ അവരുടെ ഏറ്റവും പ്രധാനശത്രുക്കൾ ബുദ്ധമതക്കാരായിരുന്നു. അവരോട് യാതൊരു വിട്ടുവീഴ്ചയ്ക്കും ബ്രാഹ്മണർ തയാറായിരുന്നില്ല. തമിഴ്നാട്വരെ അവരെ നിഷ്ക്കരുണം കൊന്നൊടുക്കുകയായിരുന്നുവെന്ന് ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നുണ്ട്. കേരളത്തിലും തത്തുല്യമായ നടപടികൾ ബുദ്ധപുരോഹിതരോട് അനുവർത്തിച്ചതായി ചില ചരിത്രസൂചനകളുണ്ട്. അത്തരമൊരു ജനവിഭാഗത്തിന് വ്യാപാര കുത്തക - *കുലധർമ്മം* തൊഴിൽ കുത്തകയാണ്- നൽകി അതിൻ ധന-സ്വാധീനങ്ങൾ നൽകുക നമ്പൂതിരി മതത്തിന് അചിന്ത്യമായിരുന്നു.

നമ്പൂതിരി മതത്തിന്റെ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യരായ ജനവർഗ്ഗം നസ്രാണികളായിരുന്നു. പ്രാദേശിക ജനവർഗ്ഗം എന്നരീതിയിലുള്ള പരന്ന സാന്നിദ്ധ്യം, മികച്ച അന്തർദേശീയ വ്യാപാരബന്ധങ്ങൾ, നൂറ്റാണ്ടുകളിലെ തൊഴിൽ തഴക്കം എന്നിവ വൈശ്യരായി അവരോധിക്കപ്പെടാൻ നസ്രാണികളെ ഏറ്റവും അനുയോജ്യരാക്കി.

പക്ഷേ നസ്രാണികളെ നമ്പൂതിരി മതത്തിലേയ്ക്ക് ആകർഷിക്കുക എന്നത് ക്ഷിപ്രസാദ്ധ്യമായിരുന്നില്ല. ഒന്നാമതായി ധന-സ്വാധീനവും അന്തർദേശീയ ബന്ധങ്ങളുമുള്ള നസ്രാണികളെ പ്രലോഭിപ്പിക്കുവാൻ പറ്റിയ ഒന്നും നമ്പൂതിരി മതത്തിന് വാഗ്ദാനം ചെയ്യുവാൻ ഉണ്ടായിരുന്നില്ല. രണ്ടാമതായി, ശക്തമായ വേദശാസ്ത്ര പശ്ചാത്തലവും അതു നിലനിർത്തുവാനാവശ്യമായ പേർഷ്യൻ ബന്ധവും നസ്രാണികൾക്ക് പ്രതിരോധകവചം തീർത്തു.

അതേ സമയംതന്നെ നസ്രാണികളെ ജാതിവ്യവസ്ഥയുടെ ഉള്ളിലാക്കുക എന്നത് നമ്പൂതിരിമതത്തിന് അത്യന്താപേക്ഷിതമായിരുന്നു. *കുലധർമ്മ*ത്തിൽ അധിഷ്ഠിതമായ ജാതി വ്യവസ്ഥയ്ക്ക് കച്ചവടം *കുലധർമ്മ*മായ വൈശ്യരുടെ സാന്നിദ്ധ്യം അനുപേക്ഷണീയമായിരുന്നു. ഒരുപക്ഷേ ബൗദ്ധ ഭിഷഗ്വരന്മാരെ ഉൾക്കൊണ്ടതുപോലെ നസ്രാണികളുടെ കാര്യത്തിലും അവർക്കായി പ്രത്യേക നിയമങ്ങൾ നിർമ്മിക്കാനും നമ്പൂതിരിമതം തയ്യാറായിരുന്നിരിക്കാം. പക്ഷേ നസ്രാണികൾ നമ്പൂതിരിമതത്തിന്റെ ഭാഗമാകാൻ തയാറായിരുന്നില്ല. ഈ

സാഹചര്യത്തിൽ പ്രലോഭനം സ്വാഭാവികമായും ഭീഷണിക്കും സമ്മർദ്ദത്തിനും വഴിമാറി.

ഈ ബലപരീക്ഷണത്തത്തിന്റെ അവസാനം ഇരുകൂട്ടരും വിട്ടുവീഴ്ചയ്ക്കു തയ്യാറായി ഒരു ഒത്തുതീർപ്പിലെത്തി എന്നാണ് പിൽക്കാല ചരിത്രം വിശദീകരിക്കുന്നത്. അതനുസരിച്ച് നസ്രാണികളെ വിശ്വാസഭേദം കൂടാതെ നമ്പൂതിരി-കേന്ദ്രീകൃത ജാതി വ്യവസ്ഥയിൽ വൈശ്യരായി അംഗീകരിച്ച് കുലധർമ്മത്തിന്റെ പരിരക്ഷ നൽകി. പകരം നസ്രാണികൾ നമ്പൂതിരി വ്യവസ്ഥയുടെ ബാഹ്യ ചിഹ്നങ്ങളായ കുടുമ, കടുക്കൻ, പൂണൂൽ മുതലായവയും, ആ മതത്തിന്റെ ശുദ്ധാശുദ്ധങ്ങളും സ്വീകരിച്ചു. അതിനേക്കാളുപരി നമ്പൂതിരി മതത്തിന്റെ പവിത്രതാ സങ്കല്പവും സംസ്കാരങ്ങളും സ്വാംശീകരിച്ച് തങ്ങളുടേതായ രീതിയിൽ നസ്രാണികൾ നടപ്പിലാക്കി. ഇവയുടെ ആകെത്തുക നമ്പൂതിരിയുടെ ചാതുർവർണ്യ വ്യവസ്ഥയിലെ വൈശ്യധർമ്മം അനുഷ്ഠിക്കുന്ന, അസ്പർശ്യത ഇല്ലാത്ത, എന്നാൽ ആ മതവിശ്വാസം അംഗീകരിക്കാത്ത, ജാതിയായി നസ്രണി മാറി എന്നതാണ്.

ഈ പ്രക്രിയയിൽ നസ്രാണികൾ സമ്മർദ്ദത്തിന് വിധേയരായില്ല എന്ന് ഇതിനർത്ഥമില്ല. തങ്ങളുടേതല്ലാത്ത വിശ്വാസവും തങ്ങളുടെ അധികാരത്തിനു വിധേയമല്ലാത്ത സമൂഹവും നമ്പൂതിരി മതത്തിന് ഒരിക്കലും വെച്ചുപൊറുപ്പിക്കാവുന്ന ഒന്നല്ലായിരുന്നു. ക്രിസ്തുവർഷം ഒന്നാം സഹസ്രാബ്ദത്തിൽ നടന്ന മുകളിൽ പറഞ്ഞ ഒത്തുതീർപ്പിനു ശേഷവും നസ്രാണികളുടെ മേലുള്ള സമ്മർദ്ദം തുടർന്നു എന്നതാണ് വസ്തുത.



ഡോ. ഹെർമ്മൻ ഗുണ്ടർട്ട്

ഡോ. ഹെർമ്മൻ ഗുണ്ടർട്ട് രേഖപ്പെടുത്തിയിരിക്കുന്ന നസ്രാണികളുടെ വായ്മൊഴി പാരമ്പര്യപ്രകാരം നാടുവിട്ട് പോകുവാൻവരെ കാരണമാക്കുംവിധം അത്രകടുത്ത സമ്മർദ്ദമാണ് അവരുടെമേൽ ഉണ്ടായത്. ഗുണ്ടർട്ടിന്റെ വിവരണപ്രകാരം ഈ അവസ്ഥയ്ക്കു പരിഹാരമായത് നാടുവാഴികളുടെ ഇടപെടൽ മൂലമായിരുന്നു. അതാകാട്ടെ അവരുടെ സ്വാർത്ഥ താൽപ്പര്യങ്ങളുടെ സംരക്ഷണാർത്ഥവും.

നമ്പൂതിരി-കേന്ദ്രീകൃത സാമൂഹ്യ വ്യവസ്ഥിതിയിൽ പ്രാദേശിക ഭരണാധികാരികൾ സൂര്യവംശവും ചന്ദ്രവംശവുമൊക്കയായി ഉയർത്തപ്പെട്ടങ്കിലും ആത്യന്തികമായി അവർക്ക് കൃഷിഭൂമിയിലുള്ള അവകാശം നഷ്ടപ്പെട്ടു. ഈ സാമൂഹിക പരിവർത്തനത്തിനിടയിൽ ദേവസ്വത്തിന്റെയും ബ്രഹ്മസ്വത്തിന്റെയും വകയായി മാറിയ കൃഷിഭൂമികളിൽ നിന്നുള്ള വരുമാനം നമ്പൂതിരിമാരിൽ ഒതുങ്ങി. എന്നാൽ വ്യാപാര പ്രക്രിയയിൽനിന്നുള്ള ചുങ്കവും തരകുമടക്കമുള്ള വരുമാനങ്ങളുടെ സ്ഥിതി ഇതല്ലായിരുന്നു. അവ നേരിട്ട് രാജഭണ്ഡാരത്തിലെത്തുന്ന തുകയായിരുന്നു. നമ്പൂതിരി മതത്തിന്റെ സമ്മർദ്ദം നസ്രാണി വ്യപാരത്തെ തളർത്തിയെങ്കിൽ അതു ബാധിച്ചത് പ്രാദേശിക ഭരണധികാരികളെയാണ്. സ്വാഭാവികമായും നസ്രാണി വ്യാപാരത്തെ – ഫലത്തിൽ നസ്രാണി ജീവിതവ്യവസ്ഥയെ – പുനർജീവിപ്പിക്കാൻ പ്രാദേശിക ഭരണാധികാരികൾ സമ്മർദ്ദം ചെലുത്തി. അംഗബലം കുറഞ്ഞ തങ്ങളുടെ സാമൂഹ്യ വ്യവസ്ഥയെ നിലനിർത്തിയിരുന്ന ഇവരെ പിണക്കുക എന്നത് നമ്പൂതിരിമതത്തിന് ആത്മഹത്യാപരമായിരുന്നു.

ഈ പശ്ചാത്തലത്തിലാവണം ഡോ. ഗുണ്ടർട്ട് രേഖപ്പെടുത്തിയിരിക്കുന്ന നസ്രാണി വ്യാപാര പുനരുത്ഥാനം ഉണ്ടായത്. ചില പ്രാദേശിക ഭരണാധികാരികൾ നസ്രാണികളെ പ്രേരിപ്പിച്ചു എന്നാണ് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്. പക്ഷേ ഒരിക്കൽ തങ്ങളുടെ സമ്പാദ്യം കവർന്നെടുക്കപ്പെടുകയും നാടുവിട്ട് ഓടേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്ത നസ്രാണികൾ തീർച്ചയായും ഇത്തരമൊരു പുനരാരംഭത്തിന് മതിയായ സുരക്ഷ ആവശ്യപ്പെട്ടിരിക്കാം. നസ്രാണി വ്യാപരം തങ്ങളുടെ ആവശ്യമായ ഭരണാധികാരികൾക്ക് അതിനു വഴിപ്പെടുക എന്നതൊഴികെ മറ്റു മാർഗ്ഗമൊന്നുമില്ലായിരുന്നു.

ഈ പ്രക്രിയയുടെ വ്യക്തമായ തെളിവാണ് തഴക്കാട്ടു പള്ളിശാസനം. *തന്നൈതൈയെക്കൊന്റതു തായൈക്കളത്തിരമ വെച്ചാരാമെ* ആയി കണക്കാക്കി ശിക്ഷിക്കുമെന്നെ വ്യവസ്ഥ തികച്ചും നമ്പൂതിരിമാരെ ലക്ഷ്യമാക്കിയുള്ളതാണ് എന്നത് മുകളിൽ പറഞ്ഞ നിഗമനങ്ങളെ പൂർണ്ണമായും ശരിവെയ്ക്കുന്നതാണ്. ഇതു മനസിലാക്കണമെങ്കിൽ നമ്പൂതിരിമാർ തങ്ങൾക്കുവേണ്ടിയും ജാതി വ്യവസ്ഥയിലെ മറ്റുള്ളവർക്കുവേണ്ടിയും ഉണ്ടാക്കിയ നിയമസംഹിതയിലെ വൈജാത്യം വിശദീകരിക്കേണ്ടിയിരിക്കുന്നു.

നമ്പൂതിരി നിയമസംഹിതയനുസരിച്ച് യാതൊരു കാരണത്താലും അവർക്ക് വധശിക്ഷ വിധിച്ചുകൂട. അതിനാൽ എതെങ്കിലും കുറ്റത്തിനു വധശിക്ഷ നിയമമാക്കിയാൽ നമ്പൂതിരിമാരെ സംബന്ധിച്ചിടത്തോളം അതു നിരർത്ഥകമാണ്. ഈ വ്യവസ്ഥിതിയിൽ മറ്റൊരു ജാതിക്കാർക്കും വധശിക്ഷയ്ക്ക് നിരോധനമില്ല. ഒരു നമ്പൂതിരിക്കു നൽകാവുന്ന പരമാവധി ശിക്ഷ ജാതിഭ്രഷ്ട് കല്പിക്കുക എന്നതു മാത്രമാണ്. പക്ഷേ ഒരു നമ്പൂതിരിക്ക് *ജാതിഭ്രഷ്ട്* എന്നത് വധശിക്ഷയേക്കാൾ ഭീകരമായ ഒരവസ്ഥയാണന്നാണ് നമ്പൂതിരി വ്യവസ്ഥിതിയെപ്പറ്റി വിശദമായ പഠനം നടത്തിയിട്ടുള്ള കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് വിലയിരുത്തിയിട്ടുള്ളത്. എന്നാൽ അയാൾ *പഞ്ചമഹാപാതകങ്ങളിൽ* ഒന്നു ചെയ്തിട്ടുണ്ടങ്കിൽമാത്രമേ ഈ പരമാവധി ശിക്ഷ കല്പിക്കാൻ പറ്റു.

നമ്പൂതിരി നിയമസംഹിതയനുസരിച്ചുള്ള പഞ്ചമഹാപാതകങ്ങളിൽ ഒന്നാണ് *തന്നൈതൈയെക്കൊന്റതു തായൈക്കളത്തിരമ വെച്ചാരാമെ* എന്നത്. ഈ പശ്ചാത്തലത്തൽ വേണം തഴക്കാട്ടു പള്ളിശാസനത്തിലെ ശിക്ഷാ ഭീഷണിയെ വിലയിരുത്താൻ. ചാത്തൻ വടുകൻ, ഇരവി ചാത്തൻ എന്നിവരുടെ പീടിക വ്യാപാരത്തെ തടസ്സപ്പെടുത്തുന്നവർക്ക് പൊതുവായി വധശിക്ഷ നൽകും എന്നു പ്രസിദ്ധപ്പെടുത്തുന്നതിനു പകരം, അത്തരമൊരു നടപടിയെ പഞ്ചമഹാപാതകങ്ങളിൽ ഒന്നായി പരിഗണിക്കുമെന്ന ഇരയ ചിങ്ക പെരുമാനടികളുടെ വിളംബരം, ഈ ശിക്ഷാനടപടി നമ്പൂതിരിമാരെയാണ് ലക്ഷ്യമിടുന്നതെന്നു വ്യക്തമാക്കുന്നു. നസ്രാണി വ്യാപാരത്തിനുള്ള ഭീഷണി അവിടെനിന്നാണന്നും ഇത് സൂചിപ്പിക്കുന്നു. ചാത്തൻ വടുകൻ, ഇരവി ചാത്തൻ എന്നിവരുടെ വ്യാപാരത്തെ തടസ്സപ്പെടുത്തുന്നത് പഞ്ചമബാപാതകങ്ങളില ഒന്നാക്കിയതോടെ നമ്പൂതിരിമാർ ഈ *പാതകം* ചെയ്താൽ *ജാതിഭ്രഷ്ട്* എന്നപരമാവധി ശിക്ഷയ്ക്ക് അർഹരാകും ഇതുമനസിലാക്കിയ ചാത്തൻ വടുകൻ, ഇരവി ചാത്തൻ എന്നിവർ തന്നെയാകണം തങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ഇതു കല്ലിൽകൊത്തി പ്രദർശിപ്പിച്ചത്. തഴക്കാട് ഗ്രാമം ഒരു നസ്രാണി ആവാസ കേന്ദ്രമായി വളരുകയും അവിടെ ഒരു പള്ളി സ്ഥാപിതമാവുകയും ചെയ്തതിനർത്ഥം ഇരയ ചിങ്ക പെരുമാനടികളുടെ ഭീഷണി ഫലിച്ചു എന്നതാണ്

നമ്പൂതിരി മതം വാഗ്ദാനം ചെയ്ത ആത്മീയ നേട്ടങ്ങളേക്കാളുപരി നസ്രാണി വ്യാപാരം പ്രദാനം ചെയ്യുന്ന ഭൗതീക നേട്ടങ്ങളെ പ്രാദേശിക ഭരണാധികാരികൾ പരിഗണിച്ചതിന്റെ തെളിവാണ് തഴക്കാട്ടു പള്ളിശാസനം. കേരളത്തിലെ നാടുവാഴികളിൽ ഭൂരിഭാഗവും ഇതേ നയം അനുവർത്തിച്ചതോടെ നസ്രാണികളെ അവരുടെ വഴിക്ക് വിടാനും അതേസമയം തന്നെ തങ്ങളിൽ കേന്ദ്രീകൃതമായ ജാതി വ്യവസ്ഥയിൽ വൈശ്യരായി അംഗീകരിക്കുവാനും നമ്പൂതിരിമാർ നിർബന്ധിതരായി എന്നത് യാഥാർത്ഥ്യവും.

സൂചക ഗ്രന്ഥങ്ങൾ

1. ഗുണ്ടർട്ട്, ഡോ. ഹെർമൻ, *കേരളോല്പത്തിയും മറ്റും*, കോട്ടയം, ഡി. സി. ബുക്സ്, 1992
2. ഗോപാലകൃഷ്ണൻ, പി. കെ., *കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം,* തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1984
3. രാമചന്ദ്രൻ നായർ, ഡോ. പുതുശേരി, *ശാസനഭാഷാ മാതൃകകൾ*, കോട്ടയം, നാഷണൽ ബുക്ക് സ്റ്റാൾ, 1986
4. രാഘവ വാര്യർ, രാജൻ ഗുരുക്കൾ, *കേരള ചരിത്രം,* ശുകപുരം, വള്ളത്തോൾ വിദ്യാപീഠം, 1995
5. ശങ്കരൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ, *ആര്യന്മാരുടെ കുടിയേറ്റം കേരളത്തിൽ Vols I,. II & III*, കുന്നംകുളം, പഞ്ചാംഗം പുസ്തകശാല.
7. Narayanan, M. G. S., *Socio- Economic Implications of the Concept of Mahapataka in the Feudal Society of South India*, Proceedings of Indian History Congress, Calicut, 1976
8. Thomas, Meladath Kurian, *The Indian Way of Christanity*, Srbrucken, Germany, Lambart Acadamic Publications, 2012

GM

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ യഹൂദാ-ബ്രാഹ്മണ സംയുക്ത പാരമ്പര്യം

■ പി.എ. അലക്സാണ്ടർ

ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടു മുതൽ നിലനിൽക്കുന്നതും മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക പൗരോഹിത്യ സുവിശേഷ പാരമ്പര്യം ഉള്ളതുമായ അതിപുരാതനസഭയാണ് ഭാരതീയ ക്രൈസ്തവ സഭ. ക്രിസ്തുമതം പാശ്ചാത്യരാജ്യങ്ങളിൽ എത്തുന്നതിനു മുമ്പു ഭാരതത്തിൽ തോമാ ശ്ലീഹാ ക്രൈസ്തവസഭ സ്ഥാപിച്ചു. പൗരാണികവും ഭാരതീയവും അപ്പോസ്തോലികവുമായ ഒരു ക്രൈസ്തവസഭ പാശ്ചാത്യരാജ്യങ്ങളിൽ ഉണ്ടാക്കിയ മനഃക്ലേശം ചെറുതല്ലായിരുന്നു. ഇതു മൂലം അവർക്കുണ്ടായ അഹന്താക്ഷതം പരിഹരിക്കുന്നതിന് നടത്തിയ ശ്രമങ്ങളാണ് തോമാ ശ്ലീഹായുടെ ഭാരതദൗത്യത്തെപ്പറ്റിയുള്ള സംശയങ്ങൾക്കും വിവാദങ്ങൾക്കും ഇടയാക്കിയത്. ഇക്കഴിഞ്ഞ ശതാബ്ദത്തിൽ ചില പാശ്ചാത്യ പണ്ഡിതന്മാരാണ് തോമാ ശ്ലീഹായുടെ ഭാരതദൗത്യത്തെപ്പറ്റി വിവാദങ്ങൾ സൃഷ്ടിച്ചത്.

1653 മേയ് 22 ന് ആലങ്ങാട്ട് വച്ച് 'അർക്കദിയോക്കോൻ തോമായെ' മാർത്തോമ്മാ പ്രഥമൻ സ്ഥാനത്തേക്ക് ഉയർത്തിയത് ഐകകണ്ഠ്യേനയായിരുന്നു. പിന്നീട് രണ്ടു ശതാബ്ദത്തിനു ശേഷമാണ് ഭാരതസഭാ സ്ഥാപകനായ തോമാ ശ്ലീഹായെപ്പറ്റി വിദേശികൾ തടസവാദങ്ങൾ ഉയർത്തിയത്. ഇന്ത്യയിലെ പോർച്ചുഗീസ് പിന്തുണക്കാരും തോമാ വിരുദ്ധ വാദത്തിനു സ്തുതിപാടി. അതിനു പിന്നാലെയാണ് അന്ത്യോക്യൻ കല്പനയുടെ പിൻബലത്തിൽ തോമാ ശ്ലീഹാ ഒരു പട്ടക്കാരൻ പോലുമല്ലായിരുന്നു എന്ന് ഇവിടെ മറുവിഭാഗം ക്രിസ്ത്യാനികൾ കൊട്ടിഘോഷിച്ചത്. മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യം അവകാശപ്പെടുന്ന ചില സഭകൾ ഇന്നും ഭാരതത്തിൽ തോമാ ശ്ലീഹാ ഒരു സഭ സ്ഥാപിച്ചു എന്നു തുറന്നു സമ്മതിക്കുന്നില്ല. മാർത്തോമ്മാ ശ്ലീഹായുടെ ഭാരതസഭാ സ്ഥാപനവും ശ്ലൈഹിക സിംഹാസനവും മറ്റു 11 സഹോദര ശ്ലീഹന്മാരുമായുള്ള തുല്യതയും മലങ്കര ഓർത്തഡോക്സ് സഭ ഉയർത്തിപ്പിടിക്കുന്നു. എന്നാൽ മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യം ഉപേക്ഷിച്ചു പാശ്ചാത്യ പാരമ്പര്യത്തിനു പിന്നാലെ പോയ പല സഭകളും ഇന്നു തോമ്മായുടെ അതിപുരാതനമാർഗ്ഗത്തിന്റെ മൂല്യം തിരിച്ചറിഞ്ഞ് അവയിലേക്ക് പോകുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.



മാർത്തോമ്മാ ക്രിസ്ത്യാനികൾ ബ്രാഹ്മണരുടെ (നമ്പൂതിരി) പാരമ്പര്യക്കാരാണെന്നും യഹൂദന്മാരുടെ പിൻതലമുറക്കാരാണെന്നും കരുതപ്പെടുന്നു. ദക്ഷിണഭാരതത്തിൽ നാലാം നൂറ്റാണ്ടിനു മുമ്പ് ശക്തി പ്രാപിച്ചിരുന്ന ജൈന-ബുദ്ധ വിഭാഗത്തിൽപെട്ട് ക്രിസ്ത്യാനികളായവരെയും ക്രിസ്തുമതം സ്വീകരിച്ച മറ്റുള്ളവരെയും നസ്രാണികൾ എന്നു വിളിച്ചിരുന്നു.

മുസ്സിരിസ് (പട്ടണം) സംസ്കാരം തോമാ ക്രിസ്ത്യാനികളുടെ ചരിത്രത്തിലേക്കാണു വിരൽചൂണ്ടുന്നത്.

ക്രിസ്ത്വബ്ദം 8, 9 നൂറ്റാണ്ടുകൾക്ക് മുമ്പുള്ള കേരള ചരിത്രം അനന്തം, അജ്ഞാതം, അവർണ്ണനീയം എന്ന അവസ്ഥയിലായിരുന്നതിനാലാണ് ലത്തീൻകാരുൾപ്പെടെയുള്ള ഒരു വിഭാഗവും പാശ്ചാത്യരിൽ ചിലരും തോമാ ശ്ലീഹായുടെ വരവിനെ തമസ്കരിച്ചത്. എന്നാൽ ഇന്ന് ആ നിലയ്ക്ക് മാറ്റം വന്നിരിക്കുന്നു. ശാസ്ത്രീയമായും ചരിത്രപരമായും ഇപ്പോൾ നടക്കുന്ന പഠനങ്ങൾ സെന്റ് തോമസിന്റെ ചരിത്രത്തിനും ക്രൈസ്തവരുടെ പാരമ്പര്യത്തിനും തോമാ ക്രിസ്ത്യാനികളുടെ പൈതൃകത്തിനും കൂടുതൽ തെളിവു നൽകുന്നു.

2006 ൽ കൊടുങ്ങല്ലൂരിൽ ആരംഭിച്ച ഉപരിതല സർവ്വെകളും 2007 മുതൽ 'പട്ടണത്ത്' നടത്തുന്ന പുരാവസ്തു ഗവേഷണ പദ്ധതിയും വിജയലക്ഷ്യത്തിലേക്കു കടന്നുകഴിഞ്ഞു. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (കെ.സി.എച്ച്.ആർ.) ആണ് ഉൽഖനനത്തിനും ഗവേഷണത്തിനും നേതൃത്വം നൽകുന്നത്.

ഏതാണ്ട് പൂർണ്ണമായി നഷ്ടപ്പെട്ടു കഴിഞ്ഞു എന്നു കരുതിപ്പോന്ന ചരിത്രരേഖകളുടെ വീണ്ടെടുപ്പ് പദ്ധതിയായാണിപ്പോഴത്തെ ഉൽഖനനവും ഗവേഷണവും ഏറ്റെടുത്തിട്ടുള്ളത്.

കൊടുങ്ങല്ലൂർ പ്രദേശം മുഴുവൻ നടത്തിയ സർവ്വെയിൽ (മതിലകം ഒഴിച്ച്) നിന്നു ലഭിച്ച തെളിവുകളിൽ ഏറിയപങ്കും മദ്ധ്യകാലത്തെ പ്രതിനിധാനം ചെയ്യുന്നു. പുരാവസ്തുത്തെളിവുകളാണിപ്പോൾ ഉൽഖനനം നടത്തിയെടുത്തിട്ടുള്ളത്. ഏതാണ്ട 700 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ വലിയ കുഴികളെടുത്തപ്പോഴാണ് പ്രധാനപ്പെട്ട തെളിവുകൾ ലഭിച്ചത്.

എ.ഡി. പത്താം നൂറ്റാണ്ടിനു മുമ്പുള്ള ചരിത്രകാലഘട്ടത്തിലെ നാണയശേഖരങ്ങളും, ശ്മശാനസ്മാരക തെളിവുകളും, ഗ്രീക്ക്-ലാറ്റിൻ നാവികയാത്രാ വിവരണങ്ങളും അടിസ്ഥാനമാക്കിയുള്ള ധാരാളം തെളിവുകളിപ്പോൾ ലഭ്യമായിട്ടുണ്ട്. 36 ലക്ഷത്തിലേറെ തദ്ദേശീയമായി നിർമ്മിച്ച മൺപാത്രച്ചീളുകളിൽ വിലപ്പെട്ട ചരിത്രമാണുറങ്ങുന്നതെന്നു ചരിത്രകാരന്മാർ പറയുന്നു. ക്രിസ്തുവിന് മൂന്നു നൂറ്റാണ്ട് മുമ്പ് സജീവമായിരുന്ന ബുദ്ധ-ജൈന വർത്തകരുടെ സാന്നിദ്ധ്യരേഖകൾ അവിടെനിന്നും കണ്ടെടുത്തിട്ടുണ്ട്.

ഇരുമ്പുയുഗം മുതലുള്ള (ബി.സി. 1000) മൺപാത്രക്കഷണങ്ങളിവിടെനിന്നും ഉൽഖനനം ചെയ്തു പുറത്തെടുത്തു. പട്ടണം എന്നറിയപ്പെട്ട ഈ പ്രദേശം വാണിജ്യകേന്ദ്രമായിരുന്നുവെന്നും, കേരളത്തിലെ നാഗരികതയുടെ നാൾവഴിയാണിവിടെ കാണുന്നതെന്നും ഉൽഖനനറിപ്പോർട്ടുകൾ പറയുന്നു. എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലിവിടെ സെന്റ് തോമസ് വന്നതായും ക്രൈസ്തവസഭ സ്ഥാപിച്ചതായും തെളിഞ്ഞുവരുന്നു.

മെഡിറ്ററേനിയൻ കച്ചവടക്കാരുടെ വീഞ്ഞും, ഒലിവെണ്ണയും മീൻജാറും സൂക്ഷിക്കാനും കൊണ്ടുവരാനും ഉപയോഗിച്ചിരുന്ന കളിമൺജാറുകളുടെ അവശിഷ്ടങ്ങളും ഉൽഖനനത്തിൽ ലഭിച്ചിട്ടുണ്ട്. ഈജിപ്റ്റ്, ജോർദ്ദാൻ, ഗ്രീസ്, സ്പെയിൻ, ഫ്രാൻസ് തുടങ്ങിയ പ്രദേശങ്ങളുമായി വാണിജ്യബന്ധം സ്ഥാപിച്ചതിനു തെളിവുകളും സൂചനകളും ലഭിച്ചിട്ടുണ്ട്. ഇവിടെ കുഴിച്ച ട്രഞ്ചുകളിൽനിന്ന് കുന്തിരിക്കവും, രണ്ടായിരത്തിലേറെ വർഷം പഴക്കമുള്ള വള്ളങ്ങളുടെ അവശിഷ്ടങ്ങളും അതിലും പഴക്കം ഉള്ള തേക്കിൻകുറ്റികളും ഉൽഖനനത്തിലൂടെ കണ്ടെടുത്തിട്ടുണ്ട്. പായ്ക്കപ്പലിൽ തോമാ ശ്ലീഹാ വന്നതിന്റെ തെളിവുകളാണ് പായ്ക്കപ്പലിന്റെ അവശിഷ്ടങ്ങൾ കണ്ടതിൽനിന്നും തെളിയുന്നത്.

ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന എല്ലാ നിഗമനങ്ങൾക്കു പിന്നിലും അനിഷേധ്യമായ ചരിത്രരേഖകളുണ്ട്.

'A Survey of Kerala Histroy'എന്ന ഗ്രന്ഥത്തിൽ ചരിത്രകാരനായ എ. ശ്രീധരമേനോൻ ആര്യന്മാരുടെ കുടിയേറ്റം ക്രിസ്തുവിന് മുമ്പ് മൂന്നാം ശതകത്തിലാണെന്ന് അർത്ഥശങ്കയ്ക്കിടയില്ലാതെ പറയുന്നു. ജോർജ് മിൽറേ എന്ന ചരിത്രകാരനും ഏറെക്കുറെ ശ്രീധരമേനോന്റെ അഭിപ്രായത്തോടു യോജിക്കുന്നു.

ആര്യന്മാരുടെ കുടിയേറ്റം കേരളത്തിൽ എന്ന ഗ്രന്ഥത്തിൽ അത് രചിച്ച കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് പറയുന്നത് ബി.സി.

അഞ്ചാം നൂറ്റാണ്ടിനു മുമ്പ് നമ്പൂതിരിമാർ കേരളത്തിൽ താമസിച്ചിരുന്നുവെന്നാണ്. (കാണുക: പേജ് 24)

എ.ഡി. 80 നും 120 നും മധ്യേ പഴക്കം ഉള്ളതെന്നു 'കാർബൺ ഡേറ്റിങ്' പ്രകാരം കാലനിർണയം ചെയ്യപ്പെട്ട 'ഒരു പാപ്പിറസ് രേഖ' ഈജിപ്റ്റിൽനിന്നു കണ്ടെടുത്തത് ഓക്സ്ഫോർഡ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. അതിന്റെ ഒരു പ്രതി ചരിത്രഗവേഷകനായ സഖറിയാ മാണിയുടെ (കൊച്ചി) കൈവശം ഉണ്ട്. ഇതിൽ ഗ്രീക്ക് ലിപികളിൽ (ഗ്രീക്കക്ഷരത്തിലും എഴുതപ്പെട്ട മറ്റൊരു ഭാഷ) പ്രാർത്ഥനകളും കുർബാനകളുമാണുള്ളത്.

ഇന്ത്യയുടെ പടിഞ്ഞാറൻ കടൽത്തീരത്ത് (കേരളത്തിൽ) നടന്ന ഒരു ക്രിസ്തീയ പ്രാർത്ഥനയെപ്പറ്റിയാണ് 'പാപ്പിറസ്' രേഖയിൽ പറയുന്നത്. മലങ്കരയിലെ സുറിയാനിക്കാരുടെ അക്കാലത്തെ ഭാഷയിൽ സംസ്കൃതച്ചുവ കൂടി ഉണ്ടായിരുന്നതായി 'പാപ്പിറസ്' വ്യക്തമാക്കുന്നു.

'കൊർബാന, 'മർത്തമറിയത്തുമ്മ, 'യേശു', 'പാനം', 'പത്രക്കെ', 'അമൃതം', 'ഒയിനി' (വീഞ്ഞ്) ബസ്സിലിയൂസ് (കാർമ്മികന്റെ പേര്) ഇവയെല്ലാം പാപ്പിറസ് രേഖയിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. മുസിരിസിലോ, പാലയൂരിലോ, നേർക്കുണ്ടയിലോ (നിരണം) നടന്നതാണന്നത്തെ ഈ പ്രാർത്ഥനയെന്നു കരുതപ്പെടുന്നു. സംസ്കൃതത്തിന് അന്നത്തെ ഭാഷയിൽ പ്രാധാന്യം നൽകിയിരുന്നത് ആര്യന്മാരിവിടെ അന്നു മുതലേ ഉണ്ടായിരുന്നതിന്റെ തെളിവുകളാണ് വിളിച്ചോതുന്നത്.

ബി.സി. മൂന്നാം നൂറ്റാണ്ടിലെ അശോകന്റെ കാലത്തെ ചില രേഖകളിൽ കേരളത്തിലെ രാജാവിന്റെ പേര് 'കേരളപുത്ര' എന്നു രേഖപ്പെടുത്തുന്നു. പുത്ര എന്ന പദം സംസ്കൃതമാണ്. ഇതിൽനിന്നും ബി.സിയിൽത്തന്നെ സംസ്കൃത ഭാഷയും നമ്പൂതിരിമാരും ഇവിടെയുണ്ടായിരുന്നതായി തെളിയുന്നു.

'Into an hour Glass' എന്ന ഇംഗ്ലീഷ് പുസ്തകത്തിൽ കേരളത്തിലെ നമ്പൂതിരിമാർ കാണാതെപോയ യഹൂദഗോത്രത്തിൽപ്പെട്ടവരാണെന്നു പറയുന്നു. ഇന്ത്യയിൽ ക്രിസ്തുവിനു മുമ്പുതന്നെ എത്തിച്ചേർന്ന യഹൂദർ 'നഫ്ത്താലി' ഗോത്രത്തിൽ പെട്ടവരാണെന്നും അവർ ആദ്യകാലത്ത് ആട്ടിടയന്മാരായിരുന്നെന്നും രേഖപ്പെടുത്തിക്കാണുന്നു.

'ബർദേസ്സായാൽ' എന്ന ചരിത്രകാരൻ 'Acts of Thomas' എന്ന ഗ്രന്ഥത്തിൽ തോമാ ശ്ലീഹായുടെ ഇന്ത്യൻ ദൗത്യത്തെപ്പറ്റിയും അന്നത്തെ മലങ്കരയിലെ ആചാരങ്ങളെപ്പറ്റിയും ദീർഘമായി പ്രതിപാദിക്കുന്നുണ്ട്.

എ.ഡി. 52 ൽ തോമാ ശ്ലീഹായുടെ വരവോടെ ക്രിസ്തുമതം ഭാരതത്തിൽ ഉദ്ഭവിച്ചുവെന്ന് ഇന്ത്യയുടെ മുൻ പ്രധാനമന്ത്രിയും ചരിത്രകാരനുമായ പണ്ഡിറ്റ് നെഹ്റുവും മുൻ ഇന്ത്യൻ പ്രസിഡന്റുമാരായ ഡോ. രാജേന്ദ്രപ്രസാദും ഡോ. എസ്. രാധാകൃഷ്ണനും ഡൽഹിയിൽ 1952 ൽ ചരിത്രപണ്ഡിതന്മാരുടെ സമ്മേളനത്തിൽ വെളിപ്പെടുത്തിയിരുന്നു. 1893 ൽ വേൾഡ് പാർലമെന്റ് ഓഫ് റിലിജിയൻസിനെ അഭിസംബോധന ചെയ്തുകൊണ്ട് സ്വാമി വിവേകാനന്ദൻ ബി.സിയിലെ യഹൂദന്മാരുടെ വരവിനെപ്പറ്റിയും സെന്റ് തോമസ് പ്രേഷിത വലയത്തിലൂടെ ക്രിസ്തുമതം ഇന്ത്യയിൽ സ്ഥാപിച്ചതിനെപ്പറ്റിയും പറഞ്ഞിരുന്നു.

ഇസ്രയേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുത്തേക്കാണ് യേശു തമ്പുരാൻ അദ്ദേഹത്തിന്റെ 12 ശിഷ്യന്മാരെയും അയച്ചത്. (മത്തായി 10:5, 6/15:24) ഇക്കാര്യം വ്യക്തമായി പറയുന്നു. ക്രിസ്തുവിന്റെ സന്ദേശം ഏറ്റുവാങ്ങിയ ശ്ലീഹന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു പോയി ചിതറിപ്പോയ ആടുകളെ തേടിപ്പിടിച്ച് സുവിശേഷം പ്രസംഗിച്ച് ക്രിസ്ത്യാനികളാക്കി.

അങ്ങനെ സെന്റ് തോമസ് ഭാരതത്തിലെത്തി ക്രിസ്ത്യാനികളാക്കിയ നസ്രാണിസമൂഹം നഷ്ടപ്പെട്ടുപോയ യഹൂദാഗോത്രങ്ങളുടെ പിൻതലമുറക്കാരാണെന്ന് ഡി.എൻ.എ. ടെസ്റ്റിലൂടെ ഇപ്പോൾ ശാസ്ത്രീയമായി തെളിയിച്ചിട്ടുണ്ട്.

മലങ്കര ക്രിസ്ത്യാനികളുടെ യഹൂദാ പൈതൃകവും, നമ്പൂതിരി പാരമ്പര്യവും പുരാതനവും ശക്തവുമായ തദ്ദേശ മൊഴി പാരമ്പര്യമാണ്. പുരാതനമായ ഈ മൊഴി പാരമ്പര്യങ്ങൾക്കു തെളിവായി യഹൂദാ പാരമ്പര്യവും, നമ്പൂതിരി പാരമ്പര്യവും ഇപ്പോൾ ഡി.എൻ.എ. പഠനങ്ങൾ വഴി അംഗീകരിക്കപ്പെട്ടു.

സുറിയാനി ക്രിസ്ത്യാനികളുടെ ജനറ്റിക് ഒറിജിനെപ്പറ്റി തൃശൂർ മെഡിക്കൽ മിഷൻ കോളജിലും ഹൈദരാബാദി (സെന്റർ ഫോർ സെല്ലുലാർ ആൻഡ് മോളിക്യുലാർ ബയോളജി) ലുമാണ് ഡി.എൻ.എ. പരിശോധനകൾ നടന്നത്.

സുറിയാനി ക്രിസ്ത്യാനികളുടെ 'വൈ' ഡി.എൻ.എ. ഹാപ്ളോ ഗ്രൂപ്പിലാണ് യഹൂദാ രക്തത്തിന്റെ ഒഴുക്ക് കണ്ടത്. (ശരീരത്തിലെ പ്രോട്ടീൻ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ഡി.എൻ.എ. ഹാപ്ളോ ഗ്രൂപ്പ് പരിശോധനകൾ നടത്തുന്നത്).

മിനി കരിയപ്പ, മാനവേന്ദ്രസിങ്, ലാൽജിസിങ്, കുമാരസ്വാമി തങ്കരാജ് എന്നിവരാണു സുറിയാനി ക്രിസ്ത്യാനികളുടെ ജനറ്റിക് ഒറിജിനെപ്പറ്റി സമഗ്ര പഠനം നടത്തിയത്. 2011 ഫെബ്രുവരി 14 മുതൽ 16 വരെ മണിപ്പാൽ ലൈഫ് സയൻസ് സെന്ററിൽ (മണിപ്പാൽ യൂണിവേഴ്സിറ്റി) നടന്ന ഹ്യൂമൻ ജെനറ്റിക് കോൺഫറൻസിൽ ഹാപ്ളോ ഗ്രൂപ്പ് ഡി.എൻ.എ. പരിശോധനസംബന്ധിച്ച പഠനത്തിന്റെ പ്രബന്ധങ്ങൾ അവതരിപ്പിച്ചിരുന്നു. ഈ പ്രബന്ധങ്ങളെല്ലാം കോൺഫറൻസ് അംഗീകരിച്ചു.

സുറിയാനി ക്രിസ്ത്യാനികളുടെ ബ്രാഹ്മണ-നമ്പൂതിരി രക്തത്തെപ്പറ്റി നടന്ന മറ്റൊരു പഠനത്തിൽ 'വൈ' ഡി.എൻ.എ. ഹാപ്ളോ ടെസ്റ്റിൽ സുറിയാനിക്കാരിൽ 45% നമ്പൂതിരി രക്തം കണ്ടിട്ടുണ്ട്. ഈ പരിശോധനയെപ്പറ്റി സഖറിയാ മാണിയാണ് കൊച്ചിയിൽ വിവരങ്ങൾ വെളിപ്പെടുത്തിയത്. 175 പുരുഷന്മാരുടെയും, സ്ത്രീകൾ കൂടി ഉൾപ്പെട്ട 275 പേരുടെയും രക്തമാണിവർ പരിശോധിച്ചത്. അവരുടെ പഠനത്തിലും യഹൂദന്മാർക്ക് പരിമിതമായ പ്രാതിനിധ്യം ഡി.എൻ.എ. ടെസ്റ്റിൽ കണ്ടു. പക്ഷേ അതിൽ യഹൂദരക്തം 3% പേരിൽ കണ്ടപ്പോൾ നമ്പൂതിരി പാരമ്പര്യം 45% പേരുടെ രക്തത്തിൽ കണ്ടു. മധ്യ ഏഷ്യ, ഇന്ത്യ, ഇറാൻ, യൂറോപ്പ് എന്നീ സമൂഹങ്ങളിൽ സുറിയാനിക്കാരിൽ നടത്തിയ പരിശോധനയിൽ കൂടുതലായി നമ്പൂതിരി രക്തവും, യഹൂദരക്തവും കണ്ടു. പക്ഷേ മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികളിൽ കൂടുതലും നമ്പൂതിരി പാരമ്പര്യമാണു കണ്ടതെന്നു ഗവേഷകൻ സഖറിയാ മാണി ചൂണ്ടിക്കാട്ടി. ഇന്ത്യയിലെ സുറിയാനി ക്രിസ്ത്യാനികളിൽ ഹാപ്ളോ ഗ്രൂപ്പ് R_1 വളരെ കൂടുതലാണ്.

തോമാ ശ്ലീഹ കേരളത്തിൽ 30 നമ്പൂതിരി ഇല്ലങ്ങളിൽനിന്നും, പാലയൂരിൽ യഹൂദ ഗ്രൂപ്പുകളിൽനിന്നും യഹൂദരെയും ക്രിസ്ത്യാനികളാക്കിയെന്നാണ് ഗവേഷകൻ സഖറിയാ മാണി പറയുന്നത്.

തോമാ ശ്ലീഹായുടെ പിൻതലമുറക്കാരായ നസ്രാണിസമൂഹം തങ്ങളുടെ ഭാരതീയവും പൗരസ്ത്യവുമായ സ്വത്വബോധത്തിൽ ഒരുമിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

GM

റഫറൻസ്

1) ഹിസ്റ്ററി ഓഫ് ക്രിസ്റ്റ്യാനിറ്റി ഇൻ ഇന്ത്യ - I Volume : ഫാ. എ.എൻ. മുണ്ടാടൻ
2) Papyry Page DC ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി
3) ദി ജ്യൂയിഷ് ബാക്ക്ഗ്രൗണ്ട് ഓഫ് ഇന്ത്യൻ പീപ്പിൾ : എ. ബൻഹർ
4) ജനറ്റിക് ഒറിജിൻ ഓഫ് സിറിയൻ ക്രിസ്റ്റ്യൻ - മിനി കരിയപ്പ, മാനവേന്ദ്ര സിങ്, കുമാരസ്വാമി, തങ്കരാജ്, എൽ അനന്തകൃഷ്ണൻ
5) ക്ലോഡിയസ് ബുക്കനർ, ഫാ. ജോസഫ് ചീരൻ ഇസഡ് എം. പാറേട്ട് എന്നിവരുടെ ക്രിസ്റ്റ്യൻ ചരിത്രഗ്രന്ഥങ്ങൾ
6) Van Reede ന്റെ ക്രിസ്റ്റ്യൻ ചരിത്രഗ്രന്ഥം



സീനിയർ ജേർണലിസ്റ്റ് ഫോറം സംസ്ഥാന പ്രസിഡന്റാണ് ലേഖകൻ. മനോരമയിൽ ദീർഘകാലം പത്രാധിപസമിതി അംഗമായിരുന്നു.

യഹൂദ രക്തബന്ധമുള്ള ഇന്ത്യൻ സമുദായങ്ങൾ

■ പി.എ. അലക്സാണ്ടർ

ഇന്ത്യയുടെ പല തീരപ്രദേശങ്ങളിലും ഉൾനാടൻ കച്ചവട കേന്ദ്രങ്ങളിലും യഹുദന്മാരുടെ കുടിയേറ്റം പലപ്പോഴായി ബി.സി. കാലഘട്ടത്തിൽ നടന്നിരുന്നതായി ബർദേസ്സായാൽ എന്ന ചരിത്രകാരൻ രേഖപ്പെടുത്തുന്നു.

അബ്രഹാമിനു മുമ്പുള്ള സുമേരിയൻ വംശ പശ്ചാത്തലം യഹൂദന്മാർക്കുണ്ടെങ്കിലും അബ്രഹാമിൽ നിന്നാണവരുടെ ചരിത്രം ആരംഭിക്കുന്നത്. അബ്രഹാമിന്റെ പുത്രൻ ഇസഹാക്കിന്റെ മകൻ യാക്കോബിന്റെ 12 മക്കളിൽ നിന്ന് യഹൂദ ഗോത്രങ്ങളിലൂടെയുള്ള പിന്തുടർച്ചക്കഥ തുടങ്ങുന്നു. ഈ പിന്തുടർച്ചാ ചരിത്രത്തിൽ യഹൂദർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു കുടിയേറിയ ചരിത്രമാണുള്ളത്. യുദ്ധം മൂലം യഹൂദരോളം ചിതറപ്പെട്ട ഒരു സമൂഹം ലോകചരിത്രത്തിൽ ഏറെയില്ല.

യുദ്ധക്കെടുതി മൂലം യഹൂദർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു ചിതറിയപ്പോൾ ഇന്ത്യാ ഉപഭൂഖണ്ഡത്തിലും അവരെത്തി. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ബലൂചിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ ഉൾപ്പെട്ട പ്രദേശങ്ങൾ, കശ്മീർ, പഞ്ചാബ്, വടക്കുകിഴക്കൻ പ്രദേശങ്ങൾ, പശ്ചിമതീരം, തെക്കുപടിഞ്ഞാറൻ തീരങ്ങൾ, ദ്രാവിഡ ദേശങ്ങൾ, ആര്യദേശങ്ങൾ മലബാർ പ്രദേശം, തിരുകൊച്ചി പ്രദേശം എന്നിവിടങ്ങളിലെല്ലാം ദശഗോത്രർ എത്തിപ്പെട്ടു. എല്ലായിടങ്ങളിലും അവരുടെ കോളനികൾ സ്ഥാപിച്ചു.

ശലോമോന്റെ കാലം മുതൽ ഇന്ത്യയുമായി വിദേശരാജ്യങ്ങൾക്ക് വ്യാപാരബന്ധം ഉണ്ടായിരുന്നു. ഹിരാമിന്റെ കപ്പൽ വ്യൂഹത്തിന്റെ വ്യാപാരോൽപത്തി യഹൂദന്മാരെ ഇന്ത്യയിലേക്കാർഷിച്ചു. കടൽ മാർഗ്ഗവും കരമാർഗ്ഗവും സ്ഥിരം കച്ചവട വീഥികൾ യഹൂദർക്ക് സുപരിചിതമായിരുന്നു. മൺസൂണിന്റെ രഹസ്യം എ.ഡി. 50 ൽ ഹിപ്പാലസ് എന്ന നാവികൻ കണ്ടുപിടിച്ചതോടെ കടൽമാർഗ്ഗം തെക്ക് പടിഞ്ഞാറൻ, വടക്ക് കിഴക്കൻ കാറ്റുകളുടെ സഹായത്തോടെ യഹൂദർ മലങ്കരയിലെത്തി. അങ്ങനെയാണ് തോമാ ശ്ലീഹായും മലങ്കരയിൽ എത്തുന്നത്. ചെങ്കടൽ വിട്ടാൽ 40 ദിവസംകൊണ്ട് മുസ്സീറിസിൽ എത്താമായിരുന്നു. മലബാറിലെ സുഗന്ധവ്യഞ്ജനങ്ങളും, വിലപിടിപ്പുള്ള സ്വർണ്ണവും, കുന്തിരിക്കവും, പൊന്നും, ശലോമോൻ ചക്രവർത്തിയുടെ കൊട്ടാരത്തിലുണ്ടായിരുന്നതായി ഹെലീന പെട്രോണ ബ്ലവത്സ്കി എന്ന മഹതി 'Isis Unveiled' എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്.

യുദന്മാരെ കേരളത്തിൽ ആദ്യമായി സ്വാഗതം ചെയ്തത് പെരുംചോറ്റ് ഉദയൻ എന്ന ചേരരാജാവായിരുന്നു. ഇദ്ദേഹം എ.ഡി. 75 വരെ കേരളം ഭരിച്ചിരുന്നു. ഈ കാലഘട്ടത്തിലായിരുന്നു സെന്റ് തോമസിന്റെ വരവ്. 'ചെൽകെഴു കുട്ടവൻ' എന്ന ചേരരാജാവ് ബ്രാഹ്മണനായിരുന്നു. ചേരരാജാക്കന്മാർ യഹൂദന്മാരുമായി നല്ല ബന്ധത്തിലായിരുന്നു. യേശുക്രിസ്തുവിന്റെ കാലത്തെ ചില നാണയങ്ങൾ തൃശൂരിലെ ആർക്കിയോളജിക്കൽ മ്യൂസിയത്തിൽ ഇന്നു കാണുന്നുണ്ട്. ചേരരാജാക്കന്മാരുടെ പ്രചരിച്ചിരുന്ന നാണയങ്ങളിൽ രാജാക്കന്മാരുടെ പേരും വർഷങ്ങളും കൊത്തിയിട്ടുണ്ട്.

കച്ചവടത്തിനായി വന്ന യഹൂദർ പിന്നെ കുടിയേറ്റക്കാരായി. സ്വന്തം നാട്ടിൽ അടിമകളും അന്യരുമായപ്പോൾ മുഗൾ കാലഘട്ടത്തിന് മുമ്പുള്ള ഇന്ത്യയെ യഹൂദർ അവർക്ക് ഏറ്റവും അനുകൂലമായ രാഷ്ട്രീയ -സാമ്പത്തിക-സാമൂഹ്യ സാഹചര്യമായി തിരിച്ചറിഞ്ഞ് ഇവിടെ സ്ഥിരതാമസ്സക്കാരായി. നല്ല കൃഷിക്കാരും കച്ചവടക്കാരുമായിരുന്നു അവർ. പാശ്ചാത്യനാടുകളിൽ പ്രിയം ഉള്ള വിഭവങ്ങൾ ഇവിടെ ഉൽപാദിപ്പിച്ച് കൊടുങ്ങല്ലൂർ തുറമുഖത്തെത്തിച്ച് വിദേശങ്ങളിലേക്ക് അവർ കയറ്റി അയച്ചിരുന്നു.

സ്വന്തം നാട്ടിൽനിന്നും വംശത്തിൽനിന്നും വിവാഹം പറ്റാതെ വന്നപ്പോൾ തദ്ദേശീയരുമായി അവർ വിവാഹം നടത്തി.. ഇന്ത്യയിൽ വിവാഹിതരായ യഹൂദന്മാർ താടിയും മുടിയും പൂണൂലും ധരിച്ചിരുന്നു. ഇവരെ അക്കാലത്ത് നമ്പൂതിരിമാരെന്നു നാട്ടുകാർ വിളിച്ചിരുന്നു.

യഹൂദർക്കിടയിൽ രണ്ടു വിഭാഗങ്ങളുണ്ടായിരുന്നു. ഒന്ന് യാഥാസ്ഥിതിക യഹൂദ പാരമ്പര്യം കാത്ത് സൂക്ഷിക്കുകയും സ്വന്തം വംശശുദ്ധിയിൽ ശ്രദ്ധ പതിപ്പിക്കുകയും ചെയ്തിരുന്നവർ. രണ്ടാം വിഭാഗം നൂറ്റാണ്ടുകളായിട്ട് തദ്ദേശീയതയോടുള്ള സഹവാസം മൂലം വിവാഹബന്ധത്തിലേർപ്പെട്ട് തദ്ദേശവിഭാഗമായി പരിണമിച്ചവർ. മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള ബന്ധം അത്ര നല്ലതല്ലായിരുന്നു. വെളുത്ത യഹൂദരും ഇരുണ്ട നിറമുള്ള യഹുദരും എന്ന് രണ്ടു വിഭാഗങ്ങളായി ഇവർ അറിയപ്പെട്ടിരുന്നു.

യഹൂദ കേന്ദ്രങ്ങളിലേക്ക് തോമാ ശ്ലീഹാ കടന്നുചെന്നപ്പോൾ യാഥാസ്ഥിതിക യഹൂദർ പലസ്തീനിലെപ്പോലെ മാർത്തോമ്മാ ശ്ലീഹായെ തിരസ്കരിച്ചു. എന്നാൽ തദ്ദേശീയ യഹൂദാ സങ്കരവിഭാഗം ശ്ലീഹായെ സ്വീകരിച്ചു. വിയോജിച്ചവർ ക്രൈസ്തവ വിരോധികളായി. ആ വിരോധത്താൽ തീവ്രവാദികളായ യാഥാസ്ഥിതികർ തോമാ ശ്ലീഹായെ കൊന്നുവെന്നു പറയപ്പെടുന്നു.

ചരിത്രാതീതകാലത്ത് വടക്കുപടിഞ്ഞാറെ ഇന്ത്യയിലെത്തിയ പ്രവാസി ജൂതന്മാർ കാലക്രമേണ വിശാല ഭാരതത്തിലേക്ക് വ്യാപിച്ചു. ഇവർ വിവിധ മതദർശനങ്ങൾ ഉൾക്കൊണ്ട് ഇന്ത്യൻ സമൂഹങ്ങളിൽ അലിഞ്ഞുചേർന്നു. ഇസ്രയേൽ പ്രവാസികളുടെ കുടിയേറ്റത്തെപ്പറ്റി വിളിച്ചോതുന്നത് മഹാശില സ്മാരകങ്ങളും അനുബന്ധ ഘനശേഷിപ്പുകളുമാണ്. രണ്ട് സഹസ്രാബ്ദങ്ങൾക്കപ്പുറം നിർമ്മിച്ച ശവക്കല്ലറകളുടെ നിർമ്മാതാക്കൾ പ്രവാസി ജൂതന്മാരാണ് എന്നു കണ്ടെത്തിയതോടെയാണ് യഹൂദ രക്തമുള്ള ഇന്ത്യൻ സമുദായങ്ങളെ തിരിച്ചറിയുന്നത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആഫ്രിക്കയിലും, യൂറോപ്പിലും, ഏഷ്യയിലും, ഇന്ത്യയിലും കാണുന്ന മഹാശില സ്മാരകങ്ങളുടെ ഘനശേഷിപ്പുകൾ - കല്ലറകൾ - നാട്ടുകല്ലുകൾ, നന്നങ്ങാടികൾ, കുടക്കല്ലുകൾ, തൊപ്പിക്കല്ലുകൾ, വെട്ടുകൽ ഗുഹകൾ തുടങ്ങിയവ പ്രവാസി ജൂതന്മാരുടേതാണെന്നു ചരിത്രം വിളിച്ചുപറയുന്നു. കുടകിലും വയനാട്ടിലും പാലക്കാട്ടും തൃശൂരും കുന്നംകുളത്തും, ഇടുക്കിയിലും കർണ്ണാടകയിലും തമിഴ്നാട്ടിലും കോയമ്പത്തൂരും, മധുരയിലും, ദിണ്ഡിഗലിലും തിരുനെൽവേലിയിലും തിരുവണ്ണാമലയിലും ആർക്കോട്ടും, മഹാശില സ്മാരകങ്ങളും കല്ലറകളും കാണാം. പ്രവാസി ജൂതന്മാർ താമസിച്ചിരുന്ന കൊക്കേഷ്യൻ പർവ്വതനിരകളിലെ പ്രവേശനദ്വാരമുള്ള കല്ലറകളും തെന്നിന്ത്യയിലെ കല്ലറകളും തമ്മിൽ വളരെയേറെ സാമ്യമുണ്ട്.

പത്താൻ എഫ്രിദാ

നഷ്ടപ്പെട്ട ദശഗോത്ര ഇസ്രയേലിൽപെട്ടവർ ബി.സി. 450 കാലത്ത് അഫ്ഗാനിസ്ഥാനിലും, ഇന്ത്യയുടെ ഭാഗത്തും ഉണ്ടെന്നു 'ഹെറഡോട്ടസ്' രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഇസ്രയേൽ ജനതയാണ് പത്താന്മാർ. അഫ്രീദികളും ഈ വിഭാഗത്തിൽ പെടുന്നുണ്ട്. എഫ്രിദി എന്നത് എഫ്രയിം ഇസ്രയേൽ ഗോത്രത്തിന്റെ പത്താൻ ഭാഷാഭേദമാണ്. റൂബേൻ ഗോത്രക്കാരെ റബ്ബാനികളെന്നറിയപ്പെടുന്നു.

ഖാൻ അബ്ദുൽ ഗാഫർ ഖാൻ, മുൻ ഇന്ത്യൻ പ്രസിഡന്റ് ഡോ. സക്കീർ ഹുസൈൻ, ഇർഫാൻ പഠാൻ, ഷാഹിദ് അഫ്രീദി, സർദാർ വല്ലഭായി പട്ടേൽ, അഹമ്മദ് പട്ടേൽ, ടി.എ. പൈ, ഒ.പി. ഭട്ട്, വയനാട്ടിലെ എം.പി. വീരേന്ദ്രകുമാർ തുടങ്ങിയവരെല്ലാം യഹൂദ വർഗ്ഗത്തിലെ ജൂതന്മാരുടെ പിൻഗാമികളത്രെ.

ഇന്ത്യയിലെ ഭട്ട്, ഭട്ടൻ-പട്ടൻ വിഭാഗം പത്താൻമാർ എന്നറിയപ്പെടുന്നു. അന്യബ്രാഹ്മണർക്കൊപ്പം സഹകരിച്ചാണിവർ ജീവിച്ചത്.

പശ്ചിമേഷ്യയിൽനിന്ന് ബാബിലോണും നിനെവെയും ഹംദാനും ഏക്ബത്താനയും ഹീറാത്തും കടന്നുവരുന്ന ഉത്തര മഹാപഥത്തിന്റെ കാബൂൾ മുതൽ ബംഗാളിലെ താമ്രലിപ്തി വരെയുള്ള ഭാരതഖണ്ഡത്തിലെ സുപ്രധാനവ്യാപാരകേന്ദ്രങ്ങളായിരുന്നു തക്ഷശില, മഥുര, കാശി, പാടലീപുത്രം എന്നിവ. ഇവിടങ്ങളിലെ മുഖ്യവ്യാപാരികൾ ഹിന്ദു ബ്രാഹ്മണരായിത്തീർന്ന ഇസ്രയേലികളായിരുന്നു.

പാടലീപുത്രത്തിൽ വ്യാപാരത്താവളം ഉറപ്പിച്ച പത്തേലുകൾ ജൂതന്മാരാണ്. ഇവർ ജൂതബ്രാഹ്മണരെന്നറിയപ്പെടുന്നു.

ഭട്ടതിരിമാർ, ഗൗഢസാരസ്വത ബ്രാഹ്മണർ, കുടകർ, തോടർ, ജൈനബ്രാഹ്മണർ, ക്രൈസ്തവർ ഇവരൊക്കെ യഹൂദവംശത്തിൽപ്പെട്ടവരാണ്. **GM**

റഫറൻസ്:

The Jewish Background of Indian People
by Abraham Benhur
Jeevanist Books, Krishnagiri P.O., Wyanad- 673591
Ph: 9446695082, 04936 - 247805
ഭാരതത്തിലെ ജൂത ക്രിസ്ത്യാനികൾ: എബ്രഹാം ബെൻഹർ
സെന്റ് തോമസ് ക്രിസ്ത്യാനികളുടെ യഹൂദ ബന്ധം: എബ്രഹാം ബെൻഹർ

തൈലാഭിഷേകവും കന്തീലായും

■ ബഹനാൻ തോമസ്



അജ്ഞതകൊണ്ടായിരിക്കാം, ഈ ദിവ്യമായ ശുശ്രൂഷയെ അന്ത്യകൂദാശയെന്നു വിളിക്കുന്നത്. വളരെ പ്രായംചെന്നവർക്ക് രോഗം ഗുരുതരമാകുമ്പോൾ നൽകുന്ന ഒരു ശുശ്രൂഷയാണെന്നാണ് പലരുടെയും ധാരണ! അതുകൊണ്ടു തന്നെയാകണം അന്ത്യകൂദാശയെന്ന ദുഷ്പേരു വന്നതും!! എന്നാൽ ഇത് രോഗസൗഖ്യത്തിന്റെ കൂദാശയാണെന്ന് വിശ്വാസികൾ മനസ്സിലാക്കണം.

ഏതു പ്രായക്കാർക്കും ഏതു രോഗക്കാർക്കും ഏതവസരത്തിലും ഈ വിശുദ്ധ കൂദാശ നൽകാം. യാക്കോബ് ശ്ലീഹാ തന്റെ ലേഖനത്തിൽ ഇതു പ്രത്യേകം പറയുന്നു. (യാക്കോ. 5:14,15). കൂടാതെ മർക്കോസിന്റെ സുവിശേഷം 6:13 ൽ "വളരെ ഭൂതങ്ങളെ പുറത്താക്കുകയും അനേകം രോഗികളെ എണ്ണതേച്ച് സൗഖ്യപ്പെടുത്തുകയും ചെയ്തു" എന്നു വായിക്കുന്നു. മനസ്സിന്റെയും ശരീരത്തിന്റെയും സൗഖ്യത്തിനാണ് വി. തൈലാഭിഷേകം ചെയ്യുന്നത്. ദീർഘനാളത്തെ ഇടവേളയ്ക്കു ശേഷം, വീണ്ടും കൂദാശ സ്വീകരിച്ച ധാരാളം പേർ നമ്മുടെ സഭയിൽ ഉണ്ട്. അതുകൊണ്ട് വിശ്വാസികൾ എപ്പോൾ ആവശ്യപ്പെട്ടാലും ഇടവകയിലെ പുരോഹിതൻ ശുശ്രൂഷക്കാരുമായി വന്ന് ഈ കൂദാശ നടത്തിത്തരും. ഇതിന് ലജ്ജിക്കുകയോ ഭയപ്പെടുകയോ വേണ്ട.

ഇനി കന്തീല ശുശ്രൂഷയെപ്പറ്റി അല്പം പറയാം. ഇതും രോഗശാന്തി ശുശ്രൂഷ തന്നെ! എന്നാൽ വളരെ വിപുലമായ ഒരു ശുശ്രൂഷയാണ്. പട്ടക്കാരും, മേൽപ്പട്ടക്കാരും അൽമായക്കാരും പ്രത്യേകം ആവശ്യപ്പെട്ടാൽ നിർവ്വഹിക്കുന്ന ഈ ശുശ്രൂഷ പൂർത്തിയാക്കാൻ ഒരു മണിക്കൂർ എടുക്കും. എല്ലാവരും ആവശ്യപ്പെടുന്നില്ല. കാരണം, ഇതിനു വരുന്ന വലിയ ഒരുക്കങ്ങളും പണച്ചെലവുമാണ്. എന്തെന്നാൽ, പ്രധാനകാർമ്മികൻ മേൽപ്പട്ടക്കാരനായിരിക്കണം. അദ്ദേഹത്തെ ലഭ്യമല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തുന്ന പട്ടക്കാരായിരിക്കണം. അപ്പോൾ നൂറുകണക്കിനു വിശ്വാസികൾ സംബന്ധിക്കും. ചന്തമുള്ള പന്തലും മേശ, കസേര, വീഡിയോ, മൈക്ക് തുടങ്ങിയവയും ശുശ്രൂഷ കഴിയുമ്പോൾ സ്നേഹവിരുന്നും കരുതണം.

രോഗസൗഖ്യത്തിന്റെ ശുശ്രൂഷകളാണ് തൈലാഭിഷേകവും കന്തീലായും

പണച്ചെലവുണ്ടെന്നു സൂചിപ്പിച്ചതുകൊണ്ട് ഇത്രയും വിശദമാക്കിയതാണ്.

കന്തീല എന്ന പദം Candle അഥവാ മെഴുകുതിരി എന്ന വാക്കിൽനിന്നും കിട്ടിയതാണ്. മനുഷ്യരുടെ പഞ്ചേന്ദ്രിയങ്ങളെ സൂചിപ്പിക്കുന്ന 5 മെഴുകുതിരികൾ 5 ശുശ്രൂഷകളിലായി ഓരോന്നു കത്തിക്കുന്നു. ആദ്യം രോഗിയെ തല കിഴക്കുവശത്തു വരത്തക്കതുപോലെ നല്ല വസ്ത്രങ്ങൾ ധരിപ്പിച്ച് നല്ല രീതിയിൽ വിരിച്ച കിടക്കയിൽ കിടത്തുന്നു. ഒരു തളികയിൽ ഗോതമ്പുമാവു കുഴച്ച് 5 തിരികളും കുരിശാകൃതിയിൽ ഭംഗിയായി ഈ ഗോതമ്പുമാവിൽ കുത്തിനിർത്തുന്നു. തൊട്ടടുത്ത് ഒരു ചെറിയ തളികയിൽ മേൽപ്പട്ടക്കാർ നേരത്തെ കൂദാശ ചെയ്ത സൈത്ത് (ഒലിവെണ്ണ) കരുതുന്നു.

ഒന്നാം ശുശ്രൂഷ: കുരിശാകൃതിയിൽ നിർത്തിയിരിക്കുന്ന 5 തിരികളിൽ കിഴക്കുവശത്തെ തിരി മാത്രം കത്തിക്കുന്നു. പ്രാർത്ഥനകളും ഏവൻഗേലിയോനും കഴിഞ്ഞ് മേൽപ്പട്ടക്കാരൻ സൈത്ത് വിരൽകൊണ്ട് തൊട്ടെടുത്ത് രോഗിയുടെ നെറ്റിയിൽ ത്രിത്വനാമത്തിൽ 3 പ്രാവശ്യം സ്ലീബ അടയാളത്തിൽ മുദ്രകുത്തുന്നു.

രണ്ടാം ശുശ്രൂഷ: ആദ്യത്തെപ്പോലെ പ്രാർത്ഥനകഴിഞ്ഞ് മദ്ധ്യത്തിലുള്ള തിരി കത്തിക്കുന്നു. എന്നിട്ട് രോഗിയുടെ നെറ്റിയിലും നെഞ്ചിലും ആദ്യത്തെപ്പോലെ സൈത്തുകൊണ്ട് മുദ്രയിടുന്നു.

മൂന്നാം ശുശ്രൂഷ: പ്രാർത്ഥനയോടെ പടിഞ്ഞാറുവശത്തുള്ള തിരി കത്തിക്കുന്നു. അതു കഴിഞ്ഞ് പ്രധാന കാർമ്മികൻ സൈത്തുകൊണ്ട് രോഗിയുടെ നെറ്റിയിലും, നെഞ്ചിലും, കാൽമുട്ടുകളിലും മുദ്ര കുത്തുന്നു.

നാലാം ശുശ്രൂഷ: വടക്കുവശത്തുള്ള തിരി കത്തിക്കുന്നു. പ്രാർത്ഥന കഴിയുമ്പോൾ മേൽപട്ടക്കാരൻ സൈത്തുകൊണ്ട് രോഗിയുടെ നെറ്റിയിലും നെഞ്ചിലും കാൽമുട്ടുകളിലും, കൈവെള്ളകളിലും മുദ്രയിടുന്നു.

അഞ്ചാം ശുശ്രൂഷ: അവസാനം തെക്കുവശത്തുള്ള തിരിയും കത്തിക്കുന്നു. പ്രാർത്ഥനകഴിഞ്ഞ് പ്രധാനകാർമ്മികൻ സൈത്തെടുത്ത് രോഗിയുടെ നെറ്റിയിലും നെഞ്ചിലും കാൽമുട്ടുകളിലും കൈവെള്ളകളിലും മുദ്രയിട്ട ശേഷം ചെവികൾ, അധരങ്ങൾ, നാക്ക്, മൂക്ക്, നാഭി എന്നിവിടങ്ങളിലും തൈലം പൂശുന്നു. തുടർന്ന് സമാപന പ്രാർത്ഥന!

ഓരോ മുദ്രയ്ക്കും സ്ലീബാ അടയാളം 3 പ്രാവശ്യം വേണമെന്നാണ് കാനോൻ! അതുകൊണ്ട് വലതുവശത്ത് രണ്ടും ഇടതുവശത്ത് ഒന്നും മുദ്രയിടുന്നു. അധരങ്ങളിൽ മുദ്രയിടുമ്പോൾ മുകൾചുണ്ടിൽ രണ്ടും കീഴ്ചുണ്ടിൽ ഒന്നും മുദ്രയിടുന്നു. കാലും കയ്യും, ചെവിയും ആദ്യം പറഞ്ഞതുപോലെ വലതുവശത്ത് രണ്ടും ഇടതുവശത്ത് ഒന്നുമാണ് മുദ്രയിടേണ്ടത്.

നാല്പതിന്റെ നന്മ

ഓർത്തഡോക്സ് സഭയ്ക്ക് 40-ാം ദിവസം വളരെ പ്രധാനമാണല്ലോ? ഭാരതീയ പാരമ്പര്യത്തിലും നാൽപതിന്റെ പ്രാധാന്യം കാണാം. എന്താണിതിന്റെ പ്രത്യേകത? ചില സംഭവങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽനിന്നും കൊടുക്കുന്നു.

1) നോഹയുടെ കാലത്ത് ജലപ്രളയമുണ്ടാകുവാൻ യഹോവ 40 രാവും 40 പകലും ഭൂമിയിൽ തുടർച്ചയായി മഴ പെയ്യിച്ചു. (ഉല്പത്തി 7:12) വീണ്ടും പറയുന്നു,"ഭൂമിയിൽ 40 ദിവസം ജലപ്രളയമുണ്ടായി (7:17). പ്രളയത്തിനു ശേഷം വെള്ളം കുറഞ്ഞുതുടങ്ങുകയും പെട്ടകം അരാരാത്ത് പർവ്വതത്തിൽ ഉറയ്ക്കുകയും ചെയ്തു. എന്നാൽ 40 ദിവസം കഴിഞ്ഞതിനു ശേഷം നോഹ പെട്ടകത്തിന്റെ കിളിവാതിൽ തുറന്നു; (8:6) വെള്ളം ഇറങ്ങിത്തുടങ്ങിയോ എന്നറിയാൻ.

2) ഇസ്രയേൽ ഗോത്രം പന്ത്രണ്ടിനെയും അനുഗ്രഹിച്ച് കഴിഞ്ഞ് ഗോത്രപിതാവായ യാക്കോബ് മിസ്രയിം ദേശത്തുവച്ച് മരിച്ചു. എന്നാൽ അങ്ങു ദൂരെ കനാൻ ദേശത്ത് മക്പേല എന്ന നിലത്തിലെ ഗുഹയിൽ തന്റെ പിതാക്കന്മാരുടെ കല്ലറയിൽ അവനെ അടക്കം ചെയ്യാമെന്നു സത്യം ചെയ്തതിൻപ്രകാരം മകനായ യൗസേഫ് അതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. മിസ്രയീം ദേശത്ത് മാത്രം 70 ദിവസത്തെ വിലാപം കഴിക്കുവാനായി മൃതദേഹത്തിനു സുഗന്ധവർഗ്ഗം ഇടുവാൻ യൗസേഫ് വൈദ്യന്മാരോടു കല്പിച്ചു! വൈദ്യന്മാർക്ക് ഇതു ചെയ്യുവാൻ 40 ദിവസം വേണം!! (ഉൽപത്തി 50:3) വീണ്ടും 30 ദിവസത്തെ വിലാപത്തിനു ശേഷമാണ് കനാനിലേക്കുള്ള യാത്ര ആരംഭിച്ചത്. ലോകം കണ്ടതിലേക്കും ഏറ്റവും വലിയ ശവസംസ്കാര ഘോഷയാത്രയായിരുന്നു അത്.

3) യഹോവയുടെ കല്പനപ്രകാരം മോശയും, അഹരോനും, നാദാബും അബീഹൂവും, 70 മൂപ്പന്മാരും സീനായ് പർവ്വതത്തിലേക്കു കയറി. മോശ മാത്രം യഹോവയുടെ അടുത്തു ചെന്നു. ബാക്കിയുള്ളവർ ദൂരെ മാറിനിന്നു. മോശ പർവ്വതത്തിൽ യഹോവയുടെ സന്നിധിയിൽ 40 പകലും 40 രാവും താമസിച്ചു. (പുറപ്പാട് 24:18)

4) മോശ പർവ്വതത്തിൽ നിന്നിറങ്ങാൻ താമസിച്ചപ്പോൾ ജനം ദുശ്ശാഠ്യമുള്ളവരായിത്തീർന്നു. എങ്കിലും മോശയുടെ മദ്ധ്യസ്ഥതയിൽ യഹോവ ക്ഷമിച്ചു. പത്തു കല്പനകൾ 2 കല്പലകകളിലായി

എഴുതിക്കൊടുത്തു. മോശ ഭക്ഷണം കഴിക്കാതെയും വെള്ളം കുടിക്കാതെയും 40 പകലും 40 രാവും യഹോവയോടുകൂടിയായിരുന്നു. (ഉല്പത്തി 34:28)

5) എന്നാൽ മോശ ആ കല്പലകകൾ രണ്ടും ജനത്തിന്റെ അനുസരണക്കേടു കണ്ട് കോപിച്ച് എറിഞ്ഞുടച്ചുകളഞ്ഞു. പക്ഷേ യഹോവയുടെ നിർദ്ദേശമനുസരിച്ച് മോശ വീണ്ടും പർവ്വതത്തിൽ കയറി ചെന്നു. കല്പലകകൾക്കു വേണ്ടി മോശ പിന്നെയും 40 പകലും 40 രാവും അവിടെ താമസിച്ചു. (ആവ:10:10)

6) ഏലിയാവ് ഇസബേൽ മൂലം ഭയപ്പെട്ട് ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങി. ദൈവദൂതൻ ഉണർത്തിക്കൊടുത്ത അപ്പവും വെള്ളവും കഴിച്ച് അതിന്റെ ബലംകൊണ്ട് 40 പകലും 40 രാവും കൊണ്ട് ദൈവത്തിന്റെ പർവ്വതമായ ഹോരേബ് വരെ നടന്നു. (1 രാജ. 19:8)

7) ദാവീദിന്റെ ഭരണകാലം 40 സംവത്സരമായിരുന്നു. (1 രാജ. 2:11) അതുപോലെ മകനായ ശലോമോനും 40 സംവത്സരം യരുശലേമിനെ ഭരിച്ചു. (1 രാജ. 11:42)

8) നമ്മുടെ കർത്താവ് മാമോദീസാ ഏറ്റുകഴിഞ്ഞ് മരുഭൂമിയിൽ 40 പകലും 40 രാവും ഉപവസിച്ചു. സാത്താന്റെ പരീക്ഷകളെ നേരിടാനുള്ള തയ്യാറെടുപ്പായിരുന്നു ഇത്. (മത്തായി 4:3) മോശയും ഏലിയാവും നൂറ്റാണ്ടുകളുടെ വ്യത്യാസത്തിൽ 40 ദിവസം വീതം ഉപവസിച്ചതിനെ അനുസ്മരിച്ചായിരുന്നു ഈ ഉപവാസവും!

9) കർത്താവ് ഉയിർപ്പുകഴിഞ്ഞ് 40-ാം ദിവസം സ്വർഗ്ഗാരോഹണം ചെയ്തുവെന്ന് നാം വിശ്വസിക്കുന്നു. അതുകൊണ്ടാണ്, നമ്മുടെ വാങ്ങിപ്പോയവർക്കു വേണ്ടി 40-ാം ദിവസം വി. കുർബാന അർപ്പിക്കുന്നതും ധൂപപ്രാർത്ഥന നടത്തുന്നതും.!

10) ഡിസംബർ 25-ാം തീയതി ലോകം മുഴുവനും ക്രിസ്തുമസ് ആഘോഷിക്കുന്നുണ്ടല്ലോ! യഹൂദന്മാരുടെ ആചാരപ്രകാരം ശിശുക്കളെ മാതാപിതാക്കന്മാർ 40-ാം ദിവസം ദേവാലയത്തിൽ കൊണ്ടുവരുന്നതു പതിവാണ്. അങ്ങനെ പരി. മാതാവും യൗസേപ്പു പിതാവും കൂടി ഉണ്ണിയേശുവിനെ40-ാം ദിവസമായ ഫെബ്രുവരി 2 ന് യരുശലേം ദേവാലയത്തിൽ കൊണ്ടുവന്നു. ഇതിന്റെ ഓർമ്മയ്ക്കായിട്ടാണ് ഓർത്തഡോക്സുകാർ മായൽത്തോ പെരുന്നാൾ (ദേവാലയ പ്രവേശനതിരുനാൾ) കൊണ്ടാടുന്നത്. (ലൂക്കോ.2:22) വൃദ്ധനായ ശീമോൻ കുഞ്ഞിനെ കൈകളിൽ ഏന്തി ദൈവത്തെ പുകഴ്ത്തി, "ഇനിയും നാഥാ അടിയനെ സമാധാനത്തോടെ പറഞ്ഞയയ്ക്കണമെ" എന്ന്. കത്തോലിക്കാ സഭ ഈ ദിവസത്തെ "മാതാവിന്റെ ശുദ്ധീകരണത്തിരുനാൾ" എന്നു വിളിക്കുന്നു.

നോമ്പിലെ നമസ്കാരത്തിൽ 40 കുമ്പിടീൽ ഉണ്ടല്ലോ! കർത്താവിന്റെ കഷ്ടാനുഭവത്തിലുണ്ടായ 5 തിരുമുറിവുകളെ ഓർത്തുകൊണ്ട് പട്ടക്കാരും ജനങ്ങളും കൂടി (അഞ്ചും അഞ്ചും) 10 വീതം നാലു പ്രാവശ്യംകൊണ്ട് 40 കുമ്പിടുന്നതാണ് ഇതിന്റെ കണക്ക്.

ഒരു മനുഷ്യൻ ആഹാരമോ ഔഷധമോ കഴിച്ചാൽ അതിന്റെ ഗുണമായാലും ദോഷമായാലും 40 ദിവസം ശരീരത്തിലുണ്ടാകുമെന്നു ശാസ്ത്രം പറയുന്നു. അതുകൊണ്ടാണ് ഏലിയാവ് ദൈവദൂതൻ കൊടുത്ത അപ്പവും വെള്ളവും കഴിച്ച് ബലപ്പെട്ട് 40 ദിവസം കൊണ്ട് യഹൂദ്യയിൽ നിന്ന് ദൈവത്തിന്റെ പർവ്വതമായ ഹോരേബ് വരെ നടന്നത്. ക്രിസ്തുവിനും 900 വർഷം മുമ്പു നടന്ന ഈ സംഭവം വി. കുർബാനയുടെ സൂചനയാണ്. 40 ദിവസത്തിലൊരിക്കലെങ്കിലും വി. കുർബാന കൈക്കൊള്ളണമെന്നു നമ്മുടെ പിതാക്കന്മാർ നിഷ്കർഷിക്കുമായിരുന്നുവെന്നു കേട്ടിട്ടുണ്ട്. GM

ബഹനാൻ തോമസ്

ആരാണ് സ്നേഹിതൻ

■ **ഫാ. സൈമൺ ഇടപ്പള്ളി**

ആരാണ് സ്നേഹിതൻ
ഉണ്ണീ നിനക്ക് ആരാണ് സ്നേഹിതൻ

മായം കലരാത്ത മനസ്സുള്ളവൻ അവൻ
മരതകമാണിക്യ കല്ലാണ് സ്നേഹിതൻ

ആപത്തുകാലത്ത് താങ്ങായിവന്നവൻ
കളിവാക്കോതീടും കിളിയാണ് സ്നേഹിതൻ

കൂടെ നടപ്പുവോൻ സ്വാന്തനം മേവുവോൻ
നറുമണം വീശും നൻമുല്ലപൂവാണ് സ്നേഹിതൻ

ശാന്തത നൽകുവോൻ ഗർവ്വമകറ്റുവോൻ
സ്ഫടിക മാനസൻ സ്നേഹിതൻ

തെറ്റിനെചൂണ്ടീടും ശരിയെ തെളിയിക്കും
നേരിന്റെ നൽദീപനാളം സ്നേഹിതൻ

ത്യാഗത്തിൻ സ്നേഹത്തിൻ, കരുത്തിൻ
പോൽ പ്രഭവീശു നൽകതിരാളി സ്നേഹിതൻ

ആരാണ് സ്നേഹിതൻ
ഉണ്ണീ നിനക്കാരാണ് സ്നേഹിതൻ

Children's performance linked to sound sleep

Parents expecting a good performance from their children at school can help their kids do so by first ensuring they get a sound sleep.

A study in China's Shanghai city has found students lacking sleep tend to be poor performers in comparison to those who have enough sleep.

Doctors at Shanghai Children's Medical Centre studied students of 10 local primary schools. They divided the students into two groups -- one slept less than nine hours a day and the other group sleeping over 10 hours a day.

"The group that slept less scored lower in all the eight test categories from memory, logic reasoning to attention," said lead researcher Jiang Fan.

"The result surprised us as we never realised that the amount of sleep can make such a big difference in children," Jiang added.

Primary school students should sleep for 10 hours per day while those at middle school should sleep for nine hours, she said.

"However many children don't have enough sleep due to heavy academic burden, bad sleeping habit and parents' low awareness," she said.

"About 20 to 30 percent of children have sleep problems, which can result in higher risks of hypertension, obesity and diabetes in their adult years," Jiang said.

India Abroad News Service

കോലഞ്ചേരിക്കു ശേഷം.... കുലംകുത്തികളുടെ കാലം!

■ അലക്സ് കുര്യൻ

കോലഞ്ചേരി സംഭവത്തിനുശേഷം സെപ്റ്റംബറിൽ ഒരു വർഷം തികയുന്നു. അനുബന്ധമായി സഭ ഉയർത്തിയ ന്യായവും നീതിയുക്തവുമായ പ്രശ്നങ്ങൾ ഇന്നും പരിഗണിക്കാതെയും പരിഹരിക്കാതെയും തുടരുന്നു. എന്നാൽ അതിനെതുടർന്നുണ്ടായ അക്രമ സംഭവങ്ങളും നിയമനിഷേധങ്ങളും അനവധിയാണ്. മാമലശ്ശേരി, പിറവം, മണ്ണത്തൂർ, മൂവാറ്റുപുഴ, പഴന്തോട്ടം, കണ്യാട്ടുനിരപ്പ്, കത്തിപ്പാറത്തടം, വെട്ടിത്തറ, മാന്തളിർ, മേപ്രാൽ തുടങ്ങി ഒട്ടേറെ സ്ഥലങ്ങളിൽ യാക്കോബായ നേതൃത്വത്തിൻ കീഴിൽ അക്രമസംഭവങ്ങൾ അരങ്ങേറി. ദീർഘകാലമായി മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദികർ മാത്രം വി. കുർബാന അർപ്പിച്ചിരുന്ന മാമലശ്ശേരി മാർ മിഖായേൽ, മണ്ണത്തൂർ സെന്റ് ജോർജ്, പഴന്തോട്ടം സെന്റ് മേരീസ്, മാന്തളിൽ സെന്റ് തോമസ് തുടങ്ങിയ ദേവാലയങ്ങൾ അക്രമ സംഭവങ്ങളിലൂടെ അടുത്ത കാലത്ത് പൂട്ടപ്പെട്ടു. നിരവധി സ്ഥലങ്ങളിൽ സഭാംഗങ്ങളായ വൈദികർക്കും വിശ്വാസികൾക്കും ക്രൂരമായ മർദ്ദനമേറ്റു. മാമലശ്ശേരിയിൽ പെരുന്നാൾ കുർബാന അർപ്പിക്കുവാൻ വന്ന മലങ്കര ഓർത്തഡോക്സ് സഭാ വൈദികട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനു നേരെ വധശ്രമമുണ്ടായി. തലനാരിഴയ്ക്കാണ് അദ്ദേഹം രക്ഷപ്പെട്ടത്. നാനാജാതിമതസ്ഥരായ ആയിരക്കണക്കിനുപേർക്കുവേണ്ടി അവിടെ ഒരുക്കിയിരുന്ന നേർച്ചസദ്യ ഉപയോഗശൂന്യമാക്കി. പള്ളിപുരയിടത്തിലെ ഒരേക്കറോളം വരുന്ന കൃഷിസ്ഥലത്തെ കൃഷിയിടം വെട്ടിനിരത്തി. കണ്യാട്ടുനിരപ്പിലും, പുത്തൻകുരിശിലും പോലീസിനു നേരെ അക്രമമുണ്ടായി. കോലഞ്ചേരിയിൽ പരുമല സെമിനാരിയുടെ വാഹനത്തിൽ യാത്ര ചെയ്തിരുന്ന നിരണം ഭദ്രാസനാധിപൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായ്ക്കു നേരെ കൈയ്യേറ്റമുണ്ടായി. പുത്തൻകുരിശിൽ സ്ലീബാദാസ സമൂഹം അദ്ധ്യക്ഷൻ വന്ദ്യ ശമവൂൻ റമ്പാനു നേരെയും അക്രമണമുണ്ടായി. അക്രമ സംഭവങ്ങളുടെ പരമ്പര തുടർന്നുകൊണ്ടേയിരിക്കുന്നു.

എഴുപതുകളുടെ തുടക്കത്തിൽ ആരംഭിച്ച സഭാംരംഗത്തെ അക്രമ പ്രവണതകൾ ഏതാനും വർഷങ്ങളായി അതിന്റെ പാരമ്യത്തിലെത്തി നിൽക്കുകയാണ്. ഈ നാലുപതിറ്റാണ്ടുകാലമായി ഒരേ നേതൃത്വത്തിൽ കീഴിലാണ് ഇത്തരം സംഭവങ്ങൾ അരങ്ങേറുന്നത് എന്ന വസ്തുത ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. ടി.എം. വർഗീസ് (പെരുമ്പാവൂർ), ഓനാൻകുഞ്ഞ് (കടമറ്റം), കുര്യാക്കോസ് (പെരുമ്പാവൂർ) തുടങ്ങിയ രക്തസാക്ഷികളും നൂറിലേറെ ജീവിക്കുന്ന രക്തസാക്ഷികളും ഈ സംഭവങ്ങളിലൂടെ സൃഷ്ടിക്കപ്പെട്ടു.

ക്രൈസ്തവ സാക്ഷ്യവും, മൂല്യങ്ങളും ഉയർത്തിപിടിക്കുന്നതിനു പകരം തികച്ചും പൈശാചിക മനോഭാവത്തോടെ സഭയെ അക്രമികളുടെ വിഹാരരംഗമാക്കിയിരിക്കുകയാണ്. ബഹു. സുപ്രീംകോടതിയുടെ 1958ലെയും 1995ലെയും വിധികൾക്കെതിരെ നിയമവിരുദ്ധമായി ദേവാലയങ്ങൾ കൈയ്യേറി സ്വത്തുക്കൾ കൊള്ളയടിക്കുകയും ആസമ്പത്ത് ഉപയോഗിച്ച് എന്തിനും മടിക്കാത്ത ഗുണ്ടകളെ നിലനിർത്തുകയും, അവരുടെ നേതൃത്വത്തിൽ എതിരാളികളെ അടിച്ചൊതുക്കുകയും ചെയ്യുന്ന പ്രവണത നിയമസംവിധാനത്തിന്റെ അടിസ്ഥാനശിലയെ തന്നെ തകർക്കുന്നതാണ്. ഇത് ഓർത്തഡോക്സ് സഭയ്ക്കെതിരെ മാത്രമല്ല, യാക്കോബായ സഭയിലെ അനീതികൾക്കെതിരെ ശബ്ദമുയർത്തുന്ന വിശ്വാസികൾക്കു നേരെയും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നത് വർത്തമാനകാല യാഥാർത്ഥ്യമാണ്. അന്യായമായി സമ്പാദിച്ചിരിക്കുന്ന സ്വത്തിൽ ഒരു ഭാഗം രാഷ്ട്രീയപാർട്ടികൾക്കും, നേതാക്കൾക്കും, സംഭാവനയായി നൽകി അവരെ കൂടെ നിർത്താനും, തത്വസംഹിതകളില്ലാതെ പ്രലോഭനങ്ങൾക്കു വഴങ്ങുന്ന ഒരു ന്യൂനപക്ഷം മാദ്ധ്യമപ്രവർത്തകരെയും അധികാരകേന്ദ്രങ്ങളെയും അനുകൂലമാക്കുവാനും ഉപയോഗിക്കുന്നു എന്നത് വസ്തുതയാണ്. മാധ്യമപ്രവർത്തകരിൽ 90% പേരും സത്യസന്ധമായി പ്രവർത്തിക്കുന്നവരും മൂല്യാധിഷ്ഠിത നിലപാടുകൾ നിലനിർത്തുന്നവരുമാണ്. എന്നാൽ ഒരു വിഭാഗം സാഹചര്യങ്ങൾക്കനുസരിച്ച് വാർത്തകൾ തെറ്റായി റിപ്പോർട്ടുചെയ്യുന്നവരാണ്. അത്തരക്കാരുടെ സേവനം യാക്കോബായ നേതൃത്വം പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതുതന്നെയാണ് റവന്യൂ പോലീസ് നിയമവൃത്തങ്ങളുടെയും അവസ്ഥ.

ഓർത്തഡോക്സ് സഭയ്ക്കെതിരെ മാത്രമല്ല, യാക്കോബായ സഭയിലെ അനീതികൾക്കെതിരെ ശബ്ദമുയർത്തുന്ന വിശ്വാസികൾക്കു നേരെയും അക്രമം അഴിച്ചുവിടുന്നു

സുപ്രീംകോടതി വിധിയെ അസ്ഥിരപ്പെടുത്തുവാനും നടപ്പിൽ വരുത്താതെയിരിക്കുന്നതിനും വണ്ടി യാക്കോബായ നേതൃത്വം സ്വീകരിക്കുന്ന നിലപാടുകൾ നിരവധിയാണ്. നിയമവ്യവസ്ഥിതിയിലെ കാലതാമസം മുൻനിർത്തി 'സെക്ഷൻ 92' പോലുള്ള സാങ്കേതിക പ്രശ്നങ്ങൾ ഉന്നയിച്ച് കേസുകളുടെ ഗതിമാറ്റിവിടുന്നത് അടുത്തകാലത്ത് പതിവാക്കിയിരിക്കുകയാണ്. കേസിന്റെ മെറിറ്റിലേക്കു കടന്നാൽ യാതൊരു ആനുകൂല്യവും ലഭിക്കുകയില്ലെന്ന വസ്തുത അവർക്ക് നന്നായി അറിയാം. ഇത്തരം കുത്സിതനീക്കങ്ങൾക്ക് ചില നിയമജ്ഞരുടെയും പിന്തുണ ലഭിക്കുന്നു എന്നത് നിയമത്തിന്റെ ഒളിക്യാമറയിൽ കൂടി നോക്കിയാൽ വ്യക്തമായി വിലയിരുത്താൻ സാധിക്കും. അനേകം നീതിന്യായ കോടതികളും ശക്തമായ റവന്യൂ-പോലീസ് സംവിധാനവും നിലനിൽക്കുന്ന എറണാകുളം ജില്ല കേന്ദ്രീകരിച്ച് ഇത്തരം അക്രമ തേർവാഴ്ചയും നിയമവ്യവസ്ഥിയോടുള്ള വെല്ലുവിളിയും നടക്കുന്നത് ഒരു പക്ഷേ വിരോധാഭാസമായി തോന്നാം.

യാക്കോബായ സഭയിലെ ആത്മീയ അത്മായ നേതൃത്വങ്ങൾ ഈ രീതിയിൽ അക്രമവാസനയുമായി മുന്നേറുമ്പോൾ സഭയിലെ ഭൂരിപക്ഷം വിശ്വാസികളും തികഞ്ഞ ആശങ്കയിലാണ്. ക്രിമിനൽ കേസുകളിൽപെട്ട അനേകം യുവജനങ്ങൾ ജോലി പോലും ലഭിക്കാതെ വലയുകയാണ്. പലർക്കും പാസ്പോർട്ട് പോലും ലഭിക്കുന്നില്ല ക്രൈസ്തവസാക്ഷ്യത്തിന്റെ കൊടിയുയർത്തി പാരമ്പര്യത്തിന്റെ കണ്ണികൾ മുറിയാതെ കാത്തുസൂക്ഷിക്കുന്നതിൽ അഭിമാനം കൊള്ളുന്ന വിശ്വാസി സമൂഹം ഇന്ന് അനാഥത്വത്തിന്റെ പെരുവഴിയിലാണ്.

ഭരണനേതൃത്വത്തിന്റെ കഴിവില്ലായ്മ, ഒരുപറ്റം ജനപ്രതിനിധികളുടെ സ്വജനപക്ഷപാതം - അമിതപ്രീണനം, യാക്കോബായ സഭയിലെ ഒരു വിഭാഗത്തിന്റെ നിയമവാഴ്ചയോടുള്ള വെല്ലുവിളി, അക്രമത്തെ രഹസ്യമായി പ്രോത്സാഹിപ്പിക്കുന്ന ചിലരുടെ നിലപാട്, നീതിന്യായ കോടതികളിലെ കാലതാമസം, കേന്ദ്ര-സംസ്ഥാന അന്വേഷണ ഏജൻസികളുടെ കുറ്റവാളികളോടുള്ള അയഞ്ഞ സമീപനം, ഇവയൊക്കെ അക്രമസംഭവങ്ങളുടെ ആക്കം വർദ്ധിപ്പിച്ചിരിക്കുകയാണ്. ടി.എം. വർഗീസ് വധകേസിൽ സി.ബി.ഐ അന്വേഷണം ശരിയായ രീതിയിൽ ഇതുവരെയും പുരോഗമിച്ചിട്ടില്ല എന്ന് കോടതി പോലും നിരീക്ഷിക്കുന്നു. സഭാരംഗത്തെ നിയമലംഘനപ്രവണതകളെ മുളയിലെ നുള്ളുന്നതിനു പകരം പരോക്ഷമായി പ്രോത്സാഹിപ്പിക്കുന്ന സമീപനം എറണാകുളം ജില്ലയിലെ അധികാര കേന്ദ്രങ്ങളിൽ ഇന്ന് കാണുന്ന പ്രകടമായ ന്യൂനതയാണ്.

ജാതിമത കേന്ദ്രങ്ങളുടെ സമ്മർദ്ദ രാഷ്ട്രീയത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗവൺമെന്റുകൾ നയവ്യതിയാനം വരുത്തുമ്പോൾ മലങ്കരസഭ പോലുള്ള വിഭാഗങ്ങൾക്ക് ലഭിക്കാതെ പോകുന്നത് നിയമത്തിന്റെ പരിരക്ഷയാണ്. ഇന്ന് വടക്കൻ ഭദ്രാസനങ്ങളിലെ ജനങ്ങൾ അഭിമുഖീകരിക്കുന്നത് ഇത്തരം പ്രതിസന്ധിയാണ്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ഒരു സമൂഹത്തോടും സ്ഥായിയായ കൂറില്ല. തെരഞ്ഞെടുപ്പു വിജയങ്ങൾക്കുവേണ്ടി രാഷ്ട്രീയപാർട്ടികൾ കാലാകാലങ്ങളിൽ സ്വീകരിക്കുന്ന അടവുനയത്തിന്റെ നേട്ടങ്ങൾ കൊയ്യുന്നതിൽ യാക്കോബായ നേതൃത്വം കഴിഞ്ഞ പതിറ്റാണ്ടുകളിൽ കുറെയേറെ വിജയിച്ചിട്ടുണ്ട്. കൂടാതെ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ സഭാംഗങ്ങളായ രാഷ്ട്രീയക്കാരെ വളർത്തിയെടുക്കുന്നതിൽ അവർ അതീവശ്രദ്ധ പുലർത്തിയപ്പോൾ ഓർത്തഡോക്സ് സഭ ഈ രംഗത്ത് തികച്ചും നിഷ്ക്രിയമായിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. രാഷ്ട്രീയപാർട്ടികളുടെ സഭയോടുള്ള അവഗണനയ്ക്കുള്ള മുഖ്യകാരണങ്ങളിൽ ഒന്ന് ഇതു തന്നെയാണ്.

മലങ്കരസഭയിലെ അക്രമസംഭവങ്ങളിൽ സ്വീകരിക്കുന്ന അന്ത്യോക്യൻ നിലപാടുകൾ അസാധാരണമാണ്. ആദിമ നൂറ്റാണ്ടിൽതന്നെ ക്രൈസ്തവസാക്ഷ്യത്തിന്റെ അലയടികൾ ഉയർന്ന അന്തോക്യൻ സഭയിൽനിന്നും ഇത്തരം ക്രിമിനൽ പശ്ചാത്തലത്തലമുള്ള വ്യക്തികൾക്ക് നൽകുന്ന പിന്തുണ ക്രൈസ്തവ ലോക

ത്തിനു തന്നെ അപമാനമാണ്. ഇതര സമുദായങ്ങളുടെ ഇടയിൽ ക്രൈസ്തവ സമൂഹത്തെതന്നെ മോശമായി ചിത്രീകരിക്കുവാൻ ഇത്തരം സംഭവങ്ങൾ കാരണമാകുന്നതിൽ അവർക്ക് യാതൊരു ഖേദവുമില്ല. ഇന്ന് ആഭ്യന്തര വംശീയ ഏറ്റുമുട്ടലുകളിൽ പൊറുതിമുട്ടുന്ന സിറിയായിലെ ദമാസ്കസ്, ഹോംസ് തുടങ്ങിയ അന്ത്യോക്യൻ കേന്ദ്രങ്ങളിലെ വിശ്വാസി സമൂഹമെങ്കിലും ഇത് കാലത്തിന്റെ തിരിച്ചടിയായി തിരിച്ചറിയണം.

മലങ്കരസഭ 1960-ാം വാർഷികവും കാതോലിക്കേറ്റ് ശതാബ്ദിയും ആഘോഷിക്കുമ്പോൾ കഴിഞ്ഞകാലങ്ങൾ വിലയിരുത്തുന്നത് നന്നായിരിക്കും. കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് നാം മുന്നേറുകയാണ്. ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ പലവിധമായ ഉൾപിരിവുകൾ നമുക്കുണ്ടായെങ്കിലും അന്നൊന്നും ഇത്തരത്തിലുള്ള അക്രമ സംഭവങ്ങൾ അരങ്ങേറിയിട്ടില്ല എന്നത് ഒരു സത്യാമാണ്. 1498-ലെ വാസ്കോഡഗാമയുടെ ആഗമനം, 18-ാം നൂറ്റാണ്ടിൽ മാർത്തോമ്മൻ അഞ്ചാമന്റെ കാലംതൊട്ടുള്ള അന്ത്യോക്യ പാത്രീയർക്കീസുമാരുടെ അനധികൃത ഇടപെടലുകൾ, 1795 മുതൽ തെക്കെ ഇൻഡ്യയിൽ പ്രാബല്യത്തിൽവന്ന ബ്രിട്ടീഷ് ആധിപത്യം, 1876-ലെ മുളന്തുരുത്തി സുന്നഹദോസിനെതുടർന്ന് നവീകരണ വിഭാഗക്കാരുമായി ആരംഭിച്ച കേസുകൾ, 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ആരംഭിച്ച പുനരൈക്യ പ്രസ്ഥാനം ഇവയൊക്കെ മലങ്കരസഭയിൽ അനൈക്യം വളർത്തിയെടുക്കുവാനും, വിഭാഗീയത സൃഷ്ടിക്കുവാനും, മാർത്തോമ്മാ പൈതൃകം ഉൾക്കൊള്ളുന്ന ഒരു സമൂഹത്തെ പല തട്ടിലാക്കുവാനും ഇടയാക്കിയെന്നത് ചരിത്രത്തിലെ ദുഃഖകരമായ സംഭവങ്ങളാണ്.

ഏറ്റവും ഒടുവിൽ യാക്കോബായസഭ ഇടുക്കി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായുടെ വെളിപ്പെടുത്തലോടുകൂടി രംഗം കലങ്ങിമറിഞ്ഞു. മലങ്കരസഭ കഴിഞ്ഞ അനേകവർഷങ്ങളായി ചൂണ്ടിക്കാണിക്കുന്ന സത്യങ്ങൾ അദ്ദേഹത്തിന്റെ പത്രസമ്മേളനത്തിൽ കൂടി വീണ്ടും പുറത്തുവന്നു. അദ്ദേഹം പുറത്തുവിട്ട അപ്രിയ സത്യങ്ങൾ സമൂഹമനസാക്ഷിയെ തന്നെ ഞെട്ടിച്ചിരിക്കുകയണ്. സഭയിൽ ഏറെക്കാലമായി പുകയുന്ന പ്രശ്നങ്ങളുടെ ബഹിർസ്ഫുരണമാണ് ഇതിലൂടെ സംഭവിച്ചിരിക്കുന്നത്.

കൊലപാതകം, ഗൂഢാലോചന, വധശ്രമം, സ്ത്രീവിഷയമടക്കമുള്ള സദാചാരസംഘട്ടനം, ക്വട്ടേഷൻ, ബ്ലാക്ക്മെയിൽ, റിയൽ എസ്റ്റേറ്റ് ബിസിനസ്, കോടികളുടെ അഴിമതി, കോഴ, അന്യായമായ സംഘംചേരൽ, സ്വത്തുതട്ടിയെടുക്കൽ, മദ്യപാനം, വ്യക്തികളെ തടഞ്ഞുവെയ്ക്കൽ തുടങ്ങി അധോലോക നായകന്മാർക്കുമാത്രം ഇണങ്ങുന്ന കീർത്തിമുദ്രകൾ യാക്കോബായ നേതൃത്വത്തിനെതിരെ സഭയിലെ ഒരു മെത്രാപ്പോലീത്ത തന്നെ ഉന്നയിക്കുമ്പോൾ സഭാംഗങ്ങൾ മാത്രമല്ല സമൂഹംതന്നെ ഞെട്ടിയിരിക്കുകയാണ്. സഭാ നേതൃത്വത്തിൽനിന്നും വധഭീഷണി നേരിടുന്ന മെത്രാപ്പോലീത്താമാർ ലോകത്ത് ഒരുപക്ഷേ യാക്കോബായ സഭയിൽ മാത്രമേ കാണുകയുള്ളൂ. മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടാൻ 3 കോടി കോഴ, സിനഡിനു പുത്തൻകുരിശിൽ ചെന്നപ്പോൾ വിഷം കലർത്തി നൽകിയ ഭക്ഷണം ഇവയൊക്കെ ക്രൈസ്തവലോകത്തിനു തന്നെ പുതുമയാണ്.

വിമത വിഭാഗത്തിൽ രൂക്ഷമായ ചേരിതിരിവിന് ഈ സംഭവം തുടക്കം കുറിച്ചിരിക്കുകയാണ്. അടിയന്തര സുന്നഹദോസിൽ 32 പേരിൽ 14 പേർ മാത്രമാണ് പങ്കെടുത്തത്. പങ്കെടുത്തതിൽ തന്നെ 4 പേർ നേതൃത്വത്തെ രൂക്ഷമായ ഭാഷയിൽ വിമർശിച്ചു. മനപൂർവ്വം വിട്ടുനിന്ന മെത്രാപ്പോലീത്തമാരിൽ ഒരു വിഭാഗം കോട്ടയത്ത് രഹസ്യയോഗം ചേർന്നു. സഭയിലെ ഭൂരിപക്ഷം വിശ്വാസികളും നേതൃത്വത്തിനെതിരെ രംഗത്തുവന്നിരിക്കുകയാണ്. 10 വർഷമായി സഭ അഴിമതിയിൽ കുളിച്ചിരിക്കുന്നതായി അവർ ആരോപിക്കുന്നു. വാർഷിക ബഡ്ജറ്റോ കണക്ക് അവതരണമോ സഭയിൽ നിലവിൽ ഇല്ല. എല്ലാ സ്ഥാനത്തിനും കോഴവാങ്ങി നിയമനം തുടങ്ങിയ കാര്യങ്ങൾ അവർ ശക്തമായി ചൂണ്ടിക്കാട്ടുന്നു. ബാറുടമയ്ക്ക് 'ബ്രാർ ഈറോ ബ്രീത്തോ പദവിയും, രണ്ടര വർഷം സെൻട്രൽ ജയിലിൽ കഴിഞ്ഞ വ്യക്തിക്ക് ഷെവലിയർ സ്ഥാനവും നൽകിയതായി അവരുടെ അത്മായ നേതൃത്വം ആരോപിക്കുന്നു. 33 മെത്രാപ്പോലീത്താമാരിൽ 3 പേരൊഴികെ എല്ലാവരും സഹായമെത്രാന്മാരാണ്. 6-7 പള്ളികൾ മാത്രം ഉൾപ്പെടുന്ന ഭദ്രാസനങ്ങൾ രൂപീകരിച്ച് സഹായമെത്രാന്മാരെ അവിടേക്ക് അയക്കുന്ന പതിവാണ് നിലവിലുള്ളത്. സഹായ മെത്രാനോട് നേതൃത്വത്തിന് അതൃപ്തി തോന്നിയാൽ മറ്റൊരു സഹായമെത്രാനെകൂടി അവിടേക്ക് നിയമിക്കുന്നത് ചേരിതിരിവിന് കാരണമാകുന്നു. ഇത്തരത്തിൽ സദാചാര വിരുദ്ധമായ നടപടിക്രമങ്ങളാണ് നേതൃത്വം നടത്തിക്കൊണ്ടിരിക്കുന്നത്.

> **യാക്കോബായ സഭയിലെ ഒരു മെത്രാപ്പൊലീത്ത തന്നെ നടത്തിയ വെളിപ്പെടുത്തലുകൾ സമൂഹത്തെ ഞെട്ടിപ്പിക്കുന്നതാണ്**

നേതൃത്വത്തിന്റെ നിലപാടുകളെ അംഗീകരിക്കാത്ത തിരുമേനിമാരെ ബലപ്രയോഗത്തിലൂടെ അവരുടെ സ്വത്തുക്കൾ കൈക്കലാക്കി, സ്വഭാവദൂഷ്യം ഉൾപ്പടെയുള്ള ആരോപണങ്ങൾ അടിച്ചേൽപ്പിച്ച് സ്ഥാനങ്ങളിൽനിന്ന് പുറത്താക്കുന്ന പ്രവണത യാക്കോബായ സഭയിൽ ഏറിവരുകയാണ്. നേരത്തെ മലബാർ ഭദ്രാസനാധിപൻ യൂഹാനോൻ മാർ പീലക്സിനോസ് മെത്രാപോലീത്തായെയും ഇതേ രീതിയിൽ പുറത്താക്കിയതായി അദ്ദേഹവും ആരോപിക്കുന്നു. പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട മെത്രാപ്പോലീത്താമാർക്കെതിരെ നടപടി സ്വീകരിക്കുവാൻ അദ്ദേഹത്തിന്റെ കീഴ്സ്ഥാനി മാത്രമായ ശ്രേഷ്ഠ കാതോലിക്കായ്ക്ക് അധികാരമില്ലായെന്ന് സഭയിലെ അൽമായനേതാക്കൾ ചൂണ്ടിക്കാട്ടുന്നു.

സംസ്ഥാനത്ത് പല ക്രിമിനൽ കേസുകളും പുനരന്വേഷണത്തിന്റെ പാതയിലാണ്. നേതൃത്വം കഴിഞ്ഞകാലങ്ങളിൽ ചെയ്തുകൂട്ടിയ പാതകങ്ങൾ ഇത്തരത്തിലുള്ള ഒരു പുനരന്വേഷണത്തിലൂടെ പുറത്തുവന്നാൽ ആ സഭയിലെ വിശ്വാസസമൂഹത്തിന് ഭാവിയിലെങ്കിലും അഭിമാനത്തോടെ ജീവിക്കുവാൻ സാധിക്കും.

പുതുതായി രൂപംകൊണ്ട പുത്തൻകുരിശ് സൊസൈറ്റിയുടെ പൈശാചിക നടപടികളിൽ നിന്ന് മലങ്കരസഭയെ വിമുക്തമാക്കുവാൻ യാക്കോബായ സഭയിലെ സഭാസ്നേഹികൾ മലങ്കര സഭയുമായി കൈക്കോർക്കുന്ന കാലം വിദൂരമല്ല.

മാധ്യമ റിപ്പോർട്ടുകൾ

കലഹപ്രിയർ...

...അറബികൾ പൊതുവെ യിശ്മായേൽ സന്താനങ്ങളാണെന്ന് വിശ്വസിക്കപ്പെടുന്നു. യിശ്മായേൽ ഗർഭസ്ഥ ശിശുവായിരിക്കെത്തന്നെ, പരിശുദ്ധ മാലാഖാ അവന്റെ അമ്മ ഹാഗാറിനോട് അവൻ വഴക്കാളിയായിരിക്കുമെന്ന് അറിയിച്ചു. (ഉല്പത്തി 16:11-12). അറബികൾ തമ്മിലുള്ള വഴക്കും കൂട്ടക്കൊലയും നിത്യസംഭവമാണ്...

- ഫിനഹാസ് റമ്പാൻ, ജോർജിയൻ വോയ്സ്, 2011 ഒക്ടോബർ

കരിങ്ങാച്ചിറയിൽനിന്നുള്ള യാക്കോബായ പ്രസിദ്ധീകരണമാണ് ജോർജിയൻ വോയ്സ്.

പ. പാത്രിയർക്കീസ് ബാവ ഫിനഹാസ് റമ്പാന് 2010 സെപ്തംബറിൽ ദയറായോ നാസിഹോ (വിശിഷ്ടനായ സന്യാസി) എന്ന സ്ഥാനം നൽകി ആദരിച്ചിരുന്നു.

യാക്കോബായ സഭാ നേതൃത്വം ജനാധിപത്യത്തിനും സാമ്പത്തിക സുതാര്യതയ്ക്കും കീഴ്പ്പെടണം: അൽമായ ഫോറം

കോട്ടയം: ബിഷപ്പുമാരുടെ സ്വകാര്യ സ്വത്ത് സമ്പാദനത്തെയും സഭാ നേതൃത്വത്തിന്റെ ഏകാധിപത്യത്തെയും കാനോനിക നിയമങ്ങൾ പാലിക്കാതെയുമുള്ള ബിഷപ്പ് വാഴ്ചയെയും എതിർക്കുന്നവരെ സ്ഥാനങ്ങളിൽനിന്നു പുറത്താക്കുന്ന നടപടി സഭാ നേതൃത്വം അവസാനിപ്പിക്കണമെന്നു യാക്കോബായ സഭ അൽമായ ഫോറം പ്രസിഡന്റ് മനോജ് കോക്കാട്ട് ആവശ്യപ്പെട്ടു.

യാക്കോബായ സുറിയാനി സഭയിൽ പത്തു വർഷമായി ബജറ്റ് അവതരണവും സഭാ സമിതിയിൽ കണക്ക് അവതരണവും നടക്കുന്നില്ല. അൽമായ ഫോറം അടിയന്തിര പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മാർ ക്ലീമീസിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിനെതിരെ കേസെടുത്ത് അന്വേഷണം നടത്തണമെന്ന് അൽമായ ഫോറം ആവശ്യപ്പെട്ടു. മലങ്കര ഗീവറുഗീസ് വധം സഭയ്ക്കു കളങ്കമുണ്ടാക്കി. അന്വേഷണം നടത്തി സഭയെ കുറ്റവിമുക്തമാക്കണം. സമുദായ അംഗങ്ങളെ സഭയുടെ സാമ്പത്തിക അവസ്ഥ ബോധ്യപ്പെടുത്തണമെന്നും ആയതിൽ ജനാധിപത്യം പാലിക്കണമെന്നും അൽമായ ഫോറം ചൂണ്ടിക്കാട്ടി. ബാബു കോട്ടയം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സഭയുടെ ഗോസ്പൽ വക്താവ് പോൾ വർഗീസ് പരി. അന്ത്യോഖ്യ സിംഹാസനത്തോടുള്ള ഭക്തിപ്രമേയം അവതരിപ്പിച്ചു.

മംഗളം 2012 ജൂലൈ 9

യാക്കോബായ സഭയിൽ ജനാധിപത്യം വേണം – അൽമായ ഫോറം

കോട്ടയം: യാക്കോബായ സഭാ നേതൃത്വം ജനാധിപത്യം അംഗീകരിക്കണമെന്ന് അൽമായ ഫോറം പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു. എതിർക്കുന്നവരെ പുറത്താക്കുന്നത് സഭാ നേതൃത്വത്തിനു യോജിച്ചതല്ലെന്നും ഫോറം വിലയിരുത്തി.

പ്രസിഡന്റ് മനോജ് കോക്കാട്ട് ഉദ്ഘാടനം ചെയ്തു. ബാബു കോട്ടയം അദ്ധ്യക്ഷത വഹിച്ചു.

മാതൃഭൂമി 2012 ജൂലൈ 9

തോമസ് പ്രഥമൻ ബാവക്കും സെക്രട്ടറിക്കുമെതിരെ യാക്കോബായ സഭയിൽ അണിയറ നീക്കം ശക്തം

കോലഞ്ചേരി : കാതോലിക്ക ബാവക്കും സഭാ സെക്രട്ടറിക്കുമെതിരെ യാക്കോബായ സഭയിൽ അണിയറ നീക്കം ശക്തമാകുന്നു. 85 വയസ്സ് കഴിഞ്ഞ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവക്കും സഭാ സെക്രട്ടറി തമ്പുജോർജ് തുകലനുമെതിരെയാണ് മെത്രാപ്പോലീത്തമാരുടെ നേതൃത്വത്തിൽ ഒരു വിഭാഗം കരുനീക്കങ്ങൾ ആരംഭിച്ചത്. സഭയുടെ സമസ്ത അധികാരങ്ങളും കാതോലിക്ക ബാവക്കും അദ്ദേഹത്തെ ചുറ്റിപ്പറ്റിയുള്ള സഭാ സെക്രട്ടറിയുടെ നേതൃത്വത്തിലെ കോക്കസും കൈയടക്കിയിരിക്കുകയാണെന്നതടക്കം രൂക്ഷവിമർശനമാണ് കഴിഞ്ഞ ദിവസം സമാപിച്ച സഭാ സുന്നഹദോസിൽ ഉയർന്നു വന്നത്.

നേതൃത്വവുമായുള്ള അഭിപ്രായ വ്യത്യാസത്തെത്തുടർന്ന് മലേക്കുരിശ് ദയറാ അധിപൻ കുര്യാക്കോസ് മാർ ദീയസ്കോറസ് മെത്രാപ്പോലീത്ത മൂന്ന് ദിനം നീണ്ട സുന്നഹദോസിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തു.

പ്രായാധിക്യം അലട്ടുമ്പോഴും സഭയ്ക്കുകീഴിലെ ഭൂരിഭാഗം ഭദ്രാസനങ്ങളുടെ ചുമതലയും കാതോലിക്ക ബാവ തന്നെ വഹിക്കുന്നതാണ് മെത്രാപ്പോലീത്തമാരിൽ അതൃപ്തി വളർത്തുന്നത്. നിലവിൽ കോട്ടയം, കൊച്ചി, കണ്ടനാട് ഭദ്രാസനങ്ങൾക്ക് മാത്രമാണ് സ്വതന്ത്ര ചുമതലയുള്ള മെത്രാപ്പോലീത്തമാരുണ്ടായിരുന്നത്. ഇക്കുറി ചേർന്ന സുന്നഹദോസിൽ ഇതിന് മാറ്റം വരുത്തുമെന്ന് കരുതിയിരുന്നെങ്കിലും ഈ മൂന്നെണ്ണത്തിനൊഴികെ മറ്റെല്ലാ ഭദ്രാസനങ്ങൾക്കും സഹായമെത്രാന്മാരെത്തന്നെ ചുമതലപ്പെടുത്തുകയായിരുന്നു.

ഇതിൽ തന്നെ ബാവക്ക് താൽപ്പര്യമുള്ള മെത്രാപ്പോലീത്തമാർക്ക് കൂടുതൽ മെച്ചപ്പെട്ട ഭദ്രാസനങ്ങൾ നൽകിയതും മെത്രാപ്പോലീത്തമാർക്കിടയിൽ അതൃപ്തി വളർത്തിയിട്ടുണ്ട്. അതേസമയം, ഗുരുതര സാമ്പത്തിക ആരോപണങ്ങൾ ഉന്നയിച്ച് തൃശൂർ ഭദ്രാസനത്തിൽ ആകെയുള്ള 33 പള്ളികളിൽ 27 എണ്ണത്തിലെ വൈദികരും പരാതി നൽകിയതിനെത്തുടർന്ന് ചുമതലയിൽനിന്ന് ഒഴിവാക്കിയിരുന്ന കുര്യാക്കോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തക്ക് അതിനെക്കാൾ മികച്ച കോതമംഗലം മേഖലയുടെയും കേഫയുടെയും ചുമതലയാണ് നൽകിയത്. ഇതും വൈദികരിലും മെത്രാപ്പോലീത്തമാരിലും അതൃപ്തി ശക്തമാക്കി. മലങ്കര സഭാ തർക്കം രൂക്ഷമായി സഭക്ക് ഭാരിച്ച ഉത്തരവാദിത്തമുള്ള നിലവിലെ സാഹചര്യത്തിൽ കാതോലിക്ക ബാവക്ക് സഹായിയായി നിയുക്തകാതോലിക്കയെ വാഴിക്കണമെന്ന് മെത്രാപ്പോലീത്തമാർക്കിടയിലും വിവിധ സഭാ സമിതികൾക്കിടയിലും ആവശ്യം ശക്തമായിരുന്നു. ഇതേതുടർന്ന് ഇക്കാര്യം ചർച്ചചെയ്യാൻ സുന്നഹദോസ് തീരുമാനിച്ചെങ്കിലും കാതോലിക്ക ബാവ രണ്ടു വർഷം കൂടി സ്ഥാനത്ത് തുടരണമെന്നും നിയുക്ത കാതോലിക്ക സ്ഥാനം സഭയിൽ ഇല്ലെന്നും ചൂണ്ടിക്കാട്ടിയുള്ള പാത്രിയർക്കീസ് ബാവയുടെ കത്ത് ഹാജരാക്കി ഈ നീക്കത്തിന് തടയിടുകയായിരുന്നു.

സഭാ തീരുമാനങ്ങൾ പുറത്തുവരുന്നതിന് മുമ്പുതന്നെ ചില മാധ്യമങ്ങളിൽ വാർത്തവരുന്നതിന് പിന്നിൽ നേതൃത്വത്തിലെ ചിലർക്ക് പങ്കുണ്ടെന്ന് സുന്നഹദോസിൽ ആക്ഷേപം ഉയർന്നിരുന്നു. എന്നാൽ, ചർച്ച നടത്താതെ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കാൻ കാതോലിക്ക ബാവയടക്കമുള്ളവർ ശ്രമിച്ചതാണ് ഒരു വിഭാഗം മെത്രാപ്പോലീത്തമാരിൽ അതൃപ്തി വളർത്തിയത്.

സഭയിൽ 32 മെത്രാപ്പോലീത്തമാരുണ്ടെങ്കിലും പകുതിയോളം പേർക്ക് കാര്യമായ ചുമതലകളില്ല. കഴിവുള്ളവരെ നേതൃത്വം അവഗണിക്കുന്നതായും ആക്ഷേപമുണ്ട്. അസംതൃപ്ത മെത്രാപ്പോലീത്തമാരുടെയും വിശ്വാസികളുടെയും നേതൃത്വത്തിൽ വരും ദിവസങ്ങളിൽ നേതൃത്വത്തിനെതിരെ യാക്കോബായ സഭയിൽ പ്രതിഷേധങ്ങളുയരുമെന്നാണ് സൂചന.

മാധ്യമം 2012 മെയ് 26

മാർ ക്ലീമിസിന്റെ അനുഭാവികൾക്ക് മർദ്ദനം

മണർകാട്: സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ സഭാതലത്തിൽ അന്വേഷണം നേരിടുന്ന യാക്കോബായ സഭ ഇടുക്കി മുൻ ഭദ്രാസനാധിപൻ കുരിയോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്തയുടെ അനുയായികൾക്ക് മർദ്ദനമേറ്റു.

മണർകാട് കവലയിൽ ഞായറാഴ്ച രാത്രി ഏഴു മണിയോടെയായിരുന്നു സംഭവം. കോട്ടയത്ത് യോഗം ചേർന്നിരുന്നു. യോഗശേഷം സംഘം മണർകാട് എത്തി. ഇതിനിടെ അവിടെയുണ്ടായിരുന്നവരുമായി വാക്കേറ്റം ഉണ്ടായി. അത് സംഘർഷമായി മാറുകയായിരുന്നു. വിവരമറിഞ്ഞ് മണർകാട് എസ്.ഐ. കെ.എസ്. ജയന്റെ നേതൃത്വത്തിൽ പോലീസ് എത്തിയെങ്കിലും ആരെയും കണ്ടെത്താനായില്ല. സംഭവം സംബന്ധിച്ച് ആരും പരാതി നൽകിയിട്ടില്ല.

മാതൃഭൂമി 2012 ജൂലൈ 9

Malankara: Battle on for secret ballot

...But a section of the laity under the banner of Akhila Malankara Almaya Forum is already out with campaign for free and fair elections. "There were no elections in 2002 and 2007 as the names picked up by metropolitans were readout by someone. We will not allow this practice to continue. We want a secret ballot this time, "said Forum president Manoj Kokkattu, who moved the court for the purpose.

Kokkattu, a managing committee member said he would also challenge in the court a circular read out in the churches recently banning him and gospel preacher Paul Varghese from holding any posts.

Kokkattu alleged that a clique was in control of the church affairs and only a free election through a secret ballot would reflect the true will of the parishioners. "All posts including the one of metropolitan trustee, now held by Catholicos Baselios Thomas I, are elected posts."

The current trustees were not eligible for re-election to the posts as they completed two terms; the maximum they could under the church constitution.

Deccan Chronicle
Kochi, July 24

അനധികൃത കയ്യേറ്റം അനുവദിക്കില്ല: ഓർത്തഡോക്സ് സഭ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനആസ്ഥാനമായ മൂവാറ്റുപുഴ അരമനകയ്യേറുമെന്ന വിധത്തിൽ യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവാ നടത്തിയ പ്രസ്താവനനിയമവാഴ്ചയോടുള്ള വെല്ലുവിളിയാണെന്ന് ഓർത്തഡോക്സ് സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്. സമാധാനത്തിനുള്ള മധ്യസ്ഥശ്രമങ്ങൾക്ക് സഭ എതിരല്ല. പക്ഷേ മൂവാറ്റുപുഴ അരമനയുടെ കാര്യത്തിൽ ഇല്ലാത്ത അവകാശം ഉന്നയിച്ച് തർക്കവും സംഘർഷവും ഉണ്ടാക്കാൻ ശ്രമിക്കുന്നതോടൊപ്പം മധ്യസ്ഥത എന്ന പുകമറ സൃഷ്ടിക്കുന്ന തന്ത്രത്തിനു വഴിപ്പെടാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു.


കണ്ടനാട് മെത്രാപ്പോലീത്തയും പിന്നീട് ഒന്നാം കാതോലികായുമായ മുറിമറ്റത്തിൽ പൗലോസ് മാർ ഇവാനിയോസ് 1877 ൽ സഭയ്ക്കു വേണ്ടി വാങ്ങിയതാണ് അരമന. പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായിരുന്നപ്പോഴാണ് അരമനക്കെട്ടിടം പണിയിച്ചത്. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കൽനയിലൂടെ പൗലോസ് മാർ പീലക്സിനോസ് അവിടെ താമസിച്ച് ഭദ്രാസനഭരണം നിർവഹിച്ചു. ഇപ്പോൾ ഡോ. തോമസ് മാർ അത്താനാസിയോസ് അവിടെ താമസിച്ച് ഭദ്രാസനഭരണം നിർവഹിക്കുന്നു.

ഓർത്തഡോക്സ് സഭയുടെ പൂർണ്ണ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള അരമനയെക്കുറിച്ചു തർക്കം ഉന്നയിക്കുന്നത് വിചിത്രമാണ്. അക്രമത്തിന് ആഹ്വാനം ചെയ്യുന്നവർ അരാജകത്വം സൃഷ്ടിക്കാനുള്ള നീക്കമാണ് നടത്തുന്നതെന്നു തിരിച്ചറിഞ്ഞ് അധികൃതർ ശക്തമായ നടപടി സ്വീകരിക്കണമെന്നു ഫാ. കോനാട്ട് ആവശ്യപ്പെട്ടു.

മലയാള മനോരമ 2012 ജൂലൈ 17

ട്രസ്റ്റ് വ്യവഹാരങ്ങൾ കൊടുക്കുന്നതിനുള്ള അനുവാദം

▪ ജസ്റ്റീസ് കെ. ജോൺ മാത്യു.



സിവിൾ നടപടിനിയമം 92-ാം വകുപ്പനുസരിച്ചുള്ള നിവർത്തികൾക്കായുള്ള വ്യവഹാരങ്ങൾ കൊടുക്കുന്നതിന് കോടതിയുടെ പ്രത്യേക അനുവാദം വാങ്ങണമെന്നാണ് ഈ വകുപ്പു നിർദ്ദേശിക്കുന്നത്. മതപരമായോ ധർമ്മപരമായോ ഉള്ള ഒരു പൊതുട്രസ്റ്റിന്റെ ട്രസ്റ്റികളെ നീക്കം ചെയ്യുവാനോ പുതിയ ട്രസ്റ്റിയെ നിയമിക്കാനോ, ട്രസ്റ്റിന്റെ ഭരണത്തിനായി പദ്ധതി (സ്കീം) തയ്യാറാക്കാനോ ഈ വകുപ്പിൽ പറഞ്ഞിരിക്കുന്ന മറ്റുനിവർത്തികൾ അനുവദിക്കാനോ, അന്യായം കൊടുക്കുന്നതിനാണ് മേൽപ്പറഞ്ഞ അനുവാദ ഉത്തരവ് ആവശ്യമുള്ളത്.

പൊതുട്രസ്റ്റുകളിലെ ട്രസ്റ്റിമാർക്കെതിരെ അടിസ്ഥാനരഹിതമായി കേസ്സുകൾ കൊടുത്തു ട്രസ്റ്റ് സ്വത്തു നഷ്ടപ്പെടുത്താനോ ട്രസ്റ്റിമാർക്ക് ബുദ്ധിമുട്ടുകൾ വരുത്താനോ ഇടയാകാതിരിയ്ക്കാനാണ് ഈ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്.

1958ലെ ഒന്നാം സമുദായകേസ്സിലെ വിധിയെ തുടർന്നുണ്ടായ പരസ്പരസ്വീകരണത്തിന്റെ വ്യവസ്ഥകൾക്കെതിരായി പാത്രിയാർക്കീസ് ബാവാ മെത്രാന്മാരെ വാഴിച്ചതിനെ സംബന്ധിച്ച് ഇരുവിഭാഗങ്ങളും തമ്മിൽ 1976 കാലഘട്ടത്തിൽ കോടതികളിലും കേസുകൾ ഫയലാക്കാനിടയായി. കേസ്സുകളിലെ പ്രധാന തർക്കവിഷയം 1934ലെ സഭാ ഭരണഘടന സഭയിലെ പള്ളികൾക്കും ജനങ്ങൾക്കും ബാധകമാണോ, എന്നതായിരുന്നു. ചില കേസ്സുകളിൽ പ്രാദേശിയമായ മറ്റു തർക്കങ്ങളും ഉണ്ടായിരുന്നു. ഇതെ തുടർന്നാണ് ഈ കേസ്സുകൾ പരിഗണിക്കാനായി ഒരു പ്രത്യേക കോടതി സ്ഥാപിച്ചത്. കേസ്സുകളെല്ലാം കോടതിയിലേക്ക് മാറ്റിയതിനുശേഷം അവയിൽനിന്ന് പ്രധാന തർക്കങ്ങൾ ഉന്നയിക്കപ്പെട്ട എട്ടു കേസ്സുകൾ തെരഞ്ഞെടുത്തു വിചാരണ ചെയ്യാൻ കോടതി നിശ്ചയിച്ചു. ആ കേസ്സുകൾ തീരുമാനിച്ചശേഷം ആ വിധിക്കനുസരണമായി മറ്റു കേസ്സുകൾ തീരുമാനിക്കാമെന്നായിരുന്നു ഉദ്ദേശം. എട്ടുകേസ്സുകൾ പ്രതിനിധ്യസ്വഭാവമുള്ള കേസ്സുകളായി ഫയൽ ചെയ്യാൻ കോടതി അനുവദിച്ച കേസ്സുകളായതിനാൽ അതിലെ വിധി സഭയെ മൊത്തത്തിൽ ബന്ധിക്കുന്നതാണ്. ഈ എട്ടുകേസ്സുകളിലെ അവസാവന വിധിയാണ് സുപ്രീം കോടതി 1995ൽ പുറപ്പെടുവിച്ചത്.

എന്താണ് സെക്ഷൻ 92?

അതിനുശേഷം ബാക്കി കേസ്സുകൾ പരിഗണനയ്ക്കെടുത്തപ്പോഴാണ് ചില കേസ്സുകൾ 92-ാം വകുപ്പനുസരിച്ചുള്ള അനുവാദമില്ലാതെയാണ് ഫയൽ ചെയ്തതെന്ന കാരണത്തിന് പ്രാധാന്യം നൽകാൻ തുടങ്ങിയത്. പക്ഷേ എന്തോ കാരണത്താൽ 92-ാം വകുപ്പിന്റെ ഒന്നാംഭാഗത്തിന്, അതായത് പള്ളികൾ പൊതുട്രസ്റ്റാണോ സ്വകാര്യട്രസ്റ്റാണോ എന്ന തർക്കത്തിനാണ് അമിത പ്രാധാന്യം നൽകിയത്. ഓർത്തഡോക്സ് സഭയുടെ അഭിഭാഷകരുടെ ഇടയിൽ തന്നെ ഈ രണ്ട് അഭിപ്രായക്കാരും ഉണ്ടായിരുന്നു. ഒരു പ്രധാനവിധിയിൽ പള്ളികൾ പൊതുട്രസ്റ്റാണെന്ന് കോടതി വിധിച്ച് അന്യായം തള്ളുകയുമുണ്ടായി. ഇതെ തുടർന്നു വന്ന ചില കേസ്സുകൾ മേൽപറഞ്ഞ വിധിയെ അടിസ്ഥാനമാക്കി തള്ളിപ്പോകയും ചെയ്തു. ഇതിൽ ഒരു കേസ്സ് സുപ്രീംകോടതിയിൽ അപ്പീലായി നിലവിലുണ്ട്. അതിന്റെ തീരുമാനം എന്താണെങ്കിലും 92-ാം വകുപ്പിന്റെ രണ്ടാമത്തെ ഭാഗത്തെ അടിസ്ഥാനമാക്കിയുള്ള തർക്കങ്ങൾ ഇപ്പോഴും ഉന്നയിക്കാൻ കഴിയും. ഏതെങ്കിലും കേസ്സിൽ 92-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന നിവർത്തികൾ ആവശ്യപ്പെട്ടിട്ടില്ല എങ്കിൽ ആ വകുപ്പുപ്രകാരമുള്ള അനുവാദം ആവശ്യമില്ല. അതായത് ട്രസ്റ്റ് ലംഘനം, ട്രസ്റ്റിമാരെ മാറ്റുക മുതലായ നിവർത്തികൾ മിക്ക കേസ്സുകളിലും കാണാനിടയില്ല. സഭാ ഭരണഘടന പ്രകാരം ഏതെങ്കിലും പള്ളി ഭരിക്കപ്പെടണമെന്ന് ആവശ്യപ്പെട്ടാൽ ഈ നിവർത്തി 92-ാം വകുപ്പിന്റെ പരിധിയിൽ വരണമെന്നില്ല.

സഭയിലെ പ്രധാന കേസ്സുകളെല്ലാം സുപ്രീം കോടതിയിലാണ് അവസാനിച്ചിട്ടുള്ളത്. ഒരു കേസ്സിലും 92-ാം വകുപ്പനുസരിച്ചുള്ള അനുവാദം ഒരു ചർച്ചാവിഷയം തന്നെ ആയിരുന്നില്ല

1995ലെ സുപ്രീം കോടതിവിധിയ്ക്ക് കാരണമായ കേസ്സുകളിൽ ചിലതിൽ 92-ാം വകുപ്പ് പ്രകാരമുള്ള അനുവാദം വാങ്ങിയിട്ടില്ല എന്ന തർക്കം ഉന്നയിച്ചിരുന്നു. മിക്കകേസുകളിലും ഈ തർക്കം "തീരുമാനിക്കപ്പെടേണ്ട വിഷയമായി" (ISSUE) രേഖപ്പെടുത്തുകപോലും ചെയ്തിരുന്നില്ല. കക്ഷികളും കോടതിയും ഇക്കാര്യത്തിന് പ്രാധാന്യം നൽകിയില്ല എന്നതിനാലാകാം ഇതെപ്പറ്റി ഒരു ഇഷ്യു വരാതിരുന്നത്. എങ്കിലും ഒരു കേസ്സിൽ (മേപ്രാൽ പള്ളിയും മാന്തളിർ പള്ളിയും മറ്റു രണ്ടു പള്ളികളും സംബന്ധിച്ചുള്ള കേസ്സിൽ) ഇതെപ്പറ്റി ഒരു ഇഷ്യു ഉന്നയിച്ചിരുന്നത് വിസ്താരകോടതിയായ കേരളഹൈക്കോടതിയിലെ സിംഗിൾ ബഞ്ച് പരിഗണിച്ച് തള്ളിക്കളഞ്ഞിട്ടുള്ളതാണ്. പ്രാതിനിധ്യസ്വഭാവമുള്ള ഈ വിധി സുപ്രീം കോടതി സ്ഥിരപ്പെടുത്തി ഇന്നും നിലനിൽക്കുന്നു. മലങ്കരസഭയെ മുഴുവൻ ആ വിധി ബന്ധിക്കുന്നതാണ്.

മാന്തളിർ പള്ളി സംബന്ധിച്ചുള്ള ചില തർക്കങ്ങളെ തുടർന്ന് 1975ൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ക്രിമിനൽ നടപടി നിയമം 146-ാം വകുപ്പനുസരിച്ച് പള്ളിക്ക് ഒരു റവന്യൂ ഉദ്യോഗസ്ഥനെ റിസീവറായി നിയമിച്ചു. പബ്ലിക് റിസീവറുടെ കൈവശത്തിൽ നിന്ന് പള്ളി വിട്ടുതരണമെന്ന് അപേക്ഷിച്ച് ക്രിമിനൽ നടപടി നിയമം 146-ാം വകുപ്പനുസരിച്ച് കൊടുത്ത സിവിൽ വ്യവഹാരംപോലും മേൽപറഞ്ഞ 92-ാം വകുപ്പനുസരിച്ചുള്ള അനുവാദം ഇല്ല എന്ന കാരണത്താൽ കഴിഞ്ഞവർഷം തള്ളിപ്പോകാനിടയായി. ഇപ്രകാരം മേലിൽ ഭവിക്കാതിരിക്കാനായി ബന്ധപ്പെട്ടവരെല്ലാം ആലോചിച്ച് എല്ലാ കേസ്സുകളിലും വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

സഭയിലെ പ്രധാന കേസ്സുകളെല്ലാം സുപ്രീംകോടതിയിലാണ് അവസാനിച്ചിട്ടുള്ളത്. ഒരു കേസ്സിലും 92-ാം വകുപ്പനുസരിച്ചുള്ള അനുവാദം ഒരു ചർച്ചാവിഷയം തന്നെ ആയിരുന്നില്ല എന്നത് നമുക്ക് വിസ്മരിക്കാവുന്നതല്ല. അന്നത്തെ അഭിഭാഷകരും കോടതികളും ഈ വകുപ്പിന്റെ പ്രാധാന്യം മനസ്സിലാക്കിയിരുന്നില്ല എന്ന് കരുതാവുന്നതല്ല. കരിങ്ങാശ്ര സമ്മേളനത്തിലും എംഡി സെമിനാരി സമ്മേളനത്തിലും തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റിമാരിൽ ആരാണ് നിയമമനുസരണമുള്ള ട്രസ്റ്റിമാർ എന്നു തീരുമാനിച്ച കേസ്സും ഈ കേസ്സുകളിൽ പെട്ടു എന്നത് ഓർക്കേണ്ടതാണ്.

1995ലെ സുപ്രീം കോടതിവിധിയിൽ 1934ലെ സഭാഭരണഘടന, നിയമാനുസരണം നിർമ്മിക്കപ്പെട്ടതാണെന്നും സഭയിലെ എല്ലാ പള്ളികളും സ്ഥാപനങ്ങളും ഈ ഭരണഘടനപ്രകാരം ഭരിക്കപ്പെടേണ്ടതാണെന്നും വിധിച്ചിട്ടുണ്ട്. ആ നിലയ്ക്ക് ഇൻഡ്യയിലെ ഒരു കോടതിയ്ക്കും സഭാഭരണഘടനയെ മറികടന്നു സഭയിലെ ഏതെങ്കിലും പള്ളിയ്ക്ക് സ്കീം തയ്യാറാക്കാനോ ട്രസ്റ്റിമാരെ മാറ്റാനോ അധികാരമില്ല. പള്ളികൾ ഭരിയ്ക്കുന്നതിന് വ്യവസ്ഥകൾ നിർദ്ദേശിക്കണമെന്നോ മറ്റൊ ഉള്ള അപേക്ഷകൾ നിലനിൽക്കുകയുമില്ല. സഭാ ഭരണഘടനയിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ കാര്യങ്ങളും തീരുമാനിക്കേണ്ടതാണ്. സുപ്രീംകോടതിവിധിക്കുശേഷം പള്ളികൾ പൊതുട്രസ്റ്റാണോ സ്വകാര്യടസ്റ്റാണോ എന്ന വാദത്തിന് തന്നെ പ്രസക്തി നഷ്ടപ്പെട്ടു എന്നാണ് ഈ ലേഖകന്റെ അഭിപ്രായം.

കേസ്സുകൾ അവസാനിപ്പിക്കാനുള്ള ശ്രമങ്ങൾക്കാണ് മുൻഗണ കൊടുക്കേണ്ടത്. 92-ാം വകുപ്പുപ്രകാരമുള്ള ഉത്തരവില്ല എന്ന കാരണത്താൽ ഒരു വ്യവഹാരം തള്ളിയാൽ പുതിയ ഒരു കേസ്സിന് അതുകാരണമായേക്കും. ഇങ്ങനെ ഒരിക്കലും അവസാനിക്കാത്ത കേസ്സുകളിലേക്കും പരസ്പരവിരുദ്ധമായ തർക്കങ്ങളിലേക്കും സഭ ഇനിയും പോകുന്നത് ഒട്ടും അഭികാമ്യമല്ല. കേന്ദ്രീകൃത ചർച്ചയും തീരുമാനങ്ങളും അവലോകനങ്ങളും സഭാകേസ്സുകളുടെ നടത്തിപ്പിനെപ്പറ്റി ഉണ്ടാകണമെന്ന ആവശ്യകതയിലേക്കാണ് ഈ ചർച്ച വിരൽ ചൂണ്ടുന്നത്.

GM

(ദീർഘകാലം കേരള ഹൈക്കോടതി ജഡ്ജിയായിരുന്നു ലേഖകൻ.)

പേരിൽ ബേബി, വരയിൽ 'ദി ഗ്രേറ്റ്'

■ ജോബ് സ്രായിൽ

പരിശുദ്ധ പരുമല തിരുമേനിയുടെ പൂർണ്ണകായചിത്രം ആദ്യമായി വരച്ചതും ഇപ്പോഴും, ഈ 78-ാം വയസ്സിലും വിശുദ്ധന്മാരുടെ ഛായാചിത്രങ്ങൾക്ക് ജീവൻ നൽകുന്നതുമായ മഹാനായ കലാകാരൻ 'ബേബി ചെങ്ങന്നൂർ' ചെങ്ങന്നൂരിലെ 'ചിത്രശാലയിൽ സദാസമയം തിരക്കിലാണ്. ദൈവം വരയ്ക്കാനായി 'വരം' നല്കിയ ഈ കലാകാരനെക്കുറിച്ച് അറിയുക.

ചെങ്ങന്നൂർ ബെഥേൽ ഇടവകയിൽ ഗീവർഗീസിന്റെയും ഏലിയാമ്മയുടെയും മകനായി ജനിച്ച ആർട്ടിസ്റ്റ് ബേബി 1960ൽ 'വര' തുടങ്ങി. 52 വർഷം പിന്നിട്ടിട്ടും ഈ വര അനുസ്യൂതം തുടരുകയാണ്. മഹാരാജാവിന് വേണ്ടി പരുമലതിരുമേനിയുടെ ഒരു ഫോട്ടോയെടുക്കാൻ തിരുവനന്തപുരം സെന്റ് ജോർജ്ജ് പള്ളിയിൽ ചെന്ന ഡിക്രൂസ് സായ്പിന് ഒന്ന് രണ്ട് ദിവസം കാത്തിരുന്നിട്ടും ഫോട്ടോയെടുക്കാൻ കഴിഞ്ഞില്ല. അടുത്തദിവസം കൊച്ചുതിരുമേനി ഫോട്ടോയ്ക്ക് റെഡിയായി പള്ളിമുറ്റത്തുവന്നപ്പോൾ നട്ടുച്ച സമയമായിരുന്നതിനാൽ ഫോട്ടോയ്ക്ക് പറ്റിയ സമയമല്ലാത്തുകൊണ്ട് പിന്നെയും തടസ്സമായി. എന്നാൽ പ്രാർത്ഥനാനിരതനായ തിരുമേനി തന്റെ സ്ലീബാ തലഉയർത്തി സൂര്യഗോളത്തിന് നേരെ കുരിശുവരച്ചപ്പോൾ അത്ഭുതമെന്ന് പറയട്ടെ, കത്തിനിന്ന വെയിൽ പെട്ടെന്ന് മങ്ങി, ഫോട്ടോയ്ക്ക് പറ്റിയ സമയം! സായ്പ് ഉടൻ തിരുമേനിയുടെ ഫോട്ടോ എടുത്തു. സഭാവസ്ത്രങ്ങളും മാലകളും പാമ്പുവടിയും പിടിച്ച് നില്ക്കുന്ന തിരുമേനിയുടെ പടം സായ്പ് എടുത്തു. പക്ഷേ കാൽമുട്ടുവരെയുള്ള ഭാഗങ്ങൾ മാത്രമായിരുന്നു എടുത്തത്. ഈ ഫോട്ടോ ബേബി ചെങ്ങന്നൂരിന്റെ മുന്നിലെത്തിയപ്പോൾ ബേബിയുടെ പ്രാർത്ഥനാപൂർണ്ണമായ ഭാവനയിൽ നിന്നാണ് തിരുമേനിയുടെ, ഇന്ന് ലോകമെമ്പാടും കാണുന്ന പൂർണ്ണകായ ചിത്രം വരച്ചെടുത്തത്. മുട്ടുവരെയുള്ള ഫോട്ടോയുടെ കോപ്പി മുന്നിൽവെച്ച് അന്ന് സഭക്ക് അനുവദിക്കപ്പെട്ടിരുന്ന മുഴുവൻ ളോഹയുടെയും പാമ്പുവടി മുഴുവന്റെയും ചിത്രം ബേബി ഭാവനയിൽ നിന്ന് വരച്ചെടുക്കുകയായിരുന്നു.

ഈ ചിത്രത്തിന്റെ പകർപ്പുകളാണ് ലോകമെമ്പാടുമുള്ള ക്രിസ്ത്യൻ ദേവാലയങ്ങളിലും വിശ്വാസികളുടെ വീടുകളിലും പ്രദർശിപ്പിച്ചിരിക്കുന്നത് എന്ന് കൂടി അറിയുമ്പോഴാണ് ഈ കലാകാരന്റെ മഹത്വം മനസ്സിലാക്കുന്നത്.

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കബാവ ബേബിയെ ശിരസ്സിൽ കൈവെച്ച് അനുഗ്രഹിച്ചിട്ടുണ്ട്. ഇപ്പോൾ പരുമല പള്ളിക്കുചുറ്റും കാണുന്ന മനോഹര മന്ദിരങ്ങളുടെ നിർമ്മാണ നടത്തിപ്പിന് നേതൃത്വം കൊടുത്ത അന്നത്തെ പരുമല സെമിനാരി മാനേജർ ആയിരുന്ന കെ.ബി. മാത്യൂസച്ചൻ (വലിയച്ചൻ) ആണ് ബേബിക്ക് 'വര'യുടെ ആദ്യ പ്രതിഫലം നൽകിയത്.

പരിശുദ്ധ മാത്യൂസ് പ്രഥമൻ കാതോലിക്കബാവയുടെ നിർദ്ദേശാനുസരണം 'യശയ്യാവിന്റെ ദർശനങ്ങൾ' ബേബി വരച്ചത് ബാവാതിരുമേനി മാർപാപ്പക്ക് സസന്തോഷം സമ്മാനിച്ചത് ബേബി സ്മരിക്കുന്നു. കോട്ടയം ഏലിയാചാപ്പലിൽ ബേബി വരച്ച 14 പടങ്ങൾ ഉണ്ട്. 'മനോരമ' ഓഫീസിൽ 12 എണ്ണവും ഉണ്ട്. ലോകമെമ്പാടുമുള്ള പള്ളികളിലും വീടുകളിലുമായി 36000ത്തോളം ഫോട്ടോകൾ 'പകർപ്പവകാശം, ബേബി ചെങ്ങന്നൂർ, ചിത്രശാല, ചെങ്ങന്നൂർ' എന്ന് അടിയിൽ പേരെഴുതി കാണുന്നത് അതിശയകരം തന്നെയാണ്. മറ്റു പലരും പരുമലതിരുമേനിയുടെ പടം വരച്ചിട്ടുണ്ടെങ്കിലും ബേബി വരച്ച പടങ്ങളുടെ 'ഒറിജിനാലിറ്റി' ഒന്നിനുമില്ലെന്ന് എല്ലാവരും സമ്മതിക്കും. തിരുമേനി കുർബ്ബാന വേഷത്തിൽ മദ്ബഹയിൽ നിൽക്കുന്ന പടവും ബേബി വരച്ചിട്ടുണ്ട്. ബോംബെ ദാദർ പള്ളിയിൽവെച്ച് ഗീവർഗ്ഗീസ് ദിവീതീയൻ വലിയ ബാവ ബേബിക്ക് സ്വർണ്ണമെഡൽ നൽകിയിട്ടുണ്ട്.

ഗീവർഗീസ് സഹദാ, അന്തോണീസ് പുണ്യാളൻ, മാതാവും കുഞ്ഞും, തോമാശ്ലീഹ വിലാപ്പുറത്ത് വിരലിടുന്നത് തുടങ്ങിയ പടങ്ങൾ അമൂല്യശോഭയോടെ തിളങ്ങുന്നു. സ്തെഫാനോസിന്റെ പടം, ഉണ്ണിസഹദേന്മാരുടെ പടം എന്നിവ വേറെയുമുണ്ട്. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, കെ.എം. ചെറിയാൻ, കെ.സി.മാമ്മൻ മാപ്പിള തുടങ്ങിയവരുടെ ഫോട്ടോകൾ വരച്ചത് മനോരമ ഓഫീസിന്റെ ചുവരുകളിൽ തൂങ്ങുന്നുണ്ട്.

മിക്കകലാകാരന്മാരുടെയും അടുത്ത കൂട്ടുകാരായ മദ്യപാനം, പുകവലി, മറ്റു ലഹരി പദാർത്ഥ ഉപയോഗം മുതലായവ ചെറുപ്പം മുതൽതന്നെ ബേബിയെ സമീപിച്ചിട്ടില്ല. ചെറുപ്പനാളിൽതന്നെ പ്രാർത്ഥന, നോമ്പ്, സഭാചിട്ടകൾ എല്ലാം കർശനമായി പാലിക്കുന്ന ബേബിയുടെ സ്ഥിരം വേഷം മുണ്ടും ജുബ്ബയുമാണ്. ഈ വേഷത്തിൽ ചെങ്ങന്നൂർ മാർക്കറ്റ് റോഡിലുള്ള 'ചിത്രശാല'യിൽ വരയിൽ മുഴുകിയിരിക്കുന്ന ഈ മനുഷ്യൻ 'വര' ലോകത്തെ അമരക്കാരൻ തന്നെയാണ്. ചെമ്പൈയുടെയും അഗസ്റ്റിൻ ജോസഫിന്റെയും യേശുദാസിന്റെയും ഒരുമിച്ചുള്ള പടം വരച്ച് യേശുദാസിന് നൽകിയിട്ടുണ്ട്.

പരി. ദിദിമോസ് വലിയ ബാവയുടെയും പരി. പൗലൂസ് ദ്വിതീയൻ കാതോലിക്കബാവയുടെയും പടം ബേബിവരച്ചത് ഫോട്ടോ എടുത്തതിനേക്കാൾ മനോഹരമായിട്ടുണ്ട്. ദൈവം അറിഞ്ഞനുഗ്രഹിച്ച ഭാവനയും മനസ്സും വിരലുകളുമാണ് ബേബിക്കുള്ളതെന്ന് പരിശുദ്ധ പൗലൂസ് ദ്വിതിയൻ കാതോലിക്കാബാവ ലേഖകനോടു പറഞ്ഞു. ബേബിക്കർഹമായ പല പദവികളും അദ്ദേഹത്തിനിതുവരെ ലഭിച്ചിട്ടില്ല. അതിൽ ബേബിക്ക് പരിഭവവുമില്ല. ആർഭാടം നിറഞ്ഞ പദവിയേക്കാൾ മിക്കവീടുകളിലും തൂങ്ങുന്ന പരുമലതിരുമേനിയുടെ പടത്തിനടിയിലുള്ള സ്വന്തം പേരിലൂടെ ബേബി ജനമനസ്സിൽ അത്യുന്നത സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. ഈ വർഷം തൃശ്ശൂർ ലളിതകലാ അക്കാദമി ബേബിക്ക് ക്യാഷ് അവാർഡും ഫലകപത്രവും നൽകി ആദരിച്ചു.



പരുമല തിരുമേനിയുടെ കബറിങ്കൽ ആയിരക്കണക്കിനാളുകൾ പ്രാർത്ഥനാനിരതരായി വന്ന്, തങ്ങളുടെ സങ്കടം ഇറക്കിവെച്ച് പ്രാർത്ഥിച്ച് പോകുന്നു. അവർ നോക്കികാണുന്ന പരുമല തിരുമേനിയുടെ 7 അടി ഉയരമുള്ള ഫോട്ടോ, പള്ളിക്കകത്തുള്ള 10 അടി ഉയരമുള്ള ഫോട്ടോ ഇവയെല്ലാം ബേബിയുടെ അനുഗൃഹീതതൂലികയിൽ നിന്ന് വാർന്നിറങ്ങിയതാണ്. പരുമല പള്ളിയുടെ വിശുദ്ധ മദ്ബഹയിൽ സ്ഥാപിച്ചിട്ടുള്ള യേശുദേവന്റെ ഉയിർത്തെഴുന്നേല്പിന്റെ വലിയചിത്രവും ബേബിയുടെ ബ്രഷ് മെനഞ്ഞെടുത്തതാണ്.

ചിത്രകാരനായ ബേബിയുടെ മനസ്സിൽ ഒരു കവിയുടെ മനസ്സും ഉണ്ടെന്ന് വളരെ പേർക്ക് അറിയില്ല. പരുമല തിരുമേനിയെപ്പറ്റി ബേബി എഴുതിയ പരുമലയിൽ വാഴുന്ന പുണ്യവാനെ, യാമംതോറും കണ്ണീരാൽ, മണിനാദം തുടങ്ങിയ പാട്ടുകൾ യേശുദാസിന്റെ ഘനഗംഭീരമായ ശബ്ദത്തിൽ തരംഗിണി സ്റ്റുഡിയോയിൽ റെക്കോഡ് ചെയ്ത കാസറ്റിന്റെ 'റെക്കോഡ്' ഇന്നുവരെ മറ്റൊരു ഭക്തിഗാനത്തിനും മറികടക്കാൻ കഴിഞ്ഞിട്ടില്ല.

പരിശുദ്ധ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവ ബേബിക്ക് 'സഭാചിത്രകവി' എന്ന സ്ഥാനം പരുമല പള്ളിയിൽവെച്ച് നൽകിയിട്ടുണ്ട്.

തിരുവനന്തപുരം വട്ടിയൂർക്കാവ് പള്ളിയിൽ കർത്താവിന്റെ 30 അടി ഉയരമുള്ള സ്വർഗ്ഗാരോഹണ ചിത്രം വരച്ചതും ബേബി തന്നെയാണ്. ഈയിടെ അന്തരിച്ച പ്രമുഖ നയതന്ത്രജ്ഞൻ ഡോ. പി.സി. അലക്സാണ്ടറുടെ അടക്കം എത്രയെത്ര മഹാന്മാരുടെ ചിത്രങ്ങളും ബേബിയുടെ വകയായിട്ടുണ്ട്.

ബേബിയുടെ പാത പിൻതുടർന്ന് മക്കളായ ജയിംസ്, കൊച്ചുമോൻ എന്നിവരും ചിത്രരചനയിൽ പേരെടുത്തുക്കഴിഞ്ഞു. ജയിംസ് വരക്കുന്ന ഗീവർഗീസ് സഹദായുടെ ഫോട്ടോ വളരെ മനോഹരമാണ്.

ഇളയമകനായ കൊച്ചുമോന്റെ 'ത്രിൽ' മുഴുവൻ മാതാവിന്റെയും ഉണ്ണിയുടെയും പടം വരക്കുന്നതിലാണ്. മാതാവിനോട് ചേർന്ന് പറ്റി നിൽക്കുന്ന ഉണ്ണിയേശുവിന്റെ ഫോട്ടോ കണ്ടാൽ ആർക്കും ഒന്നോമനിക്കാൻ തോന്നും.

നമ്മുടെ മദ്യനയം

■ കെ.പി. കൃഷ്ണമേനോൻ

ദൈവത്തിന്റെ സ്വന്തം നാടാണ് നമ്മുടെ കേരളമെന്ന് നാം സ്വയം അഭിമാനത്തോടുകൂടി പറയാറുണ്ടല്ലോ? എന്നാൽ സത്യസന്ധമായി ഒന്നു ചിന്തിച്ചാൽ ഇത് ദൈവത്തിന്റെ നാടല്ല മദ്യത്തിന്റെ നാടാണ് എന്ന് ബോധ്യമാവും. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മദ്യത്തിന്റെ ഉപയോഗമുള്ള സംസ്ഥാനം കേരളമാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ മദ്യം ഉപയോഗിക്കുന്നത് ഇന്ത്യയിലാണ് താനും. ആളോഹരി കണക്കു നോക്കിയാൽ ലോകത്തിൽ വെച്ച് ഏറ്റവും കൂടുതൽ മദ്യം ഉപയോഗിക്കുന്നത് നമ്മുടെ ഈ കൊച്ചുകേരളത്തിലാണ്.

അന്ധമായ അനുകരണത്തിൽ തുടങ്ങി, വഴിപിഴച്ച സൗഹൃദത്തിലൂടെ വളർന്ന് മദ്യം ഒഴിവാക്കാൻ സാധിക്കാത്ത ആപത്കരമായ അവസ്ഥയിൽ എത്തിച്ചേരുന്ന വരെ അതിൽനിന്നും രക്ഷിക്കുക എന്നതാണ് അടിയന്തിരമായി നാം ഏറ്റെടുക്കുവാനുള്ള കടമ. സാമൂഹ്യമായ ബോധവൽക്കരണംകൊണ്ട് മാത്രം മദ്യാസക്തിയിൽ നിന്നും അവരെ മോചിപ്പിക്കാം എന്ന് നാം മോഹിക്കേണ്ട. മദ്യം ശുദ്ധജലത്തെക്കാൾ സുലഭമായി ലഭിക്കുന്ന അവസ്ഥ നിലനിൽക്കുന്ന നമ്മുടെ നാട്ടിൽ കുടിയന്മാരുടെ എണ്ണം ഏറ്റവും കൂടുതൽ ആണെന്നതിൽ അതിശയിക്കാനെന്തിരിക്കുന്നു. അബ്കാരി നിയമമനുസരിച്ച് ഒരു വ്യക്തിക്ക് വാങ്ങി സൂക്ഷിക്കാവുന്ന അളവിൽ കവിഞ്ഞ മദ്യം വാങ്ങുവാനും അത് സ്വന്തം ആവശ്യത്തിനും മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ വേണ്ടിയും ഉപയോഗിക്കാം എന്ന അവസ്ഥ തുടരുന്നിടത്തോളം കാലം മദ്യത്തിന്റെ ഉപഭോഗത്തിനുള്ള സ്ഥാനപട്ടം നമുക്കു തന്നെ ആയിരിക്കും. അതുകൊണ്ട് ഈ നാട് രക്ഷപ്പെടണം എന്ന് ആഗ്രഹിക്കുന്നവർ ആദ്യമായി ചെയ്യേണ്ടത് മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാനുള്ള നടപടികൾ എടുക്കുക എന്നുള്ളതാണ്. സാധാരണ പൗരന്മാരായ നമുക്ക് നിയമപരമായി ഇത്തരം നടപടികൾ എടുക്കുവാൻ കഴിയുകയില്ലല്ലോ? എന്നാൽ മദ്യനിരോധനത്തിനു വേണ്ടി നിലകൊള്ളുന്നവരെ മാത്രമേ തെരഞ്ഞെടുപ്പിൽ നമ്മൾ വിജയിപ്പിക്കുകയുള്ളു എന്ന് ജനം തീരുമാനമെടുത്താൽ പിന്നെ ഏത് രാഷ്ട്രീയ പാർട്ടി അധികാരത്തിൽ വന്നാലും ശരി അവർക്ക് മദ്യഉപഭോഗം നിയമപരമായ നടപടികളിലൂടെ കുറച്ചു കൊണ്ടുവരാനും ക്രമേണ മദ്യനിരോധനം തന്നെ നടപ്പാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുവാനും നിർബന്ധിതരായിത്തീരും.

ഇന്ന് നമ്മുടെ നാട്ടിൽ നടമാടുന്ന ക്രൂരകൃത്യങ്ങളിലേറെയും മദ്യത്തിനടിമയായവർ കാട്ടിക്കൂട്ടുന്നതാണ്. മനുഷ്യത്വരഹിതമായ പ്രവർത്തികൾ ചെയ്യുന്നതിന് മനസ്സാക്ഷിയെ മരവിപ്പിച്ച് ക്രൂരകൃത്യങ്ങൾ ചെയ്യുവാനുള്ള പ്രേരകശക്തിയായിട്ടാണല്ലോ ഇക്കൂട്ടർ മദ്യത്തെ ഉപയോഗിക്കുന്നത്. നിത്യേന എന്നപോലെ മദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നതോടൊപ്പം തന്നെ നാട്ടിൽ കൊടുംക്രൂരതകളും വർദ്ധിക്കുകയാണ്. മദ്യവും കുറ്റകൃത്യങ്ങളും തമ്മിലുള്ള ഈ അഭേദ്യമായ ബന്ധം നമ്മുടെ നാട്ടിലെ സമാധാനാന്തരീക്ഷത്തെ തന്നെ തകിടം മറിച്ചിരിക്കുകയാണ്. അതുപോലെ തന്നെ മദ്യപാനം മൂലം എത്രയോ കുടുംബബന്ധങ്ങളാണ് തകർത്തെറിയപ്പെട്ടിട്ടുള്ളത്. എത്ര കുടുംബങ്ങളാണ് നരകതുല്യമായ യാതനകൾ അനുഭവിക്കുന്നത്. മദ്യപന്മാരുടെ വീട്ടിലെ സ്ത്രീകളുടെയും കുട്ടികളുടെയും അവസ്ഥയാണ് ഏറ്റവും ശോചനീയം. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് മദ്യലഭ്യത കുറയ്ക്കുവാനുള്ള നടപടികൾ അടിയന്തിരമായി തന്നെ കൈക്കൊള്ളണം. അതിനു വേണ്ടി ഇവിടുത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സർക്കാരിന്റെയും പരിഗണനയ്ക്കായി ചില നിർദ്ദേശങ്ങൾ വയ്ക്കട്ടെ.

നാലും മൂന്നും സ്റ്റാർ പദവിയുള്ള ഹോട്ടലുകളിൽ മദ്യം വിളമ്പുന്നത് നിരോധിച്ചുകൊണ്ട് കാര്യമാത്ര പ്രസക്തമായ ഉപഭോഗക്കുറവ് ഉണ്ടാകുവാൻ പോകുന്നില്ല. നാട്ടിൽ മുക്കിന് മുക്കിന് അനുവദിച്ചിട്ടുള്ള ചില്ലറ മദ്യവില്പനശാലകളുടെ എണ്ണം കുറയ്ക്കുകയാണ് ആദ്യം ചെയ്യേണ്ടത്. രണ്ട് കിലോമീറ്റർ ചുറ്റളവിൽ ഒരു ചില്ലറ വില്പനശാലയിൽ കൂടുതൽ അനുവദിക്കുവാൻ പാടില്ല. വില്പനസമയം രാവിലെ 10 മുതൽ അഞ്ച് വരെ എന്നു നിജപ്പെടുത്തുക. നമ്മുടെ നാട്ടിൽ അരിക്കും മണ്ണെണ്ണയ്ക്കും കാർഡ് വേണം. എന്നാൽ മദ്യത്തിന് അങ്ങിനെയുള്ള ഒരു നിയന്ത്രണവുമില്ല. അവസ്ഥ മാറണം. മദ്യപർക്ക് മദ്യത്തിനു വേണ്ടി പ്രത്യേകം കാർഡ് നൽകുക. ഒരാൾക്ക് ആഴ്ചയിൽ ഒരു കുപ്പിയിൽ കൂടുതൽ മദ്യം നൽകാതിരിക്കുക. തുടങ്ങിയ നടപടികൾ ചെയ്താൽ മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ കഴിയും. അതുവഴി നാടിന്റെ സമാധാനവും ഐശ്വര്യവും നിലനിർത്തുവാനും കഴിയും.

*(എറണാകുളം കരയോഗം പ്രസിദ്ധീകരിക്കുന്ന **കരയോഗ സൗഹൃദം** മെയ് 2012 ലക്കം എഡിറ്റോറിയൽ)*

സംസ്ഥാനത്ത് മദ്യവിൽപന കൂടിവരുന്നു

സംസ്ഥാനത്ത് മദ്യവിൽപന വർഷംതോറും കൂടി വരികയാണെന്ന് കോടതി കണക്കുകൾ സഹിതം ചൂണ്ടിക്കാട്ടി. ബാർ ലൈസൻസ് ഫീസ്, വിൽപന നികുതി, എക്സൈസ് തീരുവ എന്നിവയിൽ നിന്ന് സർക്കാരിന് പ്രതിവർഷം 7,000 കോടി രൂപയാണ് കിട്ടുന്നത്. മദ്യവിൽപനയിലെ വർധന മൂലം നേട്ടമുണ്ടാകുന്നത് പ്രധാനമായും സർക്കാരിനും സർക്കാരിന് കീഴിലുള്ള കോർപ്പറേഷനുകൾക്കുമാണെന്നും കോടതി വിലയിരുത്തുന്നു. 2012 നവംബർ 30 വരെ 708 ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കുമാണ് സർക്കാർ ബാർ അനുവദിച്ചചിട്ടുള്ളത്. ഇതിൽ 450–ഉം സ്റ്റാർ പദവിയില്ലാത്ത സാധാരണ ഹോട്ടലുകളുമാണ്.

സംസ്ഥാനത്ത് 2010–11 സാമ്പത്തിക വർഷം 19.5 കോടി ലിറ്റർ മദ്യമാണ് വിറ്റത്. 13.3 കോടി ലിറ്റർ ബിയറും വിറ്റു. സംസ്ഥാനത്തെ വിദേശമദ്യത്തിന്റെ മൊത്തക്കച്ചവടം പൂർണമായും സർക്കാരിന്റെ നിയന്ത്രണത്തിലാണ്. ബിവറേജസ് കോർപ്പറേഷന് 384 ചില്ലറ വിൽപനശാലകളുണ്ട്. സപ്ലൈകോ, കൺസ്യൂമർ ഫെഡ് എന്നിവയുടേതുൾപ്പെടെ 400 ചില്ലറ വിൽപനശാലകൾ സംസ്ഥാനത്തുണ്ട്. കെ.ടി.ഡി.സി. ബിയർ, വൈൻ പാർലറുകളും നടത്തുന്നു. ബിവറേജസ് കോർപ്പറേഷന്റെ വിൽപന 2009–10–ൽ ആയിരം കോടി രൂപയോളം വർധിച്ചുവെന്ന് കോടതി ചൂണ്ടിക്കാട്ടി.

മാതൃഭൂമി ജൂലൈ 28, 2012

ചെങ്ങന്നൂർ വലിയപള്ളിയിൽ 40 അടി ഉയരമുള്ള മാതാവും കുഞ്ഞും, ഗീവർഗ്ഗീസ് സഹദാ, കർത്താവും കുഞ്ഞുങ്ങളും, തിരുവത്താഴം എന്നിവ ഈ സഹോദരങ്ങളുടെ സംഭാവനയാണ്. ഇവരെ കൂടാതെ ബേബിക്ക് ഭാര്യ ശോശാമ്മയും, ഷാജു, മേരിക്കുട്ടി, പൊന്നമ്മ എന്നീ മക്കളുമുണ്ട്. ഇതിൽ പൊന്നമ്മ മരിച്ചു.

കോതമംഗലം, ചെറായി പള്ളികളിൽ ത്രോണോസിന്റെ അലങ്കാര പണികൾ, മുന്തിരിങ്ങക്കുലകളടങ്ങിയവ ബേബി ഒരുക്കികൊടുത്തതാണ്. വിശ്വാസികളുടെ വൻ റാലികളിൽ തിരുമേനിമാരെ ഉപവിഷ്ടരാക്കി, ആദരിച്ചുകൊണ്ടുവരുന്ന 'ഹംസരഥം' ബേബിയുടെ കലാവിരുതുകളിൽ ഒന്നാണ്.

അവർ വരയ്ക്കുന്ന പടങ്ങൾ മുഴുവൻ ഇന്ത്യൻ ചായക്കൂട്ടുകൾ മാത്രം ഉപയോഗിച്ചുള്ളതാണ്. 26 വയസ്സിൽ വര തുടങ്ങി 52 വർഷം പിന്നിട്ടുകഴിഞ്ഞിട്ടും 'ബേബി ചെങ്ങന്നൂർ' ഇന്നും മണിക്കൂറുകളോളം തുടർച്ചയായി ചിത്രം വരയ്ക്കുന്ന ആശാനാണ്. സുഹൃത്തുക്കളും നാട്ടുകാരും ചാർത്തി നൽകിയ പേരാണ് 'ആശാൻ.' ശരിക്കും വരയുടെ ആശാനായ ഈ 'ചെങ്ങന്നൂരിന്റെ' പ്രഗത്ഭപുത്രന് കർത്താവിന്റെയും സകലവിശുദ്ധന്മാരുടെയും വിശിഷ്യ പരുമലതിരുമേനിയുടെ അനുഗ്രഹം ലഭിക്കുന്നുണ്ട്. ഈ അംഗുലീചലനം അതാണ് തെളിയിക്കുന്നത്. GM

ഓർത്തഡോക്സുകാർ മദ്യവിപണിയിൽനിന്നും വിട്ടുനിൽക്കുമോ?

GM View

മനഃസാക്ഷിയുള്ള ചെറുപ്പക്കാർ ഇന്നും കേരളത്തിലുണ്ടെന്നതിനു തെളിവാണ് പി.എസ്.സി. വഴി ബിവറേജസ് കോർപ്പറേഷനിൽ നിയമനം ലഭിച്ച 18 പേർ ജോലി ഉപേക്ഷിച്ച വാർത്ത. (They quit, smitten by guilt for being 'liquor vendors' - *Deccan Chronicle, August 7, 2012*) മദ്യത്തിൽനിന്നുള്ള വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ ഭാവി ശോഭനമാക്കാമെന്നു കണക്കുകൂട്ടുന്ന കേരളത്തിന്റെ രാഷ്ട്രീയ നേതൃത്വത്തിനും ഉന്നത ഉദ്യോഗസ്ഥർക്കും ഇത്രത്തോളം മനഃസാക്ഷി ഇല്ലാതെ പോയി. കേരളത്തിന്റെ റവന്യൂവിൽ 40 ശതമാനവും മദ്യവിൽപനയിലൂടെയാണ് ലഭിക്കുന്നത്. 75 ശതമാനം കസ്റ്റമേഴ്സും നിത്യ സന്ദർശകരാണെന്നാണു ബാർ ജീവനക്കാർ തന്നെ പറയുന്നത്. ഷവർമ്മ കഴിച്ച ഒരാൾ മരണപ്പെട്ടതോടെ കേരളമെങ്ങും ഹോട്ടലുകൾക്കെതിരെ സർക്കാർ നടപടിയെടുത്തു. എന്നാൽ ആയിരക്കണക്കിനാളുകൾ മരിക്കുന്ന മദ്യത്തിന്റെ കാര്യത്തിൽ ഇങ്ങനെയൊരു നടപടി ഉണ്ടാവുന്നില്ല. അതിനു കാരണവുമുണ്ട്. മദ്യവ്യവസായത്തിൽനിന്ന് മുഖ്യമായും ലാഭമുണ്ടാക്കുന്നത് സർക്കാരാണ്. അതിൽ ഒരു പൈസപോലും കുറയാൻ സർക്കാരിനു താൽപര്യമില്ല.

തെറ്റു ചെയ്യാതിരിക്കാൻ പ്രേരിപ്പിക്കുകയെന്നതാണ് പിഴ ചുമത്തുന്നതിന്റെ ഏക ഉദ്ദേശ്യം. ഫൈൻ ഒരു വരുമാനമായി ഒരു രാജ്യത്തും കണക്കാക്കുന്നുമില്ല. എന്നാൽ ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഫൈൻ വഴി സംസ്ഥാനത്തിന് വരുമാനമുണ്ടാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് ടാർഗറ്റ് നൽകിയിരിക്കുകയാണ്. അതായത് ഇത്രയാളുകൾ നിയമലംഘനം നടത്തി സർക്കാരിന് വരുമാനമുണ്ടാക്കണമെന്നു സർക്കാർ തന്നെ ലക്ഷ്യമിടുന്നു. ഇത്രയാളുകൾ റോഡ് നിയമം ലംഘിക്കണം, മദ്യപിക്കണം എന്ന സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ സർക്കാർ ആഗ്രഹിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നു. അപ്പോഴാണ് തൊഴിൽരഹിതരും നിസാര വരുമാനക്കാരുമായ 18 ചെറുപ്പക്കാർ തങ്ങളുടെ സർക്കാർ ഉദ്യോഗം രാജിവെച്ചിരിക്കുന്നത്. മനഃസാക്ഷിക്കനുസരിച്ച് ജീവിക്കുവാൻ തിരഞ്ഞെടുത്ത ഇവർ നിശ്ചയമായിട്ടും ആദരിക്കപ്പെടേണ്ടവരാണ്.

ക്രിസ്തീയ സഭകളിലെ എത്ര അംഗങ്ങൾ ബിവറേജസ് കോർപ്പറേഷനിൽ ജോലി ചെയ്യുന്നു എന്നതിന് സഭകൾക്കു കണക്കില്ല. അവരിൽ ആരെങ്കിലും വിശ്വാസത്തിന്റെ പേരിൽ ജോലി ഉപേക്ഷിച്ചിട്ടുണ്ടോ? രാജിവച്ച ചെറുപ്പക്കാരിൽ കൂടുതലും ഹിന്ദുമത വിശ്വാസികളായ സഹോദരന്മാരായിരിക്കാനാണിട. ഈ മാതൃക ഉൾക്കൊണ്ട് മദ്യഷാപ്പിലെ ജോലി ഉപേക്ഷിക്കാൻ ക്രിസ്ത്യാനികളും തയ്യാറാകണം. മദ്യവിപണിയിൽ ജോലി ചെയ്യുന്ന ക്രിസ്ത്യാനി ആ തൊഴിൽ ഉപേക്ഷിച്ച് മറ്റു ജോലികൾ ചെയ്യാൻ സഭാ പിതാക്കന്മാരും ആഹ്വാനം ചെയ്യണം.

മദ്യത്തിനെതിരെ അന്തിമമായ പോരാട്ടം നടത്തേണ്ട കാലമായിരിക്കുന്നു. കേരളത്തിലെ സമുദായ സംഘടനകൾ ഏതെങ്കിലും കാര്യത്തിൽ ഒന്നിക്കാമെങ്കിൽ അത് മദ്യവിപണിക്കെതിരായ ഒരു വിമോചനസമരത്തിനായിരിക്കും. മദ്യവിൽപന കുറയ്ക്കാൻ സർക്കാരിനെ നിർബന്ധിക്കുന്നതോടൊപ്പം സ്വന്തം സമുദായാംഗങ്ങൾക്ക് മദ്യത്തിന് വിലക്കേർപ്പെടുത്തുകയുമാണ് സമുദായ നേതാക്കൾ ചെയ്യേണ്ടത്. ഇക്കാര്യത്തിൽ ശ്രീനാരായണഗുരുവിന്റെ പ്രവർത്തനം മതനേതാക്കൾക്കു മാതൃകയാകണം.

മദ്യത്തിനു ദുരന്തം ഏറ്റവും കൂടുതൽ ഏറ്റുവാങ്ങുന്നത് സ്ത്രീകളും കുട്ടികളുമാണ്. അവരെ അണിനിരത്തിയുള്ള ഒരു നീതി സമരത്തിനു മുന്നിൽ ഒരു സർക്കാരിനും മുട്ടുമടക്കാതിരിക്കാനാവില്ല.

ഒഴിഞ്ഞതും നിറഞ്ഞതുമായ മദ്യക്കുപ്പികൾക്കു മുന്നിൽ നിശ്ശബ്ദനായിരിക്കുന്ന മനുഷ്യനെപ്പറ്റി ദ ലിറ്റിൽ പ്രിൻസ് എന്ന പ്രസിദ്ധമായ നോവലിൽ ഒരു ഭാഗമുണ്ട്.

'നിങ്ങളെന്താണ് ചെയ്യുന്നത്?" അയാളുടെ മുന്നിലെത്തിയ രാജകുമാരൻ ചോദിച്ചു.

"ഞാൻ കുടിക്കുകയാണ്" എന്നായിരുന്നു മറുപടി. എന്തിനാണ് കുടിക്കുന്നതെന്നായി രാജകുമാരന്റെ അടുത്തചോദ്യം. മറക്കാൻ വേണ്ടിയെന്നായിരുന്നു ഉത്തരം.

"എന്തു മറക്കാൻ?"

"എനിക്ക് ലജ്ജ തോന്നുന്ന കാര്യം മറക്കാൻ,"

എന്തിനെപ്പറ്റിയാണ് ലജ്ജിക്കുന്നതെന്നു കുട്ടി ചോദിച്ചപ്പോൾ "ഞാൻ കുടിയനാണ് എന്നതിനെപ്പറ്റി" എന്ന് ഉത്തരം നൽകിയ ശേഷം കുടിയൻ അഭേദ്യമായ മൗനത്തിലേക്ക് പിൻവാങ്ങുന്നു. മദ്യപന്റെ ദുഃഖപൂർണ്ണമായ ജീവിതം ഇതിലും നന്നായി വിവരിക്കാൻ കഴിയില്ല. നമ്മുടെ നാട്ടിലെ പ്രായപൂർത്തിയെത്തിയ പുരുഷന്മാരിലെ വലിയൊരു വിഭാഗവും ലിറ്റിൽ പ്രിൻസിലെ ടിപ്ളറെ പോലെയാകുന്നതു തടയാൻ ആരെങ്കിലും എന്തെങ്കിലും ചെയ്തു തുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

മാതൃഭൂമി

They quit, smitten by guilt for being 'liquor vendors'

They have been told they are "revenue collectors" but once they realized they are "liquor vendors" they started leaving.

Youths, posted as shop-in-charge at the State Beverages Corporation (Bevco) outlets since December 2011, have been quitting as if the corporation was smitten by an attrition epidemic; 18 new PSC recruits have resigned just months in to their new jobs.

Many have gone back to their previous, less-paid jobs; some have even preferred to remain jobless than work at a beverages outlet.

Shop-in-charge, an assistant grade II post, was a new designation created after appointments in Bevco were left to the PSC. The commission began filling posts from December 2011.

Overwork is the public excuse given for the resignation. But sources said this was just an alibi for the moral torment suffered by Bevco employees.

"Ours is a 10 to 10 job, unlike the normal 10-5 office timing. But we get bata. The daily turnover is huge, in the Rs4-5 lakh range. If you are careful and have a knack for numbers, book-keeping is manageable.

But the plain fact is that the burden of selling liquor weighs too much on fresh recruits. It’s a sense of guilt that makes the job unbearable," a shop-in-charge said.

Mr Narayanan, a former shop-in-charge who had quit after two months, said his decision was the result of a moral struggle. "It took me just a few days to realize that selling liquor does not give me any job satisfaction. The plight of some clients, most of them poor and ailing, left me deeply distressed," he said.

Mr Narayanan found dispensing liquor "too toxic" that he went back to his earlier job of a jail watchman, earning Rs3,000 less.

Desertions take place despite a five-day pre-job training during which recruits were euphemistically referred to as revenue collectors instead of liquor vendors.

Deccan Chronicle, August 7, 2012

വെറുതേയല്ല...... ഭാര്യ

■ എസ്. ശാരദക്കുട്ടി



കസ്തൂർബാ ഗാന്ധി ഒരിക്കൽ പറഞ്ഞു: "മഹാനായിരിക്കുക എളുപ്പമാണ്. പക്ഷേ, മഹാന്റെ ഭാര്യയായിരിക്കുക മുള്ളിന്മേൽ നടക്കലാണ്." പരാജിതയായ സ്ത്രീയുടെ ശബ്ദമാണ് കസ്തൂർബാ ഗാന്ധിയുടേത്. ക്ഷമയും സഹനവും മാത്രം ശീലമാക്കിയ ഏതൊരു സ്ത്രീക്കും ജീവിതാവസാനത്തിൽ ഇങ്ങനെ നെടുവീർപ്പിട്ടു പശ്ചാത്തപിക്കേണ്ടിവരും. ജീവിതത്തെയും ജീവിതപങ്കാളിയെയും ശപിച്ചും കുറ്റപ്പെടുത്തിയും ജീവിക്കേണ്ടിവരും. രാമായണത്തിലെ സീതയ്ക്ക് അൽപം കൂടി പ്രായോഗിക ബുദ്ധിയും കൗശലവും ഉണ്ടായിരുന്നെങ്കിൽ കുമാരനാശാന്റെ കാലംവരെ കാത്തിരിക്കേണ്ടിവരില്ലായിരുന്നു, ഒന്നു ചിന്താവിഷ്ടയാകാനും രാമനോടു ചില ചോദ്യങ്ങൾ ചോദിക്കാനും.

നല്ല കുടുംബജീവിതം വേണമെന്നു നിർബന്ധമുണ്ടോ? എങ്കിൽ നിങ്ങൾ ഒരു നല്ല അഭ്യാസിയായിരിക്കണം. പുറത്തുനിന്നു കാണുന്നത്ര എളുപ്പമല്ല കാര്യങ്ങൾ. കുടുംബം വേണ്ടെന്നു വയ്ക്കുന്നതോ വീടു വിട്ടിറങ്ങി പോകുന്നതോ താരതമ്യേന എളുപ്പമാണ്. എന്നാൽ വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ടു വ്യവസ്ഥയോടു പൊരുതുവാൻ കൂടുതൽ കരുത്തും ബുദ്ധിയും ആവശ്യമാണ്. വലിയ യുദ്ധങ്ങൾ ജയിക്കണമെങ്കിൽ ചെറിയ വഴക്കുകളിൽ തോറ്റുകൊടുക്കണം എന്നതൊരു യുദ്ധതന്ത്രമാണ്. അതായത്, തെങ്ങിൽ കിടക്കുന്നതു മാങ്ങയാണെന്ന് അവൻ പറഞ്ഞാൽ ശരിയാണ്, നാലു മാങ്ങയുണ്ടല്ലോയെന്നു സമ്മതിച്ചേക്കണം.

ഇവിടെ അവൾ വിജയത്തിലേക്കുള്ള ആദ്യചുവടു വെച്ചുകഴിഞ്ഞു. സ്വന്തം ശക്തിയെ ബോധപൂർവ്വം നിലയ്ക്കുനിർത്തി പട നയിക്കുന്ന പോരാളിക്ക് നിൽക്കുന്ന സ്ഥലത്തെയും സ്വന്തം കഴിവിനെയും കുറിച്ചു വ്യക്തമായ ധാരണയുണ്ടാകും. എങ്ങോട്ടു നയിക്കണമെന്ന ദിശാബോധമുണ്ടായിരിക്കും. ഒരിക്കൽ ഞാണിന്മേൽ കളിക്കാൻ തീരുമാനിച്ചതാണോ? സൂക്ഷ്മതയാണ് പിന്നെ ആവശ്യം. അവൾക്കു വിജയിക്കണം. വിജയിക്കേണ്ടയാൾ കീഴടങ്ങിക്കൊടുക്കുന്നു. വലിയ രാഷ്ട്രത്തിനു വളരണം, ചെറുതിനു സംരക്ഷണവും വേണം. അങ്ങനെ വലുതു താഴ്ന്നുകൊടുക്കുമ്പോൾ എല്ലാവർക്കും വേണ്ടതു കിട്ടുന്നു.

നല്ല കുടുംബജീവിതം വേണമെന്നു നിർബന്ധമുണ്ടോ? എങ്കിൽ നിങ്ങൾ ഒരു നല്ല അഭ്യാസിയായിരിക്കണം

പുരുഷാധികാര വ്യവസ്ഥയെ സ്ത്രീ തരണം ചെയ്യുന്നതു പ്രജ്ഞയും വിവേകവും കൊണ്ടാണ്. നിശ്ചലതയിൽ താഴ്ന്നുകിടക്കുന്നെങ്കിൽ അതു കൂടുതൽ കരുത്തോടെ ഉയർന്നുവരാൻ വേണ്ടിയാണ്. ക്ഷമാശീലകളും സഹനശ്രീകളും പരാജയപ്പെട്ടുപോയ നിലമാണിത്. തന്ത്രവും പ്രായോഗികബുദ്ധിയും ഏറെ ആവശ്യപ്പെടുന്ന ചതുരംഗക്കളി. സൂക്ഷ്മതയോടെ വേണം കരുക്കൾ നീക്കാൻ. സുന്ദരി ചമഞ്ഞതും ബുദ്ധിയും ചിന്തകളും ഇല്ലാത്തവളെന്നു ഭാവിച്ചതും അതിജീവനത്തിന്റെ അടവുകളായിരുന്നില്ലേ എന്നു സി.വി. സുധീന്ദ്രൻ 'പെണ്ണു പെണ്ണായതും പിന്നെ ശരീരമായതും' എന്ന പുസ്തകത്തിൽ സംശയിക്കുന്നതിൽ ഒരു യുക്തിയുണ്ട്. അമ്മിക്കല്ലിലൂടെയും അവിയലിലൂടെയും ആണു ഭർത്താവിന്റെ ഹൃദയത്തിലേക്കുള്ള വഴിയെന്നു പറഞ്ഞു പഠിപ്പിച്ചവർ അടുക്കളയിലും കിടപ്പറയിലും തോറ്റതാണു ചരിത്രം.

അസാമാന്യമായ പ്രായോഗികബുദ്ധിയാണു ദാമ്പത്യവിജയത്തിന്റെ രഹസ്യം എന്നു പഠിപ്പിച്ച ഒരധ്യാപികയുടെ ജീവിതം അദ്ഭുതം മിഴിച്ച കണ്ണുകളുമായാണ് ഞാൻ കണ്ടുനിന്നത്. എല്ലാം മുന്നിൽനിന്നു ചെയ്യുന്നതു ഭർത്താവാണെന്നേ ആർക്കും തോന്നൂ. പക്ഷേ, ആ സ്ത്രീയുടെ തീരുമാനങ്ങളാണു വിദഗ്ധമായി അവിടെ നടപ്പാക്കപ്പെടുന്നത്. എന്തൊരു നിശ്ചയദാർഢ്യം. തർക്കങ്ങളില്ല, വഴക്കുകളില്ല. ഭരണാക്ഷിയമ്മയുടെ ഭാവങ്ങളൊന്നുമില്ല. സകലതും ഒഴുകിയെത്തുന്ന നിശ്ചലവും ഗഹനവുമായ ഒരു പിഞ്ഞാണമാണെന്ന മട്ടിൽ നിസ്സംഗതയുടെ പുതപ്പെടുത്തണിഞ്ഞങ്ങനെ നിൽക്കും. ഒന്നിലും മുഴുകാതെ എന്ന മട്ടിൽ നിൽക്കുന്ന അവരിലേക്ക് എല്ലാവരും വന്നു മുഴുകുന്നു. സമചിത്തതയില്ലാത്ത ഞാനാണ് എന്റെ വീട്ടിലെ അസാമാധാനങ്ങളിൽ ഒന്നെന്ന് അവരുടെ വിവേകം എന്നെ ഓർമ്മിപ്പിക്കുന്നു.

പ്രജ്ഞയും പ്രസരിപ്പുമുള്ള ഭാര്യ വലിയൊരു രാഷ്ട്രം തന്നെയാണ്. വലിയ രാജ്യം വിനീതമായ നിലപാട് എടുത്തുകൊണ്ടു ചെറിയ രാജ്യങ്ങളുടെ വിശ്വാസം പിടിച്ചെടുക്കുന്നു. അവർ ഒരു മഹാസമുദ്രം തന്നെയാണ്. ചെറിയ അരുവികൾ അതിലേക്കു വന്നു കൂടിച്ചേരുന്നു. അവർ താഴ്ന്നുകിടക്കുന്ന ഒരഴിമുഖമാണ്. ചെറിയ ജലധാരകൾ അവിടേക്കൊഴുകിയെത്തി ലയിച്ചുചേരുന്നു. ആയിരത്തിയൊന്നു രാവുകളിലെ ഷെഹറാസാദ് ലോകത്തെ നാശത്തിൽനിന്നു രക്ഷിച്ച വിജയിയായ ഭാര്യ ആയിരുന്നു. ശഹറിയാർ ചക്രവർത്തിയുടെ രാജ്ഞി. ഒരുപക്ഷേ, ലോകത്തിലെ ഏറ്റവും വലിയ നായകരിൽ ഒരാൾ ഓരോ രാവിലും ചക്രവർത്തിക്കു പറഞ്ഞുകൊടുത്ത കഥകളുടെ ഉദ്വേഗത്തിലൂടെ പേർഷ്യയിലെ എല്ലാ യുവതികളുടെയും ജീവിതം രക്ഷിച്ചവൾ. പുരുഷവർഗ്ഗത്തിന്റെ മുഴുവൻ കണ്ണും തുറപ്പിച്ചവൾ. അവൾ നയശീലയും പ്രസാദവതിയുമായിരുന്നു. ബുദ്ധിമതിയും രസികത്തിയുമായിരുന്നു. അന്തസ്സുള്ളവളും നല്ല വായനയുള്ളവളുമായിരുന്നു.

പ്രശസ്ത സ്കോട്ടിഷ് എഴുത്തുകാരനായ റോബർട്ട് ലൂയിസ് സ്റ്റീവെൻസൻ ഒരു യാത്രയിൽ താൻ കണ്ട ദമ്പതികളുടെ ചിത്രം പകർത്തുന്നുണ്ട്. തന്റെ ദാമ്പത്യത്തിന് അയാളതു പാഠമാക്കുകയും ചെയ്തു. പതിഞ്ഞ സംസാരവും ശാന്തസ്വഭാവവുമുള്ള സൗമ്യപ്രകൃതനാണു ബസാൻ. അയാൾ പറയുന്നു, 'ഞാൻ വിവാഹിതനാണ്, എനിക്കെന്റെ ഓമനത്തമുള്ള കുഞ്ഞുങ്ങളുണ്ട്. പക്ഷേ, തുറന്നുപറഞ്ഞാൽ, ഇതൊരു ജീവിതമേയല്ല...' ഉടനെ അയാളുടെ ഭാര്യ പുറത്തേക്കു വന്നു; പകൽ മുഴുവനുമുള്ള ജോലി കഴിഞ്ഞ് അവളാകെ തളർന്നിരുന്നു. അവൾ ഭർത്താവിനോടു പറ്റിച്ചേർന്നിരുന്ന് അയാലുടെ മാറത്തു തലചായ്ച്ചു വിശ്രമിച്ചു. അയാളവളെ പൊത്തിപ്പിടിച്ച്, പതുക്കെ തോളത്തു തട്ടി ഓമനിച്ചു.

ബസാൻ പറഞ്ഞത് എത്ര ശരിയാണ്! അയാളാണു ശരിയായ വിവാഹിതൻ! എത്രയും കുറച്ച് ആളുകളെപ്പറ്റിയേ ഇങ്ങനെ പറയാൻ കഴിയൂ!

സ്ത്രീശാക്തീകരണം സഭയിൽ – ദേശീയ തലസ്ഥാനനഗരിയിലെ കാഴ്ചപ്പാട്

■ ജോജി വഴുവാടി

മലങ്കര സഭയിൽ വിപ്ലവകരമായ പല മാറ്റങ്ങൾക്കും തുടക്കം കുറിക്കുവാൻ ഡൽഹി ഭദ്രാസനത്തിന് കഴിഞ്ഞിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് സ്ത്രീശാക്തീരണം സഭയിൽ ആവശ്യമാണ് എന്ന വാദത്തിന് നൽകിയ പിൻബലം. മലങ്കര സഭയിലെ ഇടവക ഭരണതലങ്ങളിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം, മലങ്കര അസോസിയേഷൻ ഉൾപ്പെടെയുള്ള സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം എന്നിവ സ്ഥാപിച്ചുകൊണ്ട് ഭരണഘടനഭേദഗതി വന്ന കാലഘട്ടമാണല്ലോ ഇത്. കാലഘട്ടത്തിന്റെ അനുസരിച്ചു സഭയിൽ നടപ്പിലാക്കിയ ഒരു വലിയ മാറ്റം ആണിത്. ഈ നല്ല മാറ്റത്തെ സഭാമക്കൾ ഒന്നടങ്കം സ്വീകരിക്കുവാൻ കാലതാമസം വരുന്നു എന്നത് ഒരു പോരായ്മയാണ്.

> സഭാവിശ്വാസം കാത്തു സൂക്ഷിച്ചു തലമുറകളിലേക്കു കൈമാറുന്നത് വനിതകളാണ്

കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ വനിതവിഭാഗം 1990 ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഓർത്തഡോക്സ് വനിത ദേശീയ സമ്മേളനത്തിൽ ഡൽഹി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നടത്തിയ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞതിപ്രകാരമാണ്. "ദൈവം സ്ത്രീപുരുഷന്മാരെ സ്വന്തം ഛായയിലാണ് സൃഷ്ടിച്ചത്. പിൽക്കാലത്തുണ്ടായ വിവേചനങ്ങൾ മനുഷ്യസൃഷ്ടമാണ്. യേശുവിന്റെ ശുശ്രൂഷയിൽ സ്ത്രീകൾക്കു പൂർണ്ണപങ്കാളിത്തം നൽകിയിരുന്നു. സഭാവിശ്വാസം കാത്തു സൂക്ഷിച്ചു തലമുറകളിലേക്കു കൈമാറുന്നത് വനിതകളാണ്." അഭിവന്ദ്യ തിരുമേനിയുടെ കാലയളവിൽ ഡൽഹിയിലെ പല ഇടവകകളിലും പ്രത്യേക സാഹചര്യങ്ങളിൽ പൊതുയോഗങ്ങളിലും മാനേജിംഗ് കമ്മിറ്റികളിലും പങ്കെടുക്കുവാൻ സ്ത്രീകളെ അനുവദിക്കുകയും അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

പിൻഗാമിയായി ചുമതലയേറ്റ അഭിവന്ദ്യ ജോബ് മാർ പീലക്സിനോസ് തിരുമേനി വി. കുർബാനയിൽ പഴയനിയമം പെൺകുട്ടികളെ വായിപ്പിക്കുവാൻ അനുവദിച്ചുകൊണ്ട് കല്പനനൽകി. ക്രൈസ്തവ യുവജനപ്രസ്ഥാനത്തിൽ യുവതികളെയും ഉൾപ്പെടുത്തണം എന്ന് അന്നത്തെ പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശം സന്തോഷത്തോടെ സ്വീകരിച്ച് 2003-ൽ ചണ്ഡീഗഡിൽ നടന്ന ഭദ്രാസന വാർഷിക സമ്മേളനത്തിൽ അത് നടപ്പിലാക്കി. അതിനുശേഷം ആണ് പ്രസ്ഥാനത്തിന്റെ ഭരണഘടന പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് ഭേദഗതി ചെയ്തത്. ഡൽഹി ഭദ്രാസനയുവജന പ്രസ്ഥാനത്തിന്റെ മികവാർന്ന പ്രവർത്തനങ്ങളിൽ എലിസബേത്ത് സാമുവേൽ, ആനി യോഹന്നാൻ, സുമ ബി തോമസ്, ഷോണി റ്റി തോമസ്, ജീനാ അന്ന മത്തായി എന്നിവരുടെ പങ്ക് ശ്രദ്ധേയമാണ്.

ഇടവക ഭരണസമിതിയിൽ സ്ത്രീപ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് പ. ബാവാ തിരുമേനിയുടെ കല്പന വന്നശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിൽ തന്നെ ഹോസ്ഖാസ്, ഗുഡ്ഗാവ്, ദ്വാരക, ജനക്പുരി, ദിൽഷാദ് ഗാർഡൻ, മയൂർവിഹാർ ഫേസ് വൺ എന്നീ ഇടവകകളിൽ സ്ത്രീകളെ മാനേജിംഗ് കമ്മറ്റിയംഗങ്ങളായി തെരഞ്ഞെടുത്ത് ചരിത്രപരമായ ദൗത്യത്തിന് തുടക്കം കുറിച്ചു. ഹോസ്ഖാസ് സെന്റ് മേരീസ് കത്തീഡ്രലിൽ ഡോ. റയ്ച്ചൽ ജോസ്, മേഴ്സി സാമുവേൽ എന്നിവരും ജനക്പുരി മാർ ഗ്രീഗോറിയോസ് ഇടവകയിൽ മറിയാമ്മ മത്തായിയും ഗുഡ്ഗാവ് മാർ ഗ്രീഗോറിയോസ് ഇടവകയിൽ ലാലി വർഗീസ്, എൽസാ ജോജി എന്നിവരും, ദ്വാരക സെന്റ് ജോർജ്ജ് ഇടവകയിൽ മേരി ചാക്കോ, എൽസി എബ്രഹാം എന്നിവരും ദിൽഷാദ് ഗാർഡൻ സെന്റ് സ്റ്റീഫൻസ് ഇടവകയിൽ മറിയാമ്മ ജോർജ്ജ്, മയൂർവിഹാർ ഫേസ് വൺ സെന്റ് ജോൺസ് ഇടവകയിൽ ഏലിയാമ്മ ജോൺ, ഏലിയാമ്മ വർഗീസ് എന്നിവരും തെരഞ്ഞെടുക്കപ്പെട്ട് സ്ത്രീശാക്തീകരണത്തിന്റെ പ്രതീകങ്ങളായി. GM



പുതിയ മാനേജിംഗ് കമ്മറ്റിയംഗങ്ങൾ പ്രതികരിക്കുന്നു

മറിയാമ്മ മത്തായി, ജനക്പുരി

ദൈവം തന്ന സൗഭാഗ്യമായി ഈ ദൗത്യത്തെ കാണുന്നു. പ്രാർത്ഥനയിൽ ആശ്രയിച്ചുകൊണ്ട് പുരുഷന്മാരോടൊപ്പം സഹകരിച്ചുകൊണ്ട് പ്രവർത്തിക്കുവാനാണ് ആഗ്രഹം. നല്ല സ്വീകരണവും ബഹുമാനവും കമ്മറ്റികളിൽ ലഭിക്കുന്നുണ്ട്. സ്ത്രീകളുടെ സാന്നിധ്യം മൂലം പൊതുയോഗങ്ങളിലും മാനേജിംഗ് കമ്മറ്റിയിലും കാര്യപ്രസക്തമായ ചർച്ചകൾക്കും അങ്ങനെ ഇടവകയ്ക്ക് പുതിയ ദിശാബോധവും ലഭിക്കും എന്ന പ്രതീക്ഷയുണ്ട്.

ലാലു വർഗീസ്, ഗുഡ്ഗാവ്

സ്ഥാനം ലഭിക്കുന്നതിനുമുമ്പും സഭയുടെ ഉയർച്ചയ്ക്കായി പ്രവർത്തിക്കുവാൻ സാധിച്ച മേഖലകളിൽ എല്ലാം പ്രവർത്തിക്കുന്നുണ്ടായിരുന്നു. സ്ത്രീയായതുകൊണ്ട് ഇന്നുവരെ ഇടവകപ്രവർത്തനങ്ങളിൽ മാറിനിൽക്കേണ്ടി വന്നിട്ടില്ല. ഇന്ന് മലങ്കരസഭയിൽ സ്ത്രീകൾക്ക് ലഭിച്ചിരിക്കുന്ന മഹത്തായ അംഗീകാരവും അവകാശവും ഒട്ടും പാഴാക്കാതെ പുരുഷന്മാരോടൊപ്പം ചേർന്നുനിന്നു പ്രവർത്തിക്കുവാൻ സ്ത്രീകൾ മുന്നോട്ട് വരണം.

ഏലിയാമ്മ ജോജി, ഗുഡ്ഗാവ്

ബാഹ്യകേരളത്തിൽ ജനിച്ചുവളർന്നതെങ്കിലും അത് ഒരു കുറവാണ് എന്ന് കരുതി മാറ്റിനിർത്താതെ ഇടവക ഭരണത്തിൽ പങ്കാളിത്തം തന്നതിൽ സന്തോഷിക്കുന്നു. ഇടവകകൾ വളരെ കാര്യക്ഷമമായും വൈദീകർ കൂടുതൽ ഉത്തരവാദിത്തബോധമുള്ളവരായും തീരേണ്ട ഒരു കാലഘട്ടമാണിത്. ആരാധനകളിലും മറ്റ് പ്രവർത്തനങ്ങളിലും എല്ലാഅംഗങ്ങളുടെയും സജീവമായ പങ്കാളിത്തം ഉറപ്പാക്കാൻ വേണ്ട കർമ്മപദ്ധതികൾ ഉണ്ടാകണം. സ്ത്രീകൾക്ക് കുടുംബത്തിലും സമൂഹത്തിലും സഭയിലും തുല്യ ഉത്തരവാദിത്തങ്ങൾ ആണ് ഉള്ളത്. സഭയുടെ പുതിയ കാൽവെയ്പ്പ് നല്ലതിനായി തീരുവാൻ എല്ലാ സ്ത്രീകളും ഒത്തൊരുമയോടെ പ്രവർത്തിക്കണം.

മേരി ചാക്കോ, ദ്വാരക

ദൈവനിയോഗത്തിൽ വിനയപ്പെടുന്നു. വിവാഹത്തിനുമുൻപ് കത്തോലിക്കാസഭാംഗമായിരുന്ന ഞാൻ ഓർത്തഡോക്സ് സഭയുടെ ഈ മാറ്റത്തിൽ വളരെയധികം സന്തോഷിക്കുകയും പരിശുദ്ധ ബാവാതിരുമനസ്സിന് പ്രത്യേകം നന്ദി അർപ്പിക്കുകയും ചെയ്യുന്നു. ഭർത്താവിനോടൊപ്പം നിന്നുകൊണ്ട് ഇന്നുവരെ ചെയ്ത സഭാപ്രവർത്തനത്തിന് നൽകിയ അംഗീകാരമായി ഇതിനെ കാണുന്നു. കൂടുതൽ ഉത്തരവാദിത്തം ഏറ്റെടുത്ത് വിജയിക്കാൻ പ്രാർത്ഥനകൊണ്ട് സ്ത്രീകൾക്കു കഴിയും. അത് ഇടവകയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശോഭയുള്ളതാക്കും.

മറിയാമ്മ ജോർജ്ജ്, ദിൽഷാദ് ഗാർഡൻ

സ്ത്രീകൾക്ക് സഭയുടെ പുരോഗമനം ലക്ഷ്യമാക്കി കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സുവർണ്ണാവസരം ആണ് ലഭിച്ചിരിക്കുന്നത്. ഒത്തുചേർന്ന് പ്രവർത്തിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുവാനും പുതിയ ദിശാബോധം നൽകുവാനും സ്ത്രീകൾക്ക് കഴിയും. സ്ത്രീകളുടെ സാന്നിധ്യം കാര്യക്ഷമമായ ചർച്ചകൾക്ക് ഇട നൽകും. പുതുതലമുറയെ മുന്നോട്ട് കൊണ്ടുവരണം. നല്ല സഹകരണമാണ് മറ്റ് മാനേജിംഗ് കമ്മറ്റിയംഗങ്ങളിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്.

"ഒന്നിലും നിഗളിക്കരുത്.
നിഗളത്തിന്റെ പിന്നാലെ താഴ്ചയുണ്ട്.
താഴ്മയുടെ പിന്നാലെ ഉയർച്ചയും."

(തിരുവചനം: പ. പരുമല തിരുമേനി)



A Well wisher & Family

EDAPPALLY

Pride and skyscrapers cometh before the fall

An "unhealthy correlation" exists between the construction of skyscrapers and financial crashes, according to a new report from Barclays Capital.

The construction of the Empire State building in New York in 1930, along with towers in Kuala Lumpur in 1997 and Dubai in 2010 have all been followed by economic crises, the report noted.

"Often the world's tallest buildings are simply the edifice of a broader skyscraper building boom, reflecting a widespread misallocation of capital and an impending economic correction," it said.

"The completion of Petronas Towers in Kuala Lumpur in 1997 was followed by a region-wide economic crisis and the collapse of Asian currencies," it added.

Investors should pay special attention to China, the Skyscraper Index warns, as the "biggest bubble builder" is currently erecting 53 percent of the 124 skyscrapers planned over the next six years.

China currently has 75 completed buildings above 240 meters in height.

India has just completed two new skyscrapers, with 14 more already under construction.

The report's findings may also prove worrying for Londoners, who are currently seeing a raft of new additions to the city's skyline, including the construction of what will be Western's Europe's tallest building, the 310-metre (yards) high "Shard."

The report noted that the world's first skyscraper, the Equitable Life building in New York, was completed in 1873 and coincided with a five-year recession. It was demolished in 1912.

Other examples include Chicago's Willis Tower, formerly known as the Sears Tower, built in 1974, just as a sharp rise in oil prices was shaking the economy and the U.S. dollar's peg to gold was abandoned.

The world's tallest building is the Burj Khalifa in Dubai at 828 meters, followed by Taipei 101 at 508 meters and the Shanghai World Financial Center at 492 meters.

Reuters, 11 January 2011

MATRIMONIAL

marry2love.com

Orthodox parents invite proposal for son 31 / 177 /Electrician (A grade) from Orthodox parents of God fearing girls

Ph: 0484 - 2807161
Mob: 9995265546

Orthodox parents invite proposal for daughter 24/167/M.Tech, presently working in Mumbai (L&T) from parents of qualified and God fearing orthodox boys.

Ph: 0484 - 2330490
Mob : 9447133049
E-mail: rajangeorge_ekm@yahoo.com

Orthodox parents invite proposal for daughter 23/152/B.Tech, software engineer, employed from God fearing well placed boys.

E-mail: contactml75@gmail.com
Ph: 0484 - 2323355

Ancient Orthodox parents from Kunnamkulam invite proposal for daughter 23/165/Bsc. Nurse from suitable qualified and God fearing boys.

Ph: 9961665536
E-mail: athirajoseph@gmail.com

ഓർത്തഡോക്സ് വിവാഹ പരസ്യങ്ങൾ സൗജന്യമായി നൽകുന്നതിന്:
പി.ഐ. ബാബു (മാർക്കറ്റിങ്ങ് മാനേജർ)
Mob : 94461 35081, E-mail : pulikotilib@yahoo.com

Updates from the World of Orthodoxy

St. Lazarus' relics brought to Moscow from Cyprus: June 13, 2012: A delegation of the Russian Orthodox Church led by Patriarch Kirill of Moscow and All Russia brought part of the relics of St. Lazarus given to Russia by the Church of Cyprus to the Vnukovo-3 airport.

The Church of "Mother of Belt" destroyed: June 6, 2012, Syria: St. Mary's Syrian Orthodox Church Um Al-Zunar was destructed because of heavy fight came under that region. The church is known as The Church of Mother of Belt, Um Al-Zunar Church. This Church is a historical one, built in year 59 AD. It holds in it the belt of St. Mary. The church is now the Cathedral of the Syrian Orthodox Archdiocese of Homs and Hama. It is surrounded by the Church Orphanage building and the headquarters of Archbishop Selwanos Boutros Alnemah.

Preliminary list of names presented to the Nominations Committee in Egypt of those put forward as Papal candidates for The Coptic Orthodox Church: May 30, 2012 The preliminary list of names presented to the Nominations Committee of those put forward as Papal candidates was announced and published on Wednesday 30th May 2012, in Cairo as part of the Papal Selection Process for the Coptic Orthodox Church. The Holy Synod of the Coptic Orthodox Church has announced the preliminary list of names presented to the Nominations Committee of those put forward as Papal candidates as part of the process of selecting a new pope to succeed His Holiness the late Pope Shenouda III, the 117th Pope of Alexandria and Patriarch of All Africa on the holy Apostolic See of Saint Mark. H.H. Pope Shenouda III departed on 17th March 2012 after forty-one years of papacy.

Pilgrims allowed back into Azerbaijan monastery: 23 May 2012: Pilgrims to one of former Soviet Georgia's most renowned monasteries (Davit Gareji Monasteryý), part of which lies in Azerbaijan, are again able to visit the entire complex after an agreement between two countries. Thousands of pilgrims streamed to the monastery, in a protest that had been organized before the dispute was resolved.

Ceremony Marking the Fifth Anniversary of the Reestablishment of Canonical Unity Within the Russian Orthodox Church is Held in Christ the Savior Cathedral: On May 20, 2012, a ceremony celebrating the fifth anniversary of the reestablishment of canonical unity within the Russian Orthodox Church was held in the Hall of Church Councils in Christ the Savior Cathedral. Participating in the celebrations, which were headed by His Holiness Patriarch Kirill of Moscow and All Russia, were His Eminence Metropolitan Hilarion of Eastern America and New York, First Hierarch of the Russian Orthodox Church Outside of Russia, and bishops and clergymen of the Russian Orthodox Church and members of the ROCOR delegation. The event opened with the screening of a documentary on the signing of the Act of Canonical Community in May 17, 2007.

On the way to the great jubilee in 2013: THE EDICT OF MILAN (313-2013): Departing from the Everlasting values and permanent actuality of Edict of Milan, at the eve of the Great Jubilee 2013, the participants of the conference THE EDICT OF MILAN (313-2013): A BASIS FOR FREEDOM OF RELIGION OR BELIEF?, organized in the city of Novi Sad (SERBIA) from 2nd till 5th may 2012 discussed different aspects of ways in which the everlasting symbolic message associated with the so called Edict of Milan could be the source of inspiration and the guideline for practical implementation of principle of Freedom of Religion or Belief.



Patriarch Kirill I of the Russian Orthodox Church with Vladimir Putin

The conference was organized and hosted by the Serbian Orthodox Church, His Grace Bishop Irinej of Backa and the Association of NGOs in SEE, CIVIS, in partnership with PRO ORIENTE Foundation and Peace and Crises Management Foundation and in cooperation with CEC.

Sixty-Four Percent of Russians Trust Orthodox Church Poll: April 2012: Russians have more trust in the Russian Orthodox Church in general according to a survey conducted by the Kremlin-backed pollster Public Opinion Foundation (FOM). The survey, the results of which were published said 64 percent of Russians has confidence in the Church, and 56 percent in the Patriarch. Among those who called themselves Orthodox Christians, there were 79 percent of those who trust the Church. Thirty-five percent of those who said they are Muslims backed the Russian Orthodox Church. Only three percent of Orthodox Christians said they do not trust the Church at all. Among Muslims, the figure was six percent.

Orthodox Evangelization in Mexico: April 2012: As reported on the web site of the Orthodox Church in America on April 3, 2012, His Beatitude, Metropolitan Jonah (Primate of Orthodox Church in America), and Priest John Parker, chairman of the OCA Department of Evangelization, visited Mexico during the first week of April to ascertain ways the department might further assist His Grace, Bishop Alejo in expanding ongoing evangelization efforts throughout the country. The Diocese of Mexico, which formally celebrated its 40th Anniversary in January 2012, maintains communities and missions in a number of towns and villages, some of them in very remote areas, in addition to the cathedral in the nation's capital.

Source: ***OCP Media Network- the World Largest Orthodox Christian News Portal***

www.theorthodoxchurch.info

അഭിനന്ദനങ്ങൾ

ജോർജിയൻ മിറർ മുടങ്ങാതെ അയച്ചുതരുന്നതിന് പ്രത്യേകം നന്ദിപറയട്ടെ. മനോഹരമായ ഈ പ്രസിദ്ധീകരണം ഓർത്തഡോക്സ് സഭയ്ക്ക് അഭിമാനത്തിന് വക നൽകുന്നു. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ഇതിലെ ഈടുറ്റ ലേഖനങ്ങൾ വായനക്കാർക്ക് ഒരു മുതൽക്കൂട്ടാണ്. ഈ പ്രസിദ്ധീകരണത്തെ അണിയിച്ചൊരുക്കുവാൻ അണിയറയിൽ പാടുപെടുന്ന സുമനസ്സുകൾ അഭിനന്ദനമർഹിക്കുന്നു.

അഡ്വ. ഡോ.പി.സി. മാത്യു പുലിക്കോട്ടിൽ
കുന്നംകുളം

ബുദ്ധിപരമായ ദാസ്യത

ഇന്ന് മാർത്തോമ്മാ ക്രിസ്ത്യാനികൾ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി, നമ്മുടെ ബുദ്ധിപരമായ സ്വാതന്ത്ര്യത്തിന്റെ നേരെയുള്ളതാണ്. വിദേശദാസ്യത നമുക്കിനിയും വലിച്ചെറിയാൻ സാധിച്ചിട്ടില്ല. അതിനിടയ്ക്ക് അമേരിക്കൻ ആരാധനയും (കൺസ്യൂമറിസത്തിന്റെയും ആധുനിക പ്രാർത്ഥനാ ഗ്രൂപ്പുകളുടെയും രൂപത്തിൽ) നമ്മുടെ യുവജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. നല്ല ആശയങ്ങൾ നമുക്കെവിടെനിന്നും സ്വീകരിക്കാം. എന്നാൽ അന്യരുടെ ആശയങ്ങൾ നമ്മെ അടിമപ്പെടുത്താൻ നാം അനുവദിക്കരുത്. പക്ഷേ, ഇന്ന് ഈ ദുരന്തമാണ് നസ്രാണി സമൂഹത്തെ പിടികൂടിയിരിക്കുന്നത്. ഭാരതീയരായ നമ്മുടെ വേരുകൾ വെട്ടിമുറിക്കാനാണ് വിദേശഭ്രമക്കാരുടെ താൽപര്യം. കാതോലിക്കേറ്റിന്റെ സ്മരണകളുണർത്തുന്ന ഇക്കാലത്തുതന്നെ ബുദ്ധിപരമായ സ്വാതന്ത്ര്യസമരം ആരംഭിക്കണം.

ഫിലിപ്പ് കെ. തോമസ്
പത്തനംതിട്ട

കൃപയാലുള്ള രക്ഷ

സമഷ്ഠി(Collective) നന്മയെപ്പറ്റിയുള്ള ബോധവൽക്കരണമാണ് ക്രിസ്തീയസഭകളിൽ നടക്കേണ്ടത്. ദൈവത്തിന്റെ കരുണയാലാണ് നാമെല്ലാവരും രക്ഷിക്കപ്പെടുന്നത്. നമ്മുടെ വിശ്വാസവും പ്രവർത്തിയും കൊണ്ടുമാത്രം നാം നീതീകരിക്കപ്പെടില്ല. കാരണം അവ എപ്പോഴും കുറവുള്ളവയായിരിക്കും. വിശ്വാസത്തിന്റെ അളവുകോൽ എന്താണ്? "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു ചാടി കടലിൽ പോകാം എന്ന് കൽപിച്ചാൽ അങ്ങനെ ഭവിക്കും" എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട് (മത്താ. 2:21; മർക്കൊ. 11:23) അപ്പോൾ വിശ്വസിക്കുന്നു എന്ന് നാവുകൊണ്ട് പറയുന്നവരിൽ എത്രപേർക്ക് കടുകുമണിയോളമെങ്കിലും വിശ്വാസമുണ്ട്? തെറ്റായ 'വ്യക്തിഗത രക്ഷ' പഠിപ്പിക്കുന്നവരിൽനിന്ന് ക്രിസ്തീയ സഭാംഗങ്ങൾ വിട്ടുനിൽക്കണം.

എബി വർഗീസ്
അലഹബാദ്

ചെറിയവരെ അകറ്റുന്നതാവരുത് തെരഞ്ഞെടുപ്പ്

സ്വർഗ്ഗീയ ഒസ്താത്തിയോസ് പിതാവിനെപ്പറ്റി വളരെ മനോഹരമായ ലക്കം പ്രസിദ്ധീകരിച്ചതിന് ജോർജിയൻ മിററിന് നന്ദി. കെ. എം. ജോർജ് അച്ചന്റെ കൈത്തിരിയിൽ പൗരസ്ത്യ ആരാധനയെക്കുറിച്ച് വായിച്ചത് ഒരു ആരാധനയിൽ പങ്കെടുത്ത പ്രതീതി ഉളവാക്കി. സഭാ തെരഞ്ഞെടുപ്പിനെപ്പറ്റി നടത്തിയ അവലോകനം നല്ല നിലവാരത്തിലുള്ളതാണ്. ചില ഇടവകകളിൽ നടക്കുന്ന തിരഞ്ഞെടുപ്പുകൾ കണ്ടാൽ പഞ്ചായത്ത് ഇലക്ഷനാണെന്ന് തോന്നും. ഇടവകകളിൽ നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ ആത്മീയവീക്ഷണം ഇല്ലാതായാൽ അത് അന്തിമമായി ഭൂരിപക്ഷം വരുന്ന സാധാരണ വിശ്വാസികളെ സഭയിൽനിന്ന് അകറ്റുന്നതിനിടയാക്കും.

സോജൻ അലക്സാണ്ടർ
കൊട്ടാരക്കര

ദേവാലയ വിശുദ്ധി

ദേവാലയ വിശുദ്ധി പരിരക്ഷിക്കുന്നതിൽ നാം ഉദാസീനരാണോയെന്ന് പരിശോധിക്കണം. സഹോദരീ സഭകളിലെ പല പള്ളികളും വൃത്തിയായും ഭംഗിയായും വെള്ളയടിച്ച് സൂക്ഷിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ട്. മുമ്പ് ചെരുപ്പുകൾ അനുവദിച്ചിരുന്ന പള്ളികളിൽ ഇപ്പോൾ വിലക്കിയിരിക്കുന്നു.

ദേവാലയം വൃത്തിയാക്കുന്നതിന് ഇടവകാംഗങ്ങൾ ശ്രമദാനം നേർച്ചയായി നൽകുന്ന രീതി ചില സ്ഥലങ്ങളിലുണ്ട്. സിക്കുകാർ 'കർസേവ' നടത്തിയാണ് തങ്ങളുടെ ആരാധനാലയം പണിയുന്നതും അറ്റകുറ്റപ്പണികൾ നടത്തുന്നതും. ഇതുമൂലം അവർക്ക് ആരാധനാലയത്തോട് ഒരു ആത്മീക ബന്ധമുണ്ട്. നമ്മുടെ ദേവാലയങ്ങൾ ഹൃദയത്തോട് ചേർത്തു വെച്ചെങ്കിലേ നമുക്ക് അതിനോട് വിശുദ്ധ മനോഭാവം പുലർത്താൻ കഴിയൂ.

ആനന്ദ് കുരുവിള
ആലുവ

Role of Schools & Colleges in Mission Services

We often hear the argument that running educational institutions is part of commercial business and it should not be included in the projects of our Mission Board . In this context, I would like to share the following view with the esteemed readers of GM.

Though the total percentage of Christian population in India is slightly less than 2.5, the services rendered in the fields of education, medical, charitable and other services are widely acknowledged by one and all. Christian schools and colleges have been playing a vital role in imparting education and values to students.

At a recent Christmas get-together in New Delhi, while addressing politicians and other VIPs, former Minister of State for External Affairs, Shashi Tharoor said, "I have had a strong Christian influence in my life like many others. The Christian values and ethical teachings have never left me even after my schooling. Even Mahatma Gandhi was deeply influenced by the teachings of Christ."

Schools and colleges do influence mental conversion and spiritual baptism of students, though not by water. The Christian environments in which the young ones associate for years mould their lives. As such schools and other educational systems have a vital role to play in Mission services. If at all any income is derived from the school, that income could be ploughed back for further Mission activities, such as for running orphanages, old age homes etc.

Owning and managing good educational institutions and hospitals will certainly help boost the status of Christians and acceptance of Christian values in country.

K.M. Peter Mattackal
Bangalore

സാധാരണ കുട്ടികളും പ്രസംഗിക്കട്ടെ

സൺഡേ സ്കൂൾ സഹപാഠ്യ മത്സരങ്ങൾ നടക്കുകയാണല്ലോ. ചില ഇടവകകളിൽ സൗണ്ട് സിസ്റ്റം ഉപയോഗിക്കുന്നതിന് സാധിക്കുന്നില്ലെന്ന കാരണത്താൽ മത്സരസമയത്ത് കുട്ടികൾക്ക് മൈക്ക് അനുവദിച്ചിട്ടില്ല. എന്നാൽ പ്രസംഗം എഴുതി നൽകാൻ മാതാപിതാക്കൾക്ക് കഴിവില്ലാത്തതിനാൽ പ്രസംഗമത്സരത്തിൽ പങ്കെടുക്കാൻ കഴിയാത്ത ആയിരക്കണക്കിന് കുട്ടികളുണ്ട്. വീഡിയോ റിക്കാർഡിംഗ് നടത്തിയ പ്രസംഗം കണ്ടുപരിശീലനം നടത്തുന്ന ധനിക കുടുംബത്തിലെ കുട്ടികളുമുണ്ട്. പാവപ്പെട്ട കുട്ടികൾക്കും അവസരം നൽകുന്നത് ദൈവനീതിയാണെന്ന് കരുതുന്നു. അങ്ങനെയുള്ള കുട്ടികളെ സഹായിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. വിഷയം നൽകുന്നതിനോടൊപ്പം മോഡൽ പ്രസംഗങ്ങളായി ഏതാനും എണ്ണം സെമിനാരിയിൽ തയ്യാറാക്കിയാൽ മനഃപാഠമാക്കി അവതരിപ്പിക്കാൻ കുട്ടികൾക്ക് കഴിയും. സൺഡേ സ്കൂൾ അസോസിയേഷന്റെ ഉദാരമനസ്സോടെയുള്ള തീരുമാനം ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

സാലിക്കുട്ടി പി., കലഞ്ഞൂർ